# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 | ലക്കം - 5 | മേടം - 1193 | മെയ് 2018



## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് 60-ാമത് വാർഷികവും 23-ാമത് കഥകളി പുരസ്ക്കാര സമർപ്പണവും ....















അവാർഡിനർഹരായവർ: കഥകളി വേഷം : ശ്രീ. കല്ലുവഴി വാസു (കളഹംസം), കഥകളി സംഗീതം :ശ്രീ.കോട്ടക്കൽ മധു (തൗര്യത്രികം അവാർഡ്), ചെണ്ട : ശ്രീ.സദനം രാമകൃഷ്ണൻ (തൗര്യത്രികം അവാർഡ്), മദ്ദളം : ശ്രീ.കലാനിലയം ബാബു (തൗര്യത്രികം അവാർഡ്), ചുട്ടി : ശ്രീ.കലാനിലയം ജനാർദ്ദനൻ, ചമയം : ശ്രീ.അപ്പുണ്ണി തരകൻ



2018 ലെ പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ബഹു. ജില്ലാ കളക്ടർ കെ.മുഹമ്മദ് വൈ.സഫീറുള്ള അഡ്വ.എ.ഗോപിക്ക് സമ്മാനിക്കുന്നു.



2018 ലെ പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ജേതാവയ അഡ്വ. എ. ഗോപിക്ക് ശ്രീകുമാർ മുഖത്തല മംഗളപത്രം നൽകുന്നു



2018 ലെ വിഷു വിപണന മേളയോടനുബന്ധിച്ച് എറണാകുളം ജനറൽ ഹോസ്പിറ്റലിലെ രോഗികൾക്ക് ഭക്ഷ്യോല്പന്നകിറ്റ് വിതരണം.......



സംപൂജ്യ സ്വാമി അദ്ധ്യാത്മാനന്ദജി ടിഡിഎം ഹാളിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്....



ജീവജലത്തിന് ഒരു മൺപാത്രം പദ്ധതിയിലൂടെ പക്ഷികൾക്ക് കുടിവെള്ളം സംഭരിച്ചു വയ്ക്കാൻ 10,000 മൺപാത്രങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ശ്രീമൻ നാരായണന്റെ പ്രവർത്തനങ്ങളിൽ എറണാകുളം കരയോഗം പങ്കാളിയായപ്പോൾ



### എഡിറ്റോറിയൽ

# നിങ്ങൾ ഞങ്ങളെ സംഘപരിവാർ, ആർ എസ് എസ് ആക്കുമോ?

കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങൾ മതവിദ്വേഷത്താൽ ഇത്രമാത്രം കലുഷിതമായിട്ടുള്ള ഒരു കാലഘട്ടം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. മതസൗഹാർദ്ദത്തിന് മാതൃകയായിരുന്ന നമ്മുടെ ഈ കൊച്ചു കേരളത്തെ മതവിദ്വേഷത്തിന്റെയും മതവൈരത്തിന്റെയും കേന്ദ്രമാക്കി മാറ്റിയതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം മാറി മാറി കേരളം ഭരിച്ചവർക്കാണ്. ഈ രണ്ടു കൂട്ടരും ഒരു പ്രത്യേക വിഭാഗത്തെ പ്രീണിപ്പിക്കുന്നതിൽ മത്സരിക്കുകയായിരുന്നു ഇത്ര കാലവും . ഇപ്പോഴും അതിനൊരു കുറവും ഇല്ലാതെ തുടരുന്നു. അപ്പോൾ അവർ എന്തു ചോദിച്ചാലും കിട്ടും, എന്തു ചെയ്താലും ആരും ഒന്നും പറയില്ല, ഒരു നടപടിയുമുണ്ടാവില്ല. ആ വിശ്വാസത്തിലാണ് കഴിഞ്ഞ കുറെ ഏറെക്കാലമായി ഈ മണ്ണിൽ ഭീകരവാദം ഉൾപ്പടെയുള്ള രാഷ്ട്രവിരുദ്ധപ്രവർത്തനങ്ങൾ അരങ്ങേറിയതും നടമാടിയതും. അതു മാത്രമല്ല മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള വെമ്പലും പ്രവർത്തനങ്ങളും; അത് ഭരണത്തിന്റെ തണലിൽ നിന്നാവുമ്പോൾ പിന്നെ ആരെ ഭയക്കാൻ. എന്തു പറഞ്ഞാലും രാഷ്ട്രീയ സ്വയംസേവസംഘ്, സംഘപരിവാർ, ബി.ജെ.പി എന്ന് പറഞ്ഞുകൊണ്ട് കണ്ണിൽ കണ്ടവരെ എല്ലാം ദ്രോഹിക്കുക. കഴിഞ്ഞ മാസം മലബാറിൽ പലയിടത്തും അരങ്ങേറിയ Whats up ഹർത്താൽ ഇതിനൊരുദാഹരണമാണ്. അവിടെ എത്ര ഹിന്ദുക്കളുടെ കടകളാണ് തകർക്കപ്പെട്ടത്, എത്ര ഹിന്ദുക്കളുടെ വാഹനങ്ങളാണ് അഗ്നിക്കിരയാക്കിയത്. എല്ലാം കാശ്മീരിൽ നടന്ന അതിനിഷ്ഠൂരവും മനുഷ്യത്വരഹിതവും നീചവുമായ ഒരു ബലാത്സംഗത്തിനും കൊലപാതകത്തിനും പകരമാണുപോലും. നമ്മുടെ ഈ കേരളത്തിൽ കഴിഞ്ഞ കുറച്ചു നാളുകൾക്കുള്ളിൽ ആയിരത്തിൽ പരം ബലാത്സംഗങ്ങൾ, അതുപോലെ എത്രയോ കൊലപാതകങ്ങളും നടന്നിട്ടുണ്ട്. അതിലൊന്നിലും ഒരു പ്രതിഷേധവും പ്രകടിപ്പിക്കാത്തവർ ഏതോ നരാധമന്മാർ നടത്തിയ

# ഉള്ളടക്കം

വാല്യം 11 | ലക്കം 05 | മെയ് 2018

എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 8
വാസ്തു 9
ഭാരതത്തിലെ ഋഷികവികൾ 10
ക്ഷേത്രങ്ങളിലൂടെ 14
ദശരഥനും പുത്രന്മാരും 19
വാസ്തുവിധിനിഷേധങ്ങൾ 23
ഹരിസുധാലഹരി 27
പാതഞ്ജലയോഗ ദർശനം 29
നരസിംഹം 32
കുമാരൻ ചിരിച്ചപ്പോൾ 34
മോര് ഒരു ഉത്തമപാനീയം 35
വളർത്തുപുത്രി 37
കലണ്ടറിലെ രാഹുകാലം തെറ്റാണ്? 39
യമവും നിയമവും 41
കർണ്ണൻ 42
ഋതുഭേദമറിയാതെ............. 45
പ്രകൃതി വാതകം വീട്ടുപയോഗത്തിന് 48
ചൈനയാത്ര 50
ഭൂമിക്കൊരു സങ്കീർത്തനം (ജലം ജീവജലം) 54
ശ്രീശങ്കരനും ബുദ്ധമതവും 56
കള്ളൻ പറഞ്ഞ കഥ 58
മാസഫലം 59
മാട്രിമോണിയൽ 60-66

കവർചിത്രം: *ദേവി കന്യാകുമാരി*

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ഈ ബലാത്സംഗത്തിനും മതത്തിന്റെ നിറം നല്കി ഊതിപ്പെരുപ്പിച്ച് എത്രമാത്രം നാശനഷ്ടങ്ങളാണ് ഉണ്ടാക്കിയത്. ഇവിടെ തന്നെ മദ്രസകളിലും പള്ളിമേടകളിലും, മഠങ്ങളിലും പിഞ്ചുകുഞ്ഞുങ്ങളെ പീഡനത്തിനിരയാക്കിയിട്ടില്ലേ? എന്തേ അന്നൊന്നും ഈ മതഭ്രാന്തന്മാര് ഇതൊന്നും കണ്ടില്ലായിരുന്നോ, അറിഞ്ഞില്ലായിരുന്നോ? അപ്പോൾ ഇത് ദേശവിരുദ്ധശക്തികൾ കരുതി കൂട്ടിയുണ്ടാക്കിയ ഒരു കലാപമായിരുന്നു. ഹിന്ദുക്കൾ എന്തും സഹിക്കുന്നവരും ക്ഷമിക്കുന്നവരുമായതുകൊണ്ട് നാട്ടിൽ വർഗ്ഗീയ കലാപമായി അത് മാറിയില്ല - തുടങ്ങിയവരുടെ ഉദ്ദേശം അതായിരുന്നു എങ്കിൽ പോലും.

അടുത്തിടെ ഇവരും ഇവരുടെ കൂലിയെഴുത്തുകാരായ ചില മാദ്ധ്യമങ്ങളും പ്രയോഗിക്കുന്ന മറ്റൊരു തന്ത്രമാണ് ഹിന്ദുക്കളെ എല്ലാം R S S എന്ന് മുദ്ര കുത്തുക. എല്ലാ ഹിന്ദുക്കളും അതിലെ അംഗങ്ങൾ ആണെന്നതുപോലെയാണ് ഇക്കൂട്ടർ അടുത്തകാലത്തായി പ്രചരണം നടത്തുന്നത്. പണ്ടൊക്കെ രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ ശാഖയിൽ പങ്കെടുത്ത് അവരുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നവരെയായിരുന്നു R S S എന്ന് വിളിച്ചിരുന്നത്. ഇപ്പോൾ അതല്ല ആരെങ്കിലും കയ്യിൽ രാഖി കെട്ടിയാലോ, നമ്മുടെ വിശ്വാസമനുസരിച്ച് ദോഷപരിഹാരത്തിനായി ക്ഷേത്രത്തിൽ നിന്നും ഒരു ചരട് ജപിച്ച് കെട്ടിയാലോ, കാവി മുണ്ടുടുക്കുകയോ, ക്ഷേത്രങ്ങളിൽ പോവുകയും ക്ഷേത്ര ഭരണസമിതികളിൽ പ്രവർത്തിക്കുകയോ ചെയ്താലോ ദേശിയതയെക്കുറിച്ചും ദേശസ്നേഹത്തെക്കുറിച്ചും എന്തെങ്കിലും പറഞ്ഞുപോയാലോ, രാജ്യസുരക്ഷയ്ക്കുവേണ്ടി ജീവൻ പണയംവെച്ച് രാപകൽ നാടു കാക്കുന്ന സൈനീകരെ പ്രശംസിച്ചുപോയാലോ, ശ്രീകൃഷ്ണജയന്തി ആഘോഷിച്ചാലോ, നെറ്റിയിൽ ചന്ദനമോ ഭസ്മമോ കൊണ്ട് കുറിതൊട്ടാലോ, എന്തിനേറെ വന്ദേ മാതരം ചൊല്ലിയാലോ പോലും അവർ എല്ലാം ആർ. എസ്. എസ് കാർ എന്നു മുദ്രകുത്തും. കഴിഞ്ഞ മാസത്തെ മതതീവ്രവാദികൾ തുടങ്ങിവെച്ച ഹർത്താലെന്ന കലാപം മുതൽ അവർക്ക് ഹിന്ദുനാമധാരികളായ സർവ്വരും ആർ. എസ്. എസ് കാരാണ്. മുഴുവൻ ഹിന്ദുക്കളേയും ആർ. എസ്. എസ് എന്ന് മുദ്രകുത്തുന്നതിന്റെ പിന്നിലെ നിങ്ങളുടെ ഗൂഢോദ്ദേശം സാമാന്യബുദ്ധിയുള്ള എല്ലാവർക്കും മനസ്സിലായി തുടങ്ങിയിട്ടുണ്ട്. നിങ്ങളുടെ ഭീകരപ്രവർത്തനങ്ങളെ ആർ. എസ്. എസ് മായുള്ള സംഘർഷം എന്ന കൃത്രിമ മറ സൃഷ്ടിച്ച് രക്ഷപെടുവാനല്ലേ? ഓർക്കുക ഇതു ഭാരതമാണ്, യുഗയുഗങ്ങളായി നിലനില്ക്കുന്ന ഭാരതം-സഹസ്രാബ്ദങ്ങളായി നിലനില്ക്കുന്ന ഹൈന്ദവസംസ്കാരവും. അതിനുനേരെ ഉയർന്നുവന്നിട്ടുള്ള എല്ലാ അധമശക്തികളേയും ഭസ്മീകരിക്കുവാൻ ഈ പുണ്യഭൂമിക്ക് കരുത്തുണ്ട് കഴിഞ്ഞിട്ടുണ്ട്. സമാധാനവും സഹവർത്തിത്വവുമല്ലാതെ ഭീകരവാദവും ഭീഷണിയുമൊന്നും ഇവിടെ വിലപ്പോവില്ല.

## അംഗങ്ങളുടെ കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ചുള്ള പ്രത്യേക അറിയിപ്പ്

**കരയോഗം നിയമാവലി 17 ഉം അതിന്റെ ഉപവകുപ്പുകളും അനുസരിച്ച് എറണാകുളം കരയോഗം ഭരണസമിതി തിരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ 2018 മെയ് 24 മുതൽ ആരംഭിക്കുന്നതാണ്.**

**അംഗങ്ങൾ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ അവ മെയ് 24ന് മുൻപ് അടച്ചു തീർക്കണമെന്ന് അറിയിക്കുന്നു. റിട്ടേണിങ്ങ് ഓഫീസർ നിയമാവലി 17 ഉം അതിന്റെ ഉപവകുപ്പുകളും അനുസരിച്ച് 2018 ലെ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ആരംഭിക്കുന്ന മെയ് 24 മുതൽ തിരഞ്ഞെടുപ്പ് ദിവസമായ ജൂൺ 24 വരെ അംഗങ്ങളുടെ കുടിശ്ശിക തുകകൾ കരയോഗം ഓഫീസിൽ സ്വീകരിക്കുന്നതല്ല. റിട്ടേണിംഗ് ഓഫീസർ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് തിരഞ്ഞെടുപ്പിനുള്ള വോട്ടേഴ്സ് ലിസ്റ്റ് അദ്ദേഹത്തിന് കൈമാറേണ്ടതുണ്ട്. അതിനാൽ മെയ് 24 മുതൽ ജൂൺ 24 വരെ കരയോഗം ഭരണസമിതിക്ക് ടി വിഷയത്തിൽ ഒരു നടപടിയും സ്വീകരിക്കുവാനുള്ള അധികാരം ഇല്ലാത്തതിനാലും തിരഞ്ഞെടുപ്പ് പ്രക്രിയ തീരുന്നതുവരെ ഇത് സംബന്ധിച്ച എല്ലാ തീരുമാനങ്ങളും കൈക്കൊള്ളുവാനുള്ള അധികാരം റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമായതിനാലും അംഗങ്ങൾ മെയ് 24 ന് മുൻപ് കുടിശ്ശിക തുകകൾ അടച്ചു തീർക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.**

**- ജനറൽ സെക്രട്ടറി**





# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിന്റെ 93-ാമത് വാർഷിക പൊതുയോഗവും ഭരണസമിതിയിലെ 2018 ൽ ഒഴിവു വരുന്ന സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും ജൂൺ 24 ഞായറാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കും.നടപ്പുവർഷം എറണാകുളം കരയോഗത്തെ സംബന്ധിച്ചിടത്തോളം ബൃഹത്തായ പദ്ധതികൾക്ക് ആരംഭം കുറിച്ച ഒരു വർഷം കൂടിയാണ്. കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ നഗരത്തിന്റെ മനസ്സിനോടൊപ്പം എന്നും സജീവമായി നമ്മുടെ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. എല്ലാ മാസവും മുടങ്ങാതെയുള്ള വിവിധ പരിപാടികൾ തികച്ചും സൗജന്യമായി പൊതുജനങ്ങൾക്ക് കൂടി കാണുന്നതിനുള്ള സൗകര്യത്തോടെയാണ് അവതരിപ്പിച്ചു വരുന്നത്. അതോടൊപ്പം തന്നെ സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങളും നടപ്പു വർഷം മുടക്കം കൂടാതെ നടത്തി വരുന്നു എന്ന് സന്തോഷപൂർവ്വം അറിയിക്കട്ടെ.

എറണാകുളം കരയോഗത്തിന്റെ എല്ലാ അഭ്യുദയകാംക്ഷികളും കരയോഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തെറ്റുകളോ, കുറവുകളോ ഉണ്ടെങ്കിൽ ക്രിയാത്മകമായി അത് ചൂണ്ടിക്കാട്ടുവാനും അതോടൊപ്പം തന്നെ പോരായ്മകൾക്ക് പരിഹാരം നിർദ്ദേശിക്കുവാനും പുതിയ പദ്ധതികളും സേവന മേഖലകളും നിർദ്ദേശിക്കുവാനും 93-ാമത് വാർഷിക പൊതു യോഗത്തിന് കഴിയണം. ആയതിന് നിയമാനുസൃതമായി രേഖാമൂലം നിങ്ങളുടെ അഭിപ്രായങ്ങൾ നൽകണമെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

കരയോഗം നിയമാവലി പ്രകാരം ഈ വർഷം ഭരണസമിതിയിൽ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ റിട്ടേണിങ്ങ് ഓഫീസർ ഇലക്ഷൻ ചുമതലകൾ ഏറ്റെടുക്കുന്ന മെയ് 24 മുതൽ ജൂൺ 24 വരെ കരയോഗത്തിലേക്ക് അടയ്ക്കുവാനുള്ള ജീവകാരുണ്യ പ്രവർത്തന സ്ഥിരം ഫണ്ട്, മറ്റ് ഏതെങ്കിലും ഇനത്തിലുള്ള കുടിശ്ശിക തുകകൾ എന്നിവ മേൽപറഞ്ഞ ഒരു മാസം സ്വീകരിക്കുന്നതല്ല എന്ന് അംഗങ്ങളെ മുൻകൂട്ടി അറിയിക്കുന്നു. ടി തുകകൾ മെയ് 24ന് മുൻപ് അടച്ചു തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2015 ൽ എറണാകുളം കരയോഗത്തിന്റെ നവതി ആഘോഷത്തിന്റെ ഭാഗമായി ആരംഭിച്ച പോളിക്ലിനിക് ദിവാൻസ് റോഡിൽ, വാടക കെട്ടിടത്തിലായിരുന്നു നാളിതു വരെ പ്രവർത്തിച്ചു വന്നിരുന്നത്. പ്രസ്തുത സ്ഥാപനം നവീകരിച്ച് കരയോഗത്തിന്റെ ടി.ഡി.എം.ഹാൾ കോംപ്ലക്സിൽ തന്നെ കൃഷ്ണ ഹാളിനോട് ചേർന്ന് വിപുലമായ രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ കരയോഗാംഗങ്ങളായ ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. നവതി സ്മാരക പോളിക്ലിനിക് എന്നത് ഇനി മുതൽ 'ആയുഷ്യം പോളിക്ലിനിക്' എന്ന പേരിൽ അറിയപ്പെടുന്നതായിരിക്കും. ആരോഗ്യ അഭിവൃദ്ധിക്കുവേണ്ടി അംഗങ്ങൾ പോളിക്ലിനിക്കിന്റെ സേവനം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ ലവണാസുര വധം കഥകളി മെയ് 22, ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തപ്പെടുന്നതാണ്.

ബീമും എറണാകുളം കരയോഗവും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ മെയ് 29ന്, 'നടനകൈശികി', ഇരിങ്ങാലക്കുട അവതരിപ്പിക്കുന്ന 'മോഹിനിയാട്ടം' വൈകുന്നരം 6.30 ന് ടി.ഡി.എം. ഗംഗാ ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ഒന്നാം വാർഷികമായ മെയ് മാസത്തിലെ പരിപാടിയിൽ 21 മുതൽ 23 വരെ രാവിലെ 9 മണി മുതൽ വൈകുന്നരം 5 വരെ, വിവിധ ക്ലാസിക് ചിത്രങ്ങൾ കുട്ടികൾക്കായി പ്രദർശിപ്പിക്കുന്നതായിരിക്കും. മെയ് 24ന് വൈകുന്നരം 5 മണിക്ക് 'കാക്കമുട്ടൈ' തമിഴ് ചിത്രം ടിഡിഎം കാവേരി ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 15.5.2018 മുതൽ 15.06.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.5.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 17.5.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 19.5.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 21.5.2018 | തിങ്കൾ | 9.00a.m. 5.00p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം |
| 22.5.2018 | വെള്ളി | 9.00a.m. 5.00p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം |
| | | 6.00 p.m. | : കരയോഗം കഥകളി ക്ലബ്ബ് -ലവണാസുരവധം കഥകളി |
| 23.5.2018 | ബുധൻ | 9.00a.m. 5.00p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം |
| | | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 24.5.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം-കാക്കമുട്ടൈ |
| 26.5.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 29.5.2018 | ചൊവ്വ | 6.30 p.m. | : ബീം പ്രതിമാസ പരിപാടി: നടനകൈശികി-മോഹിനിയാട്ടം |
| 30.5.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 31.5.2018 | വ്യാഴം | 9.00 a.m. | : മാതൃഭൂമി- പ്രൊഫഷണൽ കോഴ്സ് ഗൈഡൻസ് സെമിനാർ |
| | | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 2.6.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 5.6.2018 | ചൊവ്വ | 5.00 p.m. | : ചിൻമയ സേവാട്രസ്റ്റ്- പ്രഭാഷണം- സ്വാമി സ്വരൂപാനന്ദജി |
| 6.6.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 5.00 p.m. | : ചിൻമയ സേവാട്രസ്റ്റ്- പ്രഭാഷണം- സ്വാമി സ്വരൂപാനന്ദജി |
| 7.6.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 5.00 p.m. | : ചിൻമയ സേവാട്രസ്റ്റ്- പ്രഭാഷണം- സ്വാമി സ്വരൂപാനന്ദജി |
| 8.6.2018 | വെള്ളി | 5.00 p.m. | : ചിൻമയ സേവാട്രസ്റ്റ്- പ്രഭാഷണം- സ്വാമി സ്വരൂപാനന്ദജി |
| 9.6.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : ചിൻമയ സേവാട്രസ്റ്റ്- പ്രഭാഷണം- സ്വാമി സ്വരൂപാനന്ദജി |
| 10.06.2018 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ (ആയുഷ്യം പോളിക്ലിനിക്) |
| 13.6.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 14.6.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |

# മലയാളി ശാസ്ത്രജ്ഞന് ബഹുമതി

**Institute of Electrical and Electronics Engineers (IEEE) ന്റെ കീഴിലുള്ള Photonics Society പ്രഗത്ഭരായ ശാസ്ത്രജ്ഞർക്ക് നല്കുന്ന വിശിഷ്ട ലെക്ചർഷിപ്പിന് തെരഞ്ഞെടുത്തിരിക്കുന്നത് എറണാകുളം സ്വദേശി കെ.കെ.പി മേനോന്റെയും, മുണ്ടിയാത്ത് അംബികാ മേനോന്റെയും പുത്രനായ ഡോ. വിനോദ് മേനോനെയാണ്. അമേരിക്ക, ജപ്പാൻ, അയർലന്റ്, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള മറ്റ് അഞ്ച് ശാസ്ത്രജ്ഞർക്കൊപ്പമാണ് വിനോദ് മേനോനേയും തെരഞ്ഞെടുത്തിട്ടുള്ളത്. ന്യൂയോർക്കിലെ ലോവെൽ യൂണിവേഴ്സിറ്റിയിൽ നിന്നും Ph D യും, പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്നും Post- Doctoral Fellowship ഉം നേടിയിട്ടുള്ള ഡോ. വിനോദ് മേനോൻ ഇപ്പോൾ ന്യൂയോർക്കിലെ City University College ൽ ഫിസിക്സ് വിഭാഗത്തിൽ പ്രൊഫസറായി പ്രവർത്തിക്കുന്നു.**





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

അവധിക്കാലമായല്ലോ? കൂട്ടുകാർ സന്തോഷത്തിമിർപ്പിലായിരിക്കുമല്ലോ? കടുത്ത വേനലായതുകൊണ്ട് കളിച്ചു വരുമ്പോഴെല്ലാം ധാരാളം വെള്ളം കുടിക്കണേ. നാട് മുഴുവനും വറ്റി വരളുകയാണെന്ന് കൂട്ടുകാർക്കും അറിയുമല്ലോ? പൈപ്പുകളിലെയോ കിണറുകളിലെയോ ഒരു തുള്ളി വെള്ളവും പാഴാക്കാതിരിക്കുന്ന കാര്യത്തിൽ കൂട്ടുകാരും മുതിർന്നവർക്ക് ഒരു പാഠമാവണം കേട്ടോ.

പ്രകൃതിയിലെ പുഴകളും, കിണറുകളും വരൾച്ചയുടെ പിടിയിലായിക്കഴിഞ്ഞു. നമ്മുടെ അമ്മയായ പ്രകൃതിയെ സംരക്ഷിക്കാൻ കൂട്ടുകാർക്കും എന്ത് ചെയ്യാൻ കഴിയും എന്ന് ചിന്തിക്കുക.

''ഒരു തൈ നടുന്നത് അമ്മയ്ക്കുവേണ്ടി'' എന്ന ഗാനം നിങ്ങൾ കേട്ടിരിക്കുമല്ലോ? ഇതിന്റെ ആവശ്യകത മനസ്സിലാക്കി വേണം കൂട്ടുകാരെ നിങ്ങൾ വളരേണ്ടത്. ഇതൊരു കൂട്ടായ ശ്രമമായിരിക്കണം. ഓരോ കുട്ടിയും അവരവരുടെ വീട്ടുമുറ്റത്ത് ചെടികൾ നട്ടുപിടിപ്പിക്കണം. ഒരിക്കൽ ഒരു വീട്ടിൽ ഒരു സംഭവം ഉണ്ടായതു കേട്ടോളൂ. ഒരു വീട്ടിലെ അമ്മ ഇടയ്ക്കിടെ മുറ്റത്തു പോയി ഏതെങ്കിലും പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നത് കണ്ട ഒരു കുട്ടി ഒരു ദിവസം തന്റെ വീട്ടുമുറ്റത്തെ ചട്ടിയിൽ ഒരു ചക്കക്കുരു മുളക്കാനിട്ടു. അൽപ ദിവസം കഴിഞ്ഞപ്പോൾ അത് മുളച്ചു ഒരു ചെടിയുടെ പരുവത്തിലായി. മകൻ ഇതു കണ്ട് തുള്ളിച്ചാടി. ''അമ്മെ, ഞാൻ നട്ട ചക്കക്കുരു മുളച്ചിരിക്കുന്നു''. അമ്മ പറഞ്ഞു ''മോൻ ചെയ്തത് നല്ല കാര്യം തന്നെ. പക്ഷേ കുരു വളർന്നു വലിയ വൃക്ഷമാവില്ലേ. ഇതെങ്ങിനെ ചട്ടിയിൽ വളരും''? മകൻ പറഞ്ഞു ''അതുകൊണ്ടെന്താ? അല്പം വലുതായാൽ പറിച്ചു പറമ്പിലേക്ക് നടാമല്ലോ. അമ്മയല്ലേ പറഞ്ഞത് നമ്മുടെയൊക്കെ പൂർവികർ നമുക്ക് വേണ്ടി പലതും ചെയ്തു എന്ന്. ഇന്ന് നമ്മൾ നടുമ്പോൾ അത് തന്നെയല്ലേ സംഭവിക്കുന്നത്. നമുക്ക് ഉപയോഗിക്കാനായില്ലെങ്കിലും വരും തലമുറയ്ക്ക് ഇത് ഗുണം ചെയ്യുമല്ലോ''? അമ്മയുടെ കണ്ണുകൾ നനഞ്ഞു. തനിക്കു പോലും തോന്നാത്ത കാര്യങ്ങൾ മകൻ ചെയ്തതിൽ ആ അമ്മയ്ക്ക് ഏറെ അഭിമാനം തോന്നി. ഇങ്ങിനെയുള്ള നല്ല കാര്യങ്ങളിൽ കൂട്ടുകാരും വ്യാപൃതരാവണം കേട്ടോ.

ഞാൻ എല്ലാം തികഞ്ഞവനാണ്, എനിക്കെല്ലാം അറിയാം, എല്ലാ ഗുണങ്ങളും എന്നിലുണ്ട് എന്നൊക്കെ കൂട്ടുകാരുടെ മുൻപിൽ വെച്ച് ചിലപ്പോൾ നിങ്ങൾക്കും തോന്നിയേക്കാം. എന്നെ ആരും ഉപദേശിക്കേണ്ട കാര്യമില്ല. എന്നൊക്കെ ചിലപ്പോൾ നിങ്ങൾ ചിന്തിച്ചേക്കാം. പക്ഷെ ഈ ചിന്ത നിങ്ങളെ വളർത്തുകയില്ല അതേസമയം സ്വന്തം ദൗർബല്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു പോയാൽ ഉയരങ്ങളിൽ എത്താൻ കുറേക്കൂടി എളുപ്പമാവും. ദേഷ്യവും കാപട്യവും ഇല്ലാതെ മുന്നോട്ടു പോവുക.

ഇനി കുഞ്ചൻ നമ്പ്യാരുടെ ചില പഴഞ്ചൊല്ലുകൾ കേട്ടോളൂ

'കപ്പലകത്തൊരു കള്ളനിരുന്നാൽ
എപ്പോഴുമില്ലൊരു സുഖമറിയേണം.'

'തട്ടും കൊട്ടും ചെണ്ടക്കെത്ര കിട്ടും
പണമത് മാരാർമാർക്ക്'

'പടനായകനൊരു പടയിൽ തോറ്റാൽ
ഭടജനമെല്ലാം ഓടിയൊളിക്കും.'

'എമ്പ്രാനല്പം കട്ട് ഭുജിച്ചാൽ
അമ്പലവാസികളൊക്കെ കക്കും'

'അരിമണിയൊന്നു കൊറിക്കാനില്ല
തരിവളയിട്ടു കിലുക്കാൻ മോഹം'.

'കുഞ്ഞുകിണറ്റിൽ തവളക്കുഞ്ഞിനു
കുന്നിനു മീതെ പറക്കാൻ മോഹം'

'നായുടെ വാലൊരു പന്തീരാണ്ടേ-
ക്കായതമാകിന കുഴലതിലാക്കി
പിന്നെയെടുത്തത് നോക്കുന്നേരം
മുന്നെപ്പോലെ വളഞ്ഞെയിരിപ്പൂ'.

രാഗപരിചയം

# രേവഗുപ്തി

ഡോ. ജയലക്ഷ്മി നന്ദകുമാർ

15-ാമത്തെ മേളകർത്താരാഗമായ മായാമാളവഗൗളയുടെ ജന്യരാഗമാണ് രേവഗുപ്തി. ഇതൊരു പ്രഭാത രാഗമാണ്.

ആരോഹണം : സ രി ഗ പ ധ സ

അവരോഹണം : സ ധ പ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധരിഷഭം. അന്തരഗാന്ധാരം, പഞ്ചമം, ശുദ്ധധൈവതം.

അഞ്ചു സ്വരങ്ങൾ വരുന്നതിനാൽ ഇതൊരു ഔഡവ രാഗമാണ്. ഭൂപാളം, ഭൌളി എന്നീ രാഗങ്ങളുമായി അതീവസാമ്യം ഉള്ള രാഗമാണ് രേവഗുപ്തി. ശുദ്ധധൈവതത്തിനു പകരമായി ചതുശ്രുതി ധൈവതം വരുമ്പോൾ ഭൂപാളം എന്ന രാഗമാവുന്നു. ഭൌളി രാഗത്തിനാണെങ്കിൽ അവരോഹണത്തിൽ കാകളി നിഷാദം കൂടി വരും. (സ രി ഗ പ ധ സ സ നി ധ പ ഗ രി സ )

ബിഭാസ് എന്ന ഹിന്ദുസ്ഥാനി രാഗം രേവഗുപ്തിയോടു സമാനമായ രാഗമാണ്. ധാരാളം ഭക്തിഗാനങ്ങൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയതായി കാണാം. മദ്ധ്യമം, നിഷാദം, എന്നീ സ്വരങ്ങൾ രേവഗുപ്തി രാഗത്തിൽ ഇല്ല.

ഈ രാഗം പ്രഭാതസമയത്തു കേൾക്കുമ്പോൾ മനസ്സിന് ഉണർവ്വും പ്രശാന്തതയും ഉണ്ടാവുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | ഗോപാലക പാഹിമാം | മിശ്രചാപ്പ് | സ്വാതി തിരുനാൾ |
| 2. | ശരവണഭവ | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 3. | ഗ്രഹ ബലമേമി | ദേശാദി | ത്യാഗരാജസ്വാമി |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | സുപ്രഭാതമായി | പ്രേതങ്ങളുടെ താഴ്വര |
| 2. | ത്രിപുരസുന്ദരി | ദിവ്യദർശനം |
| 3. | ഓംകാരം ശംഖിൽ | വെറുതെ ഒരു ഭാര്യ |
| 4. | അമൃതപ്രഭാതം വിരിഞ്ഞു | കോളജ് ഗേൾ |
| 5. | ലീലാ തിലകമണിഞ്ഞു | ഇരുമ്പഴികൾ |
| 6. | തംബുരു കുളിർ ചൂടിയോ | സൂര്യഗായത്രി |
| 7. | പുനരപി ജനനം | രാജശില്പി |
| 8. | നാദം | സിന്ദൂര രേഖ |

## എറണാകുളം കരയോഗവും മാതൃഭൂമിയും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2018

എറണാകുളം കരയോഗത്തിന്റേയും മാതൃഭൂമിയുടേയും സംയുക്താഭിമുഖ്യത്തിൽ പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2018 മെയ് 31 ന് 9.30 മുതൽ ടി.ഡി.എം.ഹാളിൽ നടത്തപ്പെടുന്നു. ഓൾ ഇന്ത്യാ എഞ്ചിനിയറിംഗ്, മെഡിക്കൽ എൻട്രൻസ്, കേരള എൻട്രൻസ്, കുസാറ്റ് എൻട്രൻസ്, എന്നിവയ്ക്കു പുറമേ എഞ്ചിനിയറിംഗ് ബ്രാഞ്ച് തിരഞ്ഞെടുക്കൽ, തൊഴിൽ സാധ്യതകൾ എന്നിവയെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുക്കുന്നു. രജിസ്ട്രേഷൻ രാവിലെ 8.30 മണിക്ക് ആരംഭിക്കുന്നതാണ് . കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടിയുള്ള റജിസ്ട്രേഷനും ബന്ധപ്പെടുക.

മാതൃഭൂമി, കൊച്ചി : 8907431814






വാസ്തു

# വാസ്തുവും വാസ്തവവും

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

പലരും വാസ്തു നോക്കി വീട് പണിതു താമസിക്കുന്നു. ഇന്നലെ ഒരു വീട്ടിൽ പോയപ്പോൾ 100% വാസ്തു അനുസരിച്ചു പണിത വീടാണ്. എങ്കിലും വലിയ തുക എല്ലാ മാസവും ആസ്പത്രികളിൽ കൊടുത്തുകൊണ്ടിരിക്കുന്നു. വീട്ടിലെ എല്ലാ അംഗങ്ങളും വിദ്യാഭ്യാസവും നല്ല ജോലിയും ഉള്ളവരാണ്. Master Bedroom തെക്കു പടിഞ്ഞാറെ മൂലയിലാണ്. അടുക്കള വടക്കു കിഴക്കേ മൂലയിൽ എല്ലാ മുറികളിലും എയർ കണ്ടീഷൻ ഉണ്ട്.




അവിടുത്തെ പ്രധാന പ്രശ്നം ഒരു ജനാലയും ഒരിക്കലും തുറക്കാറില്ല. അടുക്കളയിൽ കിഴക്കോട്ടുള്ള ജനാല, Bamboo-mat Curtain ഇട്ട് അടച്ചു വെച്ചിരിക്കുന്നു. രാവിലെ 4.30 മുതൽ 6.00 വരെയുള്ള ഉദയരശ്മികൾ അടുക്കളയിലേക്ക് വരണം. അതുകൊണ്ട് അടുക്കളയിലെ കിഴക്കു ഭാഗത്തെ ജനാല ഒരു കാരണവശാലും അടച്ചു വെക്കരുത്. അതുപോലെ കിടപ്പുമുറിയുടെ ജനലകളും കർട്ടൻ ഇട്ട് അടച്ചു വെച്ചിരിക്കുന്നു. കിടപ്പു മുറികളുടെ ജനലുകൾ കർട്ടൻ മാറ്റി വൈകിട്ട് 4.30 നും 6.00 നും ഇടയ്ക്ക് അര മണിക്കൂർ തുറന്നു വെയ്ക്കണം. പോക്കുവെയിൽ കൊണ്ടാൽ പൊന്നാകും എന്നു പറയുന്നതിൽ വളരെയധികം ശാസ്ത്രീയ വശങ്ങളുണ്ട്. കൂടാതെ കേരളത്തിൽ അധിക സമയവും, ഉദ്ദേശം 9 മാസക്കാലം, തെക്കു പടിഞ്ഞാറു നിന്നും, വടക്കു കിഴക്കേ മൂലയിലേക്കാണ് കാറ്റു വീശുന്നത്. ഈ കാറ്റ് കിടപ്പു മുറികൾക്ക് ഉള്ളിൽ കൂടെ കടന്നു പോയാൽ മാത്രമാണ് ആ മുറിയിൽ താമസിക്കുന്നവർക്ക് ആവശ്യത്തിന് പ്രാണവായു കിട്ടുകയുള്ളൂ. വെറുതെ വാസ്തു അനുസരിച്ച് വീട് പണിത് ജനാലകളും, വാതിലുകളും തുറക്കാതെ അടച്ചു വെച്ചാൽ, കാറ്റും വെളിച്ചവും ഇല്ലാതെ താമസിച്ചാൽ, മാറാരോഗികളായി മാറുന്നതാണ്. ഒരു ദിവസം 24 മണിക്കൂറിൽ 8 മണിക്കൂർ കിടപ്പു മുറികളിലാണെന്ന കാര്യം മറക്കരുത്. അതായത് ജീവിതത്തിൽ 60 വയസ്സായ ഒരാൾ 20 കൊല്ലം കിടപ്പു മുറിയിലാണെന്ന കാര്യം മറക്കരുത്.

വാസ്തുവിന്റെ പ്രധാന ഉദ്ദേശം തന്നെ അതാതു ദേശത്തെ കാലാവസ്ഥയ്ക്കും, ഭൂപ്രകൃതിക്കും, അനുസരിച്ച് വീട് പണിതു താമസിക്കണം എന്നുള്ളതാണ്. കിഴക്കോട്ട് ജനാല ഇല്ലാത്ത അടുക്കളയിൽ കിഴക്കോട്ട് തിരിഞ്ഞു നിന്ന് പാചകം ചെയ്താൽ വലിയ ഗുണം ഇല്ല. വരുന്ന വെയിൽ അടുക്കളയിലും പോക്കുവെയിൽ കിടപ്പു മുറിയിലും വരണം എന്ന തത്വം പ്രത്യേകം പാലിക്കേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കർട്ടൻ മാറ്റി, വാതിലുകൾ തുറന്നിടുക.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### ശങ്കരാചാര്യർ

ദീർഘമായ ഒരു യാത്രക്കുശേഷം ശങ്കരൻ നർമ്മദാനദിയുടെ തീരത്തെത്തി. അവിടെവെച്ച് ഗൗഡപാദർ എന്ന സന്യാസിവര്യനെ ഗുരുവായി സ്വീകരിച്ചു. ഭഗവത്പാദർ ശിഷ്യന് പരമഹംസസന്യാസപദം പ്രദാനം ചെയ്തു. കുറെക്കാലം ഗുരുസന്നിധിയിൽ വസിച്ച ശേഷം ശങ്കരൻ യാത്രയായി. ആത്മീയതയുടെ ഉറവിടം, വിജ്ഞാനത്തിന്റെ കേന്ദ്രം എന്നീ നിലകളിൽ ഭാരതത്തിന്റെ ചരിത്രത്തിലിടം കണ്ട കാശിയിലെത്തി. ഇവിടെ വെച്ച് ശങ്കരന് തന്റെ പ്രഥമശിഷ്യനെ ലഭിച്ചു. അതിനു പിന്നിലുണ്ടായ സാഹചര്യമിങ്ങനെ. ചോളദേശത്തുനിന്ന് കാശിയിലെത്തി വിശ്വനാഥനെ ഭജിച്ചു പാർത്തിരുന്ന ഒരു ഭക്തനായിരുന്നു വിഷ്ണുശർമ്മ. ശങ്കരന്റെ സാമീപ്യത്തിൽ അതീന്ദ്രിയാനുഭൂതിയനുഭവിച്ചറിഞ്ഞ വിഷ്ണുശർമ്മൻ ശങ്കരനിൽ നിന്നു ദീക്ഷ സ്വീകരിച്ചു. പ്രഥമ ശിഷ്യന് ശങ്കരൻ സനന്ദനൻ എന്ന സന്യാസനാമം നൽകി. കാശീവാസത്തിനിടെ ശങ്കരന് ധാരാളം ശിഷ്യന്മാരെ ലഭിച്ചു. ഗുരു എന്ന നിലക്ക് അദ്ദേഹം എല്ലാവരോടും ഒരേ വാത്സല്യം പ്രദർശിപ്പിച്ചു പോന്നു. എങ്കിലും കുറച്ചു ദിവസം കഴിഞ്ഞപ്പോൾ സനന്ദനനോട് ഗുരുവിന് പ്രത്യേകമായൊരു മമതയുണ്ടോ എന്ന് മറ്റു ശിഷ്യന്മാർക്ക് സംശയംതോന്നി. ജ്ഞാനദൃഷ്ടിയുണ്ടായിരുന്ന ആചാര്യൻ ശിഷ്യരുടെ സംശയം തീർക്കാനുറച്ചു. ഒരുനാൾ അദ്ദേഹം ശിഷ്യന്മാരുമൊത്ത് ഗംഗയിൽ കുളിക്കാനിറങ്ങി. തന്റെ മാറ്റുവസ്ത്രങ്ങളുമായി സനന്ദനൻ മറുകരയിൽ നിൽക്കുന്നത് ശങ്കരൻ കണ്ടു. ''സനന്ദനാ! ഇങ്ങടുത്തുവരൂ!'' ശങ്കരൻ കൽപ്പിച്ചു. ഉടൻതന്നെ സനന്ദനൻ ജലോപരിതലത്തിലൂടെ നടന്ന് ഗുരുവിന്റെ അരികിലെത്തി. അദ്ദേഹം ജലത്തിനു മീതെ വെച്ച ഓരോ കാലടിയും വഹിച്ചത് വെള്ളത്തിൽ നിന്നുയർന്നുവന്ന ഓരോ താമരപ്പൂവായിരുന്നു. 'ഇന്നു മുതൽ നീ പത്മപാദർ എന്നറിയപ്പെടും!' ഗുരുനാഥൻ അനുഗ്രഹിച്ചു. മറ്റു ശിഷ്യന്മാർക്ക് സനന്ദനന്റെ ഗുരുഭക്തിയെക്കുറിച്ചു ബോദ്ധ്യമാവുകയും ചെയ്തു.ശങ്കരന്റെ വിഖ്യാതരായ രണ്ടു ശിഷ്യന്മാരിലൊരാൾ ഹസ്താമലകനും മറ്റൊരാൾ തോടകാചാര്യനുമായിരുന്നു.

ഒരിക്കൽ ശങ്കരൻ ശിഷ്യന്മാരാൽ അനുഗതനായി ഗംഗയിലേക്കു പോവുകയായിരുന്നു. എതിർദിശയിൽ നിന്ന് നാലു ഭയങ്കരശ്വാനന്മാരെ നയിച്ചു കൊണ്ട് ഒരു ചണ്ഡാലൻ വരുന്നതു കണ്ടു. 'ദൂരെ പോ! ദൂരെ പോ!' എന്ന് ശങ്കരൻ ചണ്ഡാലനോട് വിളിച്ചു പറഞ്ഞു. മറുപടിയായി ചണ്ഡാലൻ ഇങ്ങനെ പറഞ്ഞു. 'എന്തിനാണ് ദൂരെ പോകേണ്ടത്? എന്തിൽ നിന്നാണ് ദൂരെ പോകേണ്ടത്? ദേഹമാണോ ആത്മാവാണോ ദൂരെ പോകേണ്ടത്? എല്ലാ ദേഹങ്ങളും ഒരേ സാധനം കൊണ്ട് ഉണ്ടാക്കപ്പെട്ടതാണ് എന്നിരിക്കെ, ഒരു ദേഹം മറ്റൊന്നിൽ നിന്ന് അകന്നുപോകുന്നതെന്തിന്? ആത്മാവാണ് മാറിപ്പോകേണ്ടതെങ്കിൽ അതെങ്ങനെ സാധിക്കും.?'

പൊടുന്നനെ ശങ്കരന്റെ മനസ്സിൽ പ്രകാശമുദിച്ചു. ചണ്ഡാലരൂപത്തിൽ തൊട്ടുമുമ്പിൽ പ്രത്യക്ഷപ്പെട്ട മഹാദേവനെ അദ്ദേഹം തിരിച്ചറിഞ്ഞു. ഏകഭാവ വിജ്ഞാനത്തിന്റെ അന്തഃസത്ത 'മനീഷാപഞ്ചകം' എന്ന ഉജ്ജ്വലമായ അഞ്ചു പദ്യങ്ങളിൽ പ്രകടിപ്പിക്കാൻ ശങ്കരന് ഈ കൂടിക്കാഴ്ച്ചയിലൂടെ അവസരം നൽകുകയായിരുന്നു ഭഗവാൻ.

ശങ്കരനു വിജ്ഞാനവസ്തുക്കൾ പകർന്നു നൽകിയശേഷം ഭഗവാൻ പ്രച്ഛന്നവേഷം പരിത്യജിച്ചു. ചണ്ഡാലന്റെ സ്ഥാനത്ത് വിശ്വനാഥനായി ശിവൻ പ്രത്യക്ഷപ്പെട്ടു. ശ്വാനന്മാർ ചതുർവേദങ്ങളുടെ ദൈവിക രൂപം കൈക്കൊണ്ടു.

ഭഗവാന്റെ അനുഗ്രഹത്തോടെ ശങ്കരൻ ഹിമാലയത്തിലെ ബദരികാശ്രമത്തിൽ ചെന്ന് വ്യാസന്റെ അനുഗ്രഹാശിസ്സുകൾ നേടി. അവിടെ പരമഗുരുവായ ഗൗഡപാദരെ കണ്ടുവണങ്ങി അനുഗ്രഹം നേടി. മടങ്ങി കാശിയിലെത്തിയ അദ്ദേഹം മണികർണ്ണികാഘട്ടത്തിലെ മുക്തിമണ്ഡപത്തിലിരുന്ന് ഗ്രന്ഥങ്ങൾ രചിച്ചു. (ബദരികാശ്രമത്തിൽ വെച്ചാണ് ശങ്കരൻ ഭാഷ്യങ്ങൾ രചിച്ചത് എന്ന് ചില ഗവേഷണപഠനങ്ങൾ രേഖപ്പെടുത്തുന്നു.)കാശീവാസത്തിനിടെ ശങ്കരൻ 'ഭജഗോവിന്ദം' എന്ന സ്തവം രചിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഒരിക്കൽ ശങ്കരൻ ശിഷ്യന്മാർക്കൊപ്പം ഒരു തെരുവിലൂടെ നടക്കുകയായിരുന്നു. പാതയരികിലൊരു ഭവനത്തിനു മുൻവശത്തിരുന്ന് ഒരു വൃദ്ധൻ വ്യാകരണനിയമങ്ങൾ ഉരുവിടുന്നത് അദ്ദേഹം കേട്ടു. വിലയേറിയ സമയം വ്യാകരണത്തിനുവേണ്ടി ചെലവാക്കുന്നതിനുപകരം ഈശ്വരനിലേക്കു തിരിയാൻ ഉപദേശിച്ചുകൊണ്ട് ശങ്കരൻ ഭജഗോവിന്ദം എന്നാരംഭിക്കുന്ന സ്തോത്രം രചിച്ചു. പന്ത്രണ്ടു സ്തോത്രങ്ങളടങ്ങിയ ഈ കൃതി 'ദ്വാദശമഞ്ജരികാസ്തോത്രം' എന്നും അറിയപ്പെടുന്നു. അദ്വൈതവേദാന്തത്തിന്റെ ഒരു തത്വസമുച്ചയം എന്ന് ഈ കൃതിയെ വിശേഷിപ്പിക്കാം.

യാഥാസ്ഥിതിക സമൂഹത്തിന്റെ കണ്ണുതുറപ്പിക്കാൻ ഇനിയും വൈകിച്ചുകൂടാ എന്ന ചിന്തയിൽ ശങ്കരൻ ഭാരതമൊട്ടാകെ ഒരു പദയാത്രക്കു പുറപ്പെട്ടു. ഈ യാത്രക്കിടയിലാണ് അദ്ദേഹം വേദത്തെക്കുറിച്ചുള്ള തന്റെ പുതിയ കാഴ്ചപ്പാട് വ്യക്തമാക്കിയത്. വ്രതാനുഷ്ഠാനങ്ങളല്ല അദ്വൈതാത്മാവായ ആത്മബ്രഹ്മമാണ് വേദത്തിന്റെ പൊരുൾ എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സമഭാവനയും മതസൗഹാർദ്ദവും വളർത്താനുള്ള ഏകമാർഗ്ഗം വേദാന്തസന്ദേശം പ്രചരിപ്പിക്കുക യാണെന്ന് അദ്ദേഹം വിശ്വസിച്ചു. നാനാരൂപത്തിൽ പ്രകാശിക്കുന്ന സകല ദൈവങ്ങളും ഒരേ ചൈതന്യത്തിന്റെ വിവിധ രൂപങ്ങളാണെന്ന് ശങ്കരൻ സ്ഥാപിച്ചു.

ഇതിനിടെ ത്രിവേണീസംഗമസ്ഥാനമായ പ്രയാഗിലേക്കും ശങ്കരൻ യാത്ര ചെയ്തു. കുമാരിലഭട്ടൻ എന്ന ബുദ്ധപണ്ഡിതനെ കാണാനും വേദാന്തസത്യം അദ്ദേഹത്തിനു ബോദ്ധ്യപ്പെടുത്തി കൊടുക്കാനും പറ്റുമെങ്കിൽ അദ്ദേഹത്തെക്കൊണ്ട് ബ്രഹ്മസൂത്രഭാഷ്യത്തിന് 'വർത്തിക' എന്ന ഒരു പദ്യവ്യാഖ്യാനം എഴുതിക്കാനു മായിരുന്നു ഈ യാത്ര. പ്രയാഗിലെത്തുമ്പോൾ ഉമിത്തീയിൽ ആത്മാഹൂതി ചെയ്യാൻ തുടങ്ങുന്ന കുമാരിലഭട്ടനെയാണ് കണ്ടത്. ബൗദ്ധാദ്ധ്യാപകരോടുകാട്ടിയ വഞ്ചന, മീമാംസകൻ എന്ന നിലക്ക് നടത്തിയ ദൈവനിഷേധം എന്നീ രണ്ടുമഹാപാപങ്ങൾക്കു പ്രായശ്ചിത്തമായാണു താൻ ആത്മാഹൂതി ചെയ്യുന്നതെന്നും പ്രായശ്ചിത്തപ്രക്രിയ ആരംഭിച്ചു കഴിഞ്ഞ സ്ഥിതിക്ക് പിൻവാങ്ങാൻ നിവൃത്തിയില്ലെന്നും അദ്ദേഹം ശങ്കരനോടു പറഞ്ഞു. അന്ത്യനിമിഷങ്ങൾ ശങ്കരനോടൊത്തു ചിലവിടാൻ കഴിഞ്ഞതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. വേദാന്തസത്യം ഇപ്പോൾ തനിക്കു ബോദ്ധ്യപ്പെട്ടെന്നും പൂർവ്വമീമാംസയുടെ അപര്യാപ്തത തെളിയിക്കാൻ ശങ്കരൻ മാഹിഷ്മതിയിൽ ചെന്ന് വേദപണ്ഡിതനും തർക്കവിചക്ഷണനുമായ മണ്ഡനമിശ്രനോട് വാദപ്രതിവാദം നടത്തണമെന്നും കുമാരിലഭട്ടൻ നിർദേശിച്ചു.

അതനുസരിച്ച് ശങ്കരൻ ശിഷ്യൻമാരാൽ അനുഗതനായി മാഹിഷ്മതിയിൽ ചെന്നു മണ്ഡനമിശ്രനെ കണ്ടു. വാതുവെച്ചുകൊണ്ട് ഇരുവരും തർക്കത്തിനിരുന്നു. മണ്ഡനപത്നിയായ സരസവാണി പ്രതിയോഗികൾക്ക് ഓരോ പുഷ്പമാല്യം നൽകി. ആരുടെ മാലയാണോ ആദ്യം വാടുന്നത് അയാൾ തോറ്റതായി കണക്കാക്കുമെന്നു പറഞ്ഞുകൊണ്ട് അവർ ഗൃഹകൃത്യങ്ങളിൽ വ്യാപൃതയായി. തർക്കം ദിവസങ്ങളോളം നീണ്ടു. ശങ്കരന്റെ മഹാജ്ഞാനത്തിനു മുമ്പിൽ പിടിച്ചുനിൽക്കാനുള്ള അറിവും പാണ്ഡിത്യവുമൊന്നുമില്ലാത്ത മണ്ഡനമിശ്രന്റെ മാല വാടാൻ തുടങ്ങി. പരാജയം സമ്മതിച്ച അദ്ദേഹം പന്തയത്തിലെ നിബന്ധനപ്രകാരം ശങ്കരനിൽ നിന്ന് സന്യാസവും ശിഷ്യത്വവും സ്വീകരിച്ചു. ശങ്കരൻ പുതിയ ശിഷ്യന് സുരേശ്വരൻ എന്ന സന്യാസനാമം നൽകി. സരസവാണിയും ശങ്കരനെ ഗുരുവായി സ്വീകരിച്ചു.

ഇക്കാലത്താണ് ആര്യാംബ ശയ്യാവലംബിയായത്. ജ്ഞാനദൃഷ്ടിയിലൂടെ അറിവുകിട്ടിയ ശങ്കരൻ മാതാവിനു നൽകിയ വാഗ്ദാനം പാലിക്കാൻ കാലടിയിലേക്കു മടങ്ങി. മകനെ കണ്ടതും അമ്മ ആനന്ദാശ്രുവിൽ നീരാടി. മകൻ അമ്മയുടെ ഗുരുവായി. അമ്മയുടെ അഭീഷ്ടപ്രകാരം ആദ്യം 'ശിവഭുജംഗവും' പിന്നീട് 'വിഷ്ണുഭുജംഗവും' രചിച്ചു ചൊല്ലി. യോഗികൾക്കുപോലും ദുർലഭമായ ഈശ്വരസായൂജ്യം മാതാവിനു നൽകി. ആത്മീയോപദേശം നൽകി അമ്മയെ അന്ത്യനിമിഷത്തിനു തയ്യാറാക്കുകയും ചെയ്തു. ശാന്തയായ ആര്യാംബ ആത്മവിശ്വാസത്തോടെ അന്ത്യം കൈവരിച്ചു.

ശങ്കരൻ മാതാവിന്റെ അന്ത്യകർമ്മങ്ങൾ ചെയ്യാൻ തുനിഞ്ഞു. സന്യാസിക്ക് ഇത്തരം കർമ്മങ്ങൾ ചെയ്യാൻ അവകാശമില്ലെന്നു പറഞ്ഞ് ബന്ധുക്കൾ സഹകരിക്കാൻ വിസമ്മതിച്ചു. ശങ്കരൻ തികഞ്ഞ നിസ്സംഗതയോടെ ഗൃഹം നിന്നിരുന്ന പറമ്പിന്റെ

ഒരു കോണിൽ വാഴത്തട വെട്ടി ഒരു ചിതയുണ്ടാക്കി. എടുത്തുകൊണ്ടുപോകാൻ വേണ്ടി അദ്ദേഹം മാതാവിന്റെ മൃതദേഹം തുണ്ടുതുണ്ടായി നുറുക്കി. തുണ്ടുകൾ ചിതയിൽഅടുക്കി വെച്ചതിനുശേഷം യോഗശക്തി കൊണ്ട് അഗ്നി ഉദ്ദീപിച്ചു. ശങ്കരന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞ ബന്ധുക്കൾ അദ്ദേഹത്തോട് ക്ഷമായാചനം ചെയ്തു.

മൂന്നു തവണ അദ്ദേഹം ഭാരതപര്യടനം നടത്തി. മതസ്ഥാപനങ്ങളിലും മതവിശ്വാസങ്ങളിലും കടന്നു കൂടിയ വൈകൃതങ്ങളെ നീക്കം ചെയ്യാൻ ശ്രമിച്ചു. ഈ ഉദ്യമത്തിൽ പലപ്പോഴും അദ്ദേഹത്തിന് സ്വജീവൻ പോലും പണയം വെക്കേണ്ടതായി വന്നു. ശങ്കരന്റെ മതപ്രകാരം ഒരു സ്വകാര്യദൈവതം എന്ന വിഭാവന പരമോന്നതമല്ല. അതേസമയം ദൈവം അദ്ദേഹത്തിന് ഒരു അപ്രസക്തിയോ, ജനക്കൂട്ടത്തിന് അനുവദിക്കുന്ന ഒരു ഇളവോ അല്ല.ദൈവഭക്തി അദ്വൈതം മനസ്സിലാക്കാൻ ആവശ്യമായ ഒരു പടിയാണ്. ദൈവത്തെ എന്തുപേരു ചൊല്ലി വിളിക്കുന്നു എന്നതല്ല പ്രശ്നം; മറിച്ച് അനുവർത്തിക്കുന്ന ആരാധനയുടെ ആത്മാർത്ഥതയും തീവ്രതയുമാണ് മുഖ്യം ഹരിസ്തോത്രത്തിൽ ശങ്കരൻ പറയുന്നതെന്തെന്നു നോക്കാം. 'ബുദ്ധിഭേദങ്ങൾ കാരണം പലതരത്തിൽ ബ്രഹ്മനെന്നും വിഷ്ണുവെന്നും രുദ്രനെന്നും അഗ്നിയെന്നും സൂര്യനെന്നും ചന്ദ്രനെന്നും ഇന്ദ്രനെന്നും വായുവെന്നും ബലിയെന്നും വിളിക്കപ്പെടുന്നവനും സംസാരാന്ധകാരത്തിന്റെ വിനാശകാരനുമായ ഹരിക്കു സ്തുതി!' മതത്തിന്റെ അന്തഃസത്തയുടെ പ്രകടനങ്ങൾ ഭിന്നങ്ങളായിരുന്നാലും അത് ഒന്നുതന്നെ എന്നദ്ദേഹം പറഞ്ഞു. യഥാർത്ഥമായ ആത്മീയസാർവ്വത്രികത്വമാണ് ശങ്കരൻ ഉപദേശിച്ചതും അനുവർത്തിച്ചതും. വിവിധ രൂപങ്ങളിൽ യാതൊരു ഭിന്നബോധവുമില്ലാതെ തന്റെ സ്തോത്രങ്ങളിലൂടെ ശങ്കരൻ ദൈവത്തെ സ്തുതിച്ചു.ഏകദേശം എഴുപത്തിരണ്ടോളം മതാനുഷ്ഠാനവിഭാഗങ്ങൾ അക്കാലത്ത് നിലനിന്നിരുന്നുവത്രേ! അവ കൂടുതൽ ഭിന്നതകൾക്ക് ഇട നൽകി. ശങ്കരൻ ഹിന്ദുമതത്തിന്റെ വിഭിന്നവിഭാഗങ്ങളെ ശുദ്ധീകരിച്ചുറപ്പിച്ചു.

കാശ്മീരിലുള്ള ശാരദാക്ഷേത്രം സന്ദർശിച്ച ശങ്കരൻ അവിടെയുള്ള പണ്ഡിതൻമാരുമായി ദീർഘസംവാദം ചെയ്തു. വിജ്ഞാനത്തിന്റെ അധിദേവതയായ ശാരദാദേവി തന്നെ ഒരവസാന പരീക്ഷ നടത്തുകയും ശങ്കരൻ സർവ്വജ്ഞപീഠം അലങ്കരിക്കാൻ യോഗ്യനാണെന്നു തെളിയിച്ചുകൊടുക്കുകയും ചെയ്തു. ഇവിടെവച്ച് ശങ്കരാചാര്യർ 'സൗന്ദര്യലഹരി' എഴുതി. ശങ്കരവിരചിതമായ സ്തോത്രങ്ങളിൽ ഏറ്റവും പ്രാമുഖ്യമർഹിക്കുന്ന കൃതിയാണിത്.പ്രാചീനധർമ്മം പുന:സ്ഥാപിച്ചുകൊണ്ടും അതിന്റെ ആത്മാവിനെ നവീകരിച്ചുകൊണ്ടും കാലം അതിൽ ചാർത്തിയ കളങ്കങ്ങൾ നിർമാർജ്ജനം ചെയ്തുകൊണ്ടും ബദരിമുതൽ കേദാരം വരെയും രാമേശ്വരത്തും കന്യാ കുമാരിയിലുമെല്ലാം ശങ്കരൻ യാത്രകൾ ചെയ്തു.ശൈവ, വൈഷ്ണവ, ശാക്ത, സൗര, ഗാണപത്യ, കൗമാര വിശ്വാസങ്ങളിലൂന്നിയ ആറു പ്രമുഖ ഹൈന്ദവ വിശ്വാസങ്ങളെ ശുദ്ധീകരിച്ചതിനാൽ അദ്ദേഹം 'ഷൺമതസ്ഥാപകാചാര്യ' എന്നറിയപ്പെട്ടു.തെറ്റായ ആരാധനാരീതികൾ തിരുത്തിയും ജന്തുബലി നിർത്തിയും ദേവതകളുടെ ക്രൗര്യം ശാന്തിയായി പരിവർത്തനം ചെയ്തും മറ്റും അദ്ദേഹം ഹൈന്ദവതയുടെ പവിത്രത വർദ്ധിപ്പിച്ചു. ഹിമാലയം മുതൽ കന്യാകുമാരിവരെ, കാശ്മീരം മുതൽ കാമരൂപംവരെ, ദ്വാരകമുതൽ പുരിവരെ നാട്ടിലുടനീളമുള്ള ദേവാലയങ്ങളെ പവിത്രമാക്കാൻ ശങ്കരാചാര്യർ അനുഷ്ഠിച്ച കർമ്മങ്ങളെപ്പറ്റി ഒട്ടേറെ ഐതിഹ്യങ്ങളുണ്ട്.

ശങ്കരാചാര്യർ കൈലാസത്തിൽ നിന്ന് അഞ്ചു സ്ഫടികലിംഗങ്ങൾ കൊണ്ടുവന്നു. അവയിൽ മോക്ഷലിംഗം ചിദംബരം ക്ഷേത്രത്തിലും മുക്തിലിംഗം കേദാരക്ഷേത്രത്തിലും, വരലിംഗം നേപ്പാളിലെ നീലകണ്ഠക്ഷേത്രത്തിലും യോഗലിംഗം കാഞ്ചികാമകോടിയിലും, ഭോഗലിംഗം ശൃംഗേരിയിലെ ശാരദാ പീഠത്തിലും പ്രതിഷ്ഠിച്ചു. നാടിന്റെ നാനാഭാഗങ്ങളിൽ ശങ്കരൻ മഠങ്ങൾ സ്ഥാപിച്ച. തന്റെ ശിഷ്യ പ്രധാനികളെ അവയുടെ ചുമതലക്കാരാക്കി. അദ്വൈതാചാര്യൻമാരുടെ ഒരു പരമ്പരയുണ്ടാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. മഠങ്ങളിൽ പ്രധാനം കാഞ്ചി (ശൃംഗേരി), ബദരി, ദ്വാരക, പുരി, എന്നിവയാണ്. (വടക്ക് ഹിമാലയത്തിൽ ബദരി പടിഞ്ഞാറ് ദ്വാരക, കിഴക്ക് ജഗന്നാഥപുരി ,തെക്ക് ശൃംഗേരി).ഹ്രസ്വമെങ്കിലും കർമ്മനിരതമായ ജീവിതത്തിലൂടെ ഭാരതത്തിന്റെ ആത്മീയ സാംസ്കാരിക ഭൂമികയിൽ സർവ്വജ്ഞപീഠമലങ്കരിക്കുന്ന ശ്രീശങ്കരാചാര്യർ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ കാഞ്ചിയിൽ വെച്ചു സ്വർഗ്ഗാരോഹണം ചെയ്തു. കേദാരത്തിലാണ് ശങ്കരന്റെ സിദ്ധിക്ഷേത്രം എന്നു ചിലരും ബദരിയിലാണെന്നു വേറെ ചിലരും വിശ്വസിക്കുന്നു.

ആയുസ്സിന്റെ അന്ത്യഘട്ടത്തിൽ ശങ്കരൻ ഏതാനും ശിഷ്യന്മാരാൽ അനുഗതനായി ബദരിയിലേക്കും കേദാരക്ഷേത്രത്തിലേക്കും പോയെന്നും അവിടെനിന്നു കൈലാസംപൂകി എന്നും 'മാധവീയ ശങ്കരവിജയം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം. 'ചിദ്‌വിലാസീയ ശങ്കരവിജയം' പറയുന്നത് ശങ്കരൻ ബദരികാശ്രമത്തിലെ ദത്താത്രേയ ഗുഹയിൽ പ്രവേശിച്ചു മറഞ്ഞു എന്നാണ്. ശൃംഗേരി ഗുരു പരമ്പരയെ വിവരിക്കുന്ന 'ഗുരുവംശ കാവ്യം' സിദ്ധേശ്വരത്തുനിന്നും ശങ്കരൻ ദത്താത്രേയ ആശ്രമത്തിലേക്കു പോയെന്നാണ്. അവിടെ തന്റെ ദണ്ഡും കമണ്ഡലുവും ഉപേക്ഷിച്ചുവത്രേ.!ഗോവിന്ദനാഥന്റെ കേരളീയ ശങ്കരവിജയം രേഖപ്പെടുത്തുന്നത് ശങ്കരൻ തൃശ്ശൂർ അഥവാ വൃക്ഷാചലത്തിലെ ക്ഷേത്രത്തിനകത്തു നിന്ന് സൂര്യ മണ്ഡലത്തിൽ പ്രവേശിച്ചു എന്നാണ്. മറ്റൊരു സംസ്കൃത കാവ്യത്തിൽ ശങ്കരൻ കാശ്മീരിൽ സമാധിയടഞ്ഞതായി രേഖ പ്പെടുത്തിക്കാണുന്നു.

എന്തായാലും അനന്തതയുടെ ഭാഷയിൽ പറഞ്ഞാൽ അദ്ദേഹത്തിന് അവസാനമില്ല. ആത്യന്തികമായി പറഞ്ഞാൽ സർവ്വവ്യാപിയും നിത്യസന്നിഹിതവുമായ അദ്വൈതാത്മാവാണ് ശ്രീശങ്കരാചാര്യർ. ഭാരതത്തിന്റെ ആത്മീയ സംസ്കാരത്തിന്റെ ഗതിയെ ഹ്രസ്വകാലം കൊണ്ടു മാറ്റിമറിച്ച ഉന്നതശീർഷരിൽ പ്രമുഖനായ ശ്രീശങ്കരന്റെ അദ്വൈതവേദാന്തം തന്നെയാണ് നമ്മുടെ രാജ്യത്തിന്റെ ആത്മസത്ത ! വസുധൈവകുടുംബകം എന്നായിരുന്നല്ലോ അദ്ദേഹത്തിന്റെ കാഴ്ചപ്പാട്!

ശ്രീശങ്കരാചാര്യരുടേതായി എഴുപത്തഞ്ചോളം കൃതികൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അച്യുതാഷ്ടകം, ദാരിദ്ര്യദഹനസ്തോത്രം, ശിവനാമാവല്യഷ്ടകം, രാമചന്ദ്രാഷ്ടകം, കൃഷ്ണാഷ്ടകം, ഭവാന്യഷ്ടകം, കനകാധാരാസ്തവം, മാതൃപഞ്ചകം (മാതാവിന്റെ അന്ത്യമുഹൂർത്തത്തിൽ രചിച്ചു ചൊല്ലിയത്), മനീഷാപഞ്ചകം, ശിവപഞ്ചാക്ഷരം, ദക്ഷിണാമൂർത്തിസ്തോത്രം, ആനന്ദലഹരി സ്തോത്രം, ശിവാപരാധക്ഷമാപണസ്തോത്രം, നവരത്നമാലികാ മുതലായവ അവയിൽ ചിലതുമാത്രം. ശിവഭുജംഗം, ഗണേശഭുജംഗം, ദേവീഭുജംഗം, വിഷ്ണു ഭുജംഗം, സുബ്രഹ്മണ്യഭുജംഗം തുടങ്ങിയ ഭുജംഗപ്രയാത സ്തോത്രങ്ങൾ അതിപ്രധാനം തന്നെ! അഖിലലോക പ്രശസ്തമായ 'ഭജഗോവിന്ദം' ശങ്കരദർശനങ്ങളുടെ ഉദാത്തവൽക്കരണമാണ്.

(തുടരും)

# അറിയിപ്പ്

## എറണാകുളം കരയോഗം

## 93-ാം വാർഷിക പൊതുയോഗം

എറണാകുളം കരയോഗത്തിന്റെ 93-ാമതു വാർഷിക പൊതുയോഗം കരയോഗം നിയമാവലി 35 (ii),(iii),(iv),(v), 36(i) എന്നീ വകുപ്പുകൾ പ്രകാരം 2018 ജൂൺ 24-ാം തീയതി (ഞായറാഴ്ച) രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ വച്ച് നടത്തപ്പെടുന്നു. നിയമാവലി 15ഉം അതിന്റെ ഉപവകുപ്പുകളും അനുസരിച്ച് ഈ വർഷം പ്രസിഡന്റ്, 1 വൈസ് പ്രസിഡന്റ്, 1 സെക്രട്ടറി, 2 വനിതാ സംവരണം, 4 ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെ ഭരണസമിതിയിൽ ഒഴിവു വരുന്ന 9 സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് വരണാധികാരിയുടെ ഔദ്യാഗിക അറിയിപ്പ് 2018 ജൂൺ മാസത്തിലെ കരയോഗ സൗഹൃദത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

തിരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമാവലി പ്രകാരം വരണാധികാരിയുടെ നടപടി ക്രമങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും 2018 ജൂൺ 1 മുതൽ കരയോഗം നോട്ടീസ് ബോർഡിൽ വരണാധികാരി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

കരയോഗത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങൾ കുടിശ്ശിക തുക മുഴുവനായി അടച്ചു തീർക്കുവാൻ അഭ്യർത്ഥിക്കുന്നു. കരയോഗം നിയമാവലി 17 (iii) (ബി) പ്രകാരം കുടിശ്ശിക വരുത്തിയ അംഗങ്ങളുടെ പേരുകൾ വോട്ടവകാശത്തിനുള്ള ലിസ്റ്റിൽ ഉണ്ടായിരിക്കുന്നതല്ലാത്തതും, അവർക്ക് പൊതുയോഗത്തിൽ പങ്കെടുക്കുവാൻ അർഹത ഇല്ലാത്തതുമാണ് എന്നു കൂടി ഇതിനാൽ അറിയിക്കുന്നു.

-ജനറൽ സെക്രട്ടറി

ക്ഷേത്രങ്ങളിലൂടെ

# കൊട്ടിയൂർ മഹാദേവ സന്നിധി

**ഇന്ദിരാഭായി (ഫോൺ: 80785 52892)**

പ്രകൃതിപോലും സദാ ശിവപഞ്ചാക്ഷരീ മന്ത്രം ജപിച്ചുകൊണ്ടിരിക്കുന്ന ഒരു പുണ്യ ഭൂമിയാണ് കൊട്ടിയൂർ. സഹ്യപർവ്വതത്തിന്റെ പ്രാന്തപ്രദേശമായ മലനിരകളിലെ ഈ സ്ഥലം ശിവശക്തി പ്രകൃതിയോടിണങ്ങിച്ചേർന്നിരിക്കുന്ന പരിപാവനമായ വനഭൂമിയാണ്. ദക്ഷപ്രജാപതിയുടെ യാഗം പാതിയിൽ മുടങ്ങുകയും സർവ്വ ദേവതകളുടേയും പ്രാർത്ഥനകളുടെ ഫലമായി പുനരാരംഭിക്കുകയും ശുഭമായി പര്യവസാനിക്കുകയും ചെയ്ത പവിത്രമായ യാഗഭൂമിയാണ് കൊട്ടിയൂർ. പ്രകൃതി ഭംഗി നിറഞ്ഞു നിൽക്കുന്ന ഈ പുണ്യഭൂമിയിൽ ദൃഷ്ടിഗോചരമല്ലാത്ത അനേകം നിഗൂഢതകൾ നിറഞ്ഞു നിൽക്കുന്നു. മാമലകൾക്കു നടുവിലെ ഈ പുണ്യഭൂമി ഒരു ക്ഷേത്രമില്ലാക്ഷേത്രസങ്കേതമാണ്. ക്ഷേത്രദർശനത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു വിശാലമായ ക്ഷേത്രാങ്കണം അവിടെ ചെറുതോ വലുതോ ആയ ക്ഷേത്ര സങ്കേതങ്ങൾ, ക്ഷേത്രശ്രീകോവിൽ, ശ്രീകോവിലിൽ ഗർഭഗൃഹം, ദേവപ്രതിഷ്ഠ, ക്ഷേത്രശ്രീകോവിൽ ചുമരിൽ നിറയെ ചുമർചിത്രങ്ങൾ, മനോഹരമായ ക്ഷേത്രശില്പങ്ങൾ, സ്വർണ്ണക്കൊടിമരം, ദീപാലങ്കാരക്കാഴ്ചകൾ, ദീപസ്തംഭം, ചുറ്റുവിളക്കുകൾ എന്നിവയായിരിക്കും നാം പ്രതീക്ഷിക്കുക എന്നാൽ മഹാദേവൻ കുടികൊള്ളുന്ന കൊട്ടിയൂർ എന്ന ഈ യാഗഭൂമിയിൽ ഇവയൊന്നും കാണ്മാനില്ല. മനോഹരമായ ഒരു വനഭൂമിയും തെളിനീരൊഴുകുന്ന പുഴയുമാണ് കാണുന്നത്.



സഹ്യപർവ്വതത്തിന്റെ താഴ്‌വരയിലെ പ്രകൃതി സുന്ദരമായ സ്ഥലത്ത് കൊട്ടിയൂർ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ നിന്നും 65 കിലോമീറ്റർ ദൂരത്തായി കണ്ണൂർ വയനാട് ജില്ലാ അതിർത്തിയിലെ പർവ്വതപ്രാന്തങ്ങളിൽ നിന്നുത്ഭവിച്ചെത്തുന്ന വാവലി എന്ന വാവലിപ്പുഴയുടെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന രണ്ടു ക്ഷേത്രസ്ഥാനങ്ങളാണ് അക്കരക്കൊട്ടിയൂരെന്നും ഇക്കരക്കൊട്ടിയൂരെന്നും അറിയപ്പെടുന്ന ദേവസ്ഥാനങ്ങൾ. വടക്കെ മലബാറിലെ അറിയപ്പെടുന്ന ഒരു ദേവസ്ഥാനമാണ് ദക്ഷിണ കാശിയെന്നറിയപ്പെടുന്ന കൊട്ടിയൂർ. ഔഷധ സസ്യങ്ങൾ നിറഞ്ഞ മലമടക്കുകളിലെ പാറക്കെട്ടുകൾക്കിടയിലൂടെ ഒഴുകിയെത്തുന്ന വാവലിപ്പുഴ കൊട്ടിയൂരിന്റെ പരിപാവനമായ അന്തരീക്ഷത്തെ കുളിരണിയിക്കുന്നു. പുഴയുടെ വടക്കേക്കരയിലെ മൂലക്ഷേത്രസ്ഥാനമായ അക്കരക്കൊട്ടിയൂരിൽ പരാശക്തിയും പരമശിവന്റെ സ്വയംഭൂ ലിംഗവും സ്ഥിതി ചെയ്യുന്നു. സൃഷ്ടികാരകനായ ബ്രഹ്മാവും സ്ഥിതികാരകനായ മഹാവിഷ്ണവും കൈലാസവാസിയായ മഹാദേവനും കൂടിച്ചേർന്നുള്ള ഈ പവിത്രമായ ഭൂമി കൂടിയൂർ എന്നാണ് പണ്ട് അറിയപ്പെട്ടിരുന്നത്. മഹാദേവന്റെ തിരുജടയിൽ നിന്നൊഴുകുന്ന ഗംഗാ നദി പോലെ പവിത്രയായി ഒഴുകുന്ന വാവലി എന്ന പുണ്യതീർത്ഥക്കരയിലാണ് കൊട്ടിയൂർ മഹാദേവസ്ഥാനങ്ങൾ. ത്രിശ്ശിരസ്സ് എന്ന മഹർഷി തപസ്സനുഷ്ടിച്ചിരുന്നതിനാൽ ഈ സ്ഥലം 'ത്രിശ്ശിരസ്സാചലം' എന്നും, തൃച്ചെറുമന്ന എന്നും അറിയപ്പെട്ടിരുന്നു. പ്രകൃതി ഭംഗി നിറഞ്ഞ വനത്തിലെ ഈ പവിത്ര ഭൂമി ആത്മാവിൽ പോലും ശൈവ പ്രൗഢികാത്തു സൂക്ഷിക്കുന്നു.

ദക്ഷയാഗ കഥയുമായി ബന്ധപ്പെട്ട സ്ഥലമാണ് കൊട്ടിയൂർ എന്ന പുണ്യദേശം. സൃഷ്ടി കർമ്മത്തിൽ ബ്രഹ്മാവിനെ സഹായിക്കുവാൻ നിശ്ചയിക്കപ്പെട്ടവരായിരുന്നു പ്രജാപതിമാർ. ബ്രഹ്മാവിന്റെ





പുത്രനും, പ്രജാപതിമാരിൽ പ്രമുഖനുമായിരുന്നു ദക്ഷൻ. പ്രജാപതിമാരിൽ പ്രമുഖനായതും , പ്രജാപതി സ്ഥാനം ലഭിച്ചതും ദക്ഷനെ അഹങ്കാരിയാക്കി മാറ്റിയിരുന്നു. സ്വായംഭു മനുവിന്റെ പുത്രിയായ പ്രസൂതിയായിരുന്നു ദക്ഷപ്രജാപതിയുടെ പത്നി. ദക്ഷന് 53 പുത്രിമാർ ഉണ്ടായിരുന്നു. 27 പുത്രിമാരെ ചന്ദ്രനു പാണിഗ്രഹണം ചെയ്തു നൽകി. അവർ അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷത്രങ്ങളായി അറിയപ്പെട്ടു. ഇതിനിടെ സാക്ഷാൽ പരാശക്തിയായ ഭഗവതി തനിക്കു മകളായി പിറക്കണം എന്ന് ദക്ഷനൊരാഗ്രഹം ഉണ്ടായി. ദക്ഷൻ തന്റെ ഈ ആഗ്രഹം പിതാവായ ബ്രഹ്മാവിനോടുണർത്തിച്ചു. ദക്ഷനു ബ്രഹ്മാവിനേക്കാളും വലിയ പദവിയുള്ള ആളാകണം എന്ന അതിമോഹമാണ് ഈ ആഗ്രഹത്തിനു പിന്നിലെന്ന് ബ്രഹ്മാവിന് മനസ്സിലായി . എങ്കിലും അദ്ദേഹം ദേവിയെ തപസ്സു ചെയ്യുവാൻ ദക്ഷനോടു നിർദ്ദേശിച്ചു. ദക്ഷൻ ഘോര തപസ്സനുഷ്ഠിക്കുകയും ചെയ്തു. ദക്ഷന്റെ തപസ്സിൽ സംപ്രീതയായ ദേവി പ്രത്യക്ഷയായി. ദക്ഷന്റെ ആഗ്രഹം ദേവി ആരാഞ്ഞു. പരാശക്തി തനിക്കു മകളായി പിറക്കണം എന്ന ദക്ഷന്റെ ആഗ്രഹം കേട്ട് ദേവി പുഞ്ചിരിച്ചു കൊണ്ടു വരം നൽകുകയും ചെയ്തു. ദക്ഷൻ എന്നെങ്കിലും മകൾ എന്ന ഭാവത്തെ മറന്നാൽ, മനുഷ്യരൂപത്തിൽ കഴിയുന്ന ദേവിയെ അപമാനിച്ചാൽ അപ്പോൾ തന്നെ താൻ ഭൂലോകവാസം അവസാനിപ്പിക്കും. അത് താങ്കൾക്കും ഭൂലോകവാസികൾക്കും 14 ലോകങ്ങളുടെ വിനാശനത്തിനും അത്യാപത്തുകൾക്കും കാരണമാകും എന്നു ദേവി അറിയിച്ചു. സാക്ഷാൽ പരാശക്തിയായ ദേവിയെ അപമാനിക്കുകയോ, അങ്ങനെ ഒരിക്കലും സംഭവിക്കില്ല എന്നു ദക്ഷൻ ദേവിക്ക് വാക്കുനല്കുകയും ചെയ്തു. ഇതു കേട്ട ദേവി അന്തർധാനം ചെയ്യുകയും കുറച്ചുനാളുകൾക്കു ശേഷം ദേവി അയോനിജയായി ദക്ഷപുത്രിയായി പിറവി കൊള്ളുകയും ചെയ്തു. ദേവി ദക്ഷപുത്രിയായി ദാക്ഷായണിയെന്നും സതീദേവിയെന്നും അറിയപ്പെട്ടു.

ദക്ഷപുത്രിമാരിൽ നിന്നും ചന്ദ്രൻ അകന്നു കഴിയുന്നു എന്നറിഞ്ഞ ദക്ഷൻ ചന്ദ്രനെ സമീപിക്കുവാൻ തീരുമാനിച്ചു. ദക്ഷന്റെ ഈ നീക്കം മനസ്സിലാക്കിയ ചന്ദ്രൻ കൈലാസത്തിലെത്തി സാക്ഷാൽ കൈലാസ നാഥനെ അഭയം പ്രാപിച്ചു. ദക്ഷനും പിന്നാലെ കൈലാസത്തിലെത്തി. ദക്ഷനെ ശിവൻ തടഞ്ഞു നിർത്തി യുദ്ധം ചെയ്തു. യുദ്ധത്തിൽ ദക്ഷൻ തോറ്റു മടങ്ങുകയും ചെയ്തു. പരമശിവൻ ചന്ദ്രനെ തന്റെ തെറ്റുകൾ മനസ്സിലാക്കിച്ച് പത്നിമാരുടെ അടുത്തേക്കു തിരിച്ചയക്കുകയും ചെയ്തു. അപമാനിതനായ ദക്ഷന് പരമശിവനോട് പകയും വിദ്വേഷവും വർദ്ധിച്ചു.

സതീദേവി വളർന്നു. യൗവ്വന യുക്തയായി. തന്റെ മകളുടെ വിവാഹം നടത്തണമെന്നു ദക്ഷൻ തീരുമാനിക്കുന്നു. ഏറ്റവും ഉൽകൃഷ്ടനായ ആളായിരിക്കണം ദാക്ഷായണിയുടെ വരൻ എന്ന് ദക്ഷൻ ആഗ്രഹിച്ചു. വിവാഹക്കാര്യത്തിൽ സതീദേവിയുടെ ഇംഗിതമന്വേഷിച്ച ദക്ഷന് കേൾക്കാൻ ഇഷ്ടപ്പെടാത്ത ഉത്തരമാണ് ലഭിച്ചത്. തന്റെ ശത്രുവും തന്നെ അധിക്ഷേപിച്ചതുമായ ആളെയാണ് മകൾ മനസ്സിൽ കാണുന്നത് എന്നറിഞ്ഞ ദക്ഷൻ കോപാകുലനായി. ദേവിയാകട്ടെ പരമശിവനെ തനിക്കു പതിയായി ലഭിക്കണം ഭഗവാനെ താൻ മനസ്സാ വരിച്ചു കഴിഞ്ഞു എന്നറിയിക്കുന്നു. ദക്ഷൻ കോപാകുലനായി ദേവിയെ ശകാരിച്ചു. അങ്ങനെ പരാശക്തിയായ ദേവിക്കു നൽകിയ വാക്ക് ദക്ഷൻ തെറ്റിക്കുന്നു. ദക്ഷൻ സതീദേവിയുടെ സ്വയംവരം നിശ്ചയിച്ചു. പരമശിവനൊഴികെ എല്ലാ രാജഗന്ധർവ്വകുമാരന്മാരേയും സ്വയംവരത്തിനു ക്ഷണിച്ചു വരുത്തി. സതീദേവിയുടെ മനസ്സിലെ പതീഭാവത്തിന് ശിവഭാവം കൈവന്നിരുന്നു. സദാ ശിവ ഭഗവാനെ ഭജിച്ചിരുന്ന ദേവി സ്വയംവര മണ്ഡപത്തിൽ വച്ച് ശിവലിംഗത്തിൽ വരണമാല്യം ചാർത്തുകയും , പരമശിവൻ പ്രത്യക്ഷപ്പെട്ട് ദേവിയെ കൈലാസത്തിലേക്കു കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു. ദക്ഷന് അപമാനഭാരവും ശത്രുതയും വർദ്ധിച്ചു. എങ്ങനെയും പരമശിവനെ തോല്പിക്കണം അധിക്ഷേപിക്കണം എന്ന ചിന്ത ദക്ഷനിൽ വർദ്ധിച്ചു വരുകയും അതിനവസരം കാത്തിരിക്കുകയും ചെയ്തു.

ഇക്കാലത്ത് ദേവലോകത്ത് പ്രജാപതിമാർ ഒരു യാഗം നടത്തി. വിശ്വസൃജസത്രം. പ്രജാപതി പ്രമുഖനായ ദക്ഷൻ യാഗശാലയിലേക്കു കടന്നു. ദക്ഷനെ കണ്ട് ദേവകളും മഹർഷിമാരും എഴുന്നേറ്റു വണങ്ങി . എന്നാൽ പരമശിവനും, ബ്രഹ്മാവും എഴുന്നേറ്റു വണങ്ങിയില്ല. ബ്രഹ്മാവ് തന്റെ പിതാവാണ്. തന്റെ മകളുടെ ഭർത്താവായ ശിവന്റെ പെരുമാറ്റം ദക്ഷന് പിടിച്ചില്ല. ചുടലവാസിയുടെ ധിക്കാരം , തന്നെ അപമാനിക്കുന്ന ശിവന് ഇനിമേൽ ഹവിർഭാഗം നൽകില്ല, മാനിക്കേണ്ടവരെ മാനിക്കാത്തവർക്ക് ഹവിർഭാഗം നൽകേണ്ടതില്ല എന്നും ദക്ഷൻ പറഞ്ഞു. ഭഗവാൻ പ്രതികരിച്ചില്ല. എന്നാൽ നന്ദികേശന് ഇതു സഹിച്ചില്ല. ഹൃദയത്തിൽ നേരും നന്മയും ഇല്ലാത്ത നിനക്ക് ആത്മജ്ഞാനം സിദ്ധിക്കാതെ പോകട്ടെയെന്നു നന്ദികേശൻ ദക്ഷനെ ശപിച്ചു. ഈ

സമയം ദക്ഷന്റെ ഉപദേഷ്ടാവായ ഭൃഗുമഹർഷി തന്റെ താടി തടവി ചിരിച്ചുകൊണ്ട് നിന്നു. നന്ദിയുടെ ശാപവാക്കുകൾ കേട്ട് അദ്ദേഹം കോപിച്ച് ശിവഭൂതങ്ങൾ പാഷണ്ഡന്മാരായിപ്പോകട്ടെയെന്നും ശപിച്ചു. ബ്രഹ്മാവ് ശിവനോട് മാപ്പപേക്ഷിക്കുവാൻ ദക്ഷനെ ഉപദേശിച്ചു. പക്ഷെ പരമശിവനും പാർഷദന്മാരും അപ്പോഴേക്കും അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു. ശിവൻ വീണ്ടും തന്നെ അപമാനിച്ചിരിക്കുന്നു എന്നു ചിന്തിച്ച് ദക്ഷൻ തിരിച്ചടിക്കാനൊരുങ്ങുന്നു.

ഒരു യാഗത്തിൽ വച്ചു അപമാനിച്ചതിനു പകരം മറ്റൊരു യാഗത്തിൽവെച്ച് തിരിച്ചടിക്കാം എന്ന് ദക്ഷന്റെ ഗുരുവായ ഭൃഗുമഹർഷി ദക്ഷനെ ഉപദേശിക്കുന്നു. ഭൃഗുവിന്റെ ഈ കുടിലോപദേശം കേട്ട ദക്ഷൻ യാഗം നടത്താനും പരമശിവനെയും തന്റെ മകളേയും ഒഴികെ എല്ലാവരേയും ക്ഷണിച്ചു വരുത്തുവാനും തീരുമാനിച്ചു. യാഗത്തിന്റെ വിവരങ്ങൾ സകലലോകങ്ങളിലും ഘോഷിക്കപ്പെടുകയും ചെയ്തു. അങ്ങനെ ദക്ഷയാഗം എന്ന മഹായാഗത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി.

യജ്ഞഹവിസ്സ് സ്വീകരിക്കേണ്ടത് പരമശിവനാണ്. ശൈവസാന്നിദ്ധ്യം ഇല്ലാത്ത യാഗം യാഗമല്ല. സത്ഫലമാണ് യാഗലക്ഷ്യമെങ്കിൽ പരമശിവന്റെ സാന്നിദ്ധ്യം വേണം. യാഗം ശുഭമായി പര്യവസാനിക്കണമെങ്കിൽ ശിവസാന്നിദ്ധ്യം വേണം. അല്ലെങ്കിൽ മഹാപാപമാകും ഫലം എന്നെല്ലാം ദക്ഷനെ ഉപദേശിച്ചെങ്കിലും ദക്ഷൻ അവയൊന്നും ശ്രദ്ധിച്ചില്ല. വൈകാതെ യാഗത്തിനു തുടക്കമായി . സാക്ഷാൽ കൈലാസനാഥൻ ഇതെല്ലാം അറിയുന്നുണ്ടായിരുന്നു. ദേവിയും പിന്നീട് നാരദ മഹർഷിയിൽ നിന്നും യാഗ വിവരങ്ങൾ അറിഞ്ഞു. യാഗത്തിനു പോകാൻ സതീദേവി പതിയെ നിർബന്ധിക്കുന്നു, അദ്ദേഹം വഴങ്ങിയില്ല. ദേവി പൊയ്ക്കൊള്ളാൻ അനുമതി നൽകുകയും ചെയ്തു. യാഗ ഭൂമിയിൽവച്ച് അപമാനിതയായാൽ തിരിച്ച് കൈലാസത്തിലേക്കു വരരുത് എന്ന മുന്നറിയിപ്പോടെയാണ് ദേവിക്ക് യാഗത്തിൽ പങ്കെടുക്കുവാൻ പരമശിവൻ അനുമതി നൽകിയത്. ആടയാഭരണങ്ങളെല്ലാം അണിഞ്ഞ് ദേവി പരിവാര സമേതം യാഗഭൂമിയിലേയ്ക്ക് യാത്ര തിരിച്ചു. പ്രകൃതി രമണീയമായ ദക്ഷയാഗ ഭൂമിയിൽ ദേവിയെത്തി ദേവിയെ കണ്ട ദക്ഷൻ ആക്രോശിച്ചു. സാക്ഷാൽ പരാശക്തിയായ സതീദേവിയേയും പരമശിവനേയും അധിക്ഷേപിച്ചു. പിതാവിൽ നിന്നും അധിക്ഷേപ വാക്കുകൾ കേട്ട ദേവി അപമാനിതയായി. ദു:ഖിതയായ ദേവി തന്റെ പ്രാണശക്തികൊണ്ട് സ്വശരീരം യാഗാഗ്നിയിൽ ദഹിപ്പിച്ച് അവിടെ തന്നെ അന്തർദ്ധാനം ചെയ്തു. ദേവി ആത്മാഹൂതി ചെയ്തതറിഞ്ഞ് ഭൂതഗണങ്ങൾ യാഗശാലയിലേയ്ക്ക് പാഞ്ഞെത്തി കണ്ണിൽ കണ്ടതെല്ലാം തകർത്തെറിഞ്ഞു. ബ്രഹ്മാവും വിഷ്ണുവും യാഗശാലയിൽ നിന്നും അപ്രത്യക്ഷരാകുകയും ചെയ്തു. കൈലാസനാഥൻ സംഹാരരുദ്രനായി മാറി, തന്റെ ജടപറിച്ച് നിലത്തടിച്ചു. ആ ജടയിൽ നിന്നും വീരഭദ്രൻ രൂപമെടുത്തു. വീരഭദ്രനെ ഭഗവാൻ യാഗഭൂമിയിലേക്കയച്ചു. വീരഭദ്രനും സംഘവും യാഗഭൂമിയിലെത്തി. ഈ സമയം ഭൃഗുമുനി തന്റെ തപശക്തിയാൽ ഒട്ടേറെ ഭൂതഗണങ്ങളെ സൃഷ്ടിച്ചു. ശിവപാർഷദരെ നേരിടാൻ ഈ ഭൂതഗണങ്ങൾക്കു കഴിഞ്ഞില്ല. വീരഭദ്രൻ വാളെടുത്ത് ദക്ഷന്റെ ശിരസ്സറുത്ത് ഹോമാഗ്നിയിലേക്കിട്ട് വാൾ വലിച്ചു ദൂരേക്കെറിഞ്ഞു. യാഗം പൂർത്തിയാകാതിരുന്നാൽ ലോകങ്ങൾക്കാപത്താണ്. മുനിമാരും ദേവന്മാരും വിഷമത്തിലായി. യാഗം പൂർത്തിയാകണമെങ്കിൽ ദക്ഷൻ ജീവിച്ചേ മതിയാകൂ. ദേവകളുടേയും മഹർഷിവര്യൻമാരുടേയും പ്രാർത്ഥന മൂലം മഹാവിഷ്ണു കോപത്താൽ ജ്വലിക്കുന്ന മഹാദേവനെ സമീപിച്ചു. ദക്ഷനെ ജീവിപ്പിച്ച് യാഗം പൂർത്തിയാക്കുവാൻ സഹായമഭ്യർത്ഥിച്ചു. യജ്ഞപശുവായി സമർപ്പിച്ച ആടിന്റെ തല ദക്ഷന്റെ ശിരസ്സിനുപകരം വച്ച് ദക്ഷനെ ജീവിപ്പിക്കുവാനും യാഗം പൂർത്തിയാക്കുവാനും മഹാദേവൻ അനുവദിച്ചു. ദക്ഷന്റെ അഹങ്കാരവും വൈരാഗ്യവും എല്ലാം അടങ്ങി, അജമുഖനായ ദക്ഷൻ യജമാനനായി യാഗം പൂർത്തിയാക്കി സർവ്വലോക നാശം തടയപ്പെട്ടു. മഹാദേവൻ രൗദ്രതീഷ്ണതയും പ്രിയ പത്നിയിലുള്ള പ്രണയതീവ്രതയും കൈവിടാതെ യാഗശാലയിലെ ദേവി അഗ്നിക്കിരയായ അഗ്നികുണ്ഡത്തിനരികിൽ കുടിയിരുന്നു. ദക്ഷയാഗം കഴിഞ്ഞ് മഹാദേവൻ സ്വയംഭൂവായി കുടികൊള്ളുന്ന സ്ഥാനം അക്കരെ കൊട്ടിയൂർ എന്ന പുണ്യസ്ഥാനമായി അറിയപ്പെടുകയും ചെയ്തു.

യുഗങ്ങൾ പലതു കഴിഞ്ഞു. പരശുരാമൻ കേരളം സൃഷ്ടിച്ചു. അദ്ദേഹം സഹ്യസാനുവിലൂടെ യാത്രചെയ്യുമ്പോൾ കൂടിയൂരെന്ന സ്ഥലത്തു വച്ച് യുഗനാഥനായ കലി അദ്ദേഹത്തെ പിടികൂടാനെത്തി. എന്നാൽ പരശുരാമൻ കലിയെ ബന്ധിച്ചു. പരശുരാമൻ കലിയെ നിഗ്രഹിക്കുമോ എന്നു സംശയിച്ച് ത്രിമൂർത്തികൾ അവിടെ പ്രത്യക്ഷപ്പെട്ട് കലിയെ മോചിപ്പിക്കുവാൻ ആവശ്യപ്പെട്ടു. താൻ വരുണ ദേവനിൽ നിന്നും വീണ്ടെടുത്ത കേരളത്തെ കലിബാധയിൽ നിന്നും ഒഴിവാക്കിയാൽ വിട്ടയക്കാമെന്നു പരശുരാമൻ സമ്മതിച്ചു. എല്ലാ വർഷവും





വൈശാഖ മഹോത്സവം നടത്തിയാൽ കേരളത്തെ കലിബാധയിൽ നിന്നൊഴിവാക്കാം എന്നു ത്രിമൂർത്തികൾ പരശുരാമന് വാക്കുനൽകി. വൈശാഖ മഹോത്സവം കൊണ്ടാടുകയും ചെയ്തു.പിന്നീട് കേരളം ബൗദ്ധഭരണത്തിൻ കീഴിലായപ്പോൾ വൈശാഖ മഹോത്സവം നിർത്തലാക്കപ്പെട്ടു. കൊട്ടിയൂർ വീണ്ടും വിസ്മൃതിയിൽ മറഞ്ഞു.

വർഷങ്ങൾക്കു ശേഷം ആ വനഭൂമിയിൽ ഒരു കുറിച്യ യുവാവ് വേട്ടയാടി നടക്കുമ്പോൾ തന്റെ അമ്പിനു മൂർച്ച കൂട്ടുവാൻ വേണ്ടി ഒരു കല്ലിൽ ഉരസിയപ്പോൾ രക്തപ്രവാഹമുണ്ടാവുകയും ഇതു കണ്ട് ഭയപ്പെട്ട് അവിടെയടുത്തള്ള പടിഞ്ഞാറ്റയിൽ ഇല്ലത്തെ തിരുമേനിയെ വിവരം അറിയിക്കുകയും ചെയ്തു. അടുത്ത ഗ്രാമമായ മണത്തണയിലെ നായർ പ്രമാണിമാരേയും വിവരമറിയിച്ചു. എല്ലാവരും രക്തം ഒഴുകിക്കൊണ്ടിരിക്കുന്ന ശിലയ്ക്കരികിലെത്തി. ഈ ശിലയിലെ ദേവ ചൈതന്യം മനസ്സിലാക്കിയ പടിഞ്ഞാറ്റയിൽ തിരുമേനി കൂവയിലയിൽ വാവലി പുഴയിയിലെ ജലമെടുത്ത് അഭിഷേകം നടത്തി. നെയ്യ് കൊണ്ടും പാലു കൊണ്ടും അഭിഷേകം നടത്തി. എന്നിട്ടും രക്തപ്രവാഹം നിലച്ചില്ല. ഈ സമയം തീയ്യസമുദായത്തിൽപ്പെട്ട ഒരാൾ ഇളനീർക്കുലയുമായി എത്തി. നമ്പൂതിരി കരിക്കു ചെത്തി അഭിഷേകം നടത്തി. പെട്ടെന്ന് രക്തപ്രവാഹം നിൽക്കുകയും ചെയ്തു. ദേവജ്ഞരെ വരുത്തി പ്രശ്നചിന്ത നടത്തി. മഹാദേവന്റെ സ്വയംഭുലിംഗമാണെന്നും ശക്തിയും ശിവനും അവരുടെ ലാസ്യ താണ്ഡവങ്ങളെ എല്ലാ ഭാവങ്ങളോടും കൂടി ഇവിടെ സന്നിവേശിപ്പിച്ചിരിക്കുന്നു എന്നും ദക്ഷയാഗം നടന്ന പുണ്യഭൂമിയാണിതെന്നും മനസ്സിലാക്കുകയും ചെയ്തു. ശിവശക്തി പ്രകൃതിയോടിണങ്ങിച്ചേർന്നിരിക്കുന്ന അക്കരെ കൊട്ടിയൂരിന്റെ മാഹാത്മ്യം അറിയുകയും വൈശാഖമഹോത്സവം വീണ്ടും ആരംഭിക്കുകയും ചെയ്തു. ഏറ്റവും ശക്തിയേറിയ ശിവപഞ്ചാക്ഷരി മന്ത്രം സദാ ഉരുവിട്ടുകൊണ്ടിരിക്കുന്ന ഈ പുണ്യസ്ഥാനം വാവലി പുഴയുടെ വടക്കുഭാഗത്തെ ചുറ്റും വെള്ളം നിറഞ്ഞൊഴുകുന്ന ജലാശയത്തിന്റെ നടുവിലാണ്. ഈ ജലാശയം തിരുവഞ്ചിറ എന്നാണറിയപ്പെടുന്നത്. രുധിരം തളംക്കെട്ടിക്കിടന്ന രുധിരംചിറ തിരുവഞ്ചിറയായി എന്നും വിശ്വസിക്കുന്നു. രണ്ടു തറകൾ മാത്രമാണ് ഈ ജലാശയത്തിനു നടുവിൽ കാണപ്പെടുന്നത്. അമ്മാറക്കൽ തറയും മണിത്തറയും. സതീദേവി ആത്മാർപ്പണം നടത്തിയ സ്ഥാനമാണ് അമ്മമറഞ്ഞ തറ എന്ന അമ്മാറക്കൽ തറ. മഹാദേവന്റെ സ്വയംഭൂ സ്ഥാനമാണ് മണിത്തറ,

വൈശാഖമാസത്തിലെ 28 ദിവസം മാത്രമേ ഇവിടെ പൂജകൾ നടത്താറുള്ളൂ. വർഷത്തിലെ ബാക്കി 11 മാസവും ഇവിടെ ആളുകൾക്ക് പ്രവേശനമില്ല. 28 ദിവസത്തെ വൈശാഖോത്സവത്തിനു വേണ്ടി പനയോലകളും കാട്ടുവള്ളികളും കൊണ്ടു കെട്ടിയുണ്ടാക്കുന്ന പർണ്ണശാല രൂപത്തിലുള്ള കയ്യാലകൾ മാത്രമേ ഇവിടെ കാണാൻ സാധിക്കുകയുള്ളൂ. കൊട്ടിയൂർ ഉത്സവത്തിന് ശീവേലി എഴുന്നള്ളത്ത് , പാണികൊട്ട്, കൊട്ടിപ്പാടിസേവ, പാഠകം, കൂത്ത് മുതലായ ക്ഷേത്രകലാ രൂപങ്ങൾ മാത്രമേ നടത്താറുള്ളൂ. 28 നാൾ നീണ്ടു നില്ക്കുന്ന കൊട്ടിയൂർ ഉത്സവം വെടിക്കെട്ടില്ലാത്ത മഹോത്സവമാണ്.

വൈശാഖ മഹോത്സവത്തിനു തുടക്കം കുറിക്കുന്ന ചടങ്ങാണ് പ്രക്കുഴം. ഇക്കരെ കൊട്ടിയൂരിൽ മേട മാസ വിശാഖ ദിവസം ഉത്സവാവശ്യത്തിനുള്ള നെല്ലളക്കൽ ചടങ്ങ് നടക്കും. പടിഞ്ഞാറ്റു നമ്പൂതിരിമാരുടെ ക്ഷേത്രമാണിത്. ക്ഷേത്രസമീപത്തായാണ് ആയില്യാർകാവ് .സതിദേവിയോടൊപ്പം വന്ന ആയിരം വില്ലുകാർ വിശ്രമിച്ച സ്ഥലമാണ് ആയില്യാർകാവ്. ഇവിടെ വനദുർഗ്ഗാ സാന്നിദ്ധ്യവുമുണ്ട്. സാധാരണ ആളുകൾക്ക് ഇവിടെ ദർശനം അനുവദനീയമല്ല. വൈശാഖ ദിവസം ഇവിടെ ഗൂഢകർമ്മങ്ങളും, ശുദ്ധകർമ്മങ്ങളും ദേവിയുടെ ഭൂതഗണങ്ങൾക്ക് അപ്പടനിവേദ്യവും നടക്കുന്നു. അപ്പട നിവേദ്യം എന്നത് പച്ചരിയും മഞ്ഞളും മറ്റും ചേർത്ത് കനലിൽ ചുട്ടെടുക്കുന്നതാണ്. അവിൽ വരവും ഉത്സവചടങ്ങുകളുടെ തീരുമാനങ്ങളും ഇക്കരെ കൊട്ടിയൂരിൽ വച്ച് വൈശാഖ ദിവസം തന്നെ നടക്കുന്നു. അങ്ങനെ പ്രക്കുഴം ചടങ്ങുകൾക്കു ശേഷം മനുഷപാദചലനങ്ങൾ പോലുമില്ലാതെ അക്കരെ കൊട്ടിയൂരിൽ വാഴുന്ന ദേവി ദേവന്മാരുടെ സന്നിധിയിലേക്ക് സ്ഥാനീയരായ ആളുകൾ 11 മാസങ്ങൾക്കു ശേഷം അഭിഷേകത്തിനുള്ള ജലവുമായി പ്രവേശിക്കുന്നു. തിരുവഞ്ചിറയിലെ ജലം കൂവളയിലക്കുമ്പിളിലെടുത്ത് മണിത്തറയിലെ സ്വയംഭൂസ്ഥാനത്ത് അഭിഷേകം നടത്തുന്നു. നെയ്യാട്ടം, മുതലേരിവാൾ വരവ് , ഭണ്ഡാരം എഴുന്നള്ളിക്കൽ, നെയ്യെഴുന്നള്ളത്ത്, ചോതി വിളക്കു തെളിയിക്കൽ, ഇളനീർ വെയ്പ് എന്നിവയാണ് പിന്നീടുള്ള ചടങ്ങുകൾ.

ദക്ഷനെ വധിച്ച ശേഷം വീരഭദ്രൻ വലിച്ചെറിഞ്ഞ വാൾ 35 കി.മീറ്റർ അകലെ മുതലേരിക്കാവിലാണ് പതിച്ചത്. അവിടെ സൂക്ഷിച്ചിരിക്കുന്ന വാൾ വൈശാഖോത്സവാരംഭദിവസം വ്രതനിഷ്ഠയോടെ സ്ഥാനീയരും ദേവിയുടെ ആരാധകനുമായ ഒരാൾ 35

കി.മിറ്റർ ദൂരം താണ്ടി ഒറ്റക്ക് സന്ധ്യയോടെ കൊട്ടിയൂരെത്തിക്കുന്നു. ഈ വാൾ വരവ് കണ്ട് തൊഴുന്നത് മുജ്ജന്മ സുകൃതമായാണ് ഭക്തർ വിശ്വസിക്കുന്നത്. നെയ്യാട്ടത്തിനുള്ള നെയ്യമൃത്കുംഭങ്ങൾ അവകാശികളായവർ വ്രതനിഷ്ഠയോടെ എഴുന്നള്ളത്തായി എത്തിക്കുന്നു. 11 മാസങ്ങളായി അഷ്ടബന്ധനത്തിൽ കഴിഞ്ഞിരുന്ന വിഗ്രഹത്തെ അതിൽ നിന്നും മോചിപ്പിക്കുന്ന ചടങ്ങാണ് 'നാളം തുറക്കൽ' എന്നത്. ആധുനിക ശാസ്ത്രത്തിന് വിശദീകരിക്കാൻ കഴിയാത്ത ഈ കർമ്മത്തിന്റെ ശക്തി അറിയാവുന്നവർ ഈ സമയം പ്രാർത്ഥനാ നിരതരായി നില്ക്കുന്നു. അതിനുശേഷം നെയ്യാട്ടം നടക്കുന്നു. സപ്തമിനാളിൽ വിധിപ്രകാരം നടക്കുന്ന ചടങ്ങാണ് ഇളനീർ വെയ്പ്, രോഹിണി നാളിൽ അതിവിശിഷ്ടമായ ആലിംഗന പുഷ്പാഞ്ജലി നടക്കുന്നു. കോപിഷ്ടനായ മഹാദേവനെ മഹാവിഷ്ണു ആലിംഗനം ചെയ്ത് ശാന്തനാക്കിയതിനെ ഓർമ്മപ്പെടുത്തുന്നതാണ് ഈ ചടങ്ങ്. സ്ഥാനീയനായ നമ്പൂതിരിക്കു മാത്രമാണ് ഇതിനവകാശമുള്ളത്. കൊട്ടിയൂരിലെ ഇന്നത്തെ അനുഷ്ടാനങ്ങളും പൂജാവിധികളും ശങ്കരാചാര്യസ്വാമികളാണ് ചിട്ടപ്പെടുത്തിയത്. ഭഗവാന്റെ അംശാവതാരമായ സ്വാമികൾ കൊട്ടിയൂരിലെത്തിയെങ്കിലും വാവലിപ്പുഴ കടന്ന് അക്കരെ പോയില്ല. അക്കരെ കൊട്ടിയൂരിലെ ഓരോ ശിലയും അദ്ദേഹത്തിന് ശിവരൂപമായി അനുഭവപ്പെട്ടു. അവയ്ക്ക് മുകളിൽ ചവിട്ടുന്നത് ശരിയല്ല എന്നു കണ്ട് സ്വാമി ഇക്കരെ നിന്നു നമസ്ക്കരിച്ച് മടങ്ങി. അദ്ദേഹമാണ് കൊട്ടിയൂരിന് ദക്ഷിണ കാശി എന്ന പദവി നൽകിയത്.

ഭക്തകവിയായ പൂന്താനം കൊട്ടിയൂരിൽ ഭജനത്തിനു പോയി. വൈശാഖോത്സവകാലമല്ലാതിരുന്നതിനാൽ അദ്ദേഹം ഇക്കരെ അമ്പലത്തിൽ തന്നെ പാരായണവുമായി കഴിഞ്ഞു ഭാഗവതം 60-ാം അദ്ധ്യായം വായിച്ച് കഴിഞ്ഞ് അടയാളം വച്ച് ഗ്രന്ഥം മടക്കി വച്ചു. പിറ്റേന്ന് ഗ്രന്ഥം തുറന്നപ്പോൾ 60-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ അടയാളം കണ്ടു. പിന്നീടുള്ള ദിവസങ്ങളിലും ഇതുപോലെ അടയാളം മാറ്റി വച്ചതായി കണ്ടു. അദ്ദേഹം വായിക്കുകയും ചെയ്തു. അദ്ദേഹം 60-ാം അദ്ധ്യായം വീണ്ടും വീണ്ടും വായിച്ചു പാരായണം പൂർത്തിയാക്കി മടങ്ങി. പാതി വഴിയിൽ വച്ച് തന്റെ ഗ്രന്ഥം മറന്നുപോയതോർത്ത് അതെടുക്കുവാൻ അദ്ദേഹം തിരിച്ചു പോയി. ആ സമയം ക്ഷേത്രം അടച്ചിരുന്നു. തന്റെ ഗ്രന്ഥം കാണുന്നില്ലല്ലോ എന്നു ചിന്തിച്ചു നിന്ന അദ്ദേഹത്തിന് ഭഗവാൻ ഭാഗവതത്തിലെ 60-ാം അദ്ധ്യായം വായിക്കുന്നത് കേൾക്കാനിടയായി. പൂന്താനം വായിച്ചപ്പോൾ ഇതിലും ഭക്തി മാധുര്യം ഉണ്ടായിരുന്നു എന്ന ദേവിയുടെ പ്രശംസയും കേട്ടു. അദ്ദേഹം തിരുസന്നിധിയിൽ സന്തോഷപൂർവ്വം നമസ്ക്കരിച്ചു. പൂന്താനം പൊയ്ക്കോളൂ, വടക്കും നാഥക്ഷേത്രത്തിന്റെ ഉത്തരപ്പടിയിൽ ഗ്രന്ഥം ഉണ്ടാകും. ഭഗവാന്റെ ശബ്ദം അദ്ദേഹം കേട്ടു. അന്നു മുതൽ ഭാഗവതത്തിലെ 60-ാം അദ്ധ്യായം കർഹിചിത് അദ്ധ്യായം എന്നറിയപ്പെട്ടു.

വൈശാഖ ഉത്സവം ആരംഭിച്ചു കഴിഞ്ഞാൽ ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ പൂജകളില്ല, ക്ഷേത്രം അടച്ചിടും. ഉത്സവം കഴിഞ്ഞു മടങ്ങിയാൽ മാത്രമാണ് ക്ഷേത്ര നട തുറക്കുക. ഉത്സവം കഴിഞ്ഞാൽ വാവലി എന്ന വനകല്ലോലിനിയുടെ ഇളം കുളിരാസ്വദിച്ച് പ്രണയത്തിന്റേയും, വിരഹത്തിന്റേയും, സമർപ്പണത്തിന്റേയും ഭൂമിയിൽ കൊട്ടിയൂർ പെരുമാളും ദേവിയും തനിച്ചാകുന്നു, അവർ അടുത്ത വൈശാഖോത്സവം ആഘോഷിക്കുവാൻ ഭക്തരെ കാത്തിരിക്കുന്നു. കൊട്ടിയൂരിനു സമീപത്തെ പല സ്ഥലപ്പേരുകളും സതീദേവിയുമായി ബന്ധപ്പെട്ടതാണ്. ദേവിക്ക് മനസ്ഥാപനമുണ്ടായ സ്ഥലം മണത്തണ എന്നും ആലസ്യമുണ്ടായ സ്ഥലം ആയോത്തുംചാൽ എന്നും ദേവി ക്ഷീണം തീർത്ത സ്ഥലം ക്ഷീണപ്പാറയെന്ന ചാണപ്പാറയും സ്വർണ്ണാഭരണങ്ങൾ ഊരിവച്ച സ്ഥലം പൊന്നിരിക്കും പാല എന്നും കണ്ണീർ വാർത്ത സ്ഥലം കണിച്ചാർ എന്നും, കാളകളെ നിർത്തിയ സ്ഥലം കേളകം എന്നും യാഗശാലയിലേക്കു നീണ്ട്(എത്തി) നോക്കിയ സ്ഥലം നീണ്ടു നോക്കിയെന്നും, മന്ദം മന്ദം സഞ്ചരിച്ച സ്ഥലം മന്ദഞ്ചേരിയെന്നും അറിയപ്പെട്ടു. ഇതിൽ നിന്നും കൊട്ടിയൂരിന്റെ സമീപപ്രദേശങ്ങളിലെല്ലാം ദേവസാന്നിദ്ധ്യം നമുക്ക് സങ്കല്പിക്കാം.

വൈശാഖ മഹോത്സവത്തിന് ഭക്തരെ കാത്തിരിക്കുന്ന മഹാദേവന്റെയും, ദേവിയുടേയും സാന്നിദ്ധ്യം നിറഞ്ഞ അക്കരെ കൊട്ടിയൂരിലെത്തി വാഗ്മയി എന്ന വാവലിപ്പുഴയിലെ തീർത്ഥജലത്തിന്റെ കുളിരും നൈർമ്മല്യവും പേറി, ദേവിദേവന്മാരെ വലം വച്ചൊഴുകുന്ന തിരുവഞ്ചിറയിലെ പുണ്യതീർത്ഥത്തിലൂടെ ഭഗവാനെ ഒന്നു വലം വയ്ക്കുവാൻ സാധിക്കുക എന്നത് ജന്മപുണ്യം തന്നെയാണ്. ഈ തിരുസന്നിധിയിലെത്തി ആത്മാർപ്പണം നടത്തുന്ന അനുഗ്രഹീതഭക്തരിലൊരാളാകുവാൻ ഇനിയുമിനിയും ഭാഗ്യം നൽകേണമേ എന്നു കൊട്ടിയൂർ പെരുമാളിനോട് ഭക്തിപുരസ്സരം പ്രാർത്ഥിക്കുന്നു.





# ദശരഥനും പുത്രന്മാരും

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

ഭാരതീയ തത്ത്വചിന്ത വിശാലമാണ്. വിശ്വവീക്ഷണവും ഉദാത്തവും ആത്മീയതയും നിറഞ്ഞ ഈ ചിന്താധാര മനുഷ്യനെ അവന്റെ പൂർണ്ണതയിൽ കാണുന്നു. യൗവ്വനയുക്തയും ഊർജ്ജസ്വലയുമായ ഈ ചിന്താശകലങ്ങൾ എക്കാലത്തും അനുകരണീയവുമാണുതാനും. സ്വാമി വിവേകാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ ഏറ്റവും മനോഹരങ്ങളായ റോസാപ്പൂക്കളെ വിരിയിക്കുന്ന ശാന്തഹിമകണങ്ങളുടേതുപോലെയാണ് ലോകചിന്തക്ക് ഭാരതത്തിന്റെ സംഭാവനകൾ. ഒരാളുടെ ആഭ്യന്തരവും ബാഹ്യവുമായ ജീവിതത്തിൽ ഒരു സന്തുലിതാവസ്ഥ കൈവരിക്കണമെങ്കിൽ ശാസ്ത്രീയവും മൂല്യാധിഷ്ടിതവുമായ ഒരു ചിന്താധാര അവനിൽ ഉടലെടുക്കണം. ആന്തരിക സംഘർഷങ്ങൾ അവനെ അടച്ചുമൂടിക്കെട്ടിയ മനസിനുടമയാക്കുന്നു. ആ മനസിനെ തുറക്കണമെങ്കിൽ അതിന്റേതായ താക്കോൽ വേണം. അതാണ് ഇന്ത്യൻ തത്വചിന്തയുടെ പ്രത്യേകത. നിത്യപാരായണത്തിനുതകുന്ന ധാരാളം ഗ്രന്ഥങ്ങൾ നമുക്കുണ്ട്. അവയിൽ പ്രഥമവും പ്രധാനവുമാണ് അദ്ധ്യാത്മരാമായണം.

ജീവിതത്തിന്റെ ആധാരശിലതന്നെ ധർമ്മാനുഷ്ഠാനമാണ്. ത്യാഗം, സ്നേഹം, മൂല്യാധിഷ്ടിതമായ തീരുമാനങ്ങൾ, രാജധർമ്മം, ബഹുമാനം, അംഗീകാരം, മോക്ഷം, യുദ്ധം ഇങ്ങനെ ഒരു മനുഷ്യായുസിൽ നേരിടേണ്ടിവരുന്ന എല്ലാ പ്രശ്നങ്ങളേയും സവിസ്തരം പ്രതിപാദിക്കുകയാണ് വാത്മീകി തന്റെ കൃതിയിലൂടെ ചെയ്യുന്നത്. കുറച്ച് ഈശ്വരാംശം കൂടുതലായി ചേർത്ത് എഴുത്തച്ഛൻ നമുക്ക് ലളിതമായി അത് വിവരിച്ചു തരുന്നു . മനുഷ്യമനസ്സിന്റെ വ്യാപാരങ്ങളേയും, പ്രകൃതിക്കും ജീവജാലങ്ങൾക്കും ഉണ്ടാകുന്ന വ്യതിയാനങ്ങൾ, മാനുഷികമായ വികാരങ്ങൾക്കടിമപ്പെടൽ ഇങ്ങനെ ഭാവിതലമുറക്ക് ഒരു സംസ്ക്കാരത്തേയാണ് വാത്മീകി തന്റെ പാത്രസൃഷ്ടിയിലൂടെ നല്കാൻ ശ്രമിച്ചിരിക്കുന്നത്.

ജീവിതത്തിന്റെ അടിസ്ഥാനം ധർമ്മാനുഷ്ഠാനമാണ്. ത്യാഗം, സ്നേഹം, മൂല്യാവബോധത്തിലടിയുറച്ച തീരുമാനങ്ങൾ, രാജധർമ്മം, അംഗീകാരം, ബഹുമാനം, മോഹം, മോക്ഷം, ദേഷ്യം, ശാപം, സങ്കടം, കണ്ണുനീർ ഇങ്ങനെ ഒരു സാധാരണ മനുഷ്യന് ഉണ്ടാകുന്ന വൈകാരിക പ്രകടനങ്ങൾ, യുദ്ധം, ചതി, മായാപ്രയോഗം, ഇങ്ങനെ ഒരാൾക്ക് ജീവിതത്തിൽ നേരിടേണ്ടിവരുന്ന എല്ലാ പ്രശ്നങ്ങളും രാമായണത്തിലുണ്ട്. മനുഷ്യമനസ്സിന്റെ വ്യാപാരങ്ങളേയും പ്രകൃതിക്കും മറ്റു ജീവജാലങ്ങൾക്കും ഉണ്ടാകുന്ന മാറ്റങ്ങൾ, വികാരങ്ങൾക്കടിമപ്പെട്ട ധ്രുവീകരണം ഇങ്ങനെ ഭാവിതലമുറക്ക് തന്റെ പാത്രസൃഷ്ടിയിലൂടെ വാത്മീകി വിവരിച്ചുകൊടുക്കുകയാണ്.

കഥാപാത്രങ്ങളിൽ അനുകരണീയമായവർ ആരാണ്. എല്ലാവരും വ്യക്തിസത്തയിൽ അഗ്രഗണ്യർ. ചുരുക്കത്തിൽ മാനവധർമമെന്തെന്നറിയാൻ നമ്മളെ ഇരുത്തി ചിന്തിപ്പിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥമെന്നു വേണമെങ്കിൽ നമുക്കു രാമായണത്തെ എടുക്കാം. ഇവയിൽകൂടി എന്തു നമുക്കു ലഭിക്കുന്നു വെന്നറിയാൻ ദശരഥനേയും പുത്രന്മാരേയും കുറിച്ചറിയണം. ഈ വ്യക്തിപ്രഭാവങ്ങളെ നാം സമീപിക്കുമ്പോൾ എല്ലാ കണ്ണികളും കൂട്ടിയിണക്കേണ്ടിവരും. രാമായണം ഒരു വ്യക്തിയുടെ മാത്രം കഥയല്ല. മറിച്ച് മൂല്യാധിഷ്ഠിതമായ, സ്നേഹ സമ്പൂർണ്ണമായ സംസ്കാരത്തെ സ്നേഹപാശത്താൽ ബന്ധിപ്പിച്ചിരിക്കുകയാണ്. ഈ കയറിന്റെ ഓരോ ഇഴയും വിവരണം അർഹിക്കുന്നു.

വാത്മീകിമഹർഷി സമ്പൂർണ്ണമായ രാമായണം രചിച്ചതിനു ശേഷം ശ്രീരാമപുത്രന്മാരായ ലവകുശന്മാരെക്കൊണ്ടു രാമകഥ പാടിപ്പിച്ചു. പാരായണ മാധുര്യംകൊണ്ടും, ഗാനമാധുര്യംകൊണ്ടും, മൂന്നു താളകാലങ്ങളിൽ ലയിച്ച ആലാപനരീതികൊണ്ടും, സർവ്വരും ഈ ഗാനത്തിൽ ആകൃഷ്ടരായി. ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റുകയും ചെയ്തു.

ഇക്ഷ്വാകുവംശത്തിന്റെ ചരിത്രം പറഞ്ഞപ്പോഴാണ് സ്വർഗ്ഗത്തിൽ ദേവേന്ദ്രനേപ്പോലെ ദശരഥമഹാരാജാവ് രാജ്യം ഭരിച്ചുവെന്നു പറയുന്നത്.

താം പുരിം സമഹാ തേജോ രാജാ ദശരഥാ മഹാൻ

ശാശസ ശമിതാമിത്രോ നക്ഷത്രാണീവ ചന്ദ്രമഃ

എന്ന രീതിയിൽ ദശരഥൻ ഭരിച്ചുവെന്നും ഋദ്ധിക്കുകളിൽ പ്രഥമഗണനീയരും ഭരണതന്ത്രജ്ഞന്മാരും ആയുധവീരന്മാരും തേജസ്വികളും കീർത്തിമാന്മാരും ആയ ഒരുപറ്റം മഹാത്മാക്കൾ അദ്ദേഹത്തെ സഹായിച്ചിരുന്നുവെന്നും വാത്മീകി വിവരിക്കുന്നു.

വീരാശ്ചനിയതോത്സാഹരാണ്ടുശാസ്ത്രമനുഷ്ഠിതഃ

ശുചിനാം രക്ഷിതാശ്ചൈനിത്യാ വിഷയ വാസിനാം

എന്നാണ് ഇവരേക്കുറിച്ചു പറയുന്നത്.

ദശരഥന്റെ രാജ്യത്ത്

നാമൃഷ്ടഭോജി, നാദാനാം നാപ്യനങ്ഗദ

നാ ഹസ്താഭരണോ വാപിദൃശ്യതേ നാപുനാത്മവാൻ

തേച്ചുകുളിച്ച് സുഗന്ധം പൂശിയിട്ടില്ലാത്തവരോ മലിനഭക്ഷണം കഴിക്കുന്നവരോ അവിടെയില്ല. കാപ്പും കണ്ഠാഭരണവും തോൾ വളയും അണിയാത്തവരാരുമില്ലയെന്നാണ് വാത്മീകി പറയുന്നത്. അദ്ദേഹത്തിന്റെ അമാത്യന്മാർ ഭരണതന്ത്രരും ഇംഗിതജ്ഞന്മാരുമാണ്. ചുരുക്കത്തിൽ ദശരഥമഹാരാജാവ് ഉദയാർക്കൻ തേജോമയമായ രശ്മികൾ കൊണ്ടെന്നപോലെ ദീപ്തിമാനായി വർത്തിച്ചുവെന്ന് ആദികവി വിവരിക്കുകയാണ്. പക്ഷെ അദ്ദേഹത്തിന് ഒരു മകൻ പിറന്നില്ല. അങ്ങനെ ദശരഥമഹാരാജാവ് അശ്വമേധം നടത്താൻ തീരുമാനിച്ചു.പുത്രകാമേഷ്ടിയാഗത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചു. ഇതുകേട്ട പത്നിമാരുടെ മുഖങ്ങൾ ആദികവിയുടെ ഭാഷയിൽ ഹിമകാലം കഴിയുമ്പോൾ താമരപ്പൂക്കളേപ്പോലെ വിടർന്നുശോഭിച്ചുവെന്നാണ്.

ശോഭന്ത പദ്മാനീവ ഹിമാത്യയേ

സുമന്ത്രൻ രാജാവിനോട് താൻ കേട്ട കഥയേക്കുറിച്ച് പറഞ്ഞു. കശ്യപപുത്രനായ വിഭാണ്ഡകൻ എന്ന ഋഷിക്ക് ഋഷ്യശൃംഗൻ എന്ന പുത്രനുണ്ടെന്നും അദ്ദേഹം ബ്രഹ്മചര്യം അനുഷ്ഠിച്ചു വളർന്നവനാണെന്നും പറഞ്ഞു. അക്കാലത്ത് പ്രതാപവാനായ ലോമപാദൻ എന്ന രാജാവ് അംഗരാജ്യത്തെ അനാവൃഷ്ടിയിൽ ദുഃഖിതനായിരുന്നു. ഋഷ്യശൃംഗമുനികുമാരനെ രാജ്യത്ത് എത്തിച്ചാൽ മഴ പെയ്യുമെന്നുള്ള ഉപദേശത്താൽ ഋഷ്യശൃംഗനെ കൊണ്ടുവരികയും മഴ പെയ്യിക്കുകയും ചെയ്തു. ലോമപാദൻ തന്റെ മകളായ ശാന്തയെ ഋഷ്യശൃംഗന് നൽകി. ഈ ശാന്ത ദശരഥപുത്രിയും ലോമപാദൻ ദത്തെടുത്തതുമാണ്. ഈ ഋഷ്യശൃംഗൻ ദശരഥനു പുത്രന്മാരെ നൽകുമെന്നു ഭഗവാൻ സനത്കുമാരൻ പറഞ്ഞ കാര്യം ഇവിടെ ദശരഥനോടു സുമന്ത്രർ ഓർമ്മിപ്പിക്കുകയാണ്.

ഋഷ്യ ശൃംഗാസ്തു ജാമാതാ പുത്രാംസ്തവ വിധാസ്യതി

സനത്ശുമാര കഥിത മേതാവദ് വ്യാഹതം മയാ

സന്തോഷഭരിതനായ ദശരഥൻ അങ്ങനെ ലോമപാദരാജാവിനെ കാണുകയും ലോമപാദൻ ദശരഥനുമായി തനിക്കുള്ള സ്നേഹത്തെക്കുറിച്ചും ശാന്തയുടെ അച്ഛൻ ദശരഥനാണെന്നും അവൾ ദത്തുപുത്രിയാണെന്നുമുള്ള വിവരവും ഋഷ്യശൃംഗനോടു പറയുകയും ചെയ്തു. അങ്ങനെ ഭാര്യാസമേതം ഋഷ്യശൃംഗൻ അയോദ്ധ്യയിലെത്തി. ഭർത്താവിനൊപ്പം വരുന്ന ശാന്തയെ കണ്ടിട്ട് രാജ്ഞിമാരെല്ലാം സന്തോഷിച്ചു.

അന്തഃ പുരാണീ സർവ്വാണി ശാന്താം ദൃഷ്ഠ്വാ തഥാഗതം

സഹഭർതാ വിശാലാക്ഷിം പ്രീതാനന്ദ മുപാഗമൻ

അങ്ങനെ അശ്വമേധയാഗം കഴിഞ്ഞു. ഋഷ്യശൃംഗൻ രാജാവിനോടു പറഞ്ഞു, അഥർവ്വവേദത്തിന്റെ മന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് പുത്രകാമേഷ്ടിയാഗം തുടങ്ങാം.

യജ്ഞത്തിലെ അഗ്നിയിൽനിന്നും ഒരു ദിവ്യാത്ഭുതം ഉയർന്നുവന്നുവെന്നും അങ്ങനെ ദേവനിർമ്മിതമായ പായസം ദശരഥനു നൽകിയെന്നും

ഭാര്യാണാമനുരൂപാണാമശ്നീനേതിപ്രയശ്ചവൈ

താസുത്വം പ്രാപ്ന്യസേ പുത്രാൻ യദർത്ഥം യജസേനൃപ

എന്നു പറഞ്ഞ് പായസം കൊടുത്തുവെന്നും രാജാവ് കൗസല്യക്കും കൈകേയിക്കും, പിന്നീട് അവരുടെ ഓരോ പങ്ക് സുമിത്രക്കും ലഭിച്ചുവെന്നും വാത്മീകി വിവരിക്കുന്നു.

ഹുതാശനാദിത്യസമാന തേജസേ

ചിരേണ ഗർഭാൽ പ്രതിപേദിരേതദാ

എന്നു വാത്മീകി പറയുന്നു.

അങ്ങനെ നവമി തിഥിയും പുണർതം നാളും കൂടിയ ദിവസം വിഷ്ണുവിന്റെ അർത്ഥാംശമായി കൗസല്യാത്മജനും സർവ്വഗുണങ്ങളോടു കൂടിയവനും സത്യപരാക്രമനും വിഷ്ണുവിന്റെ കാൽഭാഗവുമായ കൈകേയീപുത്രനും വിഷ്ണുവിന്റെ അർദ്ധഭാഗമായ ലക്ഷ്മണശത്രുഘ്നന്മാരും സുമിത്രക്കും യഥാക്രമം പൂയം നാളിൽ ഭരതനും ആയില്യം നാളിൽ ലക്ഷ്മണശത്രുഘ്നന്മാരും ഭൂജാതരായി. നാലുപേരും വിഷ്ണുവിന്റെ അംശങ്ങളായിരുന്നുവെങ്കിലും അവർ വേറേവേറേ വ്യക്തിത്വങ്ങളുള്ളവരായിരുന്നു. വസിഷ്ഠൻ ജ്യേഷ്ഠന് രാമനെന്നും കൈകേയി

സുതന് ഭരതനെന്നും സുമിത്രാത്മജന്മാർക്ക് ലക്ഷ്മണനെന്നും ശത്രുഘ്നനെന്നും പേരിട്ടു. പിന്നീട് രാജകുമാരന്മാർ യുദ്ധനൈപുണ്യവും ജ്ഞാനസമ്പാദനവും നേടി.





## രാമലക്ഷ്മണ ഭരതശത്രുഘ്നന്മാർ

യജ്ഞമാരംഭിക്കുന്നതിന് ദീക്ഷയെടുത്തിരിക്കുന്ന വിശ്വാമിത്രമഹർഷി വ്രതം തടസ്സപ്പെടുത്തുന്ന രാക്ഷസന്മാരെ വകവരുത്താൻ ശ്രീരാമനേയും ലക്ഷ്മണനേയും വിട്ടുകിട്ടാൻ ആഗ്രഹം പ്രകടിപ്പിച്ചു. രാമനല്ലാതെ മറ്റാർക്കും അവരെ കൊല്ലാൻ കഴിയുകയില്ലായെന്നു പറയുകയും വസിഷ്ഠന്റെയും മറ്റും നിർബ്ബന്ധത്താൽ വിശ്വാമിത്രനോടുകൂടി പുറപ്പെടുകയും ചെയ്തു. ആവനാഴി ഇരുവശത്തും, കയ്യിൽ അമ്പുമായി നടക്കുന്ന ഇവരെ വാത്മീകി ത്രിശീർഷിവിവപന്നഗൗ( മൂന്നു ശീർഷമുള്ള ഓരോ സർപ്പം) എന്നാണ് വിശേഷിപ്പിച്ചത്.ക്ഷീണമോ വിവശതയോ ഉണ്ടാകാതിരിക്കാൻ ബല, അതിബല, മന്ത്രം വിശ്വാമിത്രൻ അവർക്കുപദേശിച്ചുകൊടുത്തു. വിദ്യകൾ നേടിയ രാമൻ ഭീമ വിക്രമനായി ശോഭിച്ചുവെന്നാണ് വിവരിക്കുന്നത്. ഇവിടെമുതൽ രാമലക്ഷ്മണന്മാരുടെ ജീവിതോദ്ദേശം തുടങ്ങുകയായി. ലോകജ്ഞാനം, പ്രകൃതിജ്ഞാനം, അസ്ത്രജ്ഞാനം, സംസ്കാരം, മൂല്യം തുടങ്ങി ജീവിതത്തിനാധാരമായ പ്രമാണങ്ങൾ മുഴുവൻ അവർ വിശ്വാമിത്രനിൽ നിന്നും അഭ്യസിച്ചു. താടകയെന്ന രാക്ഷസിയെ വധിക്കേണ്ടിവന്നപ്പോൾ സ്ത്രീവധം എന്ന ആശങ്കയുണ്ടായി. ചാതുർവർണ്യധർമ്മപരിപാലനം രാജപുത്രന്റെ കർത്തവ്യമാണെന്നും വിശ്വാമിത്രൻ അറിയിച്ചു. ഇങ്ങനെ സ്വധർമ്മം എന്താണെന്നുള്ള പാഠം വ്യക്തമാക്കി പ്രജാരക്ഷാർത്ഥം കൈക്കൊള്ളേണ്ട സനാതനധർമ്മം എപ്പോൾ എവിടെ ഉപയോഗിക്കണമെന്നും വിശ്വാമിത്രൻ രാമനെ പഠിപ്പിച്ചു. അവിടെ രാമൻ പിതാവിന്റെ വാക്കുകളെ ഓർമ്മിക്കുന്നു. കൗശികമുനിയുടെ വാക്കുകളെ ശങ്ക കൂടാതെ അനുസരിക്കണം. ദശരഥന്റെ ഈ വാക്കുകളെ ഓർമ്മിച്ചുകൊണ്ട്

ഗോബ്രാഹ്മണ ഹിതാർത്ഥായ

ദേഗസ്യ ച ഹിതായച

തവചൈവാ പ്രമേയസ്യ വചനം

തന്റെ കർത്തവ്യമാക്കി മാറ്റുന്നു.

സന്തുഷ്ടനായ വിശ്വാമിത്രൻ തന്റെ അസ്ത്രവിദ്യയും അസ്ത്രവും രാമനു നൽകുന്നു. മഹത്തും ദിവ്യവുമായ ദണ്ഡചക്രത്തെ ഞാനിതാ തരുന്നു. ധർമ്മചക്രം, കാലചക്രം, വിഷ്ണുചക്രം, ഐന്ദ്രചക്രം, വജ്രാസ്ത്രം, ശൈവശൂലം, ബ്രഹ്മശിരോസ്ത്രം, ഐഷീകം, ദേവചക്രം, കൂടാതെ ബ്രഹ്മാസ്ത്രവും നൽകി. മോദകി, ശിഖരി എന്ന രണ്ടു ഗദകളും ധർമ്മപാശം, കാലപാശം, വരുണപാശം എന്നീ ദിവ്യായുധങ്ങളും നൽകി. ശുഷ്കം, ആർദ്രം എന്നു പേരുള്ള ആയുധങ്ങളും പൈനാകം, നാരായണം എന്നീ അസ്ത്രങ്ങളും കൊടുത്തു. കൂടാതെ ആഗ്നേയാസ്ത്രവും ക്രൗഞ്ചാസ്ത്രവും കൊടുത്തു. ഇങ്ങനെ ധാരാളം ആയുധങ്ങൾക്കുപുറമേ അത്യുത്തമമായ മന്ത്രങ്ങൾ കൂടി ഉപദേശിച്ചുകൊടുത്തു. വാത്മീകി പറയുന്നത്, ഇതു ഗ്രഹിക്കാൻ ദേവന്മാർക്കു കൂടി കഴിയുകയില്ലെന്നും, ഈ ശക്തികളെല്ലാം തന്നെ അതിമഹത്തരമാണെന്നും പറഞ്ഞു, ഞങ്ങളെല്ലാവരും കിങ്കരാസ്തവ രാഘവ; അതായത് ഞങ്ങൾ ഭവാന് കിങ്കരന്മാരായിരിക്കുന്നു വെന്നാണ് പറയുന്നത്. യുദ്ധത്തിൽ എല്ലാ രാക്ഷസന്മാരേയും വധിച്ച് അസുരന്മാരിൽ വിജയം നേടി.

രാഘവഃ പരമോദാരോ മുനീനാം മുദമാവഹൻ

സഹത്വ രാക്ഷസാൻ സർവാൻ യജ്ഞഘ്നാൻ രഘുനന്ദനഃ

വിശ്വാമിത്രമഹർഷിയിൽ നിന്നും ലഭിച്ച ദിവ്യശക്തിയുള്ള ആയുധങ്ങളും മന്ത്രശക്തിയും ശ്രീരാമലക്ഷ്മണന്മാർക്ക് പിന്നീടുള്ള യുദ്ധത്തിലും രാജഭരണതന്ത്രജ്ഞതയിലും താങ്ങും തണലുമായി വർത്തിച്ചുവെന്നത് സത്യം തന്നെയാണ്. അദ്ധ്യാത്മ രാമായണത്തിൽ എഴുത്തച്ഛൻ, വിശ്വാമിത്രൻ

ആനന്ദംപൂണ്ടു പുണർന്നശ്രുപൂർണ്ണാർദ്രാകുലനേത്ര

പത്മങ്ങളോടും ഉത്സംഗേ ചേർത്തു

ആശീർവാദം കൊടുത്തുവെന്നാണ് വിവരിക്കുന്നത്. ചെറുപ്രായത്തിൽ ലഭിച്ച ആയുർവിദ്യയും ജ്ഞാനവും വിശ്വാമിത്രമഹർഷിയുടെ ഉന്നതവിദ്യാഭ്യാസവും കൂടി ചേർന്നപ്പോൾ ശ്രീരാമലക്ഷ്മണന്മാർ തങ്ങളുടെ പേരിന്റെ അർത്ഥത്തെ അന്വർത്ഥമാക്കിത്തീർത്തു. തുടർന്നാണ് മിഥിലയിലെ യാത്രയും അഹല്യാമോക്ഷവും വില്ലൊടിക്കലും ജാനകീപരിണയവും. അഹല്യക്ക് മോക്ഷം നൽകിക്കൊണ്ട് പുരാണകഥകൾ ശ്രവിച്ച് രാമലക്ഷ്മണന്മാർ മിഥിലയിലെത്തിച്ചേർന്നു. വസിഷ്ഠമഹർഷിയും വിശ്വാമിത്രമഹർഷിയും തമ്മിലുണ്ടായ അതൃപ്തിയും തൃശങ്കുവെന്ന രാജാവിന്റെ ചരിത്രവും മറ്റും മനസിലാക്കി അവർ മിഥിലാപുരിയിലെത്തി.

ശൈവധനുസ് എന്ന ധനുസ് ജനകന്റെ പൂർവ്വികർക്ക് ശിവൻ കൊടുത്തതാണെന്നും തന്റെ അയോനിജയായ സീതയെ ഈ ധനുസ് എടുത്തു കുലയ്ക്കുന്നവർക്ക് വിവാഹം ചെയ്തുകൊടുക്കുമെന്നും ജനകൻ വിവരിക്കുന്നു. യുദ്ധത്തിൽ പരാജയപ്പെട്ട ജനകൻ ദേവന്മാരെ പ്രസാദിപ്പിക്കുകയും, അവർ ചതുരംഗസൈന്യത്തെ മഹാരാജാവിനു കൊടുക്കുകയും ചെയ്തു. അങ്ങനെ ജനകൻ വിജയിച്ചിരിക്കുകയാണെന്നും രാമലക്ഷ്മണന്മാർക്ക് വില്ലു കാ

ണിച്ചുകൊടുക്കാമെന്നും ജനകൻ പറഞ്ഞു. രാമൻ ഈ വില്ലു കണ്ടിട്ട്, വിശ്വാമിത്രനോട് അനുവാദം വാങ്ങി ആയാസരഹിതമായി വില്ലെടുത്ത് ഞാണേറ്റി. ഞാൺ പൊട്ടുന്ന ശബ്ദം കേട്ട് ജനം ഭയന്നു. അങ്ങനെ മുറപ്രകാരം ദശരഥനെ വിവരമറിയിക്കുകയും, അവരുടെ സാന്നിദ്ധ്യത്തിൽ ദശരഥന്റെ നാലു പുത്രന്മാരുടേയും വിവാഹം നടക്കുകയും ചെയ്തു. ശ്രീരാമൻ സീതയേയും, ലക്ഷ്മണൻ ഊർമ്മിളയേയും, ഭരതൻ മാണ്ഡവിയേയും, ശത്രുഘ്നൻ ശ്രുതികീർത്തിയേയും വിവാഹം കഴിച്ചു.

അയോദ്ധ്യയിലേക്കുള്ള യാത്രയിൽ പരശുരാമൻ തടസ്സം സൃഷ്ടിച്ചപ്പോൾ രാമൻ വരായുധവും ശരവും ഏറ്റുവാങ്ങി വില്ലുകുലച്ച് ശരം തൊടുത്തു. അവസാനം നിസ്തേജനാക്കപ്പെട്ട പരശുരാമൻ തനിക്കതിൽ ലജ്ജയില്ലായെന്നു പറഞ്ഞ് മഹേന്ദ്രപർവ്വതത്തിലേക്കു പോകുകയും ചെയ്തു.

അയോദ്ധ്യയിൽ നാലുപേരും പത്നിസമേതം താമസിച്ചുവരികെ ഭരതനും ശത്രുഘ്നനും കേകേയത്തിലേക്കു പോയി.

തനിക്കു പ്രായമേറിയെന്നും അപശകുനങ്ങൾ കാണുന്നുവെന്നുമുള്ള തോന്നലിൽ ദശരഥൻ രാമനെ രാജാവാക്കാൻ ആഗ്രഹിച്ചു. ഇവിടെ തുടങ്ങുകയാണ് രാമായണകഥയുടെ പ്രധാനഭാഗങ്ങളെല്ലാം തന്നെയെന്നു പറയാം.

ഗുരുജനങ്ങളുടെ അനുവാദപ്രകാരം പട്ടാഭിഷേകത്തിനുള്ള ഒരുക്കങ്ങളിൽ രാമനും സീതയും രാജകൊട്ടാരവും മുഴുകി. പക്ഷെ വിധിവിഹിതം മറ്റൊന്നായിരുന്നു. മന്ഥരയുടെ പ്രേരണയാൽ കൈകേയി ചോദിച്ച വരങ്ങൾ രാജാവിനെ തളർത്തി. അങ്ങനെ രാമൻ പതിന്നാലു വർഷം മരവുരി, മാൻതോൽ ഇവ ധരിച്ച് വനത്തിൽ തപസ്സനുഷ്ഠിക്കണം. ഈ കഠിന വാക്കുകൾ രാജാവിനു സഹിക്കാനായില്ല. രാമനെ കണ്ട രാജാവ് നിറകണ്ണുകളോട് ശക്തിരഹിതനായി ഭവിച്ചു. കൈകേയിൽനിന്നും വിവരങ്ങൾ ഗ്രഹിച്ച രാമൻ മഹാരാജാവിന്റെ വാക്കു പാലിക്കാൻ തയാറായി. കൈകേയിക്ക് അപ്രിയമുണ്ടാക്കില്ലെന്നും വനവാസത്തിന് താൻ തയ്യാറാണെന്നും രാമൻ അറിയിച്ചു. താൻ പരമധർമ്മത്തിൽ ഉറച്ചുനിൽക്കുന്നവനാണെന്നും പിതാവിന്റെ ഇഷ്ടം സ്വയം പ്രാണൻ ത്യജിച്ചായാലും ചെയ്തിരിക്കുമെന്നും വാക്കു കൊടുത്തു. വാത്മീകിയുടെ വാക്കുകളിൽ പറഞ്ഞാൽ, നിസ്സംഗനായ ഋഷീശ്വരനേപ്പോലെ രാമൻ നിലകൊണ്ടുവെന്നാണ്. മാതാവിനെ ആശ്വസിപ്പിച്ചു. പക്ഷെ ലക്ഷ്മണൻ ഇവിടെ ക്രുദ്ധനാവുകയാണ് ചെയ്തത്. ദശരഥനെ കുറ്റപ്പെടുത്തിക്കൊണ്ട് രാജ്യഭാരം ഏറ്റെടുക്കാൻ രാമനെ പ്രേരിപ്പിക്കുകയും ചെയ്തു. നമ്മുടെ പിതാവ് എതിർഭാഗത്തായതുകൊണ്ട് അദ്ദേഹത്തെ ബന്ധിക്കുകയോ വധിക്കുകയോ ചെയ്യാമെന്നുവരെ ലക്ഷ്മണൻ പറയുന്നു. എന്നാൽ താൻ പിതൃഹിതം പാലിക്കാൻ ഉദ്യുക്തനാണെന്നാണ് രാമൻ പറഞ്ഞത്. ഇതിനു ബലം വരുത്താനായി പല ദൃഷ്ടാന്തങ്ങളും വിവരിക്കുന്നുണ്ട്. അമ്മയായാലും ഭാര്യയായാലും സുമിത്രയായാലും ലക്ഷ്മണനായാലും പിതാവിന്റെ ആജ്ഞയനുസരിച്ച് പ്രവർത്തിക്കണമെന്നും അങ്ങനെ സനാതനധർമ്മം പാലിക്കണമെന്നും രാമൻ പറഞ്ഞു. ആത്മവിശ്വാസിയാണ് രാമൻ, പ്രതിജ്ഞാബദ്ധനാണ്, ധർമ്മ പരിപാലകനാണ്, ദൃഢനിശ്ചയം പാലിക്കുന്നതിൽ അതീവ ജാഗരൂകനുമാണ്. ഇവിടെ പുരികം ചുളിച്ചു ദേഷ്യപ്പെട്ട് അളയിൽ കിടക്കുന്ന പെരുമ്പാമ്പിനേപ്പോലെ ലക്ഷ്മണൻ ചീറ്റി എന്നാണ് വാത്മീകി വിവരിക്കുന്നത്. പിതാവിനേയും കൈകേയിയേയും കുറ്റപ്പെടുത്തി. വിധിയെ ആത്മധൈര്യമുള്ളവർ ഉപാസിക്കുകയില്ലായെന്നും ലക്ഷ്മണൻ പറയുന്നു. തന്റെ വില്ലും ബാണവും കുത്തി നടക്കാനുള്ളതല്ലയെന്നും സാക്ഷാൽ ഇന്ദ്രനായാലും താൻ എതിർക്കുമെന്നും മറ്റും കഠിന വാക്കുകളാൽ രാജാവിനേയും മറ്റും പരിഹസിക്കുകയും ചെയ്യുമ്പോൾ രാമൻ താൻ പിതൃവാക്യത്താലുറച്ചു നിൽക്കുകയാണെന്നും ഇതാണു നേർവഴിയെന്നും പറയുന്നു. ഇങ്ങനെ രാമലക്ഷ്മണന്മാർ ഒരാൾക്കു കോപം വരുമ്പോൾ മറ്റേയാൾ സമാശ്വസിപ്പിക്കുകയും തിരിച്ചും പരസ്പരം പൂരിതങ്ങളാകുന്ന സന്ദർഭങ്ങൾ രാമായണത്തിലുടനീളം കാണാൻ കഴിയും. അവർ രണ്ടുപേരും സീതയും ദാനധർമ്മങ്ങൾ നടത്തി വനവാസത്തിന് തിരിച്ചു.

(തുടരും)

**വേദാന്ത പഠനക്ലാസ്സ്**

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**





# വാസ്തു വിധിനിഷേധങ്ങൾ

ഡോ. കെ. ഹരിഹരൻ, ഫോൺ : 9847313322

ഗൃഹം എന്ന ധാതുവിനർത്ഥം സകലരാലും സ്വീകരിക്കപ്പെടുന്നത് എന്നതാണ്. അതിനുടമയായി അതിൽ വസിക്കുന്ന ആളെ ഗൃഹനാഥനെന്നും വ്യവഹരിക്കുന്നു. എല്ലാ ജീവികൾക്കും വസിക്കാൻ ഇടം തരുന്ന ഭൂമിയെ വസ്തു എന്ന് ഗണിക്കുന്നു. വസ്തു ശബ്ദത്തിന് പര്യായമായി വാസ്തു സംജ്ഞ പല ആചാര്യന്മാരും ഉപയോഗിക്കുന്നുണ്ട്. അർത്ഥകാമങ്ങളായ പുരുഷാർത്ഥങ്ങളുടെ നിർവ്വഹണമാണ് ശരീരികളുടെ അന്തിമ ധർമ്മം. ഈ പുരുഷാർത്ഥാനുഭവത്തിന് ആധാരമായി വർത്തിക്കുന്നത് ഗൃഹം അഥവാ വീടാണ്. വീടിന് മോക്ഷം എന്നു കൂടി അർത്ഥം ഉണ്ട്.

പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് മർത്യനും മർത്യാലയവും. അതുകൊണ്ട് വീടും ശരീരവും അഭിന്നമായി തീരുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അനാദിയായ ആത്മൈക്യത്തെ സമാശ്രയിച്ചുകൊണ്ടാണ് ഭാരതീയ തച്ചു ശാസ്ത്രമെന്ന വാസ്തുശാസ്ത്രം വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. പ്രകൃതിയുടെ സജീവതയും സന്തുലനവും നില നിറുത്താൻ വാസ്തുശാസ്ത്രം നമ്മെ ഉൽബോധിപ്പിക്കുന്നു. ഗൃഹത്തിന്റെ സ്ഥാനനിർണ്ണയം മുതൽ ഗൃഹപ്രവേശം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ഈ പാരസ്ഥിതികാഭിമുഖ്യം ദൃശ്യമാണ്. ഭൗതികമായ സുഖസൗകര്യങ്ങളോടൊപ്പം ആത്മീയമായ ഉന്നമനവും മാനസ്സികാരോഗ്യവും വാസ്തു വിദ്യ ലക്ഷ്യമിടുന്നുണ്ട്. ഗൃഹനിർമ്മാണത്തിനുമുമ്പ് അതതുപ്രദേശങ്ങളുടെ ഭൂപ്രകൃതിയും കാലാവസ്ഥയും വായുസഞ്ചാരക്രമവും സൗരോർജ്ജസാന്നിദ്ധ്യവും ജലലഭ്യതയും ഭൂമിയുടെ ഉർവ്വരതയും വിശദമായി പരിശോധിക്കപ്പെടുന്നു. പ്രാചീന ഭാരതീയവാസ്തു വിദ്യ വീടിനോടു ചേർന്ന് കാവും കുളവും നിഷ്കർഷിക്കുന്നുണ്ട്. ഇതിനെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ നിത്യസ്മാരകങ്ങളായും കണക്കാക്കാവുന്നതാണ്.


സർവ്വചരാചരങ്ങൾക്കും ഭൂമിയിൽ തുല്യാവകാശമാണുള്ളത്. വിവേകശാലിയായ മനുഷ്യനും ക്ഷുദ്രജീവികളെന്ന് വിശേഷിപ്പിക്കുന്ന മറ്റു ജീവികളും വിഹരിക്കുന്ന ഈ ഭൂമി എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. അതുകൊണ്ടാണ് പറമ്പ് ചതുശ്രീകരിച്ച് വീടു പണി തുടങ്ങുന്നതിനു മുമ്പ് അതിൽ ഇഴഞ്ഞു നടക്കുന്ന ഉരഗജീവികളുടെ അനുമതി ആവശ്യമായി കരുതുന്നത്. വാസ്തു ബലിക്കു ശേഷം അവിടെ നവധാന്യങ്ങൾ വിളയിച്ച് പക്ഷിമൃഗാദികൾക്ക് ഭക്ഷണമേകണം. നിർദ്ദിഷ്ടഭൂമിയിലെ മരം മുറിക്കുന്നതിനു മുമ്പ് അതിൽ ജീവിക്കുന്ന സകല പക്ഷിമൃഗാദികളേയും മാറ്റി പാർപ്പിക്കണം. അതുകഴിഞ്ഞ് വെട്ടാനുള്ള മഴുവിൽ മധുലേപനം നടത്തി സമസ്താപരാധങ്ങളും ഏറ്റു പറഞ്ഞ് പ്രാർത്ഥനയോടെ ആകണം മരം മുറിക്കാൻ. സഹജീവികളുടെ വിഹാരകേന്ദ്രങ്ങളെ നിഷ്ഠൂരം കയ്യേറി അതു പിടിച്ചെടുക്കുന്ന ഇക്കാലത്ത് മേൽ പറഞ്ഞ കാര്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ചുരുക്കത്തിൽ വാസ്തു വിദ്യയും ഗൃഹനിർമ്മിതിയും പരിസ്ഥിതി സന്തുലനം പൂർണ്ണമായും ഉറപ്പു വരുത്തുന്നു. മനുഷ്യനും മറ്റു സസ്യലതാദി ജന്തു ജാലങ്ങളും ഉൾപ്പെടുന്ന ഈ പ്രപഞ്ചത്തിലെ എല്ലാ ജീവികളും സമഭാവനയോടെ സഹവർത്തിത്തത്തോടെ കഴിയുവാൻ സാധിക്കുന്ന തരത്തിലാണ് തച്ചുശാസ്ത്രം വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

പ്രപഞ്ചത്തിൽ അനേകലക്ഷം നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉണ്ടെങ്കിലും അവയൊക്കെ മുൻ നിശ്ചയിച്ച പ്രകാരം പോലെ വളരെ ക്രമമായി, ചിട്ടയോടു കൂടി നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഭൂമിയും ഇത്തരത്തിലുള്ള ഒരു നക്ഷത്രവുമായി (സൂര്യൻ) ബന്ധപ്പെട്ടാണ് നിലക്കൊള്ളുന്നത്. ഓരോ ഗ്രഹത്തിനും ഉപഗ്രഹത്തിനും അവയുടേതായ സ്വയംഭ്രമണവും സ്ഥിരമായ സഞ്ചാരപഥവുമുണ്ട്. എല്ലാ നക്ഷത്രങ്ങളും, മറ്റു നക്ഷത്രങ്ങളെ അതിന്റെ വശങ്ങളിലേയ്ക്ക് ആകർഷിക്കുന്നു. ഇതിനെയാണ് നാം ഗുരുത്വാകർഷണം എന്നു പറയുന്നത്. രണ്ട് ഗ്രഹങ്ങൾ അല്ലെങ്കിൽ നക്ഷത്രങ്ങൾക്കിടയിൽ ഗുരുത്വാകർഷണം ഉണ്ടാകുമ്പോൾ അതിനെ ചെറുക്കുന്നതിന് തുല്യനിലയിലുള്ള ഒരു പ്രതിരോധശക്തി എതിർദിശയിൽ നിന്നും ഉണ്ടാവുന്നു. തൽഫലമായി നക്ഷത്രങ്ങളായാലും ഗ്രഹങ്ങളായാലും അവ അതതിന്റെ സ്ഥിരസഞ്ചാര പഥത്തിൽ തുടരുക തന്നെ ചെയ്യും. ഈ രണ്ടു ശക്തികൾ പരസ്പരം പ്രതിപ്രവർത്തനം നടത്തുന്നതിന്റെ ഫലമായി മറ്റു ചില ശക്തികൾ ഉണ്ടാകുന്നു. അതിലൊന്നാണ് കാന്തികശക്തി അഥവാ കാന്തികോർജ്ജം. പ്രപഞ്ചത്തിലുടനീളം ഈ കാന്തികോർജ്ജം നിറഞ്ഞു നില്ക്കുന്നുണ്ട്.

പ്രപഞ്ചത്തിലെ ഓരോ നക്ഷത്രവും ഗ്രഹങ്ങളും ഭൂമിയിലെ മനുഷ്യരുൾപ്പെടെ ജീവനുള്ളതും ഇല്ലാത്തതുമായ സകലജീവജാലങ്ങളിലും പല വിധ സമ്മർദ്ദങ്ങളും ചെലുത്തുന്നുണ്ടന്നുള്ളതാണ് വസ്തുത.

നമ്മുടെ ഭൂമി വടക്കു കിഴക്കായി നീങ്ങുന്നതു നിമിത്തം പ്രപഞ്ചത്തിന്റെ ആകെയുള്ള പ്രാപഞ്ചിക ഊർജ്ജം വടക്കു കിഴക്കു ദിശയിൽ നിന്നു മാത്രമെ ലഭിക്കുകയുള്ളൂ. ഭൂമി അതിന്റെ പ്രത്യേക ഭ്രമണപഥത്തിൽ ഒരു സെക്കന്റിൽ ലക്ഷക്കണക്കിനു കിലോമീറ്റർ വേഗതയിൽ സ്ഥിരമായും സ്വമേധയായും സഞ്ചരിക്കുന്നതു നിമിത്തം ഭൂമിയുടെ പ്രാപഞ്ചിക ഊർജ്ജം വടക്കു കിഴക്കു ദിശയിൽ നിന്നും തെക്കു പടിഞ്ഞാറു ദിശയിലേക്ക് ഭൂമി കൈമാറുന്നു. ഏതൊരു വീട്ടിലും സമ്പത്തും സമൃദ്ധിയും നിലനില്ക്കണമെങ്കിൽ ഈ പ്രാപഞ്ചിക ഊർജ്ജം കൂടിയേ തീരൂ. നമ്മുടെ ശരീരം ഒരു കാന്തമാണെന്നാണ് വൈദ്യശാസ്ത്രം പറയുന്നത്. ശരീരം ഒരു കാന്തമാണെങ്കിൽ അതിന്റെ ഉത്തരധ്രുവം ശിരസ്സും ദക്ഷിണധ്രുവം പാദവുമായിരിക്കും. നാം ഉറങ്ങുമ്പോൾ ശിരസ്സ് വടക്കോട്ടു വെയ്ക്കുകയാണെങ്കിൽ ശരീരത്തിന്റെ ജൈവകാന്തിക ശക്തിയുടെ ഉത്തരധ്രുവവും ഭൗമകാന്തിക ശക്തിയുടെ ഉത്തരധ്രുവവും അടുത്തു വരികയാണ്. തല്ഫലമായി അവിടെ ഒരു വികർഷണമുണ്ടാവുകയും നമുക്ക് മാനസ്സികമായ ബുദ്ധിമുട്ടുകളും ബലക്ഷയവും ഉണ്ടായേക്കാം. അതുകൊണ്ടാണ് തല വടക്കോട്ടു വെച്ച് കിടക്കരുതെന്ന് ഋഷി വൈദ്യന്മാർ നിഷ്കർഷിച്ചിട്ടുള്ളത്.

ഭൂമിയുടെ നിലനില്പിന് ആവശ്യമായ പ്രധാന ഊർജ്ജം സൂര്യന്റെ രശ്മികളിൽ ധാരാളമായി അടങ്ങിയിരിക്കുന്നു. മനുഷ്യന് ഏറെ ഗുണം ചെയ്യുന്ന അനുകൂല ഊർജ്ജം (Positive Energy) സൂര്യന്റെ പ്രഭാത രശ്മികളിൽ ധാരാളമുണ്ട്. ഈ രശ്മികളിൽ ഓക്സിജൻ, ഓസ്സോൺ, ജീവകങ്ങൾ എന്നിവ അടങ്ങിയിരിക്കുന്നു. സൂര്യന്റെ സായാഹ്ന രശ്മികളിൽ പ്രതികൂല ഊർജ്ജം (Negative Energy) ആണ് കൂടുതലുള്ളത്. ഭൂമിക്കു വടക്കു കിഴക്കു ദിക്കിൽ നിന്നാണ് ഊർജ്ജങ്ങൾ ലഭിക്കുന്നതെന്നും അവ തെക്കു പടിഞ്ഞാറെ ദിക്കിലേയ്ക്ക് കൈമാറ്റപ്പെടുന്നുവെന്നും നാം മനസ്സിലാക്കി. ഊർജ്ജങ്ങളെ സംബന്ധിച്ചിടത്തോളം വടക്കും കിഴക്കും വളരെ പ്രധാനമാണ്. അതുകൊണ്ട് എല്ലാ ഭൂമിയുടേയും വടക്ക് അല്ലെങ്കിൽ കിഴക്കു ഭാഗം പ്രാപഞ്ചിക ഊർജ്ജത്തെ (Cosmic Energy) സ്വീകരിക്കുന്നു. സൗരോർജ്ജവും , കാന്തികോർജ്ജവും ഇതേപോലെ സ്വീകരിക്കപ്പെടുന്നവയാണ്. ഈ ഊർജ്ജങ്ങൾ വീടിന്റെ വാസ്തു ശക്തി വർദ്ധിപ്പിക്കുന്നു.




## പ്രാപഞ്ചിക ഊർജ്ജ പാത

പഞ്ചഭൂതങ്ങൾ അല്ലെങ്കിൽ അഞ്ച് മൂല ധാതുക്കളെ അടിസ്ഥാനമാക്കിയാണ് വാസ്തു ശാസ്ത്രം നിലകൊള്ളുന്നത്. ഈ അഞ്ച് പഞ്ചഭൂതങ്ങളുടെ സംഗമമോ പ്രകടിത രൂപങ്ങളോ ആണ് ഈ പ്രപഞ്ചത്തിലെ ജീവനുള്ളതും ഇല്ലാത്തതുമായ സകല ചരാചരങ്ങളും . നമ്മുടെ വിചാരങ്ങളേയും വികാരങ്ങളേയും മനസ്സിനേയും എല്ലാം നിയന്ത്രിക്കുന്നതും നിലനിറുത്തുന്നതും പഞ്ചഭൂതങ്ങളാണ്. അവ സമതുലനത്തിലിരിക്കുമ്പോൾ കരുത്ത്, ആരോഗ്യം, സന്തോഷം, ഉത്സാഹം എന്നിവ നൽകി നമ്മെ വിജയത്തിലേക്ക് നയിക്കും. ശരീരത്തിലെ പഞ്ചഭൂതങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുമ്പോൾ മനുഷ്യന് മാനസീക സമ്മർദ്ദവും മറ്റു പ്രശ്നങ്ങളും ഉണ്ടാകും. മനുഷ്യശരീരത്തിന് ആവശ്യമായ പ്രധാന ഊർജ്ജങ്ങളെ പഞ്ചഭൂതങ്ങൾ നിയന്ത്രിക്കുന്നതാണ് ഇതിനു കാരണം. ഇതിനു പുറമെ നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളായ കാഴ്ച, സ്പർശം, ശബ്ദം, മണം, രുചി എന്നിവയെ നിയന്ത്രിക്കുന്നതും പഞ്ചഭൂതങ്ങൾ തന്നെയാണ്.

| ക്രമ നമ്പർ | പഞ്ചഭൂതങ്ങൾ | ഇന്ദ്രീയം അഥവ പ്രവർത്തികൾ | പ്രവർത്തനം നടത്തുന്ന അവയവം |
|---|---|---|---|
| 1. | അഗ്നി | കാഴ്ച | കണ്ണുകൾ |
| 2. | വായു | സ്പർശം | ത്വക്ക് |
| 3. | ആകാശം | ശബ്ദം | ചെവി |
| 4. | ഭൂമി | ഗന്ധം | മൂക്ക് |
| 5. | ജലം | രുചി | നാക്ക് |

പഞ്ചഭൂതങ്ങളെന്ന് വിശേഷിപ്പിക്കുന്ന ഭൂമി, ആകാശം, വായു, അഗ്നി, ജലം എന്നിവ ശരിയായ അനുപാതത്തിൽ ഗൃഹനിർമ്മിതിയിൽ ഉൾക്കൊണ്ടാൽ സുഖവും സ്വസ്ഥതയും കൈവരും എന്ന വാസ്തു ശാസ്ത്രം നമ്മെ സാക്ഷ്യപ്പെടുത്തുന്നു. ത്രിദോഷങ്ങളായ വാതം,





പിത്തം, കഫം എന്നിവ അനുവദനീയമായ അനുപാതത്തിൽ മനുഷ്യശരീരത്തിൽ നിലക്കൊണ്ടാൽ നല്ല ആരോഗ്യവും അതിന് വ്യതിയാനം വന്നാൽ രോഗവും ഫലമെന്ന് ആയുർവേദത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. അതുപോലെ തന്നെയാണ് വാസ്തുവിൽ നാം പഞ്ചഭൂതങ്ങളെ കാണേണ്ടത്. ഭൂമിയിൽ എല്ലായിടത്തും ഒരുപോലെ ആയിരിക്കില്ല ഊർജ്ജസാന്നിദ്ധ്യം. അതുപോലെ തന്നെ ചൂടും വെളിച്ചവും . ചില സ്ഥലങ്ങളിൽ അനുകൂല ഊർജ്ജമാണെങ്കിൽ മറ്റു സ്ഥലങ്ങളിൽ പ്രതികൂല ഊർജ്ജമായിരിക്കും ഏറിയിരിക്കുക. ഇങ്ങനെയുള്ള കാര്യങ്ങൾ ഉൾക്കൊണ്ടു വേണം നിർമ്മാണ പ്രവർത്തനം നടത്താൻ. അതായത് പ്രകൃതിയുടെ താളാത്മകമായ സാഹചര്യത്തിനനുസൃതമായിരിക്കണം ഓരോ നിർമ്മാണവും. ഊർജ്ജസ്രോതസ്സുകളായ കാറ്റ്, വെളിച്ചം, വായു മുതലായവ പരമാവധി ഉപയോഗയോഗ്യമാകത്തക്ക രീതിയിൽ നിർമ്മാണം നടത്തിയാൽ അതിൽ ജീവിക്കുന്നവർക്ക് സന്തോഷവും സുഖവും എപ്പോഴും അനുഭവിക്കുവാൻ സാധിക്കും. നമ്മുടെ പഴയ നാലുകെട്ടുകൾ സുഖപ്രദമാകുന്നതിന്റെ രഹസ്യത്തിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ ഇക്കാര്യങ്ങൾ സുവ്യക്തമാകും. സൂര്യരശ്മി നടുമുറ്റത്ത് എത്തുമ്പോൾ അവിടുത്തെ വായു മണ്ഡലം ചൂടുകൊണ്ട് വികസിതമാകുന്നു. തൽഫലമായി അവയുടെ സാന്ദ്രത കുറയുന്നതിനാൽ മേലോട്ടു പൊങ്ങി പുറത്തു പോകുന്നു. ആ സമയം നാലുകെട്ടിന്റെ വശങ്ങളിൽ നിന്നും ഒഴുകി വരുന്ന കാറ്റുകൊണ്ട് ശുദ്ധവായു നടുമുറ്റം മുഴുവൻ നിറയുന്നു. ഈ പ്രതിഭാസം ആവർത്തിക്കപ്പെടുമ്പോൾ അവാച്യമായ സുഖാനുഭവങ്ങൾ ഗൃഹനിവാസികൾക്കുളവാകുന്നു.

പ്രത്യക്ഷത്തിൽ അന്ധവിശ്വാസമെന്നു കരുതാവുന്ന പല വിധി നിഷേധങ്ങളും വാസ്തു വിദ്യയിലുണ്ട്. എന്നാൽ കൂലംകഷമായ പഠനവും സൂക്ഷ്മ നിരീക്ഷണവും നടത്തിയാൽ അവയെല്ലാം യുക്തിപ്രഭവും കാലാനുസൃതവും ശാസ്ത്രീയവുമാണെന്ന് നമുക്കു മനസ്സിലാക്കാൻ സാധിക്കും. മനുഷ്യന്റെ മാനസീകവും ശാരീരികവുമായ സ്വസ്ഥതയും ശാന്തിയുമാണ് പ്രസ്തുത വിധി നിഷേധങ്ങൾ ലക്ഷ്യമാക്കുന്നത്.

ശ്മശാന ഭൂമി ഗൃഹനിർമ്മിതിക്കു പാടില്ല എന്നാണ് ആചാര്യമതം. ശ്മശാന ഭൂമിയിൽ അസ്ഥികൾ ഉണ്ടാകും എന്നത് സ്വാഭാവികം. അസ്ഥികൾ ഫോസ്ഫറസ്സ് വികിരണത്തിന് ഇടയാക്കുന്ന ഒന്നാണ്. ഈ ഫോസ്ഫറസ്സ് സാന്നിദ്ധ്യം മനുഷ്യനിൽ ചീത്ത വിഭ്രാന്തി ഉണ്ടാക്കും എന്നത് ആധുനിക വൈദ്യശാസ്ത്രം സാക്ഷ്യപ്പെടുത്തുന്നു. അസ്ഥിസാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ വീടു വെച്ചാൽ ആ വീട്ടിൽ താമസിക്കുന്നവർക്ക് പ്രേതബാധ ഉണ്ടാകും എന്നാണ് പഴമൊഴി. മറ്റൊരു ന്യായവാദം ശ്മശാനം : ശ്മശാനം ഗൃഹനിർമ്മിതിക്ക് നിഷിദ്ധമെന്നു പറയുമ്പോൾ പൊതുശ്മശാനങ്ങൾ അതേപോലെ നിലനിൽക്കേണ്ടത് സാമൂഹ്യമായ ഒരാവശ്യമാണെന്ന് വന്നു ചേരുന്നു.

ധാന്യങ്ങൾ വിളയുന്ന നെൽപാടങ്ങൾ , പർവ്വതപ്രദേശങ്ങൾ നദീതീരങ്ങൾ, ഗോശാലകൾ, തപോവനം, ദേവാലയങ്ങൾ , സമുദ്രം, എന്നിവയുടെ സമീപത്ത് ഗൃഹനിർമ്മാണം നിഷിദ്ധമാണ്. ധാന്യം വിളയുന്ന പാടത്തിനടുത്ത് വസിച്ചാൽ അവിടെ നിന്ന് ഉണ്ടാകുന്ന പൂമ്പൊടി, ധാന്യാവശിഷ്ടങ്ങൾ മുതലായവ കാറ്റിൽ പറന്നു വരികയും അത് നാം ശ്വസിക്കാൻ ഇടവരികയും ചെയ്യും. ഇത് പലരിലും ആസ്മ, അലർജി മുതലായ രോഗങ്ങളുണ്ടാക്കും. മാത്രമല്ല ഇവിടങ്ങളിൽ മഴവെള്ളം കെട്ടിക്കിടന്ന് ഉണ്ടാകാവുന്ന മലിനീകരണ സാദ്ധ്യതകൾ ആരോഗ്യ പ്രശ്നങ്ങൾക്കു വഴിതെളിക്കും. നമ്മുടെ പാരിസ്ഥിതിക സന്തുലനം തകിടം മറിഞ്ഞെന്നും വരാം. കൂടാതെ വയലുകൾ നികത്തിയെടുക്കാനുള്ള സാമ്പത്തിക ബാദ്ധ്യതയും നാം ഏറ്റെടുക്കേണ്ടി വരും. അതിനുപരിയായി നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും എന്നന്നേയ്ക്കുമായി നഷ്ടപ്പെടും എന്ന വിപത്തും വിസ്മരിച്ചു കൂടാ.

പർവ്വതപ്രാന്തപ്രദേശങ്ങളിൽ വീടുകെട്ടിയാൽ അവിടെ വേണ്ടയളവിൽ സൂര്യതാപം ലഭിച്ചെന്നു വരില്ല. നമ്മുടെ പ്രധാന ഊർജ്ജസ്രോതസ്സ് സൂര്യകിരണങ്ങളായതുകൊണ്ട് അത് തടസ്സപ്പെട്ടാൽ ജീവിതം മുരടിക്കും. ജലക്ഷാമമാണ് പർവ്വത പ്രാന്തത്തിന്റെ മറ്റൊരു പോരായ്മ. സമുദ്രനിരപ്പിൽ നിന്നും വളരെ ഉയർന്ന പ്രദേശങ്ങളാണ് പർവ്വത നിരകൾ. അങ്ങനെയുള്ള സ്ഥലങ്ങളിൽ അതിശൈത്യവും ഉണ്ടാകും. മഴക്കാലത്ത് ഉണ്ടാകാനിടയുള്ള ഉരുൾപൊട്ടലും മറ്റൊരു വൻ ഭീഷണിയാണ്.

ക്ഷേത്രങ്ങളുടെ സമീപത്ത് അതിനേക്കാൾ ഉയരത്തിൽ മനുഷ്യാലയങ്ങൾ പണിയാൻ പാടുള്ളതല്ല. അത് ദേവതകളോടുള്ള ഭയഭക്തി ബഹുമാനം കൊണ്ടു മാത്രം പറയുന്നതല്ല. ക്ഷേത്രത്തിന്റെ ഉയരത്തേക്കാൾ വലിപ്പത്തിൽ വീടു പണിയുമ്പോൾ ഇടിമിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾക്ക് അത് വിധേയമാകാൻ സാദ്ധ്യതയുണ്ട്. ക്ഷേത്രങ്ങളുടെ മുമ്പിലുള്ള കൊടിമരങ്ങൾ സ്വർണ്ണമോ ചെമ്പോകൊണ്ട് പൊതിഞ്ഞിരിക്കും. ഇത് എർത്തായി നിലകൊണ്ട് സമീപത്തുള്ള ചെറുഗൃഹങ്ങൾക്ക് സംരക്ഷണം നൽകും. മറിച്ചായാൽ അത് നാശത്തിനും വഴിവെയ്ക്കും. വെള്ളപ്പൊക്കം വേലിയേറ്റം മുതലായ പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുവാനുള്ള സാദ്ധ്യതകൾ മുൻപിൽ കണ്ടുകൊണ്ടാകാം സമുദ്രത്തിന്റേയും നദികളുടേയും സമീപത്ത് വീടു പാടില്ല എന്ന്

വാസ്തുശാസ്ത്രം നിഷ്കർഷിക്കുന്നത്. വീടിനടുത്തുള്ള ഗോശാലകൾ പല പകർച്ച വ്യാധികൾക്കും കാരണമാകും. നാല്ക്കാലികൾ ഉണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണം ഇതിനു പുറമെയാണ്.

ഗൃഹനിർമ്മാണത്തിൽ നിന്നും പിശാചവീഥി ഒഴിച്ചിടണമെന്ന് വാസ്തുശാസ്ത്രം വിധിക്കുന്നു. പിശാചുക്കൾ അതിലൂടെ കടന്നു വരുമെന്ന അന്ധവിശ്വാസം കൊണ്ടല്ല അങ്ങനെയൊരു വിധി നിഷേധം വാസ്തുശാസ്ത്രത്തിൽ നിഷ്കർഷിക്കപ്പെടുന്നത്. കാറ്റും വെളിച്ചവും നിർബാധം ഗൃഹത്തുനുള്ളിലേക്ക് കടന്നു വരണമെന്ന സദുദ്ദേശമാണ് ഈ വിധിക്കു പിന്നിലുള്ളത്. നമ്മുടെ സംസ്ഥാനത്ത് തെക്കു പടിഞ്ഞാറു നിന്നാണ് കാറ്റും വെളിച്ചവും കൂടുതലായി ലഭിക്കുന്നത്. അതുകൊണ്ടാണ് വാസ്തു ശാസ്ത്രത്തിൽ അടുക്കള സ്ഥാനം വടക്കു കിഴക്കേ മൂലയിൽ നിശ്ചയക്കപ്പെട്ടിരിക്കുന്നത്. അടുക്കളയിൽ നിന്നും ഉണ്ടാകുന്ന പുക പടലങ്ങൾക്ക് നിർബാധം വീടിനു വെളിയിലേക്കും ബഹിർഗമിക്കുവാൻ ഈ വിധി നമ്മെ സഹായിക്കും.

ഗൃഹപരിസരം വൃക്ഷലതാദികളാൽ നിറഞ്ഞു നില്ക്കണമെന്ന് വാസ്തുശാസ്ത്രം പറയുന്നു. ഗൃഹങ്ങളുടെ സമീപങ്ങളിൽ അനുവദനീയവും അനവദനീയവുമായ വൃക്ഷങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ട്. രോഗരഹിതവും സന്തോഷദായകവുമായ ഒരു ജീവിതവും മതിയായ ശുദ്ധവായു ഗൃഹത്തിലും പരിസരത്തും ഉറപ്പു വരുത്തുക എന്ന ലക്ഷ്യവുമാണ് ഇതിലൂടെ വാസ്തുശാസ്ത്രം കാണുന്നത്. വൃക്ഷലതാദികൾ പുറത്തു വിടുന്ന ഓക്സിജൻ മനുഷ്യന്റെ സുഖാനുഭവങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. അതുപോലെ മനുഷ്യജീവിതത്തിന് ദുരിതങ്ങളായി ഭവിക്കുന്ന ശബ്ദമലിനീകരണം, വിഷവായൂ ഗമനം, ധൂളിശല്യം, ധൂമശല്യം മുതലായവയെ പ്രതികരിക്കാൻ മരങ്ങൾക്കുള്ള കഴിവ് അനുസ്മരിക്കപ്പെടേണ്ടതാണ്. വർഷത്തിന്റെ വിവിധ ഘട്ടങ്ങളിൽ തളിർക്കുകയും പുഷ്പിക്കുകയും ചെയ്യുന്ന വൃക്ഷങ്ങളും സസ്യങ്ങളും ഗൃഹപരിസരങ്ങളിൽ ഉണ്ടാകേണ്ടത് അത്യാവശ്യം തന്നെയാണ്. മേൽപറഞ്ഞ പൂമരങ്ങൾ പൂത്ത് സുഗന്ധപൂരിതമായ ഒരന്തരീക്ഷം വീടിനു ചുറ്റും നിലനിർത്തുന്നു. വീടിന്റെ തെക്കു ദിശയിൽ പുളിമരം പോലെ ചെറിയ ഇലകളുള്ള മരങ്ങൾ നില്ക്കുന്നത് കാറ്റിന് തടസ്സം കൂടാതെ വീടിനുള്ളിലേക്കും പരിസരങ്ങളിലേക്കും നിർബാധം പ്രവേശിക്കാൻ ഇടം നൽകുന്നു. മാത്രമല്ല ഉത്തരാർദ്ധഗോള നിവാസികളായ നമുക്ക് തെക്കു ദിശയിലൂടെയാണ് സൂര്യാഘാതം ഉണ്ടാകുന്നത്. റേഡിയേഷൻ പ്രഭാവത്തെ ആഗീരണം ചെയ്യാനും സൂര്യകിരണങ്ങളെ വേർതിരിച്ചെടുക്കാനും തെക്കുദിക്കിൽ നില്ക്കുന്ന പുളിമരത്തിന് കഴിയും. പുളിയുടെ രൂക്ഷസ്വാദ് സൂര്യതാപത്താൽ ഉണ്ടാകുന്നതാണ്. തെക്കു ദിക്കിൽ നില്ക്കുന്ന പുളിമരം വെട്ടിക്കളയുന്നത് ദോഷമാണെന്ന വിശ്വാസം ഇതിലൂടെ നാം കൂട്ടി വായിക്കണം. തെക്കു ദിക്കിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള മറ്റൊരു വൃക്ഷം അത്തിയാണ്. നീരാവി പുറന്തള്ളാനുള്ള ഈ വൃക്ഷത്തിന്റെ കഴിവ് പ്രവചനാതീതമാണ്.

വീടിന്റെ മുഖ്യവാതിലിന് ഒറ്റ മരത്തിന്റെ തടി മാത്രം ഉപയോഗിക്കണമെന്ന് വാസ്തുശാസ്ത്രം പറയുന്നു. മറിച്ചായാൽ ആ വീട്ടിൽ താമസിക്കുന്ന സ്ത്രീകൾക്ക് സദാചാരഭ്രംശം ഉണ്ടാകും എന്നാണ് വിശ്വാസം. പ്രഥമദൃഷ്ട്യാ ഈ വാദം അപഹാസ്യമായി തോന്നാം. അതുകൊണ്ട് ഈ ചൊല്ലിന്റെ ശാസ്ത്രീയ വശം ഒന്നു പരിശോധിക്കാം. ഓരോ തടിയുടേയും സങ്കോച വികാസങ്ങൾ പലതരത്തിലാണ്. ഒരു വാതിൽ ഒന്നിലേറെ തടികൊണ്ട് നിർമ്മിച്ചാൽ കാലാവസ്ഥ വ്യതിയാനത്താൽ തടികളുടെ വിവിധ സങ്കോചിത വികാസം കൊണ്ട് കതകിൽ വിടവുകളുണ്ടാവുകയും അവയ്ക്ക് ബലക്ഷയം നേരിടുകയും ചെയ്യും. ഈ വിടവുകളിലൂടെ കള്ളന്മാർക്ക് കതക് തകർക്കാനും വീടിനുള്ളിൽ കയറാനും അവസരം ഉണ്ടാകും. അതുപോലെ സമൂഹവിരുദ്ധരുടേയും സദാചാര വിരുദ്ധരുടേയും അതിക്രമങ്ങൾ ഈ വിടവുകളിലൂടെ ഉണ്ടായെന്നു വരാം. ഇത് വീട്ടിലെ സ്ത്രീകളെയാണ് അധികം ബാധിക്കുന്നത്. അവരുടെ സ്വസ്ഥത നഷ്ടപ്പെടാൻ ഇതു വഴി വെയ്ക്കും.

പഞ്ചഭൂത സൗരോർജ്ജങ്ങളെ പൂർണ്ണമായും ചൂഷണം ചെയ്യത്തക്ക രീതിയിലാണ് വീട് പണിയേണ്ടത്. 'പോക്കു വെയിൽ പൊന്നുപോലെ' എന്ന ഒരു ചൊല്ലു തന്നെയുണ്ട്. ചർമ്മരോഗനിവാരണത്തിന് അപാരമായ കഴിവാണ് പോക്കു വെയിലിനുള്ളത്. ശയനമുറികൾ തെക്കു പടിഞ്ഞാറാണ് ഉത്തമമെന്നു പറയുന്നതിന്റെ പൊരുൾ പോക്കു വെയിലിന്റെ കിരണങ്ങൾ ശയ്യയെ സമാശ്ലേഷിക്കണമെന്ന ഉദ്ദേശത്തിലാണ്. തെക്കു പടിഞ്ഞാറ് ധാരാളം ജനലുകളും മറ്റും ഉണ്ടാകേണ്ടതിന്റെ ആവശ്യം ഇതു തന്നെയാണ്. ഉത്തരായനത്തിലും ദക്ഷിണായനത്തിലും നന്നായി സൂര്യപ്രകാശം ലഭിക്കുന്നതിന് ഇതു കൂടിയേ തീരൂ.

ചുരുക്കത്തിൽ വാസ്തു വിദ്യയിലെ വിവിധ വിധിനിഷേധങ്ങൾ മനുഷ്യന്റെ സുരക്ഷിതവും ആരോഗ്യസ്ഥിതിയും സന്തുഷ്ടമായ ജീവിതവും സാഹചര്യവും മുന്നിൽ ദർശിച്ചു കൊണ്ട് മെനഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണ് എന്ന് സുനിശ്ചയം പറയാൻ കഴിയും. അതുകൊണ്ട് പ്രസ്തുത വിധികൾ ശാസ്ത്രീയവും കാലാനുസൃതവും അനുകരണീയവുമായി ഭവിക്കുന്നു.





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോ:9895981809

**ശ്ലോകം 19**

ഭക്താഗ്യം ദനുജാധിനാഥതനയം
രക്ഷിക്കുവാനായ് കൃപാ
യുക്തൻ ഭീകരനാരസിംഹതനുവങ്ങാലംബ്യ
ഹത്വാസുരം
രക്താപാംഗസടാ കലാപരുധിരക്ലിന്നാസ്യ
നായെന്നുമേ
ഭക്താന്ത : കരണേ വസിച്ചരിഭയം പോക്കുന്നു
ചക്രായുധൻ
(നരസിംഹം)

**പദാർത്ഥം :**

ഭക്താഗ്ര്യം = ഭക്തന്മാരിൽ ഏറ്റവും മുൻപിലുള്ളവനെ
ദനുജ = ദനുവിൽ കശ്യപന്റെ പുത്രൻ
അധിനാഥ = ആശ്രയിക്കപ്പെട്ട നാഥൻ
തനയം = മകനെ
രക്ഷിക്കുവാനായ് = രക്ഷിക്കുന്നതിനുവേണ്ടി
കൃപായുക്തൻ = കാരുണ്യം ചേർന്നവൻ
ഭീകര = ഭയം ജനിപ്പിക്കുന്ന
നാരസിംഹ = നരസിംഹത്തിന്റെ
തനു = ശരീരം
അങ്ങാലംബ്യ = സ്വീകരിച്ചിട്ട്
ഹത്വാ = കൊന്നിട്ട്
അസുരം = അസുരനെ
രക്താപാംഗ = ചുവന്ന കടക്കണ്ണ്
സടാകലാപ = കെട്ടുപിടിച്ച സടകളോടുകൂടിയ
രുധിരക്ലിന്ന = ചോരകൊണ്ടു നനഞ്ഞ
ആസ്യൻ = മുഖമുള്ളവൻ
ആയെന്നുമേ = ഈ വിധം എല്ലായ്പോഴും
ഭക്താന്ത : ക്കരണേ = ഭക്തന്റെ അന്ത:കരണത്തിൽ
വസിച്ച് = താമസിച്ച്
അരിഭയം = ശത്രുവിനെക്കുറിച്ചുള്ള ഭയം
പേടിപോക്കുന്നു = ഇല്ലാതാക്കുന്നു
ചക്രായുധൻ = ചക്രം ആയുധമായുള്ളവൻ

**ശ്ലോകാർത്ഥം :**

അസുരൻമാർ എല്ലാ വിധത്തിലും ആശ്രയിക്കുന്ന നാഥന്റെ മകനായ, ഭക്തന്മാരിൽ ഒന്നാമനെ രക്ഷിക്കുവാനായി, കാരുണ്യം നിറഞ്ഞവനായി, ഭയം ഉണ്ടാക്കുന്ന നരസിംഹശരീരം സ്വീകരിച്ചിട്ട് അസുരനെ കൊന്ന്, ചുവന്ന കടക്കണ്ണുകളോടും, കെട്ടുപിണഞ്ഞ സടകളോടും, രക്തംകൊണ്ട് നനഞ്ഞ മുഖത്തോടും കൂടിയുള്ളവനായ ചക്രായുധൻ, ഭക്തന്റെ അന്ത : കരണത്തിൽ സ്ഥിരതാമസമാക്കി ശത്രുവിനെക്കുറിച്ചുള്ള പേടി ഇല്ലാതാക്കുന്നു.

**വ്യാഖ്യാ :**

ഭക്താഗ്ര്യം. ഭക്തരിൽ (വിഷ്ണു ഭക്തരിൽ) മുൻപനെ. ദനുജാധിനാഥ. ദനുവിന്റെ പുത്രന്മാരുടെ, അസുരന്മാരുടെ. ആശ്രയിക്കപ്പെട്ട നാഥൻ, രാജാവിന്റെ ഹിരണ്യകശിപുവിന്റെ. തനയം. പുത്രനെ. രക്ഷിക്കുവാനായ്. അച്ഛനായ ഹിരണ്യകശിപുവിന്റെ പീഡനങ്ങളിൽ നിന്നും രക്ഷിക്കുവാനായി, കൃപായുക്തൻ. കരുണാവാത്സല്യങ്ങൾ കൈക്കൊണ്ടവനായി. ഭീകര . അത്യധികം ഭയം ജനിപ്പിക്കുന്ന നാരസിംഹ. നരന്റെയും സിംഹത്തിന്റെയും കൂടിയ തനു. ശരീരം. അങ്ങാലംബ്യ. അവലംബിച്ചിട്ട്, സ്വീകരിച്ചിട്ട്, ഹത്വാസുരം. അസുരം ഹത്വാ. അസുരനെ കൊന്നിട്ട്. രക്താപാംഗ. ചുവന്ന കടക്കണ്ണുള്ളവനായിട്ട്. തന്റെ ഭക്തരിൽ മുൻപനായ പ്രഹ്ലാദനെ കണക്കറ്റു പീഡിപ്പിച്ചതിലുള്ള അത്യധികമായ ക്രോധം നിമിത്തം ചുവന്നു കലങ്ങിയ കണ്ണുകളോടു കൂടിയവൻ. സടാകലാപ. കെട്ടുപിണഞ്ഞ സടകളോടു കൂടിയവനായി . 'രക്താപാംഗസടാകലാപ' എന്നത് ഒന്നിച്ചെടുത്താൽ, ചുവന്നകടക്കണ്ണുകളും സടകളും കൂടി കെട്ടുപിണഞ്ഞ് എന്നുമെടുക്കാം. അതിന് ഭീകരത കൂടും. രുധിരക്ലിന്നാസ്യനായ്. ചോരകൊണ്ട് നനഞ്ഞ മുഖത്തോടു കൂടിയവനായി എന്നുമേ എല്ലായ്പോഴും.

ഭക്താന്ത: കരണേ. ഭക്തന്റെ ഉള്ളിലെ കരണത്തിൽ, മനസ്സിൽ വസിച്ചരിഭയം, വസിച്ച് താമസിച്ച്. അരിഭയം ശത്രുവിൽ നിന്നുള്ള പേടി. പോക്കുന്നു നിശ്ശേഷം അകറ്റുന്നു നീക്കുന്നു. ചക്രായുധൻ. ചക്രം ആയുധമായുള്ളവൻ. നരസിംഹാവതാരമായ വിഷ്ണു. ഈ ശ്ലോകത്തിൽ, ഭഗവാനെ ഭാവനചെയ്ത്,ധ്യാനിച്ച്, എന്നിങ്ങനെയുള്ള ക്രിയകളൊന്നും ഉപയോഗിച്ചിട്ടില്ല. അതിഭീകര രൂപത്തോടുകൂടി ഹിരണ്യകശിപുവിനെ കൊന്ന നരസിംഹത്തിനെ ..... എന്നു പറഞ്ഞിട്ടില്ല. അങ്ങനെയെല്ലാമുള്ള നരസിം

ഹമൂർത്തി ഭക്തന്റെ അന്ത:കരണത്തിൽ വസിച്ച് എന്നു മാത്രമേ പറഞ്ഞു വച്ചുള്ളു. ഭക്തൻ എന്ന വാക്കിൽ അതെല്ലാം ഉൾക്കൊള്ളിച്ചതു കൊണ്ടാണിത്. അങ്ങനെ ഭാവന ചെയ്യാത്തവനും ധ്യാനിക്കാത്തവനും ഭക്തനല്ല.

**ശ്ലോകം 20**

ബ്രഹ്മാണ്ഡത്തെയധ: കരിച്ച വിപുലാകാരം വിയദ്വാഹിനീ

വന്മാഹാത്മ്യനിദാനപാദമനലാസ്യം ചന്ദ്രസൂര്യേക്ഷണം

ബ്രഹ്മാദ്യർച്ചിത്രിവിക്രമവപുസ്സെന്നും സ്മരിച്ചീടുവോ

നമ്മാഹേന്ദ്രപദം തൃണം,ഭൃതകരായ്വർത്തിപ്പു സിദ്ധ്യഷ്ടകം

(വാമനൻ)

**പദാർത്ഥം :**

ബ്രഹ്മാണ്ഡത്തെ= ബ്രഹ്മമാകുന്ന വലിയ മുട്ടയെ

അധ:കരിച്ച = താഴ്ത്തിയ

വിപുലാകാരം = വളരെ വലിയ രൂപം

വിയദ്വാഹിനീ = ആകാശഗംഗ

വന്മാഹാത്മ്യ = വലിയ മാഹാത്മ്യത്തിന്റെ

നിദാന = കാരണമായ

പാദം = കാല്

അനലാസ്യം = തീയിനു തുല്യമായ മുഖമുള്ളവനെ

ചന്ദ്രസൂര്യേക്ഷണം = ചന്ദ്രനും സൂര്യനും രണ്ടു കണ്ണുകളായവനെ

ബ്രഹ്മാദ്യർച്ചിതം = ത്രിമൂർത്തികളാലും പൂജിക്കപ്പെട്ട

ഇത്രിവിക്രമ = ഈ വാമനാവതാരത്തിന്റെ

വപുസ് = ശരീരം

എന്നും = ഇടതടവില്ലാതെ എല്ലായ്പ്പോഴും

സ്മരിച്ചീടുവോന് = ധ്യാനിക്കുന്നവന്

അമ്മാഹേന്ദ്രപദം = ആ ദേവേന്ദ്രന്റെ സ്ഥാനം

തൃണം = പുല്ല്

ഭൃതകരായ് = ഭൃത്യന്മാരായി, ആജ്ഞാനുവർത്തികളായി

വർത്തിപ്പു = നിലകൊള്ളുന്നു

സിദ്ധ്യഷ്ടകം = അണിമാദി എട്ട് സിദ്ധികൾ

**ശ്ലോകാർത്ഥം :**

ബ്രഹ്മാണ്ഡത്തെ = ബ്രഹ്മണ്ഡമാകുന്ന മുട്ടയെ താഴ്ത്തിയ വലിയ ആകാരമുള്ള, ആകാശഗംഗയുടെ വലിയ മാഹാത്മ്യത്തിനു കാരണമായ പാദമുള്ള, ജ്വലിക്കുന്ന തീയിനു സമാനമായ മുഖമുള്ള, ചന്ദ്രനും സൂര്യനും രണ്ടു കണ്ണുകളായുള്ള ബ്രഹ്മാവിഷ്ണുരുദ്രാദികളാലും പൂജിക്കപ്പെട്ട, വാമനന്റെ ശരീരം ഇടതടവില്ലാതെ സ്മരിക്കുന്നവന് , ദേവേന്ദ്രന്റെ സ്ഥാനം വെറും പുല്ലിനു സമം. അഷ്ടസിദ്ധികളും അവന്റെ ഭൃത്യരായി നിലക്കൊള്ളുന്നു.

**വ്യാഖ്യാ :**

ബ്രഹ്മാണ്ഡത്തെ, പ്രഭവസാമർത്ഥ്യമുള്ള ബ്രഹ്മാണ്ഡം. പതിനാലുലോകങ്ങളും ഉൾക്കൊണ്ടത്. അതിനെ/അധ:കരിച്ച താഴ്ത്തിയ, കീഴ്പ്പെടുത്തിയ എന്നും എടുക്കാം. വാമനൻ മഹാബലിസവിധത്തിൽ,മൂന്നടി മണ്ണ് ചോദിച്ച്, രണ്ടടികൊണ്ട് ബ്രഹ്മാണ്ഡം മുഴുവൻ അളന്ന് കീഴ്പ്പെടുത്തി./വിപുലാകാരം, വളരെ വലിപ്പവും, വൈവിധ്യവുമുള്ള രൂപം. ചെറിയ വാമനരൂപത്തിൽ, മഹാബലിയെ കണ്ട് മൂന്നടി ചോദിച്ചപ്പോൾ മഹാബലി അളന്നെടുത്തുകൊള്ളുവാൻ സമ്മതിച്ചു. ഉടനെ വാമനന്റെ രൂപം വലുതാവാൻ തുടങ്ങി. ആ രൂപത്തിൽ അടങ്ങാത്തതൊന്നുമില്ല. അത് ഏകദേശം കൃഷ്ണന്റെ വിശ്വരൂപം പോലെ തന്നെയായിരുന്നു. വിശ്വം, ഭൂതങ്ങൾ, ഭൂമി, പർവ്വതങ്ങൾ, പക്ഷികൾ, അസുരന്മാർ, നഭസ്, കടലുകൾ, ധർമ്മാധർമ്മങ്ങൾ, സത്യം, സാമഗാനങ്ങൾ, എല്ലാം ആ രൂപത്തിനെ./വിയദ്വാഹിനീ. വിയദ്. വിയദ് വിഷ്ണുവിന്റെ പാദങ്ങൾ വിയദ് വിഷ്ണുപദം വാ തുപുമ്സ്യാകാശവിഹായസീ (അമരം :1.ദ്വി.2) വാഹിനി വഹിക്കുന്നത്. പ്രവഹിക്കുന്നത്. നദി. അതുകൊണ്ട് വിയദ്വാഹിനീ എന്നാൽ വിഷ്ണുവിന്റെ പാദങ്ങൾ വഹിക്കുന്നത്, എന്നാൽ ഗംഗാ വിയദ് എന്നതിന് ആകാശം എന്നും അർത്ഥമായതുകൊണ്ട് ആകാശഗംഗാ എന്നും /വന്മാഹാത്മ്യ. വലിയ പ്രസിദ്ധിയുടെ /നിദാന.കാരണമായ ./പാദം അവനെ./ അനലാസ്യം. അഗ്നിക്ക് സമാനമായ മുഖമുള്ളവനെ./ചന്ദ്രസൂര്യേക്ഷണം. ചന്ദ്രനെക്കൊണ്ടും സൂര്യനെക്കൊണ്ടും നോക്കുന്നവനെ. എന്നാൽ രണ്ടു കണ്ണുകളും സൂര്യനും ചന്ദ്രനും ആയവനെ./ബ്രഹ്മാദ്യർച്ചിതം. ബ്രഹ്മാദിത്രമൂർത്തികളാൽ പോലും പൂജിക്കപ്പെടുന്നവനെ./ത്രിവിക്രമ. 'പത്മനാഭോ മധുരിപുർവാസുദേവസ്ത്രിവിക്രമ' (അമരം : 1.സ്വ.22) ബലവിദ്ധ്വംസനാത്ഥം മൂന്നു ലോകങ്ങളിൽകൂടി മൂന്നു പദവിന്യാസം ചെയ്തവന് (പാരമേശ്വരി വ്യാഖ്യാ)/വപുസ് ശരീരം./ എന്നും രാപകലില്ലാതെ സദാ./ സ്മരിച്ചീടുവോന്./ അമ്മാഹെന്ദ്രപാദം. എല്ലാ ദേവന്മാരുടെയും മഹാരാജാവായിരിക്കുന്ന അവസ്ഥ./ തൃണം . പുല്ലിനു സമം. /ഭൃതകരായ്. ഭൃത്യന്മാരായ്./വർത്തിപ്പൂ.നിലകൊള്ളുന്നു./സിദ്ധ്യഷ്ടകം. യോഗിവര്യന്മാർക്ക് മാത്രം പ്രാപിക്കാൻ സാധിക്കുന്ന അണിമാ മുതലായ എട്ട് സിദ്ധികൾ.

(തുടരും)





# പാതഞ്ജല യോഗദർശനം

**കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)**

**18-ാമത്തെ സൂത്രം നോക്കാം.**

**'വിരാമപ്രത്യയാഭ്യാസപൂർവ: സംസ്കാരശേഷോന്യ:'**

എല്ലാ വൃത്തികളുടെയും നിരോധമെന്ന അഭ്യാസംകൊണ്ട് (അതായത് 16 ാം സൂത്രത്തിൽ പറഞ്ഞ പരവൈരാഗ്യം കൊണ്ട് ) സംസ്കാരം മാത്രം ശേഷിക്കുന്ന മറ്റൊന്ന് (അന്യം) ഉണ്ടാവും.

സൂത്രമായതിനാൽ വ്യാഖ്യാനത്തിന്റെ സാധ്യത ഏറെയാണ്. വിരാമപ്രത്യയമെന്നാൽ പ്രത്യയങ്ങളുടെ വിരാമമാണ്; വൃത്തികളുടെ നിരോധമാണ്. അത് നിരന്തരമായ അഭ്യാസംകൊണ്ടേ ലഭിക്കൂ. അതിൽ വൈരാഗ്യം പ്രധാനമാണ്. 'അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധ': എന്നാണല്ലോ. ഇവിടെ പറയുന്നത് പരവൈരാഗ്യത്തിന്റെ അഭ്യാസം വേണമെന്നാണ്. അപ്പോൾ ചിത്തത്തിലെ വൃത്തികൾ നഷ്ടമാവും. എന്നാൽ സംസ്കാരം ബാക്കി നില്ക്കും. അതായത് ബീജം നഷ്ടപ്പെടും. കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞ സമ്പ്രജ്ഞാതസമാധി സബീജസമാധിയാണ് എങ്കിൽ ഇവിടെ നിർബീജമായ അസമ്പ്രജ്ഞാത സമാധിയാണ് എന്നർത്ഥം.

വളരെ പ്രധാനമായ ഒരു സൂത്രമാണിത്. അർഥം ക്ലിഷ്ടവും. ചിത്തത്തിന് നാലുതരം അവസ്ഥാവിശേഷങ്ങൾ പറയുന്നുണ്ട്, വ്യുത്ഥാനം, സമാധി പ്രാരംഭം, ഏകാഗ്രതാ, നിരോധം. മുമ്പ് ചിത്തഭൂമികകളെ പറഞ്ഞത് ഇവിടെ ഓർക്കണം. മൂഢം (തമസ്സ്) ക്ഷിപ്തം (രജസ്സ്) വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്നിവയാണ് അഞ്ചു ചിത്തഭൂമികകൾ. ഇതിൽ ആദ്യത്തെ രണ്ടു ഭൂമികയിലും സമാധിക്കു സാധ്യതയില്ല എന്ന് അപ്പോൾ പറഞ്ഞു വെച്ചിരുന്നു. അവ രണ്ടിലും നിലനില്ക്കുന്ന ചിത്തത്തിന്റെ അവസ്ഥയാണ് വ്യുത്ഥാനം. താമസ രാജസഗുണങ്ങളാണ് ഇവിടെ നിറഞ്ഞു നില്ക്കുന്നത്. വ്യുത്ഥാനസംസ്കാരമെന്നാൽ മനസ്സ് പൂർണമായും വിഷയങ്ങളിൽ മുഴുകിയ അവസ്ഥയാണ്, ചിതറിയ അവസ്ഥയാണ്. വിക്ഷിപ്ത ഭൂമികയിൽ സത്വഗുണം ഉണരും. സമാധിയുടെ ഒരു ചെറിയ രസം നുകരാനവസരം വരും. പക്ഷെ നീണ്ടു നില്കില്ല. തിരിച്ചറിയാനും കഴിയില്ല. പിന്നെയും സത്വഗുണം വർദ്ധിച്ച് ഏകാഗ്രഭൂമികയിലെത്തിയാൽ മനസ്സിന് ഏകാഗ്രതയുടെ സംസ്കാരം ഉണ്ടാകും. പിന്നീട് അത് നിരോധഭൂമികയിലേക്കു കടക്കുകയാണ്. ഓരോന്നും പിന്നിട്ടാണ് പോകുന്നത്. ഇങ്ങിനെ നിരുദ്ധഭൂമിയിലെത്തിയാൽ അവിടെ അതിന്റെ സംസ്കാരം നിലനില്കും. ഇത് അസംപ്രജ്ഞാത സമാധിയാണ് (സംപ്രജ്ഞാത സമാധിയുടെ അന്യ:) ഈ സംസ്കാരം കൂടി ഇല്ലാതാവുന്നതത്രെ കൈവല്ല്യം. പരവൈരാഗ്യത്തിന്റെ അഭ്യാസം തന്നെയാണ് ഇവിടെ എത്താനുള്ള മാർഗ്ഗം. ചുരുക്കിപ്പറഞ്ഞാൽ പരവൈരാഗ്യ (വിരാമപ്രത്യയം) ത്തിന്റെ അഭ്യാസ മാർഗ്ഗവും സംസ്കാരശേഷം (ലക്ഷണം) എന്നത് അവസ്ഥയും, അസ്പ്രജ്ഞാസമാധി (അന്യ:) എന്നത് ലക്ഷ്യവും ആണ്. ഇവിടെ ലൗകിക വസ്തുക്കളൊന്നും മനസ്സിനെ അലട്ടില്ല. അവിദ്യ,അസ്മിത മുതലായ ക്ലേശങ്ങൾ ഏല്കില്ല. അതായത് വൃത്തികളുടെ ബീജംപോലും ബാക്കിയില്ല. അതുകൊണ്ട് ഇതിന് നിർബീജ സമാധിയെന്നും പറയും.

സംപ്രജ്ഞാത സമാധിയിൽ വിതർക്ക വിചാര ആനന്ദ അസ്മിത എന്നീ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നു. അസ്മിത എന്ന അന്തിമഘട്ടം 'ഞാൻ അറിയുന്നു' എന്ന സൂക്ഷ്മതലമാണ്. എന്നാൽ പരവൈരാഗ്യത്തിലൂടെ 'ഞാൻ' എന്ന അസ്മിതാ വൃത്തിയെയും കളയുന്നു. അപ്പോൾ 'ഒന്നുമില്ലായ്മ മാത്രം', വൃത്തികളില്ല. ഒന്നുമില്ലായ്മയുടെ സംസ്കാരം മാത്രം. സ്വയം പുരുഷനിൽ ലയിച്ച അവസ്ഥ ഉണ്ടായിത്തീരുന്നു.

അസംപ്രജ്ഞാത സമാധി മരണമാണോ? എന്ന ചോദ്യം വരാം. അങ്ങിനെയല്ല. സമാധിയിൽ ചിത്തമുണ്ട്. 'വൃത്തി'യില്ലെന്നു മാത്രമേയുള്ളൂ. സാധാരണ അവസ്ഥയിൽ വൃത്തികൾ അഥവാ ചിന്തകൾ കടന്നു വന്നുകൊണ്ടിരിക്കും. എന്നാൽ അഭ്യാസവും വൈരാഗ്യവും കൊണ്ട് അവയെ കുറച്ചു കൊണ്ടുവന്ന് നിർത്താൻ കഴിയും. എന്നാലും അതിന്റെ സംസ്കാരം, പാടുകൾ നിലനില്ക്കും. പക്ഷെ ഇവയ്ക്ക് വൃത്തികളായി തീരാൻ കഴിയില്ല, വറുത്ത വിത്തുപോലാണ്. കണ്ടാൽ വിത്തു തന്നെ. പക്ഷെ മുളക്കാൻ ശേഷിയില്ല. അതാണ് 'സംസ്കാരശേഷം' എന്നു പറഞ്ഞത്. ഇവിടെ ജീവാത്മാവിന് താദാത്മ്യം പ്രാപിക്കാൻ വൃത്തികളില്ലാതാവുന്നു. അപ്പോഴാണ് 'ദ്രഷ്ടു:

സ്വരൂപേ അവസ്ഥാനം' എന്ന അവസ്ഥ വരുന്നത്. ശേഷിച്ച ഈ സംസ്കാരവും കൂടി നശിക്കുമ്പോളാണ് മോക്ഷം എന്ന അവസ്ഥ വരുന്നത്.

വിരാമം എന്നാൽ വിരമിക്കൽ, അവസാനിക്കൽ എന്നർത്ഥമാണ്. പ്രത്യയങ്ങളുടെ വിരാമം, അവയുടെ അവസാനം. 'നേതി, നേതി' ഓരോന്നും പരിശോധിച്ച് 'ഇതല്ല ഇതല്ല' എന്നു കണ്ടെത്തുന്ന രീതിയാണ് പരവൈരാഗ്യം.

ശിവസംഹിതയിൽ പരമഹംസലക്ഷണം പറയുന്നുണ്ട്.

നിഖിലോപാധി ഹീനോ വൈ
യദാ ഭവതി പൂരുഷ:
തദാ വിവക്ഷതേഖണ്ഡ
ജ്ഞാനരൂപി നിരഞ്ജന:

എല്ലാ ഉപാധികളെയും വിടുമ്പോൾ പുരുഷന് അഖണ്ഡജ്ഞാനമുണ്ടാവും, നിരഞ്ജനനുമാവും. സർവ അശുദ്ധിയും മാറും. എല്ലാ ഉപാധികളും 'ഇതു ഞാനല്ല, ഇതു ഞാനല്ല' എന്ന് ഉപേക്ഷിക്കുമ്പോൾ ശുദ്ധനാവുമെന്നർത്ഥം. താൻ ജനിക്കുന്നില്ല, മരിക്കുന്നില്ല, പ്രകൃതിയാണ് ചലിക്കുന്നത് എന്നറിയും. ആ ചലനമാണ് ആത്മാവിൽ പ്രതിഫലിക്കുന്നത് എന്ന തിരിച്ചറിവുണ്ടാകും. ഒരു ഗ്ലാസ്സിൽ തട്ടി വരുന്ന പ്രകാശത്തിന്റെ പ്രതിഫലനം ചുമരിൽ ചലിക്കും. ചുമരു വിചാരിക്കും 'ഞാൻ ചലിക്കുന്നു' എന്ന്. നമ്മിലെയും ചിത്തമാണ് ചലിക്കുന്നത്, പല രൂപങ്ങളും സൃഷ്ടിക്കുന്നത്. നമ്മൾ ചിന്തിക്കുന്നത് നാം അവയാണ്, പല രൂപങ്ങളാണ് എന്നാണ്. എന്നാൽ ആത്മാവ് ഒരാജ്ഞ പുറപ്പെടുവിച്ചാൽ ഈ മായകളൊക്കെ മറയും. ആത്മാവിന്റെ ആജ്ഞ നടപ്പാവും. വിചാരിച്ചതൊക്കെ നടക്കും. ഉന്നതങ്ങളിലെത്തിയ യോഗിയുടെ അവസ്ഥയും ഇതു തന്നെ.

<u>*കവിത*</u>

# വ്രജഭൂമിയിലെ സായം സന്ധ്യ

**എ. ബാലചന്ദ്ര കൈമൾ**

ചഞ്ചലധവളഘനാവൃതഗഗനം
സഞ്ചിതലോഹിതവർണ്ണമനോജ്ഞം
വിസൃതദിനാന്തമയൂഖാശ്ലിഷ്ടം
വ്രജഭൂസന്ധ്യാബന്ധുരചിത്രം.

മന്ദസമീരവിഹാരവിലോലം
ചന്ദനശീതളയമുനാപുളിനം
കന്ദുകക്രീഡാവേശവിലീനം
നന്ദജയുതഗോബാലകവൃന്ദം.

തരുനികരാവൃതപരിസരരംഗം
വ്രജജനസുന്ദരഭവനകദംബം
ശഷ്പരസാമൃതപാനനിമഗ്നം.
നിഷ്കളസേവിതധേനുസമൂഹം.

ഷഡ്പദകൃതസീക്കാരസുമുഗ്ദ്ധം
പുഷ്പലതാനതലാസ്യവിലാസം
കുസുമിതകുന്ദലതാവൃതരുചിരം
ഉപവനഹരിതമനോഹരദൃശ്യം.

നന്ദകിശോരവരാനന നളിനം
നന്ദയതിവ്രജതരുണീവദനം
ഫുല്ലവികാരതരംഗിതനിലയം.
വല്ലവസ്ത്രീജനനോഹിതഹൃദയം.

ധൃതജലഭരഘടഭാരനതാംഗം
മുഹു:മുഹു: ചലനവിളംബിതഗമനം
സ്വേദജലാർദ്രവിശേഷകരമ്യം
കാന്തിഭരം ഹി സ്നുഷാജനവദനം.

വൃന്ദാവനജനവാസനമഖിലം
സന്ധ്യാദീപപ്രഭാമയമഹിതം
മണിരണിതാന്വിതകീർത്തനനിരതം
ധൃതവ്രതസത്തമജനതയശേഷം.


ദ്രുമനികരേഷു സമീരണസഞ്ജം
പ്രചരതി ചലദലമർമ്മരശബ്ദം
വിഹിരതി ശിഖിരേ വിഹഗമവൃന്ദം
പ്രസരിതി ദിശി ദിശി പുഷ്പസുഗന്ധം.





## 1-ാം ചരമവാർഷികം

**22.4.2018**



**വി. കെ. യു. മേനോൻ**
**ലക്ഷ്മി**
**കരിയർ സ്റ്റേഷൻ റോഡ്**
**എറണാകുളം സൗത്ത്**

## 1-ാം ചരമവാർഷികം

**02.05.2018**



**മാങ്കായിൽ സത്യഭാമ രാധാകൃഷ്ണൻ**
**62/4995 ബാലഭവൻ**
**ചിറ്റൂർ റോഡ്**
**എറണാകുളം 682011**

## 2018 ഏപ്രിൽ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ബാലചന്ദ്രൻ. വി**
L/5070, സൗപർണ്ണിക, 37/1089 എ
നിയർ ഹോപ്പ് അപ്പാർട്ട്മെന്റ്സ്
കുമാരനാശാൻ റോഡ്
കൊച്ചി 682017



**സരസ്വതി ബി. കൈമൾ**
L/4240, 44/1650 എ,
ശിവകൃപ, പാവക്കുളം മഹാ- ദേവക്ഷേത്രം,
കിഴക്കേ നട, കലൂർ, കൊച്ചി 17



**ശിവശങ്കരൻ നായർ. എം.പി**
L/4474, ശ്രീവത്സം, 31/1450
പൊന്നുരുന്നി, കൊച്ചി 682019

## നായർ സ്ത്രീസമാജം 2018 മെയ്മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 15.05.18 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |
| 09.06.18 | പൊതുയോഗം | 3.00 p.m. |

***തുടർച്ച***

# നരസിംഹം

പി. ജയരാമൻ , മാനേജ്മെന്റ് കൺസൾട്ടന്റ്, കൊച്ചി

## അധികാര വിമുക്തൻ

തന്റെ രാഷ്ട്രീയ നിഷ്ക്രിയാവസ്ഥയുടെ ആദ്യ നാളുകളിൽ അധികാരത്തിലേയ്ക്കു തിരിച്ചു വന്നേക്കുമെന്ന പ്രതീക്ഷയുമായി കഴിയുകയായിരുന്നു റാവു. പക്ഷെ, 1973 ഡിസംബറിൽ പ്രസിഡന്റ് ഭരണം അവസാനിപ്പിച്ചപ്പോൾ, നരസിംഹ റാവുവിന്റെ പ്രതീക്ഷയ്ക്ക് വിപരീതമായി വെങ്കലറാവുവിനെ മുഖ്യമന്ത്രിയായി ഇന്ദിരാഗാന്ധി നാമനിർദ്ദേശം നടത്തി. നരസിംഹ റാവുവിന്റെ വസതിയിൽ ആരും പോകാതായി. അദ്ദേഹം താമസിയാതെ ഡൽഹിയിലെ ആന്ധ്രപ്രദേശ് സംസ്ഥാന അതിഥി മന്ദിരത്തിലേയ്ക്കു (ആന്ധ്രാ ഭവൻ) താമസം മാറ്റി. സമാധാനം തേടി റാവു തന്റെ വായനയിലേക്കും, എഴുത്തിലേക്കും മടങ്ങി. അമേരിക്കയിൽ വസിച്ചിരുന്ന തന്റെ മകൾ സരസ്വതിയോടു കൂടി കുറച്ചു ദിവസം താമസിക്കാൻ തീരുമാനിച്ചു. സരസ്വതി ആ സമയത്ത് ഗർഭിണിയായിരുന്നു. റാവു തന്റെ മക്കളോടൊപ്പം അതുവരെ വളരെ കുറച്ചു കാലമേ ചിലവഴിച്ചിട്ടുണ്ടായിരുന്നുള്ളൂ. അവർ അമ്മയോടൊപ്പം ഗ്രാമത്തിലായിരുന്നു. തന്റെ മൂത്തമകനായ രങ്കറാവുവുമായി വഴക്കിട്ട് 1974 ആയപ്പോഴേക്കും പരസ്പരം സംസാരിക്കാത്ത നിലയിൽ പോലുമെത്തിയിരുന്നു. അമേരിക്കയിലേക്കുള്ള തന്റെ ആദ്യയാത്രയും മക്കളോടും തന്റെ പുതിയ പൌത്രനോടൊപ്പമുള്ള സഹവാസവും അദ്ദേഹം നല്ല പോലെ ആസ്വദിച്ചു. ഏതാനും മാസങ്ങൾക്കു ശേഷം ഇൻഡ്യയിലേക്കു മടങ്ങിയപ്പോൾ തനിക്കു വേണ്ടി ഒരു കമ്പ്യൂട്ടറും, എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ഇളയ മകൻ പ്രഭാകരക്കായി Texas Instruments ന്റെ ഒരു കാൽകുലേറ്ററും വാങ്ങിയിരുന്നു. നാട്ടിൽ മടങ്ങിയെത്തിയ ഉടൻ ഗ്രാമത്തിൽ സുഖമില്ലാതെ കിടന്നിരുന്ന അമ്മയെ സന്ദർശിക്കാൻ പോയി. 1974 ഒക്ടോബറിൽ തന്റെ ശനിദശ മാറിക്കിട്ടിയപ്പോൾ റാവുവിനെ ഡൽഹിയിൽ പാർട്ടിയുടെ ജനറൽ സെക്രട്ടറിമാരിൽ ഒരാളായി നിയമിച്ചു.

## ഡൽഹി ദർബാർ

1975 ജൂൺ 26 ന് ഡൽഹിയിൽ രാവിലെ റേഡിയോ വാർത്തകൾ ശ്രവിച്ചപ്പോൾ, രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതായി അറിഞ്ഞു. നേരത്തെ അലഹബാദ് ഹൈക്കോടതി ഇന്ദിരാഗാന്ധിയുടെ പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പ് അസാധുവാക്കിയിരുന്നു ; പക്ഷെ ചില നിബന്ധനകൾക്ക് അനുസൃതമായി സുപ്രീം കോടതി ഈ വിധി സ്തംഭിപ്പിച്ചിരുന്നു. അടിയന്തിരാവസ്ഥയോട് തനിക്കു യോജിപ്പില്ലെന്ന് റാവു തന്റെ അടുത്ത ചില സ്നേഹിതന്മാരോട് സ്വകാര്യമായി അഭിപ്രായപ്പെട്ടിരുന്നു. താമസിയാതെ അദ്ദേഹത്തെ പാർട്ടിയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്നും നീക്കം ചെയ്തു. പാർട്ടി പ്രസിഡന്റാക്കുമെന്നായിരുന്നിരിക്കണം, ഒരു പക്ഷെ, അദ്ദേഹത്തിന്റെ പ്രതീക്ഷ!

പാർലമെന്റിലേക്ക് 1977 ൽ ആന്ധ്രയിലെ ഹനംകൊണ്ട നിയോജകമണ്ഡലത്തിൽ നിന്നും റാവു തിരഞ്ഞെടുക്കപ്പെട്ടു. 1952 ലെ തിരഞ്ഞെടുപ്പ് പരാജയത്തിനു ശേഷമുള്ള പാർലമെന്റിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ മത്സരമായിരുന്നു ഇത്. കോൺഗ്രസിന് അധികാരം നഷ്ടപ്പെട്ടിരുന്നതിനാൽ റാവുവിന് പ്രതിപക്ഷത്തിരിക്കേണ്ടി വന്നു. താമസിയാതെ അദ്ദേഹം പബ്ളിക് എക്കൌണ്ട്സ് കമ്മിറ്റിയുടെ (PAC) അദ്ധ്യക്ഷനായി നിയമിതനായി. 1980 ൽ വീണ്ടും തിരഞ്ഞെടുപ്പ് നടന്നപ്പോൾ അതേ നിയോജകമണ്ഡലത്തിൽ നിന്നു തന്നെ വിജയം നേടി. ഇന്ദിരാഗാന്ധി നരസിംഹ റാവുവിനെ വിദേശകാര്യമന്ത്രിയായി നിയമിച്ചു. എല്ലാ പ്രധാനകാര്യങ്ങൾക്കും പ്രധാനമന്ത്രി റാവുവിന്റെ ഉപദേശം തേടാൻ തുടങ്ങി. 1984 ജൂലൈയിൽ അമൃതസറിലെ ഗോൾഡൻ ടെംമ്പിളിലുണ്ടായ നാശനഷ്ടങ്ങൾക്കുശേഷം, റാവു ആഭ്യന്തര മന്ത്രിയായി ചുമതലയേറ്റു. മൂന്നുമാസത്തിനുള്ളിൽ ഒക്ടോബർ 31 ന് ഇന്ദിരാഗാന്ധി വെടിയേറ്റ് കൊല്ലപ്പെടുകയും, രാജീവ് ഗാന്ധി പ്രധാനമന്ത്രിയായി അന്നു തന്നെ സത്യപ്രതിജ്ഞയെടുക്കുകയും ചെയ്തു.

ദേശീയ തിരഞ്ഞെടുപ്പ് താമസിയാതെ നടന്നു. നരസിംഹറാവു രണ്ടു നിയോജക മണ്ഡലങ്ങളിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി മത്സരിച്ചു. ആന്ധ്രയിലെ തന്റെ പഴയ സീറ്റായ ഹനംകൊണ്ടയിൽ നിന്നും, മഹാരാഷ്ട്രയിലെ രാംടെക് എന്ന നിയോജകമണ്ഡലത്തിൽ നിന്നും പൊരുതി. രാംടെങ്കിൽ റാവു വിജയിച്ചു. പക്ഷെ ഹനംകൊണ്ട സീറ്റ് അദ്ദേഹത്തിന് നഷ്ടപ്പെട്ടു. മൊത്തം 543 ൽ 404 സീറ്റുകൾ നേടി കോൺഗ്രസ് വൻ വിജയം കൈവരിച്ചു. ഇന്ദിരാഗാന്ധിയുടെ കൊലപാതകം ഒരു സഹതാപതരംഗം സൃഷ്ടിച്ചിരുന്നിരിക്കണം. റാവുവിനെ ആഭ്യന്തരമന്ത്രിയായി നിലനിർത്തി. കാബിനറ്റ് മീറ്റിംഗുകളിൽ റാവുവിന്റെ സ്ഥാനം രാജീവിന്റെ തൊട്ടടുത്തായിരുന്നു. ഇന്ദിരയുടെ വിശ്വസ്തരായിരുന്ന ഡോക്ടർ. പി.സി.അലക്സാണ്ടറും, പ്രണബ്മുഖർജിയും പുറത്താക്കപ്പെട്ടു. 1985 സെപ്തംബറിൽ രാജീവ് റാവുവിനോട് പുതുതായി രൂപീകരിച്ച മനുഷ്യ വിഭവ വികസന (Human Resources Development HRD) മന്ത്രിയായി ചുമതലയേൽക്കാൻ ആവശ്യപ്പെട്ടു. മെയ് 1986 ൽ റാവു ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് തയ്യാറാക്കി : അത് ഗൌരവമായി നടപ്പിലാക്കാനും തുടങ്ങി.

1987 ൽ രാഷ്ട്രപതി സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് വന്നപ്പോൾ നരസിംഹ റാവു ആ സ്ഥാനം നോട്ടമിട്ടിരുന്നു, എന്നാൽ രാജീവ് ഗാന്ധി ഉപരാഷ്ട്രപതിയായിരുന്ന വെങ്കിട്ടരാമനെയാണ് തിരഞ്ഞെടുത്തത്. റാവു വീണ്ടും പ്രബന്ധങ്ങളും ചെറുകഥകളും, മറാത്തിയിൽ നിന്നും, തെലുങ്കിൽ നിന്നുമുള്ള തർജ്ജിമകളും മറ്റും ചെയ്യാൻ ആരംഭിച്ചു. ജീവചരിത്രാംശങ്ങളോടു കൂടിയ ഉൾവിവരങ്ങൾ അറിയുന്നയാൾ (The Insider) എന്ന തന്റെ നോവൽ പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ടു. 1988 ജൂണിൽ അദ്ദേഹത്തെ വിദേശകാര്യ മന്ത്രിയായി വീണ്ടും നിയമിച്ചു. ഇന്ദിരാഗാന്ധി ചെയ്ത പോലെ ഒരു പാരിതോഷികമായിട്ടല്ല ആ പദവി റാവുവിന് അപ്പോൾ ലഭിച്ചത്: പക്ഷെ ഒരു സാന്ത്വനം നൽകാൻ വേണ്ടി മാത്രമാണ് രാജീവ് ആ സ്ഥാനം വെച്ച് നീട്ടിയത്. രാജീവ് ഗാന്ധി ചൈനയിൽ പര്യടനം നടത്തിയപ്പോൾ നരസിംഹറാവു അവഗണിക്കപ്പെട്ടു. തന്റെ കഥാനായകനായിരുന്ന ഡെങ് സിയോ പോങ്ങിനെ സന്ധിക്കുവാൻ ഉള്ള ഒരു അവസരം പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു റാവു. 1989 നവംബറിൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ രാജീവ് മുൻപ് കിട്ടിയ വൻ വിജയം വലിച്ചെറിഞ്ഞു. ഇത്തവണ കോൺഗ്രസ്സിന് ലഭിച്ചത് കേവലം 197 സീറ്റുകൾ മാത്രമായിരുന്നു. നേരത്തെ രാജീവിന്റെ ധനമന്ത്രിയായിരുന്ന വി.പി..സിങ് പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. താമസിയാതെ നരസിംഹ റാവു ഹൃദയ ശസ്ത്രക്രിയക്കായി അമേരിക്കയിലേക്കു യാത്ര തിരിച്ചു. അമേരിക്കയിൽ നിന്നും തിരിച്ചെത്തിയ ശേഷം , ഏതാണ്ട് 1990 ന്റെ അവസാന നാളുകളിൽ , തമിഴ്നാട്ടിലെ കുർത്താലത്തുള്ള സിദ്ധേശ്വരി പീഠത്തിന്റെ തലവനായി പ്രവർത്തിക്കാൻ ഒരു വാഗ്ദാനം ലഭിച്ചു. രാഷട്രീയവും , ഭൗതികവും , വികാരപരവുമായ ജീവിതത്തിലെ എല്ലാ കെട്ടുപാടുകളും , ഉപേക്ഷിക്കേണ്ട ഒരു ജോലിയായിരുന്നു. അദ്ദേഹം ആ ജോലി സ്വീകരിക്കാമെന്നു വാക്കു് കൊടുത്തില്ല. അതേ സമയം, ഉടനെ തന്നെ അത് നിരസിച്ചുമില്ല.

## സന്യാസിയിൽ നിന്ന് രാജാവിലേക്ക്

1991 ഏപ്രിലിൽ നരസിംഹറാവു രാജീവ് ഗാന്ധിയെ സന്ധിച്ചു. ആ സമാഗമത്തെ കുറിച്ച് രണ്ട് വീക്ഷണഗതികൾ ഉണ്ടായിരുന്നു. രാജീവ് റാവുവിനോട് തന്റെ ലോകസഭ സീറ്റ് വേറെ ആർക്കെങ്കിലും കൊടുക്കാൻ പറഞ്ഞെന്നായിരുന്നു ഒരു വ്യാഖ്യാനം. മറ്റൊന്ന് റാവുവിന് പ്രായമായതിനാൽ 1991 ലെ തിരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടതില്ല, പകരം പിന്നീട് അദ്ദേഹത്തിന് ഒരു രാജ്യ സഭ സീറ്റ് നൽകുന്നതായിരിക്കും. റാവു തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള പാർട്ടിയുടെ പ്രകടനപത്രിക തയ്യാറാക്കുന്ന തിരക്കിലായിരുന്നു.മെയ് മാസത്തിൽ അദ്ദേഹം തന്റെ പെട്ടികളെല്ലാം പാക്ക് ചെയ്യാൻ ആരംഭിച്ചു. തന്റെ പുസ്തകങ്ങളുടെ ഭാണ്ഡം ഡൽഹിയിൽ നിന്നും അയയ്ക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം വിഷണ്ണനായിരുന്നു. ഗവണ്മെന്റ് ഉദ്യോഗസ്ഥനായ, വിനോദത്തിനുവേണ്ടി ജ്യോത്സ്യം അഭ്യസിച്ച, ഒരു സുഹൃത്ത് അദ്ദേഹത്തിന്റെ ഉത്സാഹം ഉയർത്താൻ എന്നപോലെ ഇപ്രകാരം പ്രവചിച്ചു : അവയെല്ലാം ഇവിടെ തന്നെ വെച്ചേക്കൂ. താങ്കൾ തീർച്ചയായും മടങ്ങി വരും.

1991 മെയ് മാസം 21 ന് നരസിംഹറാവു നാഗ്പൂരിൽ കോൺഗ്രസ് നേതാവായ N.K.P സാൽവയുടെ ഗൃഹത്തിൽ രാത്രി വിശ്രമിക്കാൻ കിടപ്പു മുറിയിലേക്കു പ്രവേശിക്കുമ്പോൾ ആരോ അദ്ദേഹത്തോട് പറഞ്ഞു: 'രാജീവ് ഗാന്ധിയും, കൂടെ 14 പേരും തമിഴ്നാട്ടിലെ ശ്രീ പെരുംമ്പത്തൂരിൽ ഒരു ആത്മഘാതകയുടെ ബോംബാക്രമണം മൂലം കൊല്ലപ്പെട്ടു'. രാജീവ് തമിഴ്നാട്ടിൽ തിരഞ്ഞെടുപ്പ് പ്രചരണത്തിൽ ആയിരുന്നു.അടുത്ത ദിവസം തന്നെ, കോൺഗ്രസ് പ്രവർത്തന സമിതി സോണിയ ഗാന്ധിയെ പാർട്ടിയുടെ നേതാവായി തിരഞ്ഞെടുത്തു. പക്ഷെ, സോണിയ ആ തീരുമാനം തിരസ്കരിച്ചു. രാജീവിന്റെ ശവസംസ്കാരം കൂടി കഴിയുന്നതിനു മുൻപുള്ള പാർട്ടി പ്രവർത്തക സമിതിയുടെ തീരുമാനം തികച്ചും നിർവ്വികാരമായതായിരുന്നു എന്നു പറയാതെ വയ്യ. പിറ്റേ ദിവസം, അതേ കമ്മറ്റി സോണിയ ഗാന്ധിയോട് രാജീവിന്റെ പിൻഗാമിയെ നിശ്ചയിക്കാൻ അപേക്ഷിച്ചു. നട്വർസിങ്ങിനോട് സോണിയ ചോദിച്ചപ്പോൾ ഇന്ദിരാഗാന്ധിയുടെ മുഖ്യകാര്യദർശിയായിരുന്ന (Principal Secretary) P.N. ഹക്സറുടെ ഉപദേശം തേടാൻ ശുപാർശ ചെയ്തു. ഹക്സർ അന്നത്തെ ഉപരാഷ്ട്രപതിയായിരുന്ന ശങ്കർ ദയാൽ ശർമ്മയുടെ പേരാണ് ആദ്യം നിർദ്ദേശിച്ചത്. പക്ഷെ, തന്റെ പ്രായാധിക്യം പരിഗണിച്ച് അദ്ദേഹം പ്രധാനമന്ത്രിപദം സ്വീകരിക്കാൻ തയ്യാറായില്ല. ഹക്സറിന്റെ രണ്ടാമത്തെ ശുപാർശ നരസിംഹറാവുവിനെ നിയമിക്കാനായിരുന്നു. സോണിയയുടെ അംഗീകാരം ലഭിച്ചതിനാൽ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി നരസിംഹറാവുവിനെ പ്രധാനമന്ത്രി പദത്തിലേക്ക് ഏകകണ്ഠമായി തിരഞ്ഞെടുത്തു. പൊതുതിരഞ്ഞെടുപ്പിലെ ഫലങ്ങൾ മുഴുവൻ പ്രഖ്യാപിച്ചപ്പോൾ കോൺഗ്രസ്സിനു 521 സീറ്റുകളിൽ 232 എണ്ണം മാത്രമേ ലഭിച്ചുള്ളൂ. കേവല ഭൂരിപക്ഷത്തിന് 29 സീറ്റുകൾക്ക് പിന്നിൽ. റാവുവിന്റെ ഉപദേശകനായിരുന്ന ഡോക്ടർ. പി.സി.അലക്സാണ്ടർ മൻമോഹൻ സിങ്ങിനെ ധനകാര്യ മന്ത്രിയായി ശുപാർശ ചെയ്തു. ആദ്യം ആലോചിച്ചിരുന്ന ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെ ഡയറക്ടർ ആയിരുന്ന ഐ. ജി. പട്ടേൽ താൽപര്യം പ്രകടിപ്പിക്കാത്തതിനു ശേഷമാണ് മൻമോഹൻ സിങ്ങിന്റെ പേര് ഉയർന്നു വന്നത്. 1991 ൽ ജൂൺ 21 ന് നരസിംഹറാവുവിന് ഇൻഡ്യയുടെ പത്താമത്തെ പ്രധാനമന്ത്രിയായി പ്രസിഡന്റ് ആർ. വെങ്കിട്ടരാമൻ സത്യവാചകം ചൊല്ലിക്കൊടുത്തു.

(തുടരും)

*കവിത*

# കുമാരൻ ചിരിച്ചപ്പോൾ

രാധാ ദാമോദരൻ

വിദ്യാലയത്തിൽ നിന്നും തിരിച്ചുവന്നപ്പോളെൻ
കുട്ടന്റെ മുഖത്തൊരു മ്ലാനത കണ്ടു ഞാനും
ചുണ്ടത്ത് പതിവുള്ള പുഞ്ചിരി കാണുന്നില്ല
കാരണമെന്തെന്നോർത്തു നൊമ്പരപ്പെട്ടു മനം
നേരം ചെറ്റഴിഞ്ഞപ്പോൾ ചാരത്തു വന്നു കുട്ടൻ
ഉന്മേഷം കുറഞ്ഞതിൻ കാരണം ഗ്രഹിച്ചു ഞാൻ
നമ്മുടെ സംസ്ഥാനമാണേറ്റവും ചെറുതെന്ന്
പറഞ്ഞു ചിരിക്കുന്നു മറ്റുള്ള സംസ്ഥാനക്കാർ
മറ്റു സംസ്ഥാനക്കാരും പഠിക്കന്നിടത്താണെൻ
കുട്ടനും പഠിക്കുന്നതെന്നോർത്തു പറഞ്ഞു ഞാൻ
അമ്മേടെ മുക്കുത്തിയിൽ തിളങ്ങും വൈരക്കല്ലോ
കുളത്തിൽ കിടക്കുന്നോരലക്കുകല്ലോ കേമം
വലുപ്പം കണ്ടിട്ടല്ല മൂല്യം നിർണ്ണയിക്കുക,
ഗുണമാണടിസ്ഥാനം, ലോകത്തിൽ പണ്ടേതന്നെ
എത്രയോ മഹാന്മാരെ പെറ്റവളാണീയമ്മ
കീർത്തി തൻ വിഹായസ്സിൽ ജ്വലിപ്പൂ താരംപോലെ
അഭിമാനിക്കാം നിന്റെ മാതൃരാജ്യത്തെപ്പറ്റി
പറഞ്ഞു തരാം ചില മഹത്തുക്കൾ തൻ കഥ
നാടിന്റെ മാനം കാക്കാൻ പ്രാണൻ കൈവെടിഞ്ഞോരും
രാജധാനിയിൽ സ്ഥാനമാനങ്ങൾ ലഭിച്ചോരും
ഭരിക്കാൻ സഹായിച്ച രാജ്യതന്ത്രജ്ഞന്മാരും
വാണിജ്യപ്രമുഖരും പണ്ഡിതശ്രേഷ്ഠന്മാരും
നക്ഷത്രദീപംപോലെ ജ്വലിച്ച വംശം പെട്ടെ
ന്നസ്തവീര്യരായ് മങ്ങിത്തുടങ്ങി പ്രതാപങ്ങൾ
ആലസ്യം ശനിപ്പിഴയെന്നപോൽ ദേഹത്താകെ
ബാധിച്ചു സമൂഹത്തിൻ ഗതിമേല്പോട്ടില്ലാതായി
കൂരിരുൾ മുറിച്ചുകൊണ്ടുദിച്ചു പൊൻ താരകം
പ്രകാശം പരത്തി തൻ നാടിന്റെ നന്മക്കായി
നാടിന്റെ പാരമ്പര്യം ഉണർത്താൻ ഉയർത്തുവാൻ
രാപ്പകൽ, അവിശ്രമം, അദ്ധ്വാനിച്ചൊരു മഹാൻ
കേസരിയെപ്പോലൂർജ്ജം കൈവന്ന ദൃഢവ്രതൻ
പിടിച്ചു കുലുക്കീ, ആ മയങ്ങുന്ന കൂട്ടരെ
ഉണർന്ന സിംഹം സടകുടഞ്ഞു ഗർജ്ജിക്കുംപോൽ
മുഴങ്ങി നാട്ടിൽ വീണ്ടും സമൂഹത്തിൻ ശബ്ദം
രക്ഷിച്ചു സമൂഹത്തെ, നേടി കേസരിപ്പട്ടം
സ്മരിപ്പൂ ജനം നിത്യം, മന്നത്തു പത്മനാഭനെ
അവർണ്ണരെന്നുചൊല്ലീ, അകറ്റിനിർത്തീ കുറെ
ജനവിഭാഗങ്ങളെ, മേലാളർ അന്യായമായ്
കേരളം ഭ്രാന്താലയമാണെന്ന് പറഞ്ഞുപോയ്
ആരാധ്യനായ സ്വാമി വിവേകാനന്ദൻപോലും
അവർക്ക് സാന്ത്വനം നൽകാൻ അയച്ചു ദൈവം തന്റെ
മഹസ്സിൽ നിന്നും ഒരു കിരണം ദയാപൂർവ്വം
ജാതിഭേദവും മതദ്വേഷവും പാടില്ലെന്ന
പൂതമാം വാക്യം കേട്ടിട്ടുൽബുദ്ധരായി ജനം
വർജ്ജിക്ക മദ്യം അത് വിഷമാണല്ലോ നന്നായ്
ആർജ്ജിക്ക വിദ്യാധനം ഭാവിതൻ ശ്രേയസ്സിനായ്
സംഘടിക്കുക ശക്തിനേടുവാനെന്നിങ്ങനെ
മഹത്താമാഹ്വാനങ്ങൾ ശ്രവിച്ചു ജനാവലി
വമ്പിച്ച മാറ്റം വന്നു നാട്ടിൽ, കാരണഭൂതൻ
ദിവ്യതേജസ്സാം സാക്ഷാൽ നാരായണാഖ്യൻ ഗുരു
ആദിശങ്കരൻ വന്നു, അദ്വൈതസിദ്ധാന്തത്തിൽ
ആചാര്യൻ, മഹാദിവ്യൻ, പണ്ഡിതശ്രേഷ്ഠൻ, കവി
സൂര്യസന്നിഭൻ വിരാജിച്ചു ജ്ഞാനപീഠത്തിൽ
കേരളാംബതൻ പുത്രനാണെന്ന് ധരിച്ചാലും
വലുപ്പമല്ല, ശ്രേഷ്ഠം മഹത്വമാണെന്നത്
ഓർക്കണം നാമെല്ലാരും ലോകത്തിൻ മഹത്ത്വം
വേറെയും മഹാത്മാക്കൾ ജനിച്ച നാടാണിത്
അവരെക്കുറിച്ചും ഞാൻ പിന്നീട് പറഞ്ഞിടാം
പ്രസന്നനായി കുട്ടൻ കളിക്കാനോടിപ്പോയി
കൃതാർത്ഥയായി ഞാനും കുമാരൻ ചിരിച്ചപ്പോൾ.

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 മെയ് മാസം 13 -ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***





# മോര് (തക്രം) ഒരു ഉത്തമ പാനീയം

ഡോ. ദേവിദാസ് വെള്ളോടി : ഫോൺ. 9747480903

മോര് ആയുർവ്വേദത്തിൽ 'തക്രം' എന്നറിയപ്പെടുന്നു. ഏറ്റവും ആരോഗ്യദായകമായ ഒരു പാനീയം, പ്രത്യേകിച്ച് നമ്മൾ ഉഷ്ണകാലത്ത് കൂടുതൽ കുടിക്കുന്നതിനാൽ ഇപ്രാവശ്യം 'മോരി'നെക്കുറിച്ച് ചർച്ചചെയ്യാമെന്ന് വച്ചു.

**എന്താണ് മോര് അഥവാ എന്തല്ല മോര് :**

പാൽ ഉറയൊഴിച്ച് തൈരാക്കി പിറ്റേ ദിവസം അതിലെ വെണ്ണ കടഞ്ഞ് എടുത്ത് ബാക്കി വരുന്നതാണ് മോര് അഥവാ തക്രം. ശരിക്കു പറഞ്ഞാൽ Butter Milk അല്ല മോര്. മോരിൽ വെള്ളം ചേർത്ത് രുചിക്കുവേണ്ടി കറിവേപ്പിലയും ഇഞ്ചിയും ചതച്ചിട്ട് ഉപ്പും ചേർത്ത് കുടിക്കാനുള്ള പാനീയമാക്കുന്നത് 'സംഭാരം'. ഇപ്പോൾ ലഭിക്കുന്ന സംഭാരപാക്കുകളിൽ (മിൽമ ഉൾപ്പെടെ) പച്ചമുളക് ചേർക്കുന്നുണ്ട്. ഇത് ദോഷം ചെയ്യും. വയറ് കത്തിക്കാളും. അതിനാൽ ഇഞ്ചിയും കറിവേപ്പിലയും ചതച്ചിട്ട് പാകത്തിന് ഉപ്പും ചേർത്ത്, ഉപയോഗിക്കുന്നതാണ് ഉത്തമമായ പാനീയം. വേണമെങ്കിൽ പുതിനയിലകൂടി ഇടാം.

**തൈര് ദോഷമാണോ :**

പാൽ ഉറ ചേർത്ത് പിറ്റേ ദിവസം വെണ്ണ കളയാതെ, പുളിക്കാതെയുള്ള അവസ്ഥയാണ് തൈര് (Curd). ഇത് കഫത്തെ വർദ്ധിപ്പിക്കുമെന്നതിനാലും ദഹനപ്രക്രിയയെ ദോഷമായി ബാധിക്കുമെന്നതിനാലും അഭികാമ്യമല്ല. വായയ്ക്ക് രുചിയുള്ളതിനാൽ ഇപ്പോൾ പുളിക്കാത്ത തൈരാണ് ഫാഷൻ. വായയ്ക്കു രുചിയുള്ളതെല്ലാം ആരോഗ്യദായകമാകണമെന്നില്ലല്ലോ. മോര് കൂട്ടി ഊണ് കഴിച്ചു ശീലിച്ചു കൂടെ. അതല്ലേ നല്ലത്.

**എങ്ങനെ മോരുണ്ടാക്കാം.**

തൈര്, മോര് എന്നിവ ഉണ്ടാക്കുവാൻ അറിയാത്തവരായി ആരുമുണ്ടാകില്ലെന്നറിയാം. എന്നാലും മോരുണ്ടാക്കുന്നവിധം വിവരിക്കുകയാണ്.

1. നല്ല പാൽ 500 ml ചെറുതായി ചൂടാക്കി അതിൽ നമ്മുടെ കൈയ്യിലുള്ള തൈര് (അല്ലെങ്കിൽ മോര്) 10 ml (ഒരു ടേബിൾ സ്പൂൺ) ചേർത്തിളക്കി രാത്രി മുഴുവൻ ഇരുന്നാൽ പിറ്റേദിവസത്തേക്ക് അത് തൈരാകും.

2. ഉറയൊഴിക്കാൻ തൈരോ മോരോ ഇല്ലെങ്കിൽ 500 ml പാലിൽ ചെറുനാരങ്ങയുടെ പകുതി പിഴിഞ്ഞ് ചേർത്തിളക്കി വെയ്ക്കുക. വെളുത്ത വിനീഗർ 1 ടേബിൾ സ്പൂൺ ചേർത്തു വെച്ചാലും മതി. പിറ്റേദിവസത്തേയ്ക്ക് അത് തൈരായി മാറും.

ഈ തൈര് കടഞ്ഞ് വെണ്ണ മാറ്റിയതാണ് മോര്.

**മോരിന്റെ ഗുണഗണങ്ങൾ ആയുർവ്വേദത്തിൽ**

'തക്രം ലഘുകഷായാമ്ലം ദീപനം കഫവാതജിത്
ശോഫ ഉദര അർശ്ശ ഗ്രഹണീദോഷ
മൂത്രഗ്രഹാരുചിജി
പ്ലീഹ ഗുൽമ ഘൃതവ്യാപത് ഗരപാണ്ടു
ആമയാൻ ജയേത്'

(അഷ്ടാംഗഹൃദയം സൂത്രസ്ഥാനം)

മോര് ലഘുമാണ് കഷായ അമ്ല രസപ്രദാനമാണ്. ദഹനത്തെ വർദ്ധിപ്പിക്കുന്നു. വാതകഫങ്ങളെ ജയിക്കുന്നു. നീർക്കെട്ട്, മഹോദരം, അർശ്ശസ്, ഗ്രഹണിദോഷം, മൂത്രം ശരിക്കു പോവായ്ക, രുചിയില്ലായ്മ, ഗുൽമം, കൊഴുപ്പു കൂടുതലുള്ള അവസ്ഥ, ഗരം (ഭക്ഷണത്തിൽ കൂടെ വിഷാംശം ചെല്ലുക. കൂട്ടുവിഷം) രക്തക്കുറവ്, കരൾ രോഗങ്ങൾ എന്നിവക്കെല്ലാം ഉത്തമമാണ്. ഇതിൽ പിത്തത്തെ വർദ്ധിപ്പിക്കുന്നു എന്ന ദോഷം മാത്രമാണുള്ളത്. അതിനാൽ ശരീരോഷ്മാവ് വർദ്ധിപ്പിക്കുന്നതിനാൽ വേനൽക്കാലത്ത് ഒരു പാട് കുടിക്കുന്നത് നല്ലതല്ല.

വേനൽക്കാലത്ത് അധികം മോര് കുടിക്കണ്ട എന്നത് ഒരു പുതിയ അറിവല്ലേ. ശാസ്ത്രീയമായ വിശകലനമാണിത്.

**രാത്രി മോര് കുടിക്കാമോ ?**

കഫവർദ്ധനവ് ഉണ്ടാക്കുന്നതിനാൽ രാത്രിയിൽ തൈര് തീരെ വർജ്ജിക്കണം. പക്ഷെ മോര് കഫത്തെ കളയുന്നതാകയാൽ ദോഷമൊന്നുമില്ല. കഫത്തിന്റെ ശല്യം, നെഞ്ചിൽ കഫക്കെട്ട് എന്നിവയുള്ളവർ രാത്രിയിൽ മോര് കുടിച്ചാൽ ഈ കഫം പുറത്തു കളയുന്നതിന് വേണ്ടി ചുമ കൂടുതലാകും. അതിനാൽ ഇവർ രാത്രി മോര് ഒഴിവാക്കാവുന്നതാണ്.

**മോര് തടി കുറയ്ക്കുമോ ?**

മോര് ലഘുവായതും കഫത്തെ കളയുന്നതും വിശപ്പും ദഹനം എന്നിവയെ ദീപിപ്പിക്കുന്നതുമാകയാൽ ശരീരത്തിലെ അമിത വണ്ണത്തെ കുറയ്ക്കാൻ സഹായിക്കും.

**മോര് ആർക്കൊക്കെ ഉത്തമമാണ് :**

ആരോഗ്യവാന്മാർക്കും ആരോഗ്യം നിലനിർത്താൻ

താല്പര്യമുള്ളവർക്കും മോര് വളരെ നല്ലതാണ്. അർശ്ശസ്സ് (Piles) മഹോദരം (Asutes) ശരീരത്തിൽ നീര്, രക്തക്കുറവ്, കരൾ രോഗങ്ങൾ എന്നിവയുള്ളവർക്ക് ആരോഗ്യദായകമാണ്.

**മോര് ആർക്കൊക്കെ നിഷിദ്ധമാണ് :**

അത്യുഷ്ണത്തിൽ അധികം മോര് കുടിക്കരുത്. പിത്തം വർദ്ധിക്കും. വയറ്റിൽ അൾസർ, മുറിവ് പറ്റിയവർ എന്നിവർ മോര് കുടിക്കരുത്.

**ആയുർവ്വേദത്തിൽ മോരിന്റെ ഉപയോഗം**

1.) മോര് ദീപന പാചനമായതിനാൽ പല മരുന്നുകളുടെ കൂടെയും കഴിക്കുവാൻ (അനുവാനം) നിർദ്ദേശിച്ചിട്ടുണ്ട്. ദഹനപ്രക്രിയയ്ക്ക് തകരാറു സംഭവിക്കുന്ന ഘട്ടത്തിൽ ഗ്രഹണിയിൽ ഒക്കെ അഷ്ടചൂർണം, ഹിംഗുവചാദിചൂർണം, വൈശ്വാനരചൂർണം എന്നിവ മോരിൽ കലക്കി കുടിക്കുവാനാണ് നിർദ്ദേശിക്കുക.

2) അതുപോലെ രക്തക്കുറവ് ഉള്ള രോഗികൾക്ക് കൊടുക്കാറുള്ള മണ്ഡൂരവടകം ഗുളിക മോരിൽ ഉത്തമമാണ്.

3) വയറുവേദനയ്ക്കുപയോഗിക്കുന്ന പുളിക്കുഴമ്പ്, കുടജാവലേഹം എന്നിവ മോരിൽ ചേർത്താണ് നിർദ്ദേശിക്കാറ്.

4) തക്രാരിഷ്ടം മോര് ചേർത്തുണ്ടാക്കുന്നതാണ്. ഇത് ദഹനത്തിന് വിശേഷ ഔഷധമാണ്.

**മോര് ആമവാതത്തിൽ (Arthritis) ദോഷമാണോ?**

തൈരാണ് നിഷിദ്ധമായിരിക്കുന്നത്. ശരീരത്തിന് ലാഘവമുണ്ടാക്കുന്ന വിശപ്പിനെ വർദ്ധിപ്പിക്കുന്ന ശുദ്ധമായ മോര് രക്തവാതത്തിൽ ദോഷം ചെയ്യില്ല.

മഹോദരത്തിൽ മോര് തിപ്പലിചൂർണ്ണം ചേർത്ത് കുടിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

**തക്രധാര**

മോര്, നെല്ലിക്ക കഷായം തുടങ്ങിയ ഔഷധക്കൂട്ടുകളാൽ തലക്ക് ചെയ്യുന്ന ധാര എന്ന ചികിത്സാക്രമം പിത്തവൃദ്ധികൊണ്ടുണ്ടാകുന്ന ഉന്മാദം, ഉറക്കക്കുറവ്, അമിതമായ ആകാംക്ഷ എന്നിവയ്ക്കെല്ലാം അത്യുത്തമമാണ്.

**മോർകൊണ്ട് Spinal Bath**

അർശ്ശസ്സിൽ മോര് ബാത്ത്ടബിൽ നിറച്ച് Spinal Bath ചെയ്യുന്നത് അർശാങ്കുരങ്ങളെ കുറയ്ക്കുവാനും വേദന കുറയുവാനും സഹായിക്കും. മോര് മാത്രം കുടിച്ചാൽ അർശ്ശസ്സ് മാറും എന്നാണ് ആചാര്യന്മാർ പറയുന്നത്.

**സംഗ്രഹം :**

- തൈരല്ല മോരാണ് ഉത്തമം.
- വെണ്ണ നീക്കിയ ചെറിയ പുളിപ്പുള്ള കടഞ്ഞതൈരാണ് മോര് എന്നു പറയുന്നത്.
- Butter Milk എല്ലാം മോരാകണമെന്നില്ല. Fat Free ആണെന്ന് ഉറപ്പ് വരുത്തണം.
- മോരിൽ പച്ചമുളക് ചേർക്കരുത്. ഇഞ്ചി, കറിവേപ്പില, തിപ്പലി, ചെറുനാരങ്ങ എന്നിവ ചേർക്കാം.
- മോര് രാത്രികുടിച്ചാൽ തകരാറൊന്നുമില്ല.
- മോര് അധികമായി വേനൽക്കാലത്ത് കുടിക്കണ്ട. പിത്തവർദ്ധനവുണ്ടാകും.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 2018 മെയ് / ജൂൺ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 10.5.18 | Know Each other Programme | പി. ജി. രാമചന്ദ്രൻ | Stephen Hawking - A Wheel Chair Wonder | 967 |
| 17.5.18 | | ശ്രീവല്ലഭൻ നായർ | സീതായനം | 968 |
| 24.5.18 | | എം. ആർ. രാജേന്ദ്രൻ നായർ | ഇൻഡ്യൻ നീതിന്യായ വ്യവസ്ഥ നേരിടുന്ന വെല്ലു വിളികൾ | 969 |
| 31.5.18 | | ആർ. പുരുഷോത്തമൻ നായർ | സ്വാമി വിവേകാനന്ദന്റെ അമേരിക്കൻ യാത്രാനുഭവങ്ങൾ | 970 |
| 7.6.18 | | കെ. ശ്രീകണ്ഠൻ നായർ | ആധുനിക കാലഘട്ടത്തിൽ ഗീതോപദേശത്തിന്റെ പ്രസക്തി. | 971 |





# വളർത്തുപുത്രി

ഷീബ (ചൈത്രം)

ഒരു കുഞ്ഞിനെ ദത്തെടുക്കൽ ഏറ്റവും ദൈവീകവും അഭിനന്ദനാർഹവുമായ ഒരു പ്രവർത്തിയാണ്. പക്ഷെ ദത്തെടുക്കപ്പെടുന്ന കുട്ടിയുടെ മനസ്സിൽ ഉണ്ടാകുന്ന സംഘർഷങ്ങൾ മനസ്സിലാക്കി വളർത്തച്ഛനും അമ്മയും കുടുംബത്തിലെ മറ്റ് അംഗങ്ങളും അവരെ സന്തുഷ്ടമായ ജീവിതം നയിക്കാൻ സഹായിക്കണം. അവരുടെ മനസ്സിൽ ഉത്തരം കിട്ടാത്ത പല ചോദ്യങ്ങളും ഉണ്ടാകും. വിവാഹം, കുഞ്ഞിന്റെ ജനനം അടുത്ത ബന്ധുക്കളുടെ മരണം തുടങ്ങിയ അവസരങ്ങളിൽ ഈ ചോദ്യങ്ങൾ അവരെ കൂടുതൽ അസ്വസ്ഥരാക്കും. ഇതെല്ലാം ഉൾക്കൊണ്ട് സ്നേഹവും തുറന്ന സംഭാഷണങ്ങളും വഴി മാത്രമേ ഈ സംഘർഷം അതിജീവിക്കാൻ പറ്റൂ.

മകളുടെ പെരുമാറ്റത്തിൽ വന്ന മാറ്റവും, മകളും ഭർത്താവുമായുള്ള വഴക്കുകളും വളരെയേറെ വിഷമിപ്പിച്ച ഒരമ്മയുമായി സംസാരിക്കാൻ ഇട വന്നു. വളരെ സ്നേഹിച്ചും ലാളിച്ചും വളർത്തിയ ഏക മകൾ മിടുക്കിയും ശാന്ത സ്വഭാവക്കാരിയും ആയിരുന്നു. വർഷങ്ങളോളം ഒരു കുഞ്ഞിനായി കാത്തിരുന്ന അവർ മറ്റാർക്കോ പിറന്ന ഒരു പെൺകുഞ്ഞിനെ ജനിച്ച ഉടനെ നിയമ പരമായി ദത്തെടുത്തതായിരുന്നു. അവളുടെ അമ്മയെയോ അച്ഛനെയോ അറിയില്ല. അറിയാൻ ആഗ്രഹിച്ചുമില്ല.

മകളെ ഈ കാര്യം അറിയിച്ചത് അവൾക്കു പതിനഞ്ചു വയസ്സ് ആയപ്പോൾ ആണ്. അവൾ ഒരു പാട് കരഞ്ഞു. പക്ഷെ അച്ഛനോടും അമ്മയോടും ഉള്ള സ്നേഹത്തിനു വ്യത്യാസം ഉണ്ടായില്ല. താൻ ഈ കാര്യം അറിഞ്ഞു എന്ന് ബന്ധുക്കൾ ആരും അറിയേണ്ട എന്ന് മാത്രം പറഞ്ഞു. അവർ തന്നെ സഹതാപത്തോടു കൂടി നോക്കിയാലോ എന്നായിരുന്നു അവളുടെ സങ്കടം.

എല്ലാ വിവരങ്ങളും അറിയിച്ചു തന്നെ നല്ലൊരു ചെറുപ്പക്കാരനുമായി അവളുടെ വിവാഹം നടന്നു. രണ്ടു പേരും വിദേശത്തു ഉയർന്ന ഉദ്യോഗവും നേടി. ഒന്ന് രണ്ടു വർഷത്തിനുള്ളിൽ തന്നെ അവളുടെ ഭർത്താവ് വിഷമങ്ങൾ പറയാൻ തുടങ്ങി. അവളുടെ വാശിയെപ്പറ്റി പൊസ്സസ്സീവ്നെസ്സിനെ പറ്റി. അവൾ എല്ലാ ദിവസവും ഒരു മണിക്കൂർ വീട്ടിൽ വിളിച്ചു സംസാരിക്കും, പക്ഷെ അവൻ അവന്റെ വീട്ടുകാരെയോ ബന്ധുക്കളെയോ വിളിക്കുന്നതും അധികം സംസാരിക്കുന്നതും അവൾക്കു ഇഷ്ടം അല്ല, ചെറിയ കാര്യത്തിന് പോലും വല്ലാത്ത വാശിയും ദേഷ്യവും. ഒരിക്കൽ രാത്രി വീട്ടിൽ നിന്നും കാറും എടുത്തു ഇറങ്ങി പോയി. മണിക്കൂറുകൾക്കു ശേഷം ആണ് തിരിച്ചു വന്നത്. പിന്നീട് ഒരിക്കൽ ആത്മഹത്യാഭീഷണിയും ഉണ്ടായി. അതവനെ വല്ലാതെ ഭയപ്പെടുത്തി. അതോടെ അവർ തമ്മിൽ അധികം സംസാരം ഇല്ലാതായി.

ഈ കാര്യങ്ങൾ അവൻ വീട്ടിൽ അറിയിച്ചപ്പോൾ അവർക്കും അവളോട് എതിർപ്പായി തുടങ്ങി. അവളെ ഉപേക്ഷിക്കാൻ അവന്റെ അമ്മ പറയുന്നു. അവളൊരു അനാഥയാണെന്ന രീതിയിലുള്ള സംസാരവും ഉണ്ടായി. ഒരു കുഞ്ഞു ജനിച്ചപ്പോൾ ദേഷ്യവും വാശിയും വീണ്ടും കൂടി. ഇപ്പോൾ ഭർത്താവ് അവളെ ഉപേക്ഷിക്കുമോ എന്ന് അമ്മയ്ക്ക് പേടി. രണ്ടുപേരും മിക്കവാറും വഴക്കാണ്. ദത്തെടുക്കുന്ന ഒരു കുട്ടിയുടെ മനസ്സിലെ വിഷമങ്ങളും വിചാരങ്ങളും മറ്റുള്ളവർ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഒരു കുഞ്ഞിന് ഗർഭപാത്രത്തിൽ വച്ച് തന്നെ അമ്മയുമായി വളരെ ശക്തമായ വൈകാരിക ബന്ധം ഉണ്ടാകുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ജനന ശേഷം കുഞ്ഞിന് തിരിച്ചറിയാൻ കഴിയുന്ന ശബ്ദവും ഗന്ധവും അമ്മയുടേതാണ്. ജനിച്ച ഉടനെ പെറ്റമ്മയിൽ നിന്ന് വേർപെടുന്ന കുഞ്ഞിന് മാനസികമായ ഒറ്റപ്പെടൽ ഉണ്ടാകും. എത്ര തന്നെ സ്നേഹിച്ചാലും ആര് വളർത്തിയാലും അവൾ പോലും അറിയാതെ അവളുടെ ഉപബോധ മനസ്സിൽ ആ വിഷമം ഉണ്ടാകും.

താൻ വളർത്തു മകളാണെന്ന് അറിയുമ്പോൾ തൊട്ട് അവളുടെ മനസ്സിൽ ഉണ്ടാകുന്ന ചോദ്യങ്ങൾ അവളെ എന്നും അസ്വസ്ഥ ആക്കും. ആരാണ് എന്റെ അച്ഛനും അമ്മയും... എന്തിനവർ എന്നെ ഉപേക്ഷിച്ചു. .... എനിക്ക് എന്തെങ്കിലും കുറവുകൾ ഉണ്ടായിട്ടാണോ... ഞാൻ മറ്റൊരു വീട്ടിൽ അല്ലെ വളരേണ്ടിയിരുന്നത്... എന്റെ ബന്ധുക്കൾ ശരിക്കും വേറെ ആളുകളല്ലേ... ഞാൻ വളരേണ്ട വീട്ടിൽ ഇപ്പോൾ വേറെ കുട്ടികൾ ഉണ്ടാവില്ലേ... എന്റെ അച്ഛനെയും അമ്മയെയും എന്നെങ്കിലും ഞാൻ കാണുമോ.... അവർ ആരാണെന്നു എങ്ങിനെ അറിയും....അതിനെപ്പറ്റി ഞാൻ ചോദിച്ചാൽ അച്ഛനും അമ്മയ്ക്കും വിഷമം ആവില്ലേ.... ഞാൻ നന്ദി

ഇല്ലാത്തവൾ ആണെന്ന് തോന്നില്ലേ...

സ്വന്തം കുഞ്ഞിനെ താലോലിക്കുമ്പോഴും സ്നേഹിക്കുമ്പോഴും അവളുടെ മനസ്സിൽ കൂടുതൽ ചിന്തകൾ ഉണ്ടാകും. എന്റെ അമ്മ എന്തുകൊണ്ട് എന്നെ വേണ്ടെന്നു വച്ചു. അമ്മയ്ക്ക് എങ്ങിനെ അതിനു സാധിച്ചു.

ഉപേക്ഷിക്കപ്പെടൽ (Abandonment) ഒരു ഉത്തരമില്ലാ ചോദ്യമായി, ഒരു ഭയമായി ആ മനസ്സിൽ കിടക്കും. അതിൽ നിന്നാണ് ദേഷ്യവും വാശിയും എല്ലാം ഉണ്ടാകുന്നത്. അത് മനസ്സിലാക്കി അവളോട് പെരുമാറിയാൽ, സ്നേഹം കൊടുത്താൽ, തുറന്നു സംസാരിക്കാൻ അവളെ പ്രോത്സാഹിപ്പിച്ചാൽ അവൾ ശാന്തയാകും. സന്തോഷവതിയാകും. അതാണ് അച്ഛനും അമ്മയ്ക്കും ഭർത്താവിനും ചെയ്യാൻ കഴിയുന്നത്. അവളുടെ ജനനത്തെപ്പറ്റി അറിയാവുന്ന കാര്യങ്ങൾ തുറന്നു പറയാം. അവൾക്കു ചോദിക്കാൻ ഉള്ളതെല്ലാം ചോദിക്കട്ടെ. അവളുടെ മാനസിക അവസ്ഥയിൽ നിന്ന് കൊണ്ട് ചിന്തിച്ചാൽ മാത്രമേ അവൾ അനുഭവിക്കുന്ന സംഘർഷം മനസ്സിലാക്കാൻ മറ്റൊരാൾക്ക് സാധിക്കൂ. മകൾക്കും വൈകാരിക പിന്തുണ നൽകുന്നത് പ്രയോജനപ്പെടും.

ദത്തെടുക്കൽ അഥവാ അഡോപ്ഷൻ വളരെ പുണ്യകരമായ ഒരു പ്രവർത്തിയാണ്. എന്നാൽ അത് അത്ര എളുപ്പമോ നിസ്സാരമോ ആയ ഒരു കാര്യമല്ല. ഒരു കുഞ്ഞിന് സുരക്ഷിതത്വവും സ്നേഹവും നല്ലൊരു ജീവിതവും കൊടുക്കുന്നതിലുപരി മാതാപിതാക്കന്മാർക്കു സ്നേഹിക്കാനും ലാളിക്കാനും ഒരു പുതിയ അംഗത്തെ ലഭിക്കുകയുമാണ്. ഇവർ തമ്മിൽ പൊരുത്തപ്പെട്ടു പോകണം. തുടക്കത്തിൽ ചിലപ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം. വളരെ ക്ഷമയോടെ പതിയെ കുഞ്ഞിന്റെ സ്നേഹവും വിശ്വാസവും നേടണം.

പലരും ജനിച്ച ഉടനെ കുട്ടികളെ ദത്തെടുക്കാൻ ആണ് ആഗ്രഹിക്കുന്നത്. അപ്പോൾ കുട്ടിക്ക് വളരെ പെട്ടെന്ന് തന്നെ അവരുമായി ഇണങ്ങാൻ സാധിക്കും. ഒരു കുഞ്ഞിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കാനും ജീവിതാവസാനം വരെ എല്ലാ ചുമതലകളും നിർവഹിക്കാനും ഉള്ള ഒരു തീരുമാനമാണ് ദത്തെടുക്കൽ. ഇതിലെ സാമ്പത്തികവും വൈകാരികവും നിയമപരവുമായ കാര്യങ്ങളെ പറ്റി പൂർണ്ണധാരണയോടെ വേണം ഒരു തീരുമാനം എടുക്കാൻ. നമ്മുടെ നാട്ടിൽ സ്വന്തം കുഞ്ഞുങ്ങൾ ഉള്ളവർ സാധാരണയായി ദത്തെടുക്കൽ ആലോചിക്കാറില്ല. എന്നാൽ വിദേശ രാജ്യങ്ങളിൽ ഇത് സാധാരണമാണ്. ഒരു കുഞ്ഞിനെ കുടുംബത്തിലേക്ക് സ്വീകരിക്കുമ്പോൾ നമ്മുടെ സൗകര്യങ്ങൾക്കും സന്തോഷത്തിനും മീതെ ആ കുഞ്ഞിന്റെ സന്തോഷത്തിനു പ്രാധാന്യം നൽകണം.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 ഏപ്രിൽ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. കൃഷ്ണമൂർത്തി, C, XLI/417, പ്രിയദർശിനി, ചിറ്റൂർ റോഡ്, കൊച്ചി 682035 | 25000/- |
| 2. ശ്രീമതി. വാസന്തിമേനോൻ, ലക്ഷ്മി, കരിയർ സ്റ്റേഷൻ റോഡ്, കൊച്ചി 682016 | 25000/- |
| 3. ശ്രീ. ജി. ആർ. നായർ, വിജയ, HB/50, 2nd ക്രോസ് റോഡ്, പനമ്പിള്ളി നഗർ, കൊച്ചി 682036 | 12036/- |
| 4. ശ്രീമതി. ഗീത & ശ്രീ. ജയരാമൻ. പി, 4 എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രൊവിഡൻസ് റോഡ്, കൊച്ചി 682018 | 12000/- |
| 5. ശ്രീ. ശശിധരൻ . സി. എ, 32/2108 എ, മൈത്രി ലെയ്ൻ, മാമംഗലം, അഞ്ചുമന റോഡ്, ഇടപ്പള്ളി. പി. ഒ, കൊച്ചി 682024 | 10002/- |
| 6. എ. രവിശങ്കർ, അച്ചാട്ടിൽ, ദിവാൻസ് റോഡ്, കൊച്ചി 682016 | 10000/- |
| 7. ശ്രീ. കൃഷ്ണദാസ് മേനോൻ, 8 എ, സ്കൈലെയ്ൻ അമിറ്റി, സമാധി റോഡ് ഇടപ്പള്ളി, കൊച്ചി 682024 | 5000/- |
| 8. ശ്രീ. CDR സഞ്ജയ് ഗോപിനാഥ്, കൃഷ്ണം, 39/5647 എ, കുരിശുപള്ളി റോഡ്, കൊച്ചി 682015 | 5000/- |
| 9. ശ്രീ. എൻ. ആർ. കെ. മേനോൻ, വൃന്ദാവൻ, ടെമ്പിൾ റോഡ്, കടവന്ത്ര, കൊച്ചി 682020 | 5000/- |
| 10. ശ്രീ. കുന്നത്തു ജനാർദ്ദനൻ, വെമ്പളാശ്ശേരി ഹൗസ്, എം. ജി. റോഡ്, കൊച്ചി 682016 | 5000/- |





# കലണ്ടറിലെ രാഹുകാലം തെറ്റാണ്?

ഡോ. വി .എസ്.രാമകൃഷ്ണൻ നായർ, പ്രസിഡന്റ് CARD എറണാകുളം : 9349166669

**എന്താണ് രാഹുകാലം?**

**എന്താണ് ഗുളികകാലം?**

കലണ്ടറിൽ കാണുന്ന ഈ സമയങ്ങൾ ശരിയാണോ? അല്ല, എല്ലാ ദിവസവും സൂര്യോദയം, അസ്തമനം ഇവ രാവിലെ 6 നും വൈകിട്ട് 6 നും എന്ന് കണക്കിൽ കാണിച്ചിരിക്കുന്നതേ ശരിയല്ല. അതിനാൽ അവിടേയും തെറ്റുണ്ട്. പകലും രാത്രിയും 12 മണിക്കൂർ വീതം അല്ലാത്തതിനാൽ രാഹുകാലവും, ഗുളികകാലവും എല്ലാ ദിവസവും 1½ മണിക്കൂർ വീതം ആയിരിക്കുകയുമില്ല.

രാഹുകാലം, ഗുളികകാലം എന്നിവ എങ്ങിനെ കണക്കാക്കുന്നു? ഒരു ദിവസം 3 മണിക്കൂർ വീതമുള്ള 8 യാമങ്ങളാണ്. പകൽ 4 യാമം, രാത്രി 4 യാമം ഓരോ യാമത്തിന്റെയും പകുതിയെ യാമാർദ്ധം (1½ മണിക്കൂർ) എന്നു പറയുന്നു.

ഓരോ യാമാർദ്ധത്തിനും അധിപന്മാരായി 8 ഗ്രഹങ്ങൾ ഉണ്ട്. അവ സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു എന്നിവരാണ്. അതിൽ ശനിയുടെ ആധിപത്യ സമയമാണ് ഗുളികകാലം (ശനി= മന്ദൻ, മന്ദന്റെ പുത്രൻ മാന്ദി = ഗുളികൻ ) രാഹുവിന്റെ ആധിപത്യമുള്ള സമയമാണ് രാഹുകാലം. ഇതാണ് തത്ത്വം.

സർ സി.പി. രാമസ്വാമിഅയ്യർ എന്ന ദിവാനെ പറ്റിയ്ക്കുവാനായി അദ്ദേഹത്തിന്റെ ശത്രുക്കൾ തെറ്റായി ഉണ്ടാക്കിയ പ്രമാണമാണ് ഇന്ന് കലണ്ടറുകളിൽ കാണുന്ന രാഹുകാലം എന്നാണ് പണ്ടുള്ളവർ പറഞ്ഞിരുന്നത്. രാമസ്വാമി അയ്യരെ കൊല്ലുവാനായി, ശത്രുക്കൾ അദ്ദേഹത്തിന്റെ തലയിൽ വാളുകൊണ്ട് വെട്ടി എന്നാൽ അദ്ദേഹം തലപ്പാവിനടിയിൽ ചീനച്ചട്ടി കമത്തി വക്കാറുണ്ടായിരുന്നു. അതിനാൽ വാൾ തെറ്റി മാറി അദ്ദേഹത്തിന്റെ ചെവി അറ്റു പോയി. ഇത് നടന്ന സംഭവം. രാമസ്വാമി അയ്യർ എന്തും ചെയ്തിരുന്നത് രാഹു, ഗുളികൻ ഇവരുടെ സമയം നോക്കി ആയിരുന്നു. ആ സമയങ്ങൾ മനപൂർവ്വം തെറ്റിച്ച് കലണ്ടർ ഉണ്ടാക്കി കൊടുത്തിരുന്നത് അദ്ദേഹം സത്യമായി വിശ്വസിക്കുകയും ചെയ്തിരുന്നു.

***ഞായറാഴ്ചയിലെ യാമാർദ്ധത്തിന്റെ അധിപന്മാർ ഇപ്രകാരമാണ്***

| | | | |
|---|---|---|---|
| 6.00 a.m. | 7.30 a.m. | 1–ാം യാമാർദ്ധം | സൂര്യൻ |
| 7.30 a.m. | 9.00 a.m. | 2–ാം യാമാർദ്ധം | ചന്ദ്രൻ |
| 9.00 a.m. | 10.30 a.m. | 3–ാം യാമാർദ്ധം | ചൊവ്വ |
| 10.30 a.m. | 12.00 noon | 4–ാം യാമാർദ്ധം | ബുധൻ |
| 12.00 noon | 1.30 p.m. | 5–ാം യാമാർദ്ധം | വ്യാഴം |
| 1.30 p.m. | 3.00 p.m. | 6–ാം യാമാർദ്ധം | ശുക്രൻ |
| 3.00 p.m. | 4.30 p.m. | 7–ാം യാമാർദ്ധം | ശനി (ഗുളികകാലം) |
| 4.30 p.m. | 6.00 p.m. | 8–ാം യാമാർദ്ധം | രാഹു (രാഹുകാലം) |

രാഹുകാലക്രമത്തെ പറ്റിയുള്ള പ്രമാണം പറയുന്നത് രാഹുവിന്റെ യാമാർദ്ധം രാഹുകാലം എന്നാണ്. അങ്ങിനെ നോക്കുമ്പോൾ ഓരോ ദിവസവും, യഥാർത്ഥ രാഹുകാലവും കലണ്ടറിൽ കാണുന്ന രാഹുകാലവും ഇപ്രകാരമാണ്.

| *യഥാർത്ഥ രാഹുകാലം* | *കലണ്ടറിലെ രാഹുകാലം* | *അധിപൻ* |
|---|---|---|
| ഞായർ 4.30 p.m. 6.00 p.m. | 4.30 p.m. 6.00 p.m. | രാഹു |
| തിങ്കൾ 3.00 p.m. 4.30 p.m. | 7.30 a.m. 9.00 a.m. | ചൊവ്വ |
| ചൊവ്വ 1.30 p.m. 3.00 p.m. | 3.00 p.m. 4.30 p.m. | സൂര്യൻ |
| ബുധൻ 12.00 noon 1.30 p.m. | 12.00 noon 1.30 p.m. | രാഹു |
| വ്യാഴം 10.30 a.m. 12.00 noon | 1.30 p.m. 3.00 p.m. | ചൊവ്വ |
| വെള്ളി 9.00 a.m. 10.30 a.m. | 10.30 a.m. 12.00 noon | ചന്ദ്രൻ |
| ശനി 7.30 a.m. 9.00 a.m. | 9.00 a.m. 10.30 a.m. | രവി |

ഇതിൽ നിന്നും എപ്രകാരമാണ് രാഹു കാലഗണന തെറ്റിച്ചത് എന്നു കാണാം. ഞായറാഴ്ചയും, ബുധനാഴ്ചയും ഒഴികെയുള്ള എല്ലാ ദിവസങ്ങളിലേയും രാഹുകാലത്ത് രാഹു അല്ല അധിപൻ. ഈ വിധമുള്ള പല തെറ്റുകളും ഹിന്ദുക്കളുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും വന്നിട്ടുണ്ട്. യഥാർത്ഥത്തിലുള്ള രാഹുകാല ഗണന.

ജ്യോതിഷത്തിൽ അത്യഗാധപാണ്ഡിത്യം ഉണ്ടായിരുന്ന ഓണക്കൂർ ശങ്കരഗണകന്റെ ഗ്രന്ഥത്തിൽ നിന്നുമുള്ള പ്രസക്ത ഭാഗത്തിന്റെ പകർപ്പ് താഴെ കൊടുത്തിരിക്കുന്നു.

**രാഹുകാലം: ഒരു പകലിനെ എട്ടായി ഭാഗിച്ചാൽ ഓരോ ഭാഗവും സൂര്യാദിരാഹുപര്യന്തമുള്ള ഗ്രഹങ്ങളുടെ ഉദയകാലമാണ്. ഓരോ ആഴ്ചകളിലും അതാതു വാരാധിപന്മാരുടെ ഉദയമാണ് ആദ്യം. പിന്നീട് ക്രമമനുസരിച്ചാണ്. അപ്പോൾ ഞായറാഴ്ച പകലിന്റെ എട്ടാം ഭാഗത്തിലും, തിങ്കളാഴ്ച ഏഴാം ഭാഗത്തിലും, ചൊവ്വാഴ്ച ആറാം ഭാഗത്തിലും ബുധനാഴ്ച അഞ്ചാം ഭാഗത്തിലും വ്യാഴാഴ്ച നാലാം ഭാഗത്തിലും വെള്ളിയാഴ്ച മൂന്നാം ഭാഗത്തിലും ശനിയാഴ്ച രണ്ടാം ഭാഗത്തിലും രാഹുവിന്റെ ഉദയം വരുന്നു. യാത്രാദികൾക്ക് ഇക്കാലം ശുഭമല്ല. രാഹുവിന്റെ കാലത്തു പ്രശ്നമുണ്ടായാൽ സകല ക്രിയകളും നിഷ്ഫലമാകും.**

ഉദാഹരണമായി തെക്കു കിഴക്കേ കോണിലാണ് (അഗ്നികോൺ) അടുക്കള വേണ്ടത്. (എറണാകുളം ശിവക്ഷേത്രത്തിലേത് നോക്കുക) എന്നാൽ പണ്ട് വടക്കു കിഴക്കേ മൂലയിലാണ് (ഈശാനുകോൺ) അടുക്കള ഉണ്ടാക്കിയിരുന്നത്.

വിവാഹചടങ്ങുകൾ നടക്കുമ്പോൾ വധുവിന്റെ ഇരിപ്പിടം വരന്റെ വലതു വശത്താണ്. ഇടതു ഭാഗത്ത് ഇരിക്കേണ്ടത് വിവാഹശേഷമാണ്. ഭാര്യ ആയശേഷം വരണമാല്യം അണിയിച്ച ശേഷമാണ് താലികെട്ട്. വധു വരനെ മാലയണിയിച്ചാൽ മാത്രമേ അയാൾ വരൻ ആവുകയുള്ളൂ.

രാഹുകാലം നോക്കുന്നവർ മുകളിൽ കാണിച്ച യഥാർത്ഥ രാഹുകാലം നോക്കുന്നതായിരിക്കും നല്ലത്.

## വിശേഷ ദിവസങ്ങൾ

### 2018 മെയ് 16 മുതൽ ജൂൺ 15 വരെ

| | | |
|---|---|---|
| മെയ് 25 | | ശബരിമല പ്രതിഷ്ഠാദിനം |
| ജൂൺ 5 | | ലോകപരിസ്ഥിതി ദിനം, |
| | | കൊട്ടിയൂർ മഹാദേവക്ഷേത്രം ഇളനീർ വയ്പ് |
| 14 | | ലോക രക്തദാന ദിനം |





# യമവും നിയമവും



ലീല. കെ. നായർ. ഫോൺ : 9446333017

നാം ഇന്നറിയുന്ന രീതിയിലുള്ള യോഗാസനങ്ങളും പ്രാണായാമങ്ങളും ചിട്ടപ്പെടുത്തിയത് പതഞ്ജലി മഹർഷിയാണ്. യോഗശാസ്ത്രത്തിന്റെ ഒരു വിഭാഗമായ രാജയോഗത്തെ അദ്ദേഹം യമം, നിയമം (ആസനം, പ്രാണായാമം), പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി ഇങ്ങനെ എട്ടു ചവിട്ടുപടികളായി ചിട്ടപ്പെടുത്തി. ഇത് അഷ്ടാംഗ യോഗമെന്നും പതഞ്ജലി യോഗദർശനമെന്നും അറിയപ്പെടുന്നു.

അഷ്ടാംഗ യോഗത്തിലെ മൂന്നാമത്തെയും നാലാമത്തേയും പടവുകളാണ് യോഗാസനവും പ്രാണായാമവും. തൊട്ടുമുൻപുള്ള യമത്തിന്റെയും നിയമത്തിന്റെയും പടവുകൾ കയറിയിട്ടേ യോഗാസനത്തിന് ഇറങ്ങാവൂ എന്ന് പതഞ്ജലി മഹർഷി അനുശാസിക്കുന്നു. മനുഷ്യരെല്ലാം അറിഞ്ഞിരിക്കേണ്ടതും ആചരിക്കേണ്ടതുമായ നിയമങ്ങളത്രെ യമനിയമങ്ങൾ. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നീ അഞ്ചു ഘട്ടങ്ങളാണ് യമത്തിലുള്ളത്.

യാതൊരു ജീവജാലങ്ങളെയും മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉപദ്രവിക്കാതിരിക്കുക. വാക്കിലും പ്രവൃത്തിയിലും ചിന്തയിലുമൊക്കെ സത്യത്തെ മുറുകെപ്പിടിക്കുക. അവനവന് അർഹിക്കാത്തതൊന്നിലും ആശ വെയ്ക്കാതിരിക്കുക, നമ്മുടെ ശക്തിയും ചൈതന്യവും ധൂർത്തടിച്ച് അനാവശ്യ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തി നശിപ്പിക്കാതിരിക്കുക, ഭൗതികസുഖങ്ങളെല്ലാം നിയന്ത്രിതമായി മാത്രം ഉപയോഗിക്കാൻ മനസ്സിനെ പാകപ്പെടുത്തുക എന്നിവയൊക്കെ ചെയ്താൽ യമത്തിന്റെ ഘട്ടം കഴിയും.

ശൗചം, സന്തോഷം, തപസ്സ്, സ്വാധ്യായം, ഈശ്വരപ്രണിധാനം എന്നിവ അടങ്ങിയതാണ് നിയമം. ശൗചം എന്നാൽ ശുചിത്വം എന്നാണ് അർത്ഥം. ദൈനംദിന ജീവിതത്തിൽ സന്തോഷവാനായി ഇരിക്കുവാനും ശാന്തനായിരിക്കുവാനും ഏതൊക്കെ ചെയ്യുന്നുവോ അതൊക്കെ ചെയ്താൽ സന്തോഷവും തപസ്സുമായി. ദിവസവും കുറച്ചുനേരം നല്ല പുസ്തകങ്ങൾ വായിക്കുക, നല്ല കാര്യങ്ങൾ കേൾക്കുക, അവയെ ഉൾക്കൊള്ളുക ഇതൊക്കെ ആയാൽ സ്വാധ്യായമായി.

യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്ന ഇക്കാലത്ത് യമനിയമാദികളെക്കുറിച്ചുള്ള അറിവും അവരിലേയ്ക്ക് എത്തിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ഔഷധം സ്വീകരിക്കുമ്പോൾ അതിന്റെ പൂർണ്ണഫലം കിട്ടണമെങ്കിൽ അത് കഴിക്കേണ്ട സമയം, അളവ്, പഥ്യം എന്നിവ കൃത്യമായി പാലിക്കേണ്ടതുണ്ട്. അതുപോലെ തന്നെ യോഗയുടെയും, പ്രാണായാമത്തിന്റെയും, പൂർണ്ണഫലത്തിനായി നാം യമനിയമാദികൾ പാലിക്കുന്നുണ്ടോ എന്ന് സ്വയം ഒരു നിരീക്ഷണം നടത്തിയാൽ നന്നായിരിക്കും.

*(മിനിക്കഥ)*

# ധർമ്മകർമ്മം

ഉണ്ണി വാരിയത്ത്
ഫോൺ: 09867179480

അവൾക്ക് എല്ലാവരോടും അസൂയയായിരുന്നു. ഭർത്താവിനോടു പോലും എന്നു പറഞ്ഞാൽ കാര്യത്തിന്റെ ഗൗരവം മനസ്സിലാകുമല്ലോ.

അസൂയ ഏറ്റവും വലിയ പാപമാണ്. അത് മനസ്സിൽ വളരാൻ വിടുന്നത് ഏറ്റവും വലിയ ശാപവും.

ആരാധിച്ചില്ലെങ്കിലും അസൂയയാൽ ആരെയും അപകീർത്തിപ്പെടുത്താതിരിക്കാൻ മനസ്സിനെ പറഞ്ഞു പഠിപ്പിക്കുകയാണ് ഏറ്റവും വലിയ ധർമ്മകർമ്മം എന്ന് അവൾ മനസ്സിലാക്കിയെങ്കിൽ !

*(തുടർച്ച)*

# കർണ്ണൻ

പ്രൊ. സുമംഗലാ ദേവി (ഫോൺ : 9447785214)

കർണ്ണന്റെ ദാനശീലം : കർണ്ണന്റെ ദാനശീലത്തെ പ്രകീർത്തിക്കുന്ന ധാരാളം കഥകൾ ഇനിയുമുണ്ട്. ഒരിക്കൽ അർജ്ജുനൻ കൃഷ്ണനോടു ചോദിച്ചു. 'എന്താണ് കർണ്ണനെ ഇത്ര പുകഴ്ത്താൻ' എന്ന്? കൃഷ്ണൻ പുഞ്ചിരിയോടെ ഒരു ചെറിയ പരീക്ഷ നടത്താൻ തീരുമാനിച്ചു. ആദ്യ അവസരം അർജ്ജുനന് തന്നെ നൽകി. ഒരു സ്വർണ്ണമല ചൂണ്ടികാട്ടിയിട്ട് (ഭഗവാൻ മായയാൽ കൃത്രിമ മായി നിർമ്മിച്ചതാവാം) നീ അതു ദാനം ചെയ്തു വരാൻ പറഞ്ഞു. അർജ്ജുനൻ അത്ഭുതത്തോടെ മല നോക്കിക്കണ്ടു. എല്ലാം സ്വർണ്ണം . ഓരോരോ കല്ലെടുത്ത് ഓരോരുത്തരെ വിളിച്ച് ദാനമായി നൽകി. വൈകുന്നേരമായിട്ടും തീരുന്നില്ല . അവസനായി കൃഷ്ണന്റെ അടുത്തെത്തി. 'കൊടുത്തു തീർക്കാൻ പറ്റിയില്ല കൃഷ്ണാ' എന്നറിയിച്ചു. ശരി, അടുത്ത ചാൻസ് കർണ്ണനു കൊടുത്തു. ഇതു പോലെ മല ചൂണ്ടിക്കാട്ടി ദാനം ചെയ്യാൻ ആവശ്യപ്പെട്ടു. ക്ഷണനേരം കൊണ്ട് കർണ്ണൻ ദാനം പൂർത്തിയാക്കി തിരികെ എത്തി. കർണ്ണൻ എന്താണ് ചെയ്തത്? മലയുടെ അടുത്തെത്തി, കൈ കൊട്ടി ആളെ വിളിച്ചു. വന്നയാളോട്, 'ദാ, ഈ മല ദാനമായി തന്നിരിക്കുന്നു' എന്ന് പ്രഖ്യാപിച്ചു. അതാണ് കർണ്ണൻ.

കർണ്ണൻ ധർമ്മിഷ്ഠനായിരുന്നു: ധർമ്മിഷ്ഠനായിരിക്കണമെന്ന് അദമ്യമായ മോഹം കർണ്ണനെപ്പോഴുമുണ്ടായിരുന്നു. താൻ അധർമ്മത്തിന്റെ ഭാഗമായാണ് ചരിക്കുന്നതെന്ന യാഥാർത്ഥ്യ ബോധം കർണ്ണനുണ്ടായിരുന്നു. തന്റെ ജന്മ രഹസ്യം അറിയിച്ച ശേഷം, പാണ്ഡവ പക്ഷത്തു ചേരാനുള്ള കൃഷ്ണന്റെ ആഹ്വാനം, അതിന്റേതായ എല്ലാ അർത്ഥത്തിലും മനസ്സിലാക്കിയിട്ട് കർണ്ണൻ പറയുന്നു, ''ധർമ്മയുദ്ധത്തിൽ പാണ്ഡവ പക്ഷമാണ് വിജയിക്കാൻ പോകുന്നത്, അതവർ അർഹിക്കുന്നു''. കൃഷ്ണൻ കുരുകിരീടവും, പാഞ്ചാലിയുടെ ഭർത്തൃപദവും വച്ചു നീട്ടുന്നു. ആ പ്രലോഭനങ്ങളിലൊന്നും വീഴാതെ, തന്റെ ജനന രഹസ്യം പരസ്യപ്പെടുത്തരുതേ എന്ന അപേക്ഷയാണ് കൃഷ്ണന്റെ മുന്നിൽ വയ്ക്കുന്നത്. കാരണം അതറിഞ്ഞാൽ ധർമ്മാത്മാവായ യുധിഷ്ഠിരൻ ആ നിമിഷം രാജ്യം തനിക്കു നൽകുമെന്നും, താനത് സൗഹൃദശക്തിയാൽ ദുര്യോധനന്റെ കാൽക്കൽ സമർപ്പിക്കുമെന്നും ആണ്. അപ്പോൾ പാണ്ഡവ പക്ഷത്തെ ധർമ്മം വിജയിക്കാതെ പോകില്ലെ എന്നാണ് കർണ്ണന്റെ ചോദ്യം. ഭീഷ്മരോട് എതിർപ്പുണ്ടായിട്ടും ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരോട് മാപ്പു പറയാനും ധർമ്മാധർമ്മങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അക്ഷരംപ്രതി ശരിയാണെന്ന് സമ്മതിക്കാനും കർണ്ണൻ തയ്യാറാവുന്നു. ഭീഷ്മർ പതിച്ചപ്പോൾ , ദുര്യോധനൻ ആവശ്യപ്പെട്ടിട്ടും, സേനാധിപ സ്ഥാനമേൽക്കാതെ, ദ്രോണരെ സേനാപതിയാക്കിയതും കർണ്ണന്റെ ധർമ്മിഷ്ഠതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. അദ്ദേഹം കറകളഞ്ഞ ഒരു ധർമ്മാത്മാവാണെന്ന സത്യം അധികം അനാവരണം ചെയ്യപ്പെട്ടിട്ടില്ല. കർണ്ണന്റെ സദ്ഗുണങ്ങൾ പലതും ദുര്യോധനസഹവാസം നിമിത്തം ചരിത്രത്തിന്റെ ഇരുണ്ട താളുകളിൽ മറഞ്ഞു നിൽക്കുകയാണ്. കർണ്ണൻ തന്നെ അതിനെ കുറിച്ച് ബോധവാനുമാണ്. കർണഭൂഷണത്തിൽ കർണ്ണൻ പറയുന്നതായുണ്ട്.

'സൗഹാർദ്ദഘോരാപസ്മാരാവേശത്തിൽ ഞാൻ
ലോകത്തിൻ ദൃഷ്ടിയിൽ ദുഷ്ടൻ തന്നെ
ജീവിതത്രാസിലെ തങ്കത്തട്ടൊന്നെനി-
യ്ക്കാവിധം താഴുന്നു പങ്കപൂർണ്ണം
അമ്മട്ടിലായതു വീഴായ്‌വാൻ ദാനത്തെ
ഞാൻ മറ്റേത്തട്ടിലിട്ടൊപ്പിക്കുന്നു'

ഇതിൽപരമെന്തു തുറന്നു പറയലാണാവശ്യം? കർണ്ണാർജ്ജുന യുദ്ധത്തിൽ, അർജ്ജുനന്റെ കണ്ണിന്നു നേരെ അയച്ചതുകൊണ്ട് പാഴായിപോയ നാഗാസ്ത്രത്തിൽ വിഷജ്വാലയായി മറഞ്ഞിരുന്ന അശ്വസേനൻ എന്ന തക്ഷകപുത്രൻ ഒരിക്കൽ കൂടി നാഗാസ്ത്രം പ്രയോഗിച്ചാൽ അർജ്ജുനനെ അവസാനിപ്പിച്ചു തരാം എന്നു പറഞ്ഞപ്പോൾ , ഒരിക്കലയച്ച അസ്ത്രം വീണ്ടുമയ്ക്കുന്നത് ധർമ്മമല്ല എന്ന് കർണ്ണൻ ഓർമ്മിപ്പിക്കുന്നു. കൂടാതെ ശത്രുവിനെ തോല്പിക്കാൻ പരസഹായം പാടില്ല എന്നും കർണ്ണൻ പ്രതിവചിക്കുന്നു. ധർമ്മോചിതവും, ധീരോചിതവുമായ വാക്കുകളാണ് കർണ്ണനിൽ നിന്ന് പുറത്തു വരുന്നത്.

കർണ്ണൻ പഠനോത്സുകനായിരുന്നു : സൂതകുലത്തിന്റെ അർഹതയ്ക്കപ്പുറം ആയുധ വിദ്യയിൽ ക്ഷത്രിയരോടൊപ്പം നിപുണനാകാൻ ആ ബാലഹൃദയം കൊതിച്ചു. വരേണ്യ വർഗ്ഗത്തിന്റെ കുത്തിത്തിരുപ്പുകൾ ദ്രോണരിലൂടെ തന്നെ കർണ്ണനു അർഹതയുള്ളത് നിരസിച്ചു. എന്നിട്ടും കർണ്ണന്റെ ഇച്ഛാശക്തി ദ്രോണരുടെ ഗുരുവായ പരശുരാമന്റെ സവിധത്തിൽ എത്തിച്ചു. അല്പം വളഞ്ഞ വഴി, പ്രച്ഛന്നവേഷം, ആൾമാറാട്ടം എല്ലാം വിദ്യ അഭ്യസിക്കാൻ വേണ്ടി. അറിവ് ലഭിക്കാൻ വേണ്ടി ആയുധവിദ്യ എന്ന പുണ്യം ലഭിക്കാൻ വേണ്ടി. അതൊക്കെ അനുവദനീയമൊ എന്നത് മറ്റു പ്രശ്നം. പക്ഷേ കർണ്ണൻ പിടിക്കപ്പെട്ടു. സ്വന്തം മടിയിൽ തലവച്ചുറങ്ങിയിരുന്ന ഗുരുവിന് നിദ്രാഭംഗം





വരാതിരിക്കാൻ, സ്വന്തം തുട തുളച്ചു കയറിയ വണ്ടിനെ തുരത്തുവാൻ കർണ്ണൻ തുനിഞ്ഞില്ല. ഇന്ദ്രൻ പുത്രവാത്സല്യത്താൽ വണ്ടായി വന്ന് ചെയ്ത പണിയാണെന്ന് ഒരു കഥയുണ്ട്.

'ഹാ, സുതവാത്സല്യം ഭവ്യരെകൊണ്ടുമെ
ന്താസുര കർമ്മങ്ങൾ ചെയ്യിക്കില'. നാം വർത്തമാന കാലത്തിലും ഇതു ധാരാളം കാണുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ട്. പോകട്ടെ . അതിവേദന കടിച്ചമർത്തി ഗുരുസേവ ചെയ്തു കർണ്ണൻ . നിദ്രയിൽ നിന്ന് ഉണർന്ന ഗുരുവിന് തന്റെ ശിഷ്യൻ പ്രഖ്യാപിച്ചതു പോലെ ബ്രാഹ്മണനല്ല എന്ന് ബോദ്ധ്യമായി. തന്റെ നിദ്രയ്ക്ക് ഭംഗം വരുത്താത്ത ശിഷ്യനെ അഭിനന്ദിച്ചില്ല. ശപിക്കുകയും ചെയ്തു. കാപട്യത്തിലൂടെ നീ നേടിയ വിദ്യകൾ ആവശ്യമായ സമയത്ത് മറന്നു പോകട്ടെ എന്ന് ശാപം. ബ്രഹ്മാസ്ത്ര മന്ത്രം യഥാസമയം കർണ്ണനോർമ്മ വന്നില്ല. രഥചക്രങ്ങൾ മണ്ണിൽ താഴ്ന്നപ്പോൾ ആ ശിരസ്സു ഭേദിച്ചു കൊണ്ട് പാർത്ഥചാപം കടന്നു പോയി.

ശാപങ്ങൾ പിന്നെയുമുണ്ട്. ഒരിക്കൽ പരശുരാമന്റെ ആശ്രമത്തിനടുത്ത് ഉലാത്തുകയായിരുന്ന കർണ്ണൻ, ദർഭ കടിച്ച് അശുദ്ധമാക്കുന്ന പശുവിന്റെ നേരെ അസ്ത്രമയച്ചു. ശുഭദ എന്ന ആ പശുവിന്റെ ഉടമസ്ഥനായ ബ്രാഹ്മണൻ 'ആവശ്യമായ സമയത്ത് ആയുധം ഫലിക്കാതെ വരട്ടെ' എന്ന് ശപിച്ചു. അങ്ങനെ ശാപങ്ങളുടെ ഒരു നിരയും കർണ്ണനെ വേട്ടയാടിയിരുന്നു.

മാതൃസ്നേഹം : മാതാവിനാൽ ഉപേക്ഷിക്കപ്പെട്ട കർണ്ണൻ പക്ഷേ മാതാവിനെ ഏറെ സ്നേഹിച്ചിരുന്നു. ജനിച്ചപ്പോൾ തന്നെ നിസ്സഹായതയുടെ നീർക്കയത്തിലേക്കു തള്ളി വിട്ട മാതാവിനെക്കുറിച്ച് കർണ്ണൻ പരാതി പറയുന്നതേയില്ല. മറ്റൊരു പുത്രന്റെ ജീവൻ രക്ഷിക്കാൻ സീമന്തപുത്രന്റെ ജീവൻ ആവശ്യപ്പെടുന്ന അമ്മയെ കർണ്ണൻ നിരാശപ്പെടുത്തുന്നില്ല. അർജ്ജുനനെ ഒഴികെ ആരെയും താൻ വധിക്കില്ല എന്ന വാക്കാണ് അമ്മയ്ക്ക് നൽകിയത്. യുദ്ധത്തിൽ തോറ്റാലും ജയിച്ചാലും അമ്മയ്ക്ക് അഞ്ച് മക്കൾ ഉണ്ടാവും എന്നാണാ മകൻ വാക്കുകൊടുക്കുന്നത്. അപ്പോൾ അർജ്ജുനനെ മാത്രം രക്ഷപ്പെടുത്തിയാൽ മതി എന്ന സ്ഥിതിയിലേക്കു കാര്യങ്ങൾ എത്തി. എല്ലാത്തിനും കാരണക്കാരിയായ കുന്തി മാതാവ് തന്റെ കൃത്യനിർവ്വഹണത്തിനു തടസ്സമായി പ്രത്യക്ഷപ്പെട്ടപ്പോൾ അവരെ ദഹിപ്പിച്ച് ഭസ്മമാക്കാതിരുന്നതും കർണ്ണന്റെ മഹാമനസ്കത. ആ മാതൃത്വത്തിനു മുന്നിൽ സാന്ത്വനവും, ധർമ്മച്യുതിയില്ലാത്തതുമായ വാഗ്ദാനം നൽകിയത് കർണ്ണന്റെ സാംസ്കാരിക മേന്മ.

സൗഹൃദത്തിന്റെ ശക്തി: സുഹൃദ്ബന്ധത്തിന്റെ ശക്തമായ ഉദാഹരണമാണ് ദുര്യോധനനും കർണ്ണനും തമ്മിലുള്ളത്. ആയുധാഭ്യാസ കാലത്തു തന്നെ കർണ്ണൻ ക്ഷത്രിയനാണെന്നും , ഏതോ കാരണത്താൽ ഉപേക്ഷിക്കപ്പെട്ടവനാണെന്നും, ദുര്യോധനൻ മനസ്സിലാക്കി. അതു കൊണ്ടു കൂടിയാണ്, സൂതപുത്രനെന്ന് ആക്ഷേപിക്കപ്പെട്ടപ്പോൾ അംഗരാജാവായി അഭിഷേകം ചെയ്തുകൊണ്ട് കർണ്ണനെ അപമാനത്തിൽ നിന്ന് രക്ഷിച്ചത്.

'ആരെടാ നീയൊരു സൂതനല്ലേ, നിന
ക്കീ രാജഗോഷ്ടിയിലെന്തു കാര്യം?' എന്ന് ചോദിച്ച കൃപരോട്

'വ്യക്തിയും ജാതിയും തർക്കത്തിലല്ലാതെ
ഈ ധനുർ വേദത്തിലെങ്ങിരിപ്പൂ' എന്ന് ചോദ്യം ചെയ്യാൻ ദുര്യോധനൻ തയ്യാറായി കർണ്ണന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ, തന്നെ അംഗരാജാവായി അഭിഷേകം ചെയ്യാനുള്ള തീരുമാനം; ആ

'നിശ്ചയത്തിന്നൊട്ടും താമസിച്ചീല, ത
ന്റിച്ഛനോടൊന്നുമേ ചോദിച്ചീല
തൊണ്ണൂറുമൊൻപതും സോദരർക്കോരോരോ
മന്നിടം വേണമെന്നോർമ്മിച്ചീല.
പിന്ഷരിക കൊണ്ടുള്ള ജാലം കണക്കു ഞാൻ
കൺചിമ്മും മുമ്പിലീകാര്യം തീർന്നു.'

അപമാനിതനായി എരിഞ്ഞു നിന്ന താൻ കണ്ണടച്ചു തുറക്കും മുമ്പെ അംഗരാജാവായി അഭിമാന പുളകിതനായി. ആ രംഗം മായ്ച്ചാലും മായാതെ തെളിഞ്ഞു നിൽക്കുമെന്നു കർണ്ണൻ, കൂടാതെ

'ആദ്യമായ് ഔദാര്യ പാഠം പഠിപ്പിച്ചോ
രദ്ദേശിക്കന്നു ഞാൻ ഗർഭദാസൻ' എന്നാണ് കർണ്ണൻ പറയുന്നത്. അത്, ആ വിധേയത്വം, എന്നും കർണ്ണൻ കാത്തു സൂക്ഷിച്ചു.

ഏതെല്ലാം സദ്ഗുണങ്ങളുണ്ടായാലും ദുർജ്ജന സംസർഗ്ഗം അതിന്റെ ശോഭ കെടുത്തുക തന്നെ ചെയ്യും. സ്വയംവര സദസ്സിൽ പന്തയം ജയിച്ച കർണ്ണൻ തന്നെ വരണമാല്യം ചാർത്തുമെന്ന ഘട്ടം വന്നപ്പോൾ 'ഈയാൾ സൂതനാണ്, ഇയാളെ ഞാൻ വരിക്കില്ല' എന്ന് വിളിച്ചു പറഞ്ഞ ദ്രൗപതിയോടുള്ള പക ഒരു കനൽക്കട്ട പോലെ കർണ്ണന്റെ ഉള്ളിൽ ജ്വലിച്ചു നിന്നു. അതുപോലെ ഏതു വളഞ്ഞ വഴിയിലൂടെയും താൻ ഉദ്ദേശിക്കുന്ന കാര്യം സാധിക്കണമെന്ന ചിന്തയും കർണ്ണനിൽ കറുത്തപാടായി അവശേഷിക്കുന്നു. അധർമ്മ മാർഗ്ഗത്തിലൂടെ ചരിക്കുന്ന സുഹൃത്തിനെ ധർമ്മമാർഗ്ഗത്തിലൂടെയുള്ള വഴിയിലേക്ക് നയിക്കാൻ ഒരിക്കലും കർണ്ണൻ തുനിയുന്നില്ല. ദൈത്യനേതാക്കൾ ദുര്യോധനനോട് പറയുന്നുണ്ട്, സൂര്യാംശു സംഭൂതനായ കർണ്ണനിൽ നരകാസുരന്റെ ആത്മാവ് ആവേശിച്ചിട്ടുണ്ടെന്നും, സൂര്യതേജസ്സോടൊപ്പം അസഹ്യമായ തീഷ്ണത കർണ്ണനിൽ ഉണ്ടാകുമെന്നും, അതുകൊണ്ടാവാം ധർമ്മ മാർഗ്ഗത്തിൽ ഉറച്ചു നിൽക്കേണ്ട പല സന്ദർഭങ്ങളിലും കർണ്ണൻ അതിൽ നിന്ന് വ്യതിചലിച്ചു പോകുന്നത്. ദ്രൗപതി വസ്ത്രാക്ഷേപം നടക്കുമ്പോൾ വന്ദ്യ വയോധികരായ ഭീഷ്മരും , കൃപരും നിസ്സഹായരായി കണ്ണടച്ചിരിക്കെ (അതും തെറ്റു തന്നെ) കർണ്ണൻ ഉള്ളിലെ പകയാൽ

അതാസ്വദിച്ചു എന്നും പറയുന്നുണ്ട്. ഇതിലൊക്കെ ഉപരി, അഭിമന്യു പത്മവ്യൂഹത്തിൽ പെട്ട് അന്ത്യശ്വാസം വലിക്കുമ്പോൾ, സമീപത്ത് ഉണ്ടായിരുന്ന കർണ്ണൻ, അഭിമന്യു ആവശ്യപ്പെട്ടിട്ടും അന്ത്യദാഹം ശമിപ്പിക്കുവാൻ ദാഹജലം കൊടുത്തില്ല പോലും. അക്ഷന്തവ്യമായ അപരാധം.

എങ്കിലും, സൂര്യാംശമായ കർണ്ണൻ, പൗരുഷത്തിന്റെ പ്രതീകമാണ്; ധീരനാണ് ; ധർമ്മിഷ്ഠനാണ്, ദാനശീലത്തിൽ അഗ്രേസരനാണ്; മൈത്രീബന്ധത്തെ ജീവനിലും ഉപരികാത്തു സൂക്ഷിച്ചവനാണ്; വിധി വൈപരീത്യത്താൽ പരാജയങ്ങളേറ്റു വാങ്ങിയപ്പോഴും തന്റെ ധാർമ്മികത കഴിയും വിധം ഉയർത്തി പിടിച്ചവനാണ്. മഹാഭാരതത്തിന്റെ സന്ദേശം തന്നെ ധർമ്മപരായണത ആണല്ലോ. മനുഷ്യത്വത്തിനും സാമൂഹിക മര്യാദകൾക്കും, ഉത്കൃഷ്ടമാതൃകകൾക്കും, മനസാക്ഷിക്കും ഇണങ്ങുന്ന ആചരണമായ ധർമ്മത്തെ നമുക്ക് എന്നും ഉയർത്തിപ്പിടിക്കാം.

## ടി. വി. ആർ. ഷേണായ്ക്ക് ആദരാഞ്ജലികൾ



പ്രഗത്ഭരായ ഭാരതീയ പത്രപ്രവർത്തകരിലെ, അതിപ്രഗത്ഭനായിരുന്ന ശ്രീ. ടി.വി. ആർ. ഷേണായ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. സത്യസന്ധമായ പത്രപ്രവർത്തനം, നാടിനും നാട്ടാരുടെ ഉൽക്കർഷത്തിനും വേണ്ടി എങ്ങനെ നടത്തണമെന്ന് തന്റെ നീണ്ട 50 വർഷത്തെ പത്രപ്രവർത്തനത്തിലൂടെ കാണിച്ചു കൊടുത്ത ആ മഹാന്റെ പ്രവർത്തനം പുതിയ തലമുറയ്ക്ക് മാർഗ്ഗദർശകമായെങ്കിൽ! അദ്ദേഹത്തിന്റെ കാലടികളെ പിന്തുടർന്ന്, രാഷ്ട്രശരീരത്തിന്റെ അന്തസ്സിന് ക്ഷതമേൽപ്പിക്കാത്ത പത്രപ്രവർത്തനശൈലി ഇന്നത്തെ പത്രപ്രവർത്തകരിൽ നിന്ന് ഉണ്ടായെങ്കിൽ! ഭരണപ്രതിപക്ഷഭേദമില്ലാതെ, ജാതി, മത, വർഗ്ഗ ഭേദമില്ലാതെ എല്ലാവരുടെയും ആദരവ് പിടിച്ചു പറ്റുവാൻ ഉതകും വിധമുള്ള മാധ്യമപ്രവർത്തനമാണ് അദ്ദേഹം നടത്തിയിരുന്നത്. ഈ മഹാന്റെ വിടവാങ്ങലിന് ശേഷം ആദരാഞ്ജലികൾ അർപ്പിക്കുവാനായി രാഷ്ട്രീയഭേദമില്ലാതെ, മുതിർന്ന തലമുറയിലെ ശ്രീ. എൽ. കെ. അദ്വാനി, എ.കെ. ആന്റണി, കെ.വി. തോമസ്, ഡി. രാജ, സീതാറാം യച്ചൂരി, ഉമ്മൻചാണ്ടി മുതൽ പുതിയ എം.പിമാരും, തലസ്ഥാന നഗരിയിലെ മാത്രമല്ല, ഇൻഡ്യയിലെമ്പാടുമുള്ള പത്രപ്രവർത്തകരും എത്തിച്ചേർന്നതു തന്നെ ആ മഹാന്റെ വ്യക്തിത്വത്തെ എടുത്തു കാട്ടുന്നതാണ്.

ശ്രീ. ഷേണായ് എറണാകുളം കരയോഗത്തിന്റെ ചിരകാല സുഹൃത്തും, അഭ്യുദയകാംക്ഷിയുമായിരുന്നു. കരയോഗത്തിന്റെ നവതി ആഘോഷവേളയിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നും പ്രശസ്ത പ്രവർത്തനം കാഴ്ചവെച്ച ഒമ്പതു വ്യക്തികളെ തെരഞ്ഞെടുത്ത് നവരത്നപുരസ്കാരം നൽകി ആദരിച്ചപ്പോൾ, മികച്ച പത്രപ്രവർത്തകനായി ശ്രീ.ഷേണായിയെ തെരഞ്ഞെടുക്കുവാൻ രണ്ടാമത് ഒന്ന് ചിന്തിയ്ക്കേണ്ടി വന്നില്ല. അങ്ങിനെപത്രപ്രവർത്തന രംഗത്തെ മികച്ച സംഭാവനകൾക്കുള്ള എറണാകുളം കരയോഗത്തിന്റെ നവരത്നപുരസ്കാരം 2015 ൽ എറണാകുളം കരയോഗത്തിൽ വച്ച് അദ്ദേഹം ശ്രീ. എം.പി. വീരേന്ദ്രകുമാറിൽ നിന്ന് സ്വീകരിക്കുകയുണ്ടായി. പുരസ്കാര വിവരം അറിയിച്ച് അദ്ദേഹത്തെ പരിപാടിയിലേക്ക് ക്ഷണിക്കാൻ ചെന്ന കരയോഗപ്രതിനിധികളോട് സമയക്കുറവുണ്ട്, വരാൻ ബുദ്ധിമുട്ടുണ്ട് എന്ന് പറഞ്ഞു. അദ്ദേഹത്തിന് കരയോഗസൗഹൃദത്തിന്റെ തൊട്ടുമുമ്പുള്ള നാലു കോപ്പികൾ വായിക്കാൻ നല്കി. അത് വായിച്ചു കഴിഞ്ഞ അദ്ദേഹം പറഞ്ഞത് ഇന്ന് മലയാളഭാഷയിൽ പ്രസിദ്ധീകരിക്കുന്ന മാസികകളിൽ ഏറ്റവും നല്ല രണ്ട് മാസികകളിൽ ഒന്നാണ് ഇത്. ഞാൻ പരിപാടിക്ക് തീർച്ചയായും വരും. അങ്ങനെ ഈ രാജ്യത്ത് ഏറ്റവും തലമുതിർന്ന മാദ്ധ്യമ പ്രവർത്തകനിൽ നിന്നും കേട്ട ആ നല്ല വാക്കുകൾ, നിഷ്പക്ഷമായ ആ വിലയിരുത്തലുകൾ, അത് ഞങ്ങൾക്ക് എന്നും പ്രചോദനമേകും. മാദ്ധ്യമരംഗത്ത് തെളിഞ്ഞുനിന്ന ആ പ്രഭാപൂരത്തിന്റെ പ്രഭയിൽ ഞങ്ങളും മുമ്പോട്ട് നീങ്ങും. പുരസ്കാരം സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ ......സാനു മാസ്റ്റർ എന്റെ ഗുരുവാണ്. ലീലാവതി ടീച്ചർ ഗുരുസ്ഥാനീയയും. നവരത്ന പ്രതിഭകളുടെ ലിസ്റ്റിൽ ഇവരുടെ പേരുകൾക്ക് മുമ്പ് എന്റെ പേര് ആദ്യം വെച്ചതിൽ എനിക്ക് പ്രതിഷേധമുണ്ട്. പിന്നെയൊരു സമാധാനം വി ഐ പി കൾക്ക് മുമ്പ് ആദ്യം സഞ്ചരിക്കുക പൈലറ്റ് വാഹനമാണല്ലോ. എനിക്ക് കിട്ടുന്ന സംഭാവനകൾ വ്യാസന്റെ ജന്മസ്ഥലമായ കൽപിയിലെ സ്മാരക കോംപ്ലക്സിനാണ് നൽകാറുള്ളത്. അവിടെ സ്കൂളുകളും ക്ഷേത്രവും സാംസ്കാരിക കേന്ദ്രവുമൊക്കെയുണ്ട്. ഇവിടെ കിട്ടിയ സംഖ്യയും കുറച്ചു സംഖ്യയും കൂട്ടി ഞാൻ കൽപിയിലെ കേന്ദ്രത്തിലേക്ക് കൊടുക്കുന്നുണ്ട്. അതിനാൽ ഇവിടെ മറ്റ് ചിലർ ചെയ്തതു പോലെ, കിട്ടിയ പുരസ്കാര തുക മടക്കിത്തരുന്നില്ല. ഹാളിൽ ചിരിപടർത്തിയ ഷേണായിയുടെ പ്രസംഗത്തിന്റെ ഹരം തീരും മുമ്പേ കരയോഗം ജനറൽ സെക്രട്ടറി വേണു അയ്യായിരം രൂപയുടെ ചെക്ക് നൽകി ഷേണായിയുടെ കൽപി സംഭാവന തുക വർധിപ്പിച്ചത് സദസിൽ നീണ്ട ചിരിക്ക് വക നൽകി. കരയോഗത്തിന്റെ ആത്മമിത്രമായിരുന്ന ശ്രീ. ടി. വി. ആർ. ഷേണായിയുടെ വേർപാടിൽ എറണാകുളം കരയോഗത്തിനുള്ള അഗാധമായ ദു:ഖം രേഖപ്പെടുത്തുകയും, സന്തപ്ത കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.





# ഋതുഭേദമറിയാതെ.....

പത്മജ മേനോൻ ഫോൺ : 8289887472

ശാലിനിയുമായി പല ക്ഷേത്രങ്ങളും സന്ദർശിച്ചു. അവളിൽ മാറ്റങ്ങൾ ഒന്നും സംഭവിച്ചില്ല. നിസ്സീമമായ നിരാശ മാത്രമായിരുന്നു ഫലം. ജീവിതയാനത്തിൽ ജന്മാന്തരങ്ങളുടെ പകർപ്പ് എന്നപോലെ ഞങ്ങൾ രണ്ട് സമാന്തരരേഖകളായി സഞ്ചരിച്ചു. വെളിച്ചം മങ്ങിയ നാലുകെട്ടിൽ ഓർമ്മകൾ മറവിയിൽ ലയിച്ച ശാലിനിയുടെ മുന്നിൽ ദു:ഖത്തിന്റെ ബ്രഹ്മാണ്ഡം മനസ്സിൽ ഒതുക്കി ഒരു പരിവർത്തനത്തിനായി താൻ ഉത്കണ്ഠയോടെ കാത്തിരുന്നു.

ഉണർവിൻ പ്രഭാതങ്ങളും അലസമദ്ധ്യാഹ്നങ്ങളും നിറമുള്ള സന്ധ്യകളുമെല്ലാം യഥാക്രമം കടന്നുപോയി. ശോകമൂകമായ കറുത്ത നാളുകളിൽ സാന്ദ്രമോൾ ഒരു നൊമ്പരച്ചിത്രമായി മനസ്സിൽ അവശേഷിച്ചു. അതിനിടയിൽ തന്നെ ആശ്വസിപ്പിക്കുകയും, വിഷമിക്കരുത്, നിർഭയത്വത്തോടെ സധൈര്യം മുന്നേറുക എന്നു പറഞ്ഞ് മെസേജ് രാഹുൽ തനിക്ക് അയച്ചുകൊണ്ടിരുന്നു. പുരാണകഥകളുടെയും, മഹാത്മാക്കളുടെയും ഉപദേശ നിർദ്ദേശങ്ങളെല്ലാം തന്റെ മകൻ തനിക്ക് വീഡിയോയായി അയയ്ക്കുമായിരുന്നു. കുറച്ചു ദിവസമായി ഒരു വിവരവുമില്ല. മെസേജ് ഒന്നും വരുന്നില്ല. അവന് ഇതെന്തുപറ്റി ദിവസങ്ങളായിരിക്കുന്നു ഒരു ബന്ധവുമില്ലാതെ ഒടുവിൽ അവന്റെ കോളേജിൽ വിളിച്ചു ചോദിച്ചു. അവരും പരിഭ്രാന്തരാണ് അവനെ കാണാത്തതിൽ. ആരോടും ഒന്നും പറയാതെ അവൻ എവിടെ പോയി...........? അവൻ വളരെ സന്തോഷത്തോടെയാണല്ലോ എന്നോട് സംസാരിച്ചിരുന്നത്. അവന് വല്ല വിഷമവും ഉണ്ടായിരുന്നോ.......? അവന് താൻ ഒരു കൂട്ടുകാരനെപോലെയാണ്, അവൻ തന്നോട് മനസ്സ് തുറക്കാറുണ്ട്. ദൈവമേ....അവന് ഒരാപത്തും വരുത്തരുതെ..........!

വെണ്ണീറുകൊണ്ട് മൂടിയ അഗ്നിയെപ്പോലെയുള്ള മനസ്സുമായി നടക്കുന്ന തന്റെ അരികിലേക്ക് പ്രതീക്ഷിക്കാതെ ഒരു ശംഖനാദം മുഴക്കികൊണ്ട് വേനലിലെ മഴപോലെ ഒരു ഫോൺകോൾ വന്നു. 'ഞാൻ മാർട്ടിൻ ജോസഫ്, രാഹുലിന്റെ കൂട്ടുകാരനാണ്. എനിക്ക് അങ്കിളിനോട് കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട്' എന്നു പറഞ്ഞു. മാർട്ടിൻ ഇന്ന് സന്ധ്യയ്ക്ക് എത്തും എന്തായിരിക്കും അവന് പറയാനുള്ളത്. സമയസൂചിക അഭംഗുരം നീങ്ങിക്കൊണ്ടിരുന്നെങ്കിലും സന്ധ്യവന്നണയുവാൻ വേണ്ടി വിനയചന്ദ്രൻ ഉത്സുകനായി കാത്തിരുന്നു.

താമസിയാതെ ഹോണ്ട സിറ്റി കാറിൽ മാർട്ടിൻ ജോസഫ് വന്നിറങ്ങി. അടക്കി നിറുത്തിയ കണ്ണുനീർ അവനെ കണ്ടപ്പോൾ പെയ്തിറങ്ങുവാൻ തുടങ്ങി. കുറച്ചു നേരത്തിനുശേഷം മാർട്ടിൻ തന്റെ കൈയ്യിൽ പിടിച്ച് പറഞ്ഞു. അങ്കിൾ എല്ലാം സാവധാനത്തിൽ കേൾക്കണം. ഒരല്പം മാറി നിൽക്കാം എന്നു പറഞ്ഞു അവനെയുംകൊണ്ട് തൊടിയിലെ തറകെട്ടിയ മാവിൻചോട്ടിൽ പോയിരുന്നു. മാർട്ടിൻ പറഞ്ഞു തുടങ്ങി. ഞാനും രാഹുലും നല്ല സുഹൃത്തുക്കളായിരുന്നു. കുറച്ചു ദിവസങ്ങളായി അവനെ കാണുന്നുണ്ടായിരുന്നില്ല. ഞങ്ങൾ വേറെ വേറെ സ്ഥലത്തായിരുന്നു താമസിച്ചിരുന്നത്. പഠിക്കുന്ന തിരക്കിലായിരിക്കും എന്നു ഞാൻ കരുതി. പിന്നെ അവനെ ഫോൺ ചെയ്തിട്ടും കിട്ടുന്നില്ല. ഒരു ദിവസം ഒരു ഉൾപ്രേരണയുണ്ടായി അവന്റെ ഇമെയിൽ ID യുടെ പാസ് വേഡ് എനിക്ക് അറിയാമായിരുന്നു. ഞാൻ വെറുതെ തുറന്നു നോക്കി. അപ്പോഴാണ് ഒരു മെയിൽ കണ്ടത് അങ്കിൾ വായിച്ചു കൊള്ളു എന്ന് പറഞ്ഞ് മാർട്ടിൻ തന്റെ കൈയ്യിലുള്ള ലാപ്ടോപ്പ് തുറന്നു കാണിച്ചു.

രാഹുൽ എന്നോട് ക്ഷമിക്കണം. നിന്നോട് ഞാൻ എങ്ങനെയാ അത് പറയുക, ഞാൻ യാത്ര പറയുകയാണ് എന്നെ മനസ്സിലാക്കുവാൻ നിനക്ക് മാത്രമേ കഴിയൂ നീ പിടിച്ച് നില്ക്കണം. അമ്മയ്ക്ക് ഒരു Companion കിട്ടുക എന്നത് എന്റെ വലിയ ആഗ്രഹമായിരുന്നു. അത് അമ്മ സ്നേഹിച്ച ആളെ തന്നെ കിട്ടി. അമ്മയുടെ സന്തോഷം കാണേണ്ടതായിരുന്നു. എനിക്ക് ഒരു സഹോദരൻ ഉണ്ടെന്നും പറഞ്ഞു. അമ്മ അയച്ചു തന്ന ഫോട്ടോ നോക്കിയ ഞാൻ ഞെട്ടിപ്പോയി. അത് രാഹുലിന്റെ അച്ഛനായിരുന്നു. വിനയേട്ടൻ എന്ന് അമ്മ പറഞ്ഞ ആൾ രാഹുലിന്റെ അച്ഛനാണ്. രാഹുലും അച്ഛനുമായിട്ടുള്ള ഫോട്ടോവാണല്ലോ ഡി.പി യിൽ ഇട്ടിരിക്കുന്നത്. ഞാൻ തകർന്നു തരിപ്പണമായിപോയി. ഭർത്താവായി മാറിയ ആളെ എങ്ങനെയാണ് സഹോദരനായി കാണുക.

എനിക്കതിന് കഴിയില്ല. ആർക്കും അതിനു കഴിയില്ല. അവർ നമ്മുടെ ബന്ധമറിഞ്ഞാൽ നമ്മൾക്കുവേണ്ടി അവർ വീണ്ടും പിരിയും അത് പാടില്ല. അവർ ജീവിക്കണം വൈകിയ വേളയിൽ എങ്കിലും അവരുടെ അടങ്ങാത്ത സ്നേഹത്തിന് ഒരു അർത്ഥമുണ്ടാവണം. നമ്മൾ അതിന് ഒരു വിലങ്ങു തടിയാവരുത്. നമ്മൾ കുറച്ചു വർഷം കൊണ്ടു തന്നെ എത്ര അടുത്തു പോയി. അപ്പോൾ ഇക്കാലമത്രയും മനസ്സിൽ അടക്കി നിറുത്തിയ അവരുടെ ഇഷ്ടത്തിന്റെ തീവ്രത നമ്മൾ മനസ്സിലാക്കണം. മനസ്സിലാക്കിയെ മതിയാവൂ........! രാഹുൽ ഒന്നും പുറത്ത് കാണിക്കാതെ മനസ്സിൽ എല്ലാം കുഴിച്ചു മൂടണം. വേദനയുടെ കാഠിന്യം എനിക്കറിയാം. പക്ഷേ നമ്മുടെ അച്ഛനമ്മമാർക്ക് വേണ്ടി നമ്മൾക്ക് ചെയ്യുവാൻ കഴിയുന്നത് ഇതു മാത്രമാണ്. അടുത്ത വർഷം നമ്മൾക്ക് പഠനം കഴിഞ്ഞ് നാട്ടിലേയ്ക്ക് തിരിച്ചുപോയി........എന്തെല്ലാം സ്വപ്നങ്ങളായിരുന്നു. വേണ്ട .....ഒന്നും ഓർക്കണ്ട എന്റെ അമ്മയ്ക്ക് ആൺകുട്ടികളെ വലിയ ഇഷ്ടമാണ്. അതുകൊണ്ട് രാഹുലിനെ അമ്മയ്ക്ക് ഒരു പാട് ഇഷ്ടമാവും. അവരുടെ മകനായി രാഹുൽ രണ്ടുപേരെയും സന്തോഷിപ്പിക്കണം. നമ്മൾ രണ്ടു പേരും നഷ്ടപ്പെട്ടാൽ അവർക്ക് മക്കളില്ലാതാവും. അതവർക്ക് താങ്ങുവാൻ പറ്റില്ല. എന്റെ വിയോഗം അമ്മയെ ആടിയുലക്കുമെങ്കിലും നിങ്ങളുടെ സ്നേഹാധിക്യത്താൽ അമ്മയുടെ ഓർമ്മകളിൽ നിന്ന് പതിയെ പതിയെ ഞാൻ മാഞ്ഞു പൊയ്ക്കോളും. എല്ലാം നല്ലതിനാണ്, നല്ലതെ വരൂ ഞാൻ കാത്തിരിക്കാം അടുത്ത ജന്മത്തിനായി. കത്ത് വായിച്ച വിനയചന്ദ്രന്റെ കണ്ണുനീർ ഗംഗാപ്രവാഹം പോലെ ഒഴുകി എത്തി. മറ്റൊരു 'മെയിൽ' കൂടി മാർട്ടിൻ കാണിച്ചു കൊടുത്തു. 'സാന്ദ്ര...... നീ പറഞ്ഞപ്പോലെ ജീവിക്കുവാൻ എനിക്ക് കഴിയുന്നില്ല അച്ഛന്റെ മുന്നിൽ ഞാൻ പതറുകയാണ്. ഇപ്പോൾ വാട്സ് ആപ്പിലൂടെ എഴുതുകയാണ് വീഡിയോ കോൾ ചെയ്യുന്നില്ല അച്ഛനെ അഭിമുഖീകരിക്കാൻ എനിക്ക് കഴിയുന്നില്ല. മനസ്സ് ഒട്ടും ശാന്തമല്ല എനിക്ക് നിന്നെ കാണാൻ തോന്നുന്നു. ഞാൻ യാത്ര പോകുന്നു. എനിയ്ക്കാരെയും കാണാൻ വയ്യ.... മന:സമാധാനം തേടി ഹിമാലയസാനുക്കളിലേക്കോ, അല്ലെങ്കിൽ വാനപ്രസ്ഥം കരസ്ഥമാക്കി ശാന്തി നേടാൻ ആദ്ധ്യാത്മിക തലത്തിലേക്കോ. അതുമല്ലെങ്കിൽ ആഴക്കടലിലേക്കോ... വയ്യ...... എനിക്ക് ഈ ഭാരവും പേറി നടക്കാൻ മാപ്പ്.... സാന്ദ്ര.....മാപ്പ്'. അത് വായിച്ച് വിനയചന്ദ്രൻ മുഖം പൊത്തി ഏങ്ങലടിച്ചു. വിധി വേദനകളുടെ മടിശ്ശീല തനിക്കു മുന്നിൽ അഴിച്ചിട്ട് കൊഞ്ഞനം കുത്തുകയാണ്. കുട്ടികൾ എന്തിനാണ് ഞങ്ങളെ ഇങ്ങനെ ശിക്ഷിച്ചത്. എന്നിട്ടിപ്പോൾ എന്ത് നേടി.....? വിധിയുടെ ക്രൂരമായ മൃഗീയതക്ക് വീണ്ടും ഇരയായി. എന്റെ ഈശ്വരാ.... എല്ലാം മറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ.....! മാർട്ടിൻ തന്നെ ചേർത്ത് പിടിച്ച് പറഞ്ഞു. 'അങ്കിൾ സാവധാനം എല്ലാം ഉൾക്കൊള്ളണം. ഈ ജീവിതവുമായി താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കണം. ഓർമ്മകൾ മരവിച്ച ശാലിനി ആന്റിക്ക് ആരുമില്ലെന്ന ഓർമ്മ വേണം. ഞാൻ ഇനിയും വരാം' എന്ന് പറഞ്ഞ് യാത്ര പറഞ്ഞ് ഇറങ്ങി. ഒന്ന് ശബ്ദിക്കുവാൻ പോലും പറ്റാതെ നിറക്കണ്ണുകളോടെ താൻ കൈവീശി കാണിച്ചു.

അന്ന് നിനച്ചിരിക്കാതെ വന്ന രാത്രി മഴ തിമിർത്ത് പെയ്തു. തന്റെ മനസ്സും തിമിർത്ത് പെയ്യുകയാണ്. ശാലിനി ഉറങ്ങാൻ തുടങ്ങിയിരിക്കുന്നു. ശാശ്വത നിതാന്ത നിദ്രയിലേക്ക് ആണ്ടുപോകുവാൻ വല്ലാതെ മനസ്സ് ത്രസിക്കുന്നു. പക്ഷേ ശാലിനി ....പിറ്റേന്ന് കുളിച്ച് അകലെയുള്ള അമ്പലത്തിൽ സപ്താഹം കേൾക്കുവാനായി പുറപ്പെട്ടു. മന:ശാന്തി കൈവരിക്കാൻ ആദ്ധ്യാത്മിക പ്രഭാഷണത്തിന് ഉള്ള കഴിവ് അപാരമാണ്. ശാലിനിയും ഒത്ത് ഇറങ്ങി അവൾക്കിപ്പോൾ താനൊരു രക്ഷകനാണ്. അവൾക്ക് എന്നെ ഓർമ്മയില്ല അതുകൊണ്ട് തന്നെ ഒരു അതിർവരമ്പുണ്ട എന്നോട്. പക്ഷേ തനിക്കറിയാമല്ലോ അവൾ എന്റെ എല്ലാമെല്ലാമായ പ്രണയിനിയാണെന്ന്. അമ്പലഹാളിൽ എത്തി ആചാര്യൻ പ്രഭാഷണം നടത്തുന്നു. തേജോമയനായ ആചാര്യന്റെ മുഖം പ്രശോഭിതമായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം അർത്ഥവത്തായിരുന്നെങ്കിലും മനസ്സ് ചഞ്ചലമായിരുന്നതിനാൽ തനിക്ക് അർത്ഥം ഗ്രഹിക്കുവാൻ സമയം എടുത്തു. ഭാഗവതം ഒരു ശാസ്ത്രമാണ്. നമ്മൾ ചെയ്ത കർമ്മഫലമാണ് നമ്മൾ അനുഭവിക്കുന്നത്. ഭ്രമങ്ങൾക്ക് കാരണമായത് ഏതോ അതാണ് മായ. ഒരു പ്രശ്നത്തേപ്പറ്റി മാത്രം ആലോചിക്കുന്നതാണ് ദു:ഖം. ജനസാന്ദ്രമായ ഹാൾ മുഴുവനും ആചാര്യന്റെ പ്രഭാഷണത്തിൽ മുഴുകിയിരിക്കുകയാണ്. അപ്പോഴാണ് ഒരു പെൺകുട്ടി കസേര ചൂണ്ടി ഈ പുസ്തകം ഒന്നു എടുക്കാമോ എന്ന് ആവശ്യപ്പെടുന്നു. 'ഞാൻ രാവിലെ നേരത്തെ വന്നതാണ്' എന്ന് ഒരാൾ പറയുമ്പോൾ നാല് ദിവസമായി ഞാനീ കസേരയിൽ തന്നെയാണ് ഇരിക്കുന്നത് എന്ന് മറ്റൊരാൾ. വേറൊരാൾ പറയുന്നു, 'ഞാൻ ഓടി രാവിലെ തന്നെ വരുന്നത് സൈഡ്സീറ്റിൽ ചരിഞ്ഞ് ഇരിക്കുവാനാണെന്ന്' .ഏറ്റവും രസമായി തോന്നിയത് ഞങ്ങൾക്ക് പ്രായമായി ഞങ്ങൾക്ക് ഭക്തിയുണ്ടെന്ന്. ഇതെല്ലാം കേട്ട് അമ്പരന്നു നില്ക്കുകയാണ് പെൺകുട്ടി. ഭക്തിക്ക്





പ്രായമുണ്ടോ അങ്ങനെയെങ്കിൽ മാർക്കേണ്ഡയനും പ്രഹ്ളാദനും മറ്റും ഭക്തൻമ്മാരായിരുന്നില്ലേ ....? എന്തായാലും ഈ കാലഘട്ടത്തിൽ ഒരു കൗമാരക്കാരി സപ്താഹം കേൾക്കാൻ വന്നത് തന്നെ വലിയ കാര്യമാണ്. ആ കുട്ടിയെ പ്രോൽസാഹിപ്പിക്കുക തന്നെ വേണം. നമ്മളുടെ പുരാണേതിഹാസങ്ങൾ എല്ലാം പഠിച്ച് വളരേണ്ടത് നവതലമുറക്കാർ തന്നെയാണ്. തന്റെ ആദർശം സടകുടഞ്ഞെഴുന്നേറ്റു..... ചക്രവ്യൂഹത്തിൽപ്പെട്ട പെൺകുട്ടിയെ വിളിച്ച് താൻ എഴുന്നേറ്റ് സീറ്റ് കൊടുത്തു. തന്റെ മനസ്സ് മന്ത്രിച്ചു, എത്ര സപ്താഹം കേട്ടു എന്നതിനല്ല അതിൽ നിന്ന് എന്ത് മനസ്സിലാക്കി എന്നതാണ് പ്രാധാന്യം അയാൾ ഹാളിനു പുറത്തേയ്ക്ക് നടന്നു. ശ്രുതിമധുരമായ ഗാനം ഹാളിൽ നിന്ന് ഒഴുകി എത്തി.

'സപ്താഹം കേൾക്കുവാൻ പോയപ്പോൾ ഞാൻ.......

സത്യസ്വരൂപന്റെ രൂപം കണ്ടു'...........

ഒരാൾ ഓടി വന്ന് കൈപിടിച്ച് ചോദിച്ചു 'വിനയ........നിനക്ക് എന്നെ ഓർമ്മയുണ്ടോ.....?' സൂക്ഷിച്ച് നോക്കിയപ്പോൾ അതെ തന്റെ ക്ലാസ്മേറ്റായ ഹരിക്കുട്ടനാണ്. നീ ഭാര്യയുമായി മുന്നിലിരിക്കുന്നത് കണ്ടിരുന്നു. നിനക്ക് എത്രയാണ് കുട്ടികൾ. പെട്ടെന്ന് താൻ പറഞ്ഞു 'രണ്ടുപേർ, ഒരാണും, ഒരു പെണ്ണും. രണ്ടു പേരും യു. കെ യിലാണ്. എന്നാൽ ശരി ഇനിയും കാണാം' എന്നു പറഞ്ഞ് ഹരിക്കുട്ടൻ യാത്ര പറഞ്ഞു പോയി. വിനയൻ സ്വയം ചിന്തിച്ചു ഹരിക്കുട്ടനോട് കുട്ടികൾ യു.കെ യിലാണെന്ന് പറഞ്ഞത് നന്നായി. ഇനി അങ്ങനെ തന്നെ മനസ്സിനെ പറഞ്ഞ് പഠിപ്പിക്കണം. ഒരു നൂറായിരം ചോദ്യശരങ്ങളായിരിക്കും സത്യം തുറന്നു പറഞ്ഞാൽ ഒന്നിനും തന്റെ കൈയിൽ ശരിയായ ഉത്തരമില്ലല്ലോ. താൻ ഭാര്യയുമായി ഇരിക്കുന്നത് കണ്ടുവെന്ന് തന്റെ നിർഭാഗ്യത്തെ ഓർത്ത് വിനയൻ വിങ്ങലടക്കി പിടിച്ചു. തന്റെ ജീവിതത്തിൽ രണ്ടു പെണ്ണുങ്ങൾ കയറി വന്നിട്ടും ഇന്നും താൻ ബ്രഹ്മചാരിയാണ്. രണ്ടു പേരും ഒരു രക്ഷകനായിട്ടാണ് തന്നെ കണ്ടതും, കാണുന്നതും. പിന്നെ ജന്മം നൽകാത്ത രണ്ടു മക്കളുടെ അച്ഛനുമായി. മറ്റുള്ളവർ ജയിക്കുവാനായി താൻ എപ്പോഴും തോറ്റു കൊണ്ടിരിക്കുകയാണ്. ശാലിനി അരികിൽ വന്ന് പറഞ്ഞു 'പ്രഭാഷണം കഴിഞ്ഞു നമ്മൾക്ക് പോവാം.' എല്ലാ വേദനകളും മനസ്സിൽ അടക്കിപ്പിടിച്ച് നില്ക്കുമ്പോഴും മനസ്സ് അവളോട് മന്ത്രിക്കുന്നുണ്ടായിരുന്നു 'നിനക്ക് കാവലായി ഞാനുണ്ടാവും' എന്നും......... കാലത്തിന്റെ അനന്തമാം നിർജ്ജനവീഥിയിലൂടെ ശാലിനിയെയും കൂട്ടി നടക്കുമ്പോൾ ഗദ്ഗദത്താൽ വിനയചന്ദ്രന്റെ ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു............... .

# അഡ്വ. എ. ഗോപിക്ക് പരിസ്ഥിതി അവാർഡ്

**എറണാകുളം കരയോഗം പി. എസ്സ്. ഗോപിനാഥ ൻനായർ അവാർഡ് നോർത്ത് പറവൂർ സ്വദേശി അഡ്വ. എ . ഗോപിക്ക് ലഭിച്ചു. 2018 ഏപ്രിൽ 22 ന് നടന്ന ഭൗമദിന സമ്മേളനത്തിൽ എറണാകുളം ജില്ലാ കലക്ടർ കെ.മുഹമ്മദ്. വൈ. സഫീറുള്ള ഭൗമദിനാചരണ ഉദ്ഘാടനവും അവാർഡ് സമർപ്പണവും നടത്തി. കരയോഗം പ്രസിഡന്റ് കെ. പി. കെ. മേനോൻ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ കൊച്ചി ആകാശവാണിയിലെ ശ്രീകുമാർ മുഖത്തല മംഗളപത്രം നല്കി. പരിസ്ഥിതി കമ്മിറ്റി കൺവീനർ കെ.വി. രാമചന്ദ്രൻ അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി. ഡോ. സി.എം. ജോയി, പറവൂർ മുൻസിപ്പൽ ചെയർമാൻ രമേഷ് .ഡി. കുറുപ്പ് , കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഡോ. മധു എന്നിവർ സംസാരിച്ചു.**

**കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) സ്വാഗതവും, എസ്. ജയതിലകൻ കൃതജ്ഞതയും പറഞ്ഞു.**

# പ്രകൃതി വാതകം വീട്ടുപയോഗത്തിന്

യു.എസ്. രവീന്ദ്രൻ. ഫോൺ : 9496120978

വീട്ടിലെ സ്വിച്ചിൽ വിരൽ അമർത്തിയാൽ ഉപയോഗിക്കുവാൻ കഴിയുന്ന വിദ്യുച്ഛക്തി ഉത്പാദിക്കപ്പെടുന്നത് കിലോമീറ്ററുകൾ അകലെ ഏതെങ്കിലും ഡാമിനോട് അനുബന്ധമായിട്ടുള്ള ജലവൈദ്യുത കേന്ദ്രത്തിലോ, കല്ക്കരിപാടങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്ന താപവൈദ്യുത നിലയത്തിലോ, സമുദ്രതീരങ്ങളോട് അടുത്തു സ്ഥാപിച്ചിരിക്കുന്ന ന്യൂക്ലിയർ പവർഹൗസുകളിലോ ആയിരിക്കും. അവിടെനിന്നും ഉയർന്ന വോൾട്ടിൽ (110–220kv) പ്രസരണം നടത്തി വൈദ്യുതിയെ ലോഡ്സെന്ററുകളിൽ എത്തിക്കുന്നു. അവിടെ സ്ഥാപിച്ചിരിക്കുന്ന സബ്സ്റ്റേഷനുകളിൽ വച്ച് ഉയർന്ന വോൾട്ടേജിലുള്ള വിദ്യുച്ഛക്തിയെ (110–220kv) മീഡിയം വോൾട്ടേജിലാക്കി (11 kv) വീടുകളുടെ പരിസരത്തു സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകളിലും ഈ ട്രാൻസ്ഫോർമറുകൾ മീഡിയം വോൾട്ടേജിനെ (11 kv) പിന്നെയും കുറച്ച് വീട്ടാവശ്യത്തിന് താഴ്ന്ന വോൾട്ടേജിലുള്ള (440/220 v) വീട്ടിലെ വൈദ്യുത മീറ്ററിലും മെയിൻ സ്വിച്ചിലും എത്തിക്കുന്നു. ദിവസത്തിലെ 24 മണിക്കൂറും ഉൽപാദന പ്രസരണ വിതരണ ശൃംഖല സംയോജിത പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുന്നു.

വീട്ടിലെ ഗ്യാസു തീർന്നു പോയാൽ വീട്ടമ്മയ്ക്ക് ടെൻഷനായി. ദിവസവും സിലിണ്ടർ കുലുക്കി നോക്കുന്നു. തീരുമ്പോൾ പുതിയ സിലിണ്ടറിനു വേണ്ടി ബുക്കു ചെയ്യണം. പുതിയ സിലിണ്ടർ കിട്ടുന്നതു വരെ സമാധാനമില്ലാതെ ശ്വാസം പിടിച്ചിരിക്കുന്നു. എന്നാൽ വിദ്യുച്ഛക്തി ശൃംഖലയേപ്പോലെ ഒരു ഗ്യാസ് വിതരണ ശൃംഖലയുണ്ടെങ്കിൽ എത്ര സൗകര്യമാണ്. മേൽപ്പറഞ്ഞ ടെൻഷനൊന്നും കൂടാതെ മാസാമാസം ഗ്യാസ് മീറ്ററിൽ കാണിക്കുന്ന റീഡിങ്ങിനനുസരിച്ചുള്ള തുക അടച്ചാൽ മാത്രം മതി.

ഇങ്ങനെയുള്ള ഒരു സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സംവിധാനം 1880 മുതൽ തന്നെ ഇന്ത്യയിൽ നിലവിലുണ്ട് കൽക്കട്ടയിൽ. 2018 ആയിട്ടും കേരളത്തിൽ സിറ്റിഗ്യാസ് ഡിസ്ട്രിബ്യൂഷൻ ഇല്ല എന്നത് നമ്മളെ സംബന്ധിച്ച് ഒരു കുറവു തന്നെയാണ്. 1900 കളിൽ ബോംബെയിലും, 1995 ൽ ഡൽഹിയിലും 2004 ൽ ഗുജറാത്തിലും 2014 ൽ പഞ്ചാബിലും ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

ഇന്ന് ഇന്ത്യയിൽ 70 നഗരങ്ങളിൽ പത്തൊമ്പതോളം കമ്പിനികൾ 43000 കിലോമീറ്ററുകളോളം ഭൂമിക്കടിയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിലൂടെ 32 ലക്ഷം ഉപഭോക്താക്കൾക്ക് വീട്ടിലെ അടുക്കളയിൽ ഗ്യാസ് എത്തിച്ചു കൊടുക്കുന്നു. സമീപഭാവിയിൽ കൊച്ചി നഗരത്തിലും ഈ സംവിധാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഇന്നു സിലിണ്ടറുകളിൽ ലഭിക്കുന്ന LPG (Liquid Petrolium Gas- Propane/Butane) തിനേക്കാൾ സുരക്ഷിതവും ആദായകരവും പരിസ്ഥിതി സൗഹൃദവുമാണ് മർദ്ദീകരിച്ച പ്രകൃതി വാതകം. (Compressed Natural Gas - CNG) LPG യേപ്പോലെ കാർബണിന്റെയും ഹൈഡ്രജന്റെയും മിശ്രിതം തന്നെയാണെങ്കിലും CNG യിൽ 80 90 % മിതേൻ എന്ന വാതകമാണുള്ളത്. ഉപയോഗത്തിനുശേഷം കാർബൺഡയോക്സൈഡും നീരാവിയും മാത്രമാണ് പുറം തള്ളുന്നത്. മറ്റു ഇന്ധനങ്ങളെപ്പോലെ കൂടുതൽ കാർബൺമോണോക്സൈഡ്, സൾഫർഡയോക്സൈഡ് തുടങ്ങിയ മലിനീകരണവാതകങ്ങൾ പുറം തള്ളുന്നില്ല. ഇന്ന് ലഭിക്കുന്ന ഇന്ധനങ്ങളിൽ മലിനീകരണ പ്രവണത ഏറ്റവും കുറവുള്ളതാണ് പ്രകൃതി വാതകം. വായുവിനേക്കാൾ സാന്ദ്രത കുറവായതിനാലും മറ്റുള്ള ഇന്ധനങ്ങളെ അപേക്ഷിച്ച് ഉയർന്ന ഊഷ്മാവിൽ മാത്രമേ കത്തി പിടിക്കുകയുള്ളൂ എന്നതിനാലും ഏറ്റവും സുരക്ഷിതമാണ്. ഊർജ്ജക്ഷമത കൂടുതലുള്ളതിനാൽ മറ്റുള്ള ഇന്ധനങ്ങളെ അപേക്ഷിച്ച് ലാഭകരമാണ്. ഭൂമിക്കടിയിലുള്ള കുഴലിൽകൂടി അടുക്കളയിൽ എത്തിക്കാം എന്നുള്ളതുകൊണ്ട് ശേഖരിച്ചു വയ്ക്കുവാൻ ഇപ്പോളുള്ള ഗ്യാസ് സിലിണ്ടറിന്റെ ആവശ്യമില്ല, മുടക്കം കൂടാതെ ഗ്യാസ് കിട്ടിക്കൊണ്ടേയിരിക്കും.

ഇന്ത്യയിൽ വടക്ക് പഞ്ചാബു മുതൽ തെക്ക് കൊച്ചി വരെയും, കിഴക്ക് ത്രിപുര മുതൽ പടിഞ്ഞാറ് ഗുജറാത്ത് വരെയും ഉള്ള നാൽപ്പതോളം നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിക്കടിയിലൂടെ വാതകക്കുഴലുകൾ സ്ഥാപിച്ച്, കൊച്ചിയിലെ പുതുവൈപ്പിനിലും മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലുള്ള ദാബോൾ ഹസീര, ദഹേജ് എന്നീ സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള പ്രകൃതി വാതക കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കുറേയിടങ്ങളിൽ പണിപൂർത്തിയായിക്കഴിഞ്ഞു. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (GAIL) റിലയൻസ് ഇൻഡസ്ട്രീസ് (RIL), ഇൻഡ്യൻ ഓയിൽ അഡാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAL) എന്നീ കമ്പനികളാണ് ഈ ചുമതലകൾ ഏറ്റെടുത്തിരിക്കുന്നത്. പ്രകൃതി വാതകം കടലിനടിയിൽ നിന്നും കുഴിച്ചെടുത്ത്, ദ്രവീകരിപ്പിക്കേണ്ട സ്ഥലത്തെത്തിച്ച് ദ്രവീകരിച്ച്, ദ്രവരൂപത്തിലുള്ള പ്രകൃതിവാതകം വിതരണകേന്ദ്രങ്ങളിൽ എത്തിച്ച്, അവിടെവെച്ച് വാതകമാക്കി മാറ്റി ഉപഭോക്താവിൽ എത്തിച്ചു കൊടുക്കുക എന്ന ശ്രമകരമായ ജോലികളാണ് ഗ്യാസ് വിതരണ ശൃംഖലക്ക് പിന്നിലുള്ളത്.

വൈദ്യുതോൽപ്പാദനം, വ്യവസായസ്ഥാപനങ്ങളിൽ നീരാവികൊണ്ടും, ഉന്നത ഊഷ്മാവിലുള്ള വായു കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്കും, ഫർണറുകളിൽ, എയർകണ്ടീഷണറുകളിൽ, തണുപ്പുകാലത്ത് മുറികൾ ചൂടാക്കൽ, വെള്ളം ചൂടാക്കൽ, പാചകത്തിന്, വളം നിർമ്മാണം, രാസവസ്തുക്കൾ നിർമ്മാണം, വാഹനങ്ങളിൽ പെട്രോൾ/ഡീസലിനു പകരം എന്നീ വൈവിധ്യങ്ങളായുള്ള ഉപയോഗങ്ങൾ പ്രകൃതിവാതകംകൊണ്ട് സാധ്യമാണ്.

സിറ്റി ഗ്യാസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തി സ്ഥാപിക്കുന്ന പൈപ്പിൽ നിന്നും വ്യാവസായിക ആവശ്യങ്ങൾക്കും,വീട്ടാവശ്യങ്ങൾക്കും കച്ചവടാവശ്യങ്ങൾക്കും, വാഹനങ്ങൾ ഓടിക്കുന്നതിനും ഉപയോഗിക്കാവുന്ന വിധത്തിൽ ഗ്യാസ് കണക്ഷനുകൾ സാധ്യമാണ്. വാതകത്തിന്റെ മർദ്ദം ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ച് ക്രമപ്പെടുത്താവുന്ന റെഗുലേറ്ററുകൾ ലഭ്യമാണ്.

ആറടിയോളം താഴ്ത്തി ഭൂമിക്കടിയിൽ വേണ്ടത്ര സുരക്ഷാ ഉപാധികളോടെയാണ് ഗ്യാസ്പൈപ്പുകൾ സ്ഥാപിക്കുക. താഴെ പറയുന്ന സംശയങ്ങൾ സാധാരണയായി എല്ലാവർക്കും ഉണ്ടായേക്കാവുന്നതാണ്.

1) ഉയർന്ന മർദ്ദത്തിലുള്ള പ്രകൃതിവാതകം സുരക്ഷിതമാണോ?

ഉത്തരം : അതെ. സുരക്ഷിതമാണ്. അതിന്റെ സവിശേഷതകൾ അതിനെ സുരക്ഷിതമാക്കുന്നു. പ്രകൃതി വാതകം വായുവിനേക്കാൾ ഘനം കുറഞ്ഞതായതിനാൽ ലീക്ക് ഉണ്ടാകുകയാണെങ്കിൽ തന്നെ അന്തരീക്ഷത്തിലേക്ക് ഉയർന്നു പോകുന്നു. മാത്രവുമല്ല ഈ വാതകത്തിന്റെ കത്തി പിടിക്കാനുള്ള ഊഷ്മാവ് 540 ഡിഗ്രിയാകയാൽ 360 ഡിഗ്രിയിൽ കത്തി പിടിക്കുന്ന പെട്രോളിനെക്കാൾ സുരക്ഷിതമാണ്.

2.) ഒരു പെട്രോൾ കാർ പ്രകൃതിവാതകവും കൂടി ഉപയോഗിക്കാവുന്ന വിധത്തിൽ മാറ്റുകയാണെങ്കിൽ പെട്രോൾ തീരുമ്പോൾ വാതകത്തിൽ ഓടിക്കാമോ?

ഉത്തരം : തീർച്ചയായും ഓടിക്കാം. അതിനുള്ള സ്വിച്ച് ഒന്നു ചെയ്ഞ്ച് ഓവർ ചെയ്താൽ മതി.

3) വാതകം ഉപയോഗിക്കുന്നതുകൊണ്ട് എഞ്ചിന് തകരാറു സംഭവിക്കുമോ?

ഉത്തരം : ഇല്ല. പ്രകൃതിവാതകത്തിന്റെ മറ്റൊരു സവിശേഷത അത് എഞ്ചിൻഓയിലിനെ ഒരു തരത്തിലും നേർമിപ്പിക്കുന്നില്ല എന്നതാണ്. കൂടാതെ പെട്രോളിൽ ഉണ്ടായേക്കാവുന്ന ഈയത്തിന്റെ (Lead) അംശം സ്പാർക്കുപ്ലഗിൽ എത്തുന്ന സ്ഥിതിവിശേഷം പ്രകൃതി വാതകം ഉപയോഗിക്കുമ്പോൾ ഉണ്ടാകാത്തതുകൊണ്ട് സ്പാർക്ക്പ്ലഗ്ഗിന്റെ സേവനകാലദൈർഘ്യവും കൂടുന്നു. എഞ്ചിൻഓയിലിനെ വാതകരൂപത്തിലുള്ള ഈ ഇന്ധനം ശല്യപ്പെടുത്താത്തതുകൊണ്ട് എഞ്ചിന്റെ തേയ്മാനം കുറയുന്നു.

4) വാതകം ഉപയോഗിക്കുന്ന വാഹനങ്ങളിൽ പുക ഒട്ടും കാണാറില്ലല്ലോ?

ഉത്തരം : പ്രകൃതിവാതകം (CNG) പരിസ്ഥിതി സൗഹൃദ ഇന്ധനമാണ്. ഇതിൽ പ്രധാനമായും മിതേൻ ആണുള്ളത്. അതുകൊണ്ട് ഉപയോഗശേഷം പുറം തള്ളുന്നത് കാർബൺഡയോക്സൈഡും ജലകണങ്ങളും വളരെ ചെറിയ അളവിൽമാത്രം കാർബൺമോണോക്സൈഡുമാണ്. കാർബൺ, സൾഫർഡയോക്സൈഡ് തുടങ്ങിയ കൂടുതൽ മാലിന്യമായ വസ്തുക്കൾ ഒന്നും പുറം തള്ളുന്നില്ല.

LPG സിലിണ്ടറുകൾ ഒന്നരമാസത്തിലൊരിക്കലെങ്കിലും മാറ്റേണ്ടി വരുന്നു. അതിന് വീട്ടുടമസ്ഥന്റെ സാന്നിദ്ധ്യം ആവശ്യമാണ്. സിലിണ്ടറിന് അടുക്കളയിൽ പ്രത്യേകിച്ച് സ്ഥലം ആവശ്യമാണ്. ഉപയോഗിച്ചു തീർന്ന സിലിണ്ടറിൽ 2% മുതൽ 4% വരെ ഗ്യാസ് അവശേഷിക്കും. LPG ക്ക് വായുവിനേക്കാൾ ഘനമുള്ളതുകൊണ്ട് ലീക്കുണ്ടെങ്കിൽ ഗ്യാസിന്റെ ശകലങ്ങൾ മുറിയിൽ തന്നെ തങ്ങുന്നു. ഏജൻസികളിൽ നിന്നും കിട്ടുന്ന സിലിണ്ടറുകളിൽ അടയാളപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ തൂക്കത്തിൽ ഗ്യാസ് ഉണ്ടാകാനുള്ള സാധ്യതയും ഉണ്ട്. എന്നാൽ സിറ്റി ഗ്യാസ് വിതരണസമ്പ്രദായം നടപ്പിലാക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ ദോഷവശങ്ങൾ ഒന്നും ഇല്ലാതെ ഉപയോഗിക്കുന്ന ഗ്യാസിനുമാത്രം പണം കൊടുത്താൽ മതിയാകും. സബ്സിഡിയില്ലാത്ത LPG ഗ്യാസ് സിലിണ്ടറിന്റെ വില 724 രൂപയാണ്. തുല്യമായ ഊർജ്ജം തരുന്ന പ്രകൃതി വാതകത്തിന്റെ (LPG ) വില 396 രൂപയാണ് (ടാക്സ് കൂടാതെ). റോഡിന്റെ സൈഡിൽ കൂടെ പൈപ്പ് സ്ഥാപിക്കാമോന്നതിനാൽ മരം മുറിക്കേണ്ടി വരികയോ സ്ഥലം അക്വയർ ചെയ്യേണ്ടി വരികയോ ആവശ്യമില്ല.

ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെയും അഡാനി ഗ്യാസിന്റെയും സംയുക്ത സംരംഭത്തിൽ ആലുവ മുതൽ കുണ്ടന്നൂർ വരെ ഇപ്പോൾ നാല് CNG സ്റ്റേഷനുകൾ ഉണ്ട്. ഗവൺമെന്റ് ഓർഡർ പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ, നാഷണൽ ഹൈവേ അതോറിറ്റി, PWD എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഗ്യാസ് വിതരണസംവിധാനം പ്രവർത്തിക്കുന്നത്. ഈ ഭാഗത്ത് ആയിരത്തിൽ പരം വീടുകളും പത്തോളം ഗാർഹികേതര ഉപഭോക്താക്കളും ഈ സംവിധാനം ഉപയോഗിക്കുന്നുണ്ട്. പതിനായിരത്തിൽ പരം പുതിയ അപേക്ഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. താമസിയാതെ കൊച്ചി നഗരത്തിലും ഈ സംവിധാനം വരുമെന്ന് പ്രതിക്ഷിക്കാം.



കരയോഗ സൗഹൃദം 1193 മേടം

# ചൈന യാത്ര

ഗീത ജയരാമൻ - ഫോൺ: 8281454589

*"യാത്ര ചെയ്യുമ്പോൾ, അവിടെ അപ്പോൾ നിങ്ങൾ ആരാണോ അതു മാത്രമാണ്. നിങ്ങൾക്കെതിരെ ഉയർത്തിപ്പിടിക്കുവാൻ സഹയാത്രികർക്ക് നിങ്ങളുടെ ഭൂതകാലമില്ല.*

*യാത്രയിൽ ഇന്നലെകളില്ല! ഇന്ന്, ഇവിടെമാത്രം!"*

*വില്ല്യം ലീസ്റ്റ് ഹാർട്ട് മൂൺ*

**ദിവസം 1**

മാർച്ച് 25, 2018 ന് എറണാകുളം കരയോഗത്തിൽ നിന്ന് 44 പേരും സൂരജ് എന്ന ഞങ്ങളുടെ ടൂർ മാനേജരും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഒരു യാത്ര പുറപ്പെട്ടു. ഇന്ത്യക്കകത്തും പുറത്തുമായി കരയോഗം സംഘടിപ്പിക്കുന്ന ഇരുപത്താഞ്ചാമത് ദീർഘയാത്രയാണിത്. ചൈനയുടെ തലസ്ഥാനമായ ബീജിങ്ങ്, സാമ്പത്തിക തലസ്ഥാനമെന്നു വിശേഷിപ്പിക്കാവുന്ന ഷാങ്ങ്ഹായ്, ഭാഗികസ്വയംഭരണാധികാരമുള്ള ചൈനയുടെ ഉപസംസ്ഥാനങ്ങളായ ഹോംങ്കോങ്ങ്, മക്കാവ് എന്നിവടങ്ങളായിരുന്നു സന്ദർശന ലക്ഷ്യം.

രാത്രി 10.50 ന് വിമാനം പുറപ്പെടുന്നതിന് മൂന്നു മണിക്കൂർ മുൻപു തന്നെ മുൻ നിശ്ചയപ്രകാരം ഞങ്ങൾ 45 പേരും വിമാനത്താവളത്തിനു പുറത്ത് എത്തിച്ചേർന്നു. അതുകൊണ്ട് യാതൊരു തിരക്കും കൂടാതെ ഔപചാരികതകളെല്ലാം തീർത്ത് സമയത്തിനു മുൻപു തന്നെ അടയാളപ്പെടുത്തിയിരുന്ന ഗേറ്റിൽ എത്തിച്ചേരുവാൻ കഴിഞ്ഞു. വിമാനം കൃത്യസമയത്തു തന്നെ പറന്നുയർന്നു.

സിംഗപ്പൂരിൽ ചെറിയൊരു ബ്രേക്കിനു ശേഷം എയർബസ്സിൽ ബീജിംങ് സമയം 2.30 ന് അവിടെയെത്തി. കൂട്ടത്തിൽ പറയട്ടെ, ലോകത്തിൽ തന്നെ ആദ്യത്തെ എയർ ബസ്സ് ഈ റൂട്ടിലാണ് പറന്നിട്ടുള്ളത്. ഞങ്ങളിൽ ഒരാളിന്റെ ഒരു പെട്ടി എത്തിയിരുന്നില്ല. അതിന്റെ എഴുത്തു കുത്തുകളും മറ്റും കഴിഞ്ഞ് പുറത്തു കടക്കാൻ കുറച്ചു വൈകി. പെട്ടി താമസിക്കുന്ന ഹോട്ടലിൽ എത്തിക്കുമെന്ന് അവർ അറിയിച്ചു. പുറത്തു കടന്നപ്പോൾ, അവിടുത്തെ ട്രാവൽ ഏജന്റിന്റെ ബസ്സും റോക്കി എന്ന ചൈനീസ് ഗൈഡും ഞങ്ങളെ കാത്തു നിന്നിരുന്നു.

**2-ാം ദിവസം**

നേരെ താമസസ്ഥലത്തേക്കല്ല, ഗാഞ്ചസ് (ഗംഗ) എന്ന ഇന്ത്യൻ റെസ്റ്റോറന്റിലേക്കാണ് പോയത്. അന്യരാജ്യത്ത്, ഒരു നീണ്ട യാത്ര കഴിഞ്ഞെത്തിയ ഉടനെ നല്ല ചോറും കറികളും കിട്ടിയത് വലിയ ആശ്വാസം തന്നെയായിരുന്നു. നാട്ടിൽ പലരും പറഞ്ഞ് കേട്ട് മനസ്സിൽ പതിഞ്ഞ ഭക്ഷണപ്പേടി അതോടെ മാറിക്കിട്ടി! രാത്രിയായിക്കഴിഞ്ഞതിനാൽ താമസിക്കുവാൻ ബുക്കു ചെയ്തിരുന്ന ജിങ്ങ്ടെയ്ലോങ്ങ് പ്ലാസ എന്ന ഹോട്ടലിൽ എത്തി ചെക്ക് ഇൻ ചെയ്യുകയല്ലാതെ അന്ന് മറ്റു പരിപാടികൾ ഒന്നും ആസൂത്രണം ചെയ്തിരുന്നില്ല. ഹോട്ടലിലേക്കുള്ള യാത്രയിൽ, ഏതു താരാട്ടിനെയും തോല്പിക്കുന്ന റോക്കിയുടെ നിർത്താതെയുള്ള വിവരണം ഇംഗ്ലീഷാണോ ചൈനീസാണോ എന്ന് പകുതി മയക്കത്തിലായിക്കഴിഞ്ഞ ഞങ്ങൾക്കു പലർക്കും മനസ്സിലായില്ല.

അയാൾ പറഞ്ഞതിന്റെ രത്നച്ചുരുക്കം ഏതാണ്ടിതൊക്കെയായിരുന്നു. 3000 കൊല്ലം നീണ്ടു കിടക്കുന്ന പൂർവ്വ ചരിത്രമാണ് ബീജിംങിന് (പണ്ടത്തെ പേര് പീക്കിങ്ങ്) ഉള്ളത്. വെള്ളം നിറഞ്ഞ കിണറുകൾക്കു ചുറ്റും കുടിയേറിപ്പാർത്തവരാണ് അന്നത്തെ യൂങ്ങ് മനുഷ്യർ. ഫൊർബിഡൻ സിറ്റിക്കു ചുറ്റുമായി ആയിരക്കണക്കിന് അത്തരം വെള്ളക്കുഴികൾ കാണാം. 2008 ലെ ബീജിംങ് ഒളിംപിക്സിനോടനുബന്ധിച്ച് ഈ സിറ്റിയിൽ ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. കഴിഞ്ഞ ചുരുങ്ങിയ കാലം കൊണ്ട് ചൈനയുടെ തലസ്ഥാനമായ ബീജിംങ് ലോകത്തിലെ തന്നെ ഏതൊരു ടോപ് ക്ലാസ് സിറ്റിയോടും കിടപിടിക്കത്തക്ക ഒന്നായി വളർന്നു. 1949 ൽ ഇത് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ തലസ്ഥാനമായി അവരോധിക്കപ്പെട്ടതിനു ശേഷം ആധുനീകരിക്കലിന്റെയും വ്യവസായവൽക്കരണത്തിന്റെയും ഭാഗമായി വളരെയധികം പഴയ കെട്ടിടങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും ബുൾഡോസർ കയറിയിറങ്ങിയിട്ടുണ്ട്. ഇയ്യിടെയായി പഴമയുടെ ശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടവയാണെന്ന് സർക്കാരിന് ബോദ്ധ്യം വന്നിട്ടുള്ളതുകൊണ്ട് അതീവ ശ്രദ്ധയോടെയാണ് അവ ഇപ്പോൾ പരിരക്ഷിക്കപ്പെടുന്നത്.





ജിങ്ങ് ടെയ്ലോങ്ങ് പ്ലാസ വൃത്തിയും വെടിപ്പുമുള്ള ഒരു ഫോർസ്റ്റോർ ഹോട്ടലാണ്. ആകെ ഒരു ബുദ്ധിമുട്ടു തോന്നിയത് അവിടുത്തെ പ്രത്യേകരീതിയിലുള്ള കുളിമുറികളാണ്. കിടപ്പുമുറിയും കുളിമുറിയും വേർതിരിക്കുന്ന ചുവർ പകുതി സുതാര്യമായ ഗ്ലാസ്സുകൊണ്ടു നിർമ്മിച്ചതാണ്. ഭാര്യാഭർത്താക്കന്മാരല്ലാത്തവർ മുറി പങ്കിടേണ്ടി വന്നപ്പോൾ കുറച്ചു ബുദ്ധിമുട്ടിക്കാണും!

**3-ാം ദിവസം**

പിറ്റേന്ന് രാവിലെ 9 മണിക്ക് ഞങ്ങളുടെ ചൈന പര്യടനം തുടങ്ങുകയായി. തലേന്നു പറഞ്ഞേൽപ്പിച്ചിരുന്നതുപോലെ എട്ടു മണിയായപ്പോൾ എല്ലാവരും പ്രാതലിനുശേഷം ലോബിയിൽ ഹാജരായി. ഞങ്ങൾ താമസിച്ച എല്ലാ ഹോട്ടലും ബെഡ് ആന്റ് ബ്രേക്ഫാസ്റ്റ് സൗകര്യമുള്ളവയായിരുന്നു. എല്ലായിടത്തും ബുഫേ ബ്രേക്ഫാസ്റ്റായിരുന്നു. ഇഷ്ടം പോലെ തിരഞ്ഞെടുക്കാനുള്ള വിഭവങ്ങളുണ്ടായിരുന്നു. എങ്കിലും ഇഡ്ഢലി, ദോശപ്രിയന്മാരായ ഞങ്ങൾ എല്ലാ മുക്കിലും അതിനുവേണ്ടി വൃഥാ തിരഞ്ഞു എന്നത് നേരു തന്നെ. റോക്കിയും ബസ്സും തയ്യാർ. റോക്കിയുടെ വാക്ധോരണിയിൽ അർത്ഥം കണ്ടെത്താൻ സാധിച്ചു തുടങ്ങി.

ആദ്യം പോയത് ടിയനൻമെൻ സ്ക്വയറിലേക്കാണ്. ഫെഡറൽ എംപററുടെ കൊട്ടാരം സ്ഥിതിചെയ്യുന്ന ഫൊർബിഡൻ സിറ്റിയുടെ എതിർവശത്താണ് ആ സ്ക്വയർ. 1989 ൽ നടന്ന കൂട്ടക്കുരുതിയെപ്പറ്റി അവിടെ എത്തിയാൽ ഒന്നും പറയുകയോ ചോദിക്കുകയോ ചെയ്യരുത് എന്ന് റോക്കി ബസ്സിൽ വച്ചു തന്നെ പറഞ്ഞു. പതിനായിരക്കണക്കിന് സർവ്വകലാശാലാ വിദ്യാർത്ഥികളുൾപ്പെടുന്ന ഒരു ജനാവലിയുടെ കൂട്ടക്കൊലയാണ് അന്നവിടെ നടന്നത്. ജനാധിപത്യത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടിയാണ് മുഖ്യമായും ജനങ്ങൾ ഒന്നിച്ചത്. ദിവസങ്ങൾക്കുള്ളിൽ ജനക്കൂട്ടത്തിന്റെ വലിപ്പം അനിയന്ത്രിതമായി കൂടി വരുന്നതായി മനസ്സിലാക്കിയ സർക്കാർ അവരോട് ഒരു മണിക്കൂറിനുള്ളിൽ പിരിഞ്ഞു പോകുവാൻ അന്ത്യശാസനം കൊടുത്തു. എന്നാൽ അഞ്ചു മിനിട്ടുകൾക്കുള്ളിൽ തന്നെ വെടിയുണ്ടകൾ ഉതിർത്തുകൊണ്ട് അസംഖ്യം ടാങ്കുകൾ നിരായുധരായ ജനക്കൂട്ടത്തിന്റെ മുകളിൽകൂടി ഉരുണ്ടു കയറുവാൻ തുടങ്ങി. മരണപ്പെട്ടവരെക്കുറിച്ച് ചൈനീസ് സർക്കാരിന്റെ കണക്കുകളും (120) യുനസ്കോവിന്റെ കണക്കുകളും (10,000) തമ്മിൽ യാതൊരു ബന്ധവുമില്ല. ഏതായാലും ആ സംഭവത്തോടുകൂടി ചൈനയിലെങ്ങും പടർന്നു പിടിച്ചുക്കൊണ്ടിരുന്ന പ്രതിഷേധങ്ങൾ കെട്ടടങ്ങുകയാണ് ചെയ്തത്. ആളിപ്പടരുകയല്ല ! ഇന്നും ജൂൺ 4/5 തീയതികളിൽ അവിടെ നടന്ന സംഭവങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്ക് ചൈനീസ് വൻകരയിൽ നിന്ന് ഉത്തരങ്ങൾ ലഭിക്കുകയില്ല.

വിശാലമായി കിടക്കുന്ന ആ മൈതാനത്തിനു നടുക്ക് ഒരു തറക്കു മുകളിൽ ഉയരത്തിലൊരു കൊടിമരമുണ്ട്. ജൂൺ നാല്, അഞ്ച് തീയതികളിൽ ചൈനയിലെ യൂണിവേഴ്സിറ്റികളിൽ നിന്ന് കുട്ടികൾ അവിടെ അവരുടെ മൺമറഞ്ഞ സഹയാത്രികർക്ക് അഭിവാദ്യമർപ്പിക്കുവാനായി ഇപ്പോഴും വരും. കുറച്ചു നിമിഷങ്ങൾ അവിടെ ചിലവഴിച്ച് നിശബ്ദരായി അവർ തിരിച്ചു പോകുമത്രേ. സംഘം ചേരലോ, മുദ്രാവാക്യം വിളിക്കലോ, തീപ്പൊരി പ്രസംഗങ്ങളോ ഇല്ല! 'ഞങ്ങൾ നിങ്ങളെ എന്നെന്നും ഓർക്കുന്നു' എന്ന നിശ്ശബ്ദ ആദരവു മാത്രം. അതൊരു ജനതയുടെ മുഴുവൻ പ്രതീകമായ മൗനമാണെന്നെനിക്കു തോന്നി.

മാവോസേതുങ്ങിന്റെ എംബാം ചെയ്ത ശരീരം ഇതിന് കിഴക്കു വശത്തായി ഒരു മുസോളിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. പ്രവേശനം സൗജന്യമായിരുന്നെങ്കിലും സമയക്കുറവും ജനത്തിരക്കും കാരണം ഞങ്ങൾ അങ്ങോട്ടു കയറിയില്ല.

ഫൊർബിഡൻ സിറ്റി സ്ഥിതി ചെയ്യുന്നത്, സ്ക്വയറിന്റെ വടക്കു ഭാഗത്തായിട്ടാണ്. അതിനെ ഇന്ന് പാലസ് മ്യൂസിയം എന്നു വിളിക്കുന്നു. മിങ്ങ് ചക്രവർത്തിമാരുടെ കാലത്ത് പതിനഞ്ചാം നൂറ്റാണ്ടിലാണ് ഈ കൊട്ടാരസമുച്ചയം നിർമ്മാണം ആരംഭിച്ചത്. ചൈനയുടെ ഇംപീരിയൻ പാലസായ ഈ കൊട്ടാരങ്ങളിൽ 1912 ൽ ക്വിങ്ങ് പരമ്പരയുടെ രാജവാഴ്ച കഴിയും വരെ ചക്രവർത്തിമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മറ്റും മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. അധികാരം ചക്രവർത്തിയിൽ നിന്ന് റിപ്പബ്ലിക്കൻസ്കാരിലേക്ക് കൈമാറുന്ന അവസരത്തിൽ അതിന് ഒരു പാട് കേടുപാടുകൾ സംഭവിച്ചു. പിന്നീട് 1966 ൽ നടന്ന സാംസ്കാരിക വിപ്ലവസമയത്തും അവിടെയുള്ള പല കലാശില്പങ്ങളും തകർക്കപ്പെട്ടു. 1987 ലാണ് യുനസ്കോ ഫോർബിഡൻ സിറ്റി ഒരു വേൾഡ് ഹെറിറ്റേജ് സ്ഥലമായി പ്രഖ്യാപിച്ചത്. എന്നാൽ ചിയാങ്ങ് കൈഷക് മാവോ സേതുംഗിനോടു പരാജയപ്പെട്ടപ്പോൾ ഇന്ന് മ്യൂസിയത്തിൽ കാണുന്ന വസ്തുക്കളുടെ പല മടങ്ങ് അവിടെ നിന്നും തായ്‌വാന്റെ തലസ്ഥാനമായ ടായ്പേയിലേക്ക് കടത്തി. അവ അവിടുത്തെ നാഷണൽ മ്യൂസിയത്തിൽ പ്രദർശനത്തിനു വെച്ചിരിക്കു

ന്നു. പുറമെ നിന്നു നോക്കി കണ്ടതല്ലാതെ ഞങ്ങൾ പാലസ് മ്യൂസിയത്തിൽ കടന്നില്ല. ഇപ്പോൾ കൊട്ടാരത്തിനകത്ത് പ്രതീക്ഷിക്കുന്ന രീതിയിൽ ഒന്നും കാണുവാനില്ല എന്ന് ഗൈഡ് പറയുകയും ചെയ്തു. ഭീമാകാരങ്ങളായ തടിയിൽ കടഞ്ഞ തൂണുകളും രാജകീയ നിറമായ മഞ്ഞ കലർന്ന ടൈലുകൾ പാകിയ തറയും വളഞ്ഞ മേൽക്കൂരയും പുറമേ നിന്നു കാണുമ്പോൾ തന്നെ ചക്രവർത്തിമാരുടെ അന്നത്തെ കലാവാസനയും ആർഭാടവും ഏതാണ്ടെല്ലാം മനസ്സിലാക്കുവാൻ കഴിയും. 7.75 ദശലക്ഷം ചതുശ്രഅടിയിൽ നിറഞ്ഞു നില്ക്കുന്ന ആ സമുച്ചയത്തിൽ നിന്നും തിരിച്ചു നടക്കുമ്പോൾ ഒൻപത് എന്ന ഭാഗ്യസംഖ്യയുമായി ചക്രവർത്തി മാർക്കുണ്ടായിരുന്ന അടുപ്പവും ചുവപ്പ്, മഞ്ഞ, ചാരം എന്നീ നിറങ്ങൾക്ക് അന്നുണ്ടായിരുന്ന പ്രാധാന്യവും ഗൈഡ് പറഞ്ഞു തന്നു. ഫൊർബിഡൻ സിറ്റിയിൽ നിന്ന് ഞങ്ങൾ പോയത് മറ്റൊരു ഇന്ത്യൻ റസ്റ്ററൻന്റിലേക്കാണ്. തലേന്നു പോയ ഗാഞ്ചസിന്റെ ഒരു വകഭേദം ചോറും ചപ്പാത്തിയും വിവിധതരം കറികളും തൈരും പപ്പടവും പായസവും എല്ലാം വളരെ സ്വാദിഷ്ടമായിരുന്നു. അവരുടെ പെരുമാറ്റം പോലെ തന്നെ. പോരുന്നതു വരെ ഭക്ഷണകാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെട്ടില്ല എന്നു കൂടി ഇവിടെ പറഞ്ഞു കൊള്ളട്ടെ. എങ്കിലും എപ്പോഴും ഒരു 'എങ്കിലും' കൂടി ഉണ്ടായാലല്ലേ പൂർണ്ണമാവുകയുള്ളൂ. എങ്കിലും നാലുമണിനേരത്തെ ചായ കിട്ടാതെ പോകുമ്പോൾ പലർക്കും ചെറിയ തലവേദനയൊക്കെ അനുഭവപ്പെട്ടിരുന്നു എന്നു പറഞ്ഞാൽ അതു കളവാകുകയില്ല. എന്നാൽ പിന്നീടുള്ള ദിവസങ്ങളിൽ ഞങ്ങൾ അക്കാര്യം ഓർത്തതേ ഇല്ല.

ഊണു കഴിഞ്ഞ് ബാംബു ഫാക്ടറിയിലേക്കാണ് പോയത്. അവിടെ ആദ്യം ഒരു ഡെമോൺസ്ട്രേഷനായിരുന്നു. മുളനാരുകൊണ്ടുണ്ടാക്കിയ തുണിത്തരങ്ങളുടെ മേന്മ തൊട്ടു കാണിച്ച് വിവരിച്ചു തന്നു. അതുകൊണ്ടുണ്ടാക്കിയ ടവ്വൽ എത്രമാത്രം വെള്ളം വലിച്ചെടുക്കുമെന്നും മറ്റുമാണ് ഡെമോയായി കാട്ടി തന്നത്. അവിടെ ഒരു കച്ചവടമണമടിച്ചെങ്കിലും ഞങ്ങൾ മിക്കവരും കൊച്ചു കുട്ടികളുടെ അമ്പരപ്പോടെ എല്ലാം കേട്ടിരുന്നു. മാത്രമല്ല, അതിനു ശേഷം താഴെ നിന്ന് മുളനാരു കൊണ്ടുണ്ടാക്കിയ ഉൽപ്പന്നങ്ങൾ ലോഭമില്ലാതെ വാങ്ങിക്കുകയും ചെയ്തു. വിലപേശലില്ലാത്ത അപൂർവ്വം സ്ഥലങ്ങളിൽ ഒന്നായിരുന്ന ആ വില്പനശാല. ഏതായാലും പട്ടിനെ തോല്പ്പിക്കുന്ന മുളനാരിന്റെ മൃദുത്വം പലരേയും കീഴടക്കി. അവർക്ക് നല്ലതുപോലെ ചരക്കുകൾ ചിലവായി എന്നു തോന്നുന്നു.

അവിടുന്ന് ഒളിംമ്പിക് നാഷണൽ സ്റ്റേഡിയത്തിലേക്കാണ് പോയത്. 2008 ലായിരുന്നു ബിജിംങ് ഒളിംമ്പിക്സ്. പകൽ വെളിച്ചം പോയി മറഞ്ഞിരുന്നതുകൊണ്ട് സർവ്വ സ്ഥലങ്ങളും പല നിറത്തിലും തരത്തിലുമുള്ള ഇലക്ട്രിക് ലൈറ്റിൽ മുങ്ങിക്കുളിച്ച് ഒരത്ഭുതലോകം പോലെ തോന്നിച്ചു. സ്റ്റേഡിയം മുഴുവൻ നടന്നെത്താൻ കഴിയാത്തത്ര വിശാലമായിരുന്നു. ഒരു വശത്തുള്ള വാട്ടർക്യൂബും മറുവശത്തുള്ള ബേർഡ്സ് നെസ്റ്റുമാണ് ഏറ്റവും പ്രധാനപ്പെട്ട ഒളിംമ്പിക്സ് കെട്ടിടങ്ങൾ. അവിടെ കുറേനേരം ചുറ്റി നടന്ന് തിരിച്ച് ബസ്സിൽ കയറാൻ പുറപ്പെട്ടപ്പോൾ രണ്ടു പേരെ കാണാനില്ല.! അവിടുത്തെ ജനക്കൂട്ടത്തിനിടയിൽ അവരെ അന്വേഷിച്ച് സൂരജും മറ്റും തിരിച്ചു നടന്നെങ്കിലും, വൈക്കോൽ കൂനയിൽ സൂചി തിരയുന്നതുപോലെയായിപ്പോകുമോ എന്നു ഞങ്ങൾക്ക് പേടിയുണ്ടായിരുന്നു. ഏതായാലും കുറേ കഴിഞ്ഞപ്പോൾ അവർ തിരിച്ചെത്തിയത് എല്ലാവർക്കും പറഞ്ഞറിയിക്കുവാൻ വയ്യാത്ത ആശ്വാസമായി. അവർ ദിശതെറ്റി നേരെ എതിർ വശത്തേയ്ക്ക് നടന്നു പോയത്രേ. ഏതായാലും അതിനുശേഷം എല്ലാവരും കുറച്ചു കൂടി ജാഗ്രത കാട്ടുവാൻ ഇതൊരു നിമിത്തമായി. അന്നത്തെ ദിവസം അത്താഴവും കഴിഞ്ഞ് ഹോട്ടലിൽ എത്തിയത് രാത്രി 11.00 ന്.

## ദിവസം – 4

ഗ്രേറ്റ് വാൾ ഓഫ് ചൈന എന്ന് സ്ക്കൂളിൽ പഠിച്ചിട്ടുള്ള ആ മഹാത്ഭുതം കാണാൻ പോകുന്ന ദിവസം. അതിനു മുമ്പായി ഒരു ജേഡ് ഫാക്ടറി സന്ദർശിച്ചു. ജേഡിന്റെ വിവിധ നിറങ്ങൾ വിസ്മയം ജനിപ്പിക്കുന്നത് തന്നെ. സാധാരണ കാണുന്ന പച്ച അനേകം ജേഡ് നിറങ്ങളിൽ ഒന്നു മാത്രം. കറുപ്പ് മുതൽ നല്ല വെള്ള നിറങ്ങൾ വരെ ജേഡിനുണ്ട്. അതിമനോഹരമായി കൊത്തുപണികൾ ചെയ്ത ഭീമാകാരങ്ങളായ ജേഡ് രൂപങ്ങൾ തിങ്ങി നിറഞ്ഞ വിശാലമായ ഉൾത്തടങ്ങൾ മനംമയക്കുന്നവയായിരുന്നു. വളരെ വിശദമായി അവ ഓരോന്നും കാണുവാൻ ഒരു ദിവസം പോരാതെ വരും. വൻമതിൽ എന്ന പ്രതിഭാസം കാണുവാൻ കുറച്ചു തിരക്കിട്ട് ഞങ്ങൾ അവിടെ നിന്നിറങ്ങി. താഴ്‌വാരത്ത് നിന്നും റോപ് വേയിലാണ് മലമുകളിലെത്തിയത്. വൻമതിൽ മുഴുവൻ നടന്നോ എന്ന ചോദ്യത്തിലെ അർത്ഥമില്ലായ്മ അതു കണ്ടാലെ മനസ്സിലാവൂ. കണ്ണെത്താ ദൂരത്തോളം വൻമതിൽ പൊങ്ങിയും താണും വളഞ്ഞും പുളഞ്ഞും നീണ്ടുകിടക്കുകയാണ്! കല്ലും, ഇഷ്ടികയും മണ്ണും മരവും മറ്റും ഉപയോഗിച്ച് കിഴക്ക് – പടിഞ്ഞാറു ദിശയിൽ ചൈനയുടെ വടക്കേ അതിർത്തി കാത്തുകൊണ്ട് നിലകൊള്ളുന്ന വൻമതിൽ രാജ്യത്തേയും ചക്രവർത്തിയേയും നോമേഡിക് കൊള്ളക്കാരിൽ നിന്നും രക്ഷിക്കാനായി 7–ാം ബി. സി യിൽ പണിയാരംഭിച്ചു, പിന്നീട് ഏച്ചുകെട്ടി, കെട്ടി 21,196 കിലോമീറ്റർ നീളവും 67 മീറ്റർ ഉയരവുമുള്ള ഒരു മഹാത്ഭുതമായിത്തീരുകയാണ് ചെയ്തത്. പഴയ ഭാഗങ്ങൾ പലതും ഇന്നില്ല. പുതുക്കലും ഏച്ചുകെട്ടലും തുടർന്നുകൊണ്ടേയിരിക്കുന്നു. അതു മുഴുവൻ സാധാരണ വേഗത്തിൽ നടന്നു തീർക്കണമെങ്കിൽ 200 ദിവസമെങ്കിലും എടുക്കും! ഞങ്ങൾ കയറിയത് ജവോങ് പാസ് എന്ന സ്ഥലത്താണ്. നല്ല വീതിയുണ്ടെങ്കിലും നടപ്പ് അത്ര എളുപ്പമല്ല. വർഷങ്ങളോളം അനേകം മനുഷ്യരുടെ കാലടികൾക്ക് കീഴിൽ കിടന്ന് മിനുസപ്പെട്ട് കണ്ണാടി പോലെയായ കരിങ്കല്ലുകളാണ് ചവിട്ടുപടികൾ. ഒന്നും അത്ര നിരപ്പിലുമല്ല. പടികൾ കുറേ കയറിയാൽ പിന്നെ കുറേയിറങ്ങണം, വീണ്ടും കയറ്റം... മതിലിന് ഇരുവശവും തരിശെന്ന് പറയാവുന്ന ഭൂമിമാത്രം. ഒരു പക്ഷെ, മഞ്ഞുകാലം കഴിഞ്ഞ് അധികമാകാത്തതുകൊണ്ടാകാം പൂത്തുലഞ്ഞു നിൽക്കുന്ന മരങ്ങളൊന്നും കണ്ണിൽ പെട്ടില്ല. ഓരോ കല്ലിൽ ചവിട്ടുമ്പോഴും ഞാൻ ഓർത്തു എത്ര പേരുടെ കണ്ണീരും വിയർപ്പും വീണ കല്ലുകളായിരിക്കും ഇവ. ഇത്ര ഉയരത്തിലേക്ക് ഉരുട്ടിയും വലിച്ചും കയറ്റുമ്പോൾ എത്ര ജീവൻ പൊലിഞ്ഞു കാണും! എന്തെല്ലാം യാതനകളും പീഡനങ്ങളും കണ്ട മതിലാണത്!

റോപ്പ് വേയിൽ തന്നെ തിരിച്ചിറങ്ങി ബസ്സ് നിർത്തിയിരുന്ന സ്ഥലമെത്തിയപ്പോഴാണ് അറിയുന്നത് കൂട്ടത്തിലൊരാളിന്റെ ബാഗ് , പാസ്പോർട്ടും പണവും സഹിതം മതിലിനുമുകളിലെവിടേയോ വെച്ചുമറന്നു! ഓടാൻ സൂരജുണ്ടല്ലോ! അത്ഭുതമെന്ന് പറയട്ടെ ഒന്നരമണിക്കൂറിനുള്ളിൽ സൂരജ് ബാഗുമായി തിരിച്ചെത്തി. വൻമതിലിൽ മറന്നുവെച്ച അതേ സ്ഥലത്തുതന്നെ ഈ ആൾക്കൂട്ടത്തിനിടയിലും അത് സുരക്ഷിതമായി ഇരുന്നു. നമ്മുടെ നാട്ടിലായിരുന്നെങ്കിൽ !!! .... എന്നു ചിന്തിക്കാതിരിക്കാൻ കഴിഞ്ഞില്ല. അതോടെ സമയക്കുറവുകാരണം സമ്മർപാലസ് സന്ദർശനം യാത്രപരിപാടിയിൽ നിന്ന് വെട്ടിമാറ്റേണ്ടിവന്നു. ഇവിടെ ഒരു കാര്യം എടുത്തുപറയാതെ നിവൃത്തിയില്ല. ഒരു സഹയാത്രികനു പറ്റിയ തെറ്റ് ബാക്കി നാല്പത്തിമൂന്ന് പേരും ഒരു മുറുമുറുപ്പും കുടാതെ ക്ഷമിച്ചു! സൂരജിന്റെ നേതൃത്വം അത്തരത്തിലൊരു കാലാവസ്ഥ സൃഷ്ടിക്കുവാൻ ഉതകി എന്ന് നിസ്സംശയം. പറയാം. കൂട്ടത്തിലൊന്നുകൂടി പറയട്ടെ കരയോഗം സെക്രട്ടറി പി. രാമചന്ദ്രന്റെ നേതൃത്വവും മനോഭാവവും ഇത്തരം സന്ദർഭങ്ങളിൽ വിലമതിക്കാനാവാത്ത ലാഘവത്വം പ്രദാനം ചെയ്തു. യാത്ര പുറപ്പെട്ട ശേഷം അന്ന് ആദ്യമായി ഉച്ചഭക്ഷണം ഒരു ചൈനീസ് റസ്റ്റോറെന്റിലായിരുന്നു. ക്ലോയ്സോണി എന്ന പോഴ്സലെൻ ഫാക്ടറിയുടെ മുകളിലായിരുന്നു അത്. ചീനഭരണികളിലും പാത്രങ്ങളിലും ചില സ്ത്രീകൾ സസൂഷ്മം ചിത്രപണികൾ ചെയ്യുന്നതു കണ്ടു. വളരെയധികം ക്ഷമയും കൈവിരുതും ആവശ്യമുള്ള പണിയാണതെന്ന് മനസ്സിലായി. ചൈനീസ് കളിമൺ പാത്രങ്ങളുടെ ഭംഗി ഇന്ത്യക്കാർക്ക് അപരിചിതമല്ലല്ലൊ.

ഏതായാലും അന്നു മാത്രമാണ് ഞങ്ങൾ ഒരു ചൈനീസ് റസ്റ്റോറൻഡിൽ ഊണ് കഴിച്ചത്. ഇന്ത്യൻ ഭക്ഷണം പോലെ ആസ്വദിച്ചു കഴിക്കുവാൻ എല്ലാവർക്കും സാധിച്ചു എന്നു തോന്നുന്നില്ല എങ്കിലും വിശപ്പുകാരണം തരക്കേടില്ലാത്ത അളവിൽ തന്നെ ഭക്ഷണം അകത്താക്കി. വെജിറ്റേറിയൻ ഭക്ഷണം മാത്രം കഴിക്കുന്നവർക്ക് എന്തോ ഒരു മനസ്സിൽ പിടിക്കായ്ക ഉണ്ടായെങ്കിൽ അതിശയമില്ല. അവരുടെ എണ്ണയും സോസുകളും സംശയദൃഷ്ടിയോടെയല്ലെ നമുക്ക് കാണാൻ കഴിയു.

പിന്നെ പോയത് സിൽക്ക് മാർക്കറ്റിലേക്കാണ്. എല്ലാവർക്കും ഉത്സാഹമായിരുന്നു. ചൈനീസ് സിൽക്കിനെപ്പറ്റിയുള്ള പ്രതീക്ഷകളായിരിക്കാം. വഴി നീളെ പാട്ടുകൾ പാടി അന്താക്ഷരികളിച്ചുകൊണ്ടായിരുന്നു യാത്ര. അവിടെ എത്തിയപ്പോഴാണ് മനസ്സിലായത്, സിൽക്ക് മാർക്കറ്റ് എന്നത് ഒരു വലിയ കെട്ടിടത്തിന്റെ പേരാണ്. അവിടെ സിൽക്ക് മാത്രമല്ല ലോകത്തിലുള്ള എല്ലാ സാധനങ്ങളും വാങ്ങാൻ കിട്ടും. പല നിലകളിലായി പരന്നുകിടക്കുന്ന നമ്മുടെ ലുലുമാളിനെപ്പോലെ, ഒരു സൂപ്പർമാർക്കറ്റ്. ഒരു വ്യത്യാസം – എല്ലാത്തിനും വിലപേശണം. അതു വലിയ പൊല്ലാപ്പാണ്. ഏതായാലും അവിടേയും കച്ചവടം പൊടിപൊടിച്ചു. എല്ലാവരും എന്തൊക്കെയോ വാങ്ങി. ഒടുക്കം പുറത്തു വന്നപ്പോൾ അതാ വഴിവാണിഭക്കാർ. അവർക്കും കിട്ടി നല്ല കോള്.

തിരിച്ച് താമസിക്കുന്ന ഹോട്ടലിലേക്കു പോകുന്ന വഴി മറ്റൊരു ഇന്ത്യൻ റസ്റ്റോറൻഡിൽ അത്താഴം കഴിച്ചു. പിറ്റേന്ന് രാവിലെ ഏഴുമണിക്കു തന്നെ തയ്യാറായി ലോബിയിലെത്തണമെന്ന് സൂരജ് പറഞ്ഞു ബീജിംഗ് വിടുകയാണ് ഷാംഗായിലേക്ക്.

(തുടരും)

# ഭൂമിക്കൊരു സങ്കീർത്തനം
# ജലം ജീവജലം

സി. രാമചന്ദ്രൻ – ഫോൺ: 9995820684

ഭൂമിയിലെ മൊത്തം ജലത്തിന്റെ2.5 ശതമാനം മാത്രമേ ശുദ്ധജലമായി നിലനില്ക്കുന്നുള്ളു. ഈ രണ്ടര ശതമാനത്തിന്റെ എഴുപതു ശതമാനവും ധ്രുവങ്ങളിലും പർവ്വത ശിഖരങ്ങളിലും ഹിമമായി സ്ഥിതി ചെയ്യുന്നു. ബാക്കിയുള്ളതിന്റെ ഇരുപത്തി ഒമ്പതു ശതമാനവും ഭൂമിക്കടിയിൽ ഭൂഗർഭജലമാണ്. അവശേഷിക്കുന്ന ഒരു ശതമാനം മാത്രമാണ് ജലസംഭരണികളിലും വായുമണ്ഡലത്തിലും ജൈവമണ്ഡലത്തിലുമായി മനുഷ്യന് ആശ്രയിക്കാവുന്ന വിധം സ്ഥിതി ചെയ്യുന്നത്. അതായത് ഭൂമിയിലെ മൊത്തം ജലത്തിന്റെ 0.025 ശതമാനം മാത്രമേ ഉപയോഗിക്കാവുന്നതായിട്ടുള്ളൂ. ഇതിനു വേണ്ടിയാണ് മനുഷ്യന്റെ പെടാപ്പാട്.

ജനസംഖ്യ കൂടുകയും കൃഷിഭൂമിയുടെ അളവു വർദ്ധിക്കുകയും വ്യാവസായികമായ ആവശ്യങ്ങൾ ഉയരുകയും ചെയ്തതോടെ ജലത്തിന്റെ ആവശ്യകത ഈ നൂറ്റാണ്ടിൽ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. മനുഷ്യന് ഇന്നുവരെ ആവശ്യമില്ലായിരുന്ന ഉപഭോഗ വസ്തുക്കളുടെ എണ്ണവും ഏറിയിട്ടിട്ടുണ്ട്. ഇതെല്ലാം തന്നെ ജലത്തിന്റെ ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ സപ്ലൈയിൽ മാറ്റമില്ല താനും. മറ്റൊരു കാര്യം പറഞ്ഞാൽ ഉള്ള ജലം മലിനമാകുന്നതിന്റെ തോതും വർദ്ധിക്കുന്നു എന്നതാണ്. ജനസംഖ്യയുടെ വർദ്ധനവ്, മനുഷ്യന്റെ ആവശ്യങ്ങളുടെ വർദ്ധനവ്, വരുമാനത്തിന്റെ വർദ്ധനവ് എന്നിവയെല്ലാം ആശ്രയിച്ചാണ് ജലത്തിന്റെ എന്നല്ല, എല്ലാ വിഭവങ്ങളുടെയും സ്ഥിതി. ജനസംഖ്യ വർദ്ധിക്കുകയും വിഭവങ്ങളുടെ ലഭ്യത കുറയുകയും ചെയ്യുമ്പോൾ യുദ്ധത്തിനു സാധ്യത കൂടുന്നു.

ഭൂമിക്കടിയിൽ ഭൂഗർഭജലമേഖലയ്ക്കു താഴെ വലിയൊരു ജലസ്രോതസ്സുണ്ടെന്നുള്ളതാണ് ഏറ്റവും പുതിയ അറിവ്. സമുദ്രങ്ങളിൽ ഇന്നുള്ള ജലത്തിന്റെ മൂന്നിരട്ടി ഉപ്പില്ലാത്ത വെള്ളം അങ്ങിനെ അജ്ഞാതമായി കിടക്കുന്നുവത്രേ. സയൻസ് ഡെയ്‌ലി, നേച്ചർ തുടങ്ങിയ ശാസ്ത്രജേർണലുകൾ ഇത് സ്ഥിരീകരിച്ചിട്ടുണ്ട് എന്നത് സന്തോഷകരമാണ്. ജലത്തിനു വേണ്ടി മാത്രമായി ഒരു ലോകമഹായുദ്ധം എന്ന അതിഭാവന ഇനി വേണ്ട.

സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ ഭൂമിയിൽ മാത്രമേ ജലമുള്ളൂ എന്നായിരുന്നു മുൻധാരണ. എന്നാൽ ദ്രവാവസ്ഥയിലല്ലാത്ത ജലത്തിന്റെ സാന്നിദ്ധ്യം ചൊവ്വയ്ക്കപ്പുറമുണ്ട്. ശനിയുടെ ഒരു ഉപഗ്രഹത്തിൽ സമുദ്രമുണ്ടെന്നുപോലും വിവരമുണ്ട്. ഭൂമിയിൽ മൂന്നവസ്ഥയിലും ഖരം, നീരം, വാതകം ജലമുണ്ട്.

മഴയായും മഞ്ഞായും ഭൂമിയിലും സമുദ്രത്തിലും ജലം പതിക്കുന്നു. കരയിൽ പതിക്കുന്നത് ജീവജാലങ്ങൾ ഉപയോഗിച്ചു ബാക്കിയുള്ളത് സമുദ്രത്തിലേക്കൊലിച്ചിറങ്ങുന്നു. കുറേ ജലം വീണ്ടും നീരാവിയുമാകുന്നു. അതു വീണ്ടും മഴയായ് പൊഴിയും. അങ്ങിനെ ജലചക്രം തുടരും. ഭൂമിയിലെ ജലത്തിന്റെ അളവിനു മാറ്റമില്ല. എന്നാൽ ഹിമാനികൾ ഉരുകിയാൽ സമുദ്രനിരപ്പുയരും. എല്ലാ ഹിമാനികളും മഞ്ഞുപാളികളുമുരുകിയാൽ സമുദ്രജലം വല്ലാതുയരും. മഞ്ഞു കട്ടികളുടെ അളവും സമുദ്രനിരപ്പിന്റെ അളവും കാലാകാലങ്ങളിൽ കാലാവസ്ഥാവ്യതിയാനങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും.


ഒന്നരലക്ഷം വർഷങ്ങൾക്കിടയിൽ ഒരു ഹിമയുഗം എന്ന കണക്കിൽ ഉണ്ടാകും. ഒരു ഹിമയുഗം കഴിഞ്ഞ് ഇപ്പോൾ പതിനായിരം വർഷമായി ക്രമേണ സമുദ്രനിരപ്പ് ഉയരുകയാണ്. കാലാവസ്ഥയുടെ മാറ്റത്തിനു കാരണം ഭൂമിയുടെ ചെരിവും ഭൂമി സൂര്യനെ വലം വയ്ക്കുന്ന പഥത്തിന്റെ ദീർഘതയുമാണ്. അതിൽ വർഷാവർഷമുണ്ടാകുന്ന മാറ്റത്തിനനുസരിച്ചാണ് ഋതുക്കൾ വരുന്നതും പോകുന്നതും. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ അതിനുണ്ടാകുന്ന മാറ്റങ്ങൾ കൂടുതൽ വലിയ കാലാവസ്ഥ വ്യതിയാനങ്ങൾക്കു കാരണമാകുന്നു. ഓരോ വർഷവും ഒരു മിനുട്ടിൽ താഴെ എന്ന തോതിൽ സൂര്യന്റെ സ്ഥാനം ക്രാന്തിവൃത്തത്തിൽ പടിഞ്ഞാറേയ്ക്കു നീങ്ങും. സമരാത്രദിനങ്ങളുടെ സ്ഥാനം ഇതിനനുസരിച്ച് 50 സെക്കന്റ് നേരത്തെയാകും. ഇന്ന് വിഷു മേടം ഒന്നിനല്ല യഥാർത്ഥത്തിൽ മീനം ഒൻപതോടെയാകും. ആചാരം മാറുന്നില്ല എന്നേ ഉള്ളൂ.





വർഷാവർഷം ഋതുഭേദങ്ങളുണ്ടാകുന്നതു പോലെ, പതിനൊന്നു വർഷത്തിലൊരിക്കൽ സൗരപ്രഭാവമുണ്ടാകുന്നതുപോലെ, നീണ്ട ഇടവേളകളിലുണ്ടാകുന്ന പ്രതിഭാസങ്ങൾ വേറെയുമുണ്ട്. ഇതിനെ സംബന്ധിച്ച് യൂഗോസ്ലോവ്യൻ ശാസ്ത്രജ്ഞനായ മിലൂട്ടിൻ മിലാൻകോവിച്ച് ഒരു സിദ്ധാന്തം മുന്നോട്ടു വച്ചു. ഭൂമിയുടെ ഭ്രമണകോണിനും ഭ്രമണപഥത്തിനും കാലികമായി വരുന്ന മാറ്റങ്ങളെക്കുറിച്ചുള്ളതാണ് സിദ്ധാന്തം. കാലാവസ്ഥാ വ്യതിയാനത്തിനു ഹേതുവാണിത്. ചില ജൈവവംശങ്ങളുടെ നാശത്തിനും മറ്റു ചിലതിന്റെ ജന്മത്തിനും ഇതു കാരണമായേക്കാം. ഭൂമിയുടെ ഭ്രമണപഥത്തിനും ഭ്രമണകോണിനും ഉണ്ടാകുന്ന വ്യതിയാനമനുസരിച്ച് ഭൂമിയിൽ പതിക്കുന്ന സൂര്യപ്രകാശത്തിന്റെ അളവിനും വ്യതിയാനമുണ്ടാകുമെന്നതിന് സംശയത്തിനവകാശമില്ലല്ലോ. ഇതിനൊന്നിനും മനുഷ്യൻ ഉത്തരവാദിയല്ല. മിലാൻകോവിച്ചിന്റെ പ്രവചനങ്ങൾ പിന്നീട് സാധൂകരിക്കപ്പെട്ടിട്ടുണ്ട്. കാലാവസ്ഥയുടെ മാറ്റത്തിനുള്ള മറ്റൊരു കാരണം സമുദ്രജല പ്രവാഹങ്ങളാണ്.

ആഗോള ജലബാഷ്പീകരണത്തിന്റെ എൺപത്താറു ശതമാനവും സമുദ്രത്തിൽ നിന്നാണ്. ബാഷ്പീകരണം മൂലമുണ്ടാകുന്ന ലീനതാപമാണ് ഹരിതവാതകപ്രഭാവം മൂലമുണ്ടാകുന്ന താപത്തെ വരുതിയിലാക്കുന്നത്. ഭൂമധ്യരേഖാപ്രദേശത്തും അതിനിരുവശമുള്ള 30° പ്രദേശത്തുമാണ് മഴയധികവും പെയ്യുന്നത്. അതായത് കർക്കടക വൃത്തത്തിനും മകരവൃത്തത്തിനും ഇടക്കുള്ള പ്രദേശം. സഹാറാ മരുഭൂമി ഇതിലുൾപ്പെടുമെങ്കിലും അവിടെ മഴയില്ല എന്നത് മറ്റൊരു കാര്യമാണ്. ധ്രുവപ്രദേശങ്ങളിലും മഴ കുറവാണ്. സൂര്യനിൽ നിന്ന് കൂടുതൽ താപം ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശത്തെ കാറ്റിന്റെ ഗതിവിഗതികളാണ് മഴയുടെ ലഭ്യതക്കടിസ്ഥാനം. അന്തരീക്ഷ മർദ്ദത്തിന്റെ വ്യതിയാനമനുസരിച്ച് ഉഷ്ണമേഖലാപ്രദേശത്ത് സൈക്ലോൺ പ്രതിഭാസങ്ങളുണ്ടാകുന്നതും മഴയ്ക്കു കാരണമാണ്. ചൂടുള്ള സമുദ്രജലമേഖലയിലാണ് സൈക്ലോണിന് കാരണമായ ന്യൂനമർദ്ദം രൂപമെടുക്കുന്നത്.




ഇൻഡ്യയിൽ ലഭിക്കുന്ന മഴയുടെ എൺപതു ശതമാനവും തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നാണ്, ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപം കൊള്ളുന്ന ഒരു ഉച്ചമർദ്ദസ്ഥിതിയിൽ നിന്നാരംഭിക്കുന്ന ഒന്നാണിത്. ഹിമാലയസാനുക്കളിൽ നിന്ന് തിരിഞ്ഞടിക്കുന്ന മറ്റൊരു കാറ്റാണ് വടക്കുകിഴക്കൻ കാലവർഷത്തിനു കാരണമാകുന്നത്. തമിഴ് നാട്ടിലും കേരളത്തിലും മഴയുണ്ടാകുവാൻ ഇതു സഹായകമാണ്.

കരയാൽ ചുറ്റപ്പെട്ടു കിടക്കുന്ന വലിയ ജലാശയങ്ങളാണ് തടാകങ്ങൾ സാധാരണയായി ഇതിന് സമുദ്രവുമായി ബന്ധമില്ല. ഭൂമിയിലെ ഏറ്റവും വലിയ തടാകം കാസ്പ്പിയൻ കടലാണ്. വടക്കേ അമേരിക്കയിലെ സുപ്പീരിയർ തടാകം, തെക്കേ അമേരിക്കയിലെ ടി ടി കാക്ക തടാകം, ആഫ്രിക്കയിലെ വിക്ടോറിയ, യൂറോപ്പിലെ ലഡോഗ, ആസ്ത്രേലിയയിലെ ഐർ, അന്റാർട്ടിക്കയിലെ വസ്തോക്ക് എന്നിവ ഭൂമിയിലെ പ്രധാന തടാകങ്ങളാണ്.

ഇന്ത്യയിലെ പ്രധാന തടാകങ്ങൾ ഒറീസയിലെ ചിൽക്ക, രാജസ്ഥാനിലെ സാംഭർ, ജമ്മുകാശ്മീരിലെ ഡാൽ, ആന്ധ്രപ്രദേശിലെ കൊല്ലേരു, ഹിമാചൽ പ്രദേശിലെ പോങ്, കേരളത്തിലെ ശാസ്താംകോട്ട തുടങ്ങിയവയാണ്. കേരളത്തിലെ പ്രധാന തടാകങ്ങൾ വയനാട്ടിലെ പൂക്കോട്ട്, തൃശൂരെ മുരിയാട്, ഇടുക്കിയിലെ മനക്കോടി, തിരുവനന്തപുരത്തെ വെള്ളായണി തുടങ്ങിയവയാണ്.

ഭൂമിയുടെ ഉപരിതലം മുതൽ താഴെ ഭൂജലവിതാനം വരെയുള്ള മേഖലയിൽ മണ്ണും വായുവും വെള്ളവുമുള്ള ഒരു മിശ്രിതമേഖലയാണ്. ഇതിന് മൂന്ന് അടരുകളുണ്ട്. മൺജലമേഖല, മധ്യമേഖല, ലോമികാജലമേഖല എന്നിങ്ങനെയാണ് വിഭജനം. ഇതു തമ്മിൽ ഒരു സമതുലിതാവസ്ഥ നില നില്ക്കുന്നു. മണ്ണ്, പാറ എന്നിവയുടെ വിടവുകൾ ജലം നിറഞ്ഞ് പൂരിതമായ അവസ്ഥയിലാണ് ജലപൂരിത മേഖല. ഇതിലെ ജലമാണ് ഭൂഗർഭജലം.

ഭൂഗർഭജലം സദാ തെന്നിമാറിക്കൊണ്ടിരിക്കും. അത് വളരെ സാവധാനത്തിലാണ്. പരുക്കൻ മണ്ണിൽ വേഗത കൂടുതലും ചളിമണ്ണിൽ വേഗത കുറവുമായിരിക്കും. അതതു പ്രദേശത്തെ ധാതുക്കൾ അതതു പ്രദേശത്തെ ഭൂഗർഭജലത്തിൽ ലയിച്ചിട്ടുണ്ടാകും.

ജലത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഇവിടെ അവസാനിക്കുന്നില്ല. തുടർന്നുള്ള വിഷയങ്ങളിലും ജലം കലർന്നിരിക്കും. ജലത്തെ ഒഴിവാക്കിക്കൊണ്ട ഭൂമിയിലെ ഒന്നിനും സ്വത്വമില്ല.

# ശ്രീ ശങ്കരനും ബുദ്ധമതവും

ഡോ. എൻ. ഗോപിനാഥൻ നായർ (ഫോൺ: 9249205553)

പലരും ശ്രീ ശങ്കരാചാര്യരെ കാണുന്നത് ഒരു ബുദ്ധമതാന്തകനും, ഹിന്ദുമത ഉദ്ധാരകനും നവോത്ഥാന നായകനുമായിട്ടാണ്. എന്നാൽ ഇത് പൂർണ്ണമായും ശരിയല്ല, എന്ന സത്യം ചരിത്രവസ്തുതകൾ പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്.

### ശ്രീബുദ്ധനും ബുദ്ധമതവും

ഭാഗവത പൂരാണത്തിൽ ശ്രീബുദ്ധനെ മഹാവിഷ്ണുവിന്റെ ഒരവതാരമായിട്ടാണ് സങ്കൽപ്പിച്ചിരിക്കുന്നത്. എന്നാൽ ദശാവതാരങ്ങളിൽ ഒന്നായി ബുദ്ധനെ കണക്കാക്കിയിട്ടില്ലെന്നാണ് കരുതേണ്ടത്.

നേപ്പാളിലെ :കപില വസ്തു; എന്ന ചെറിയ ഒരു നാട്ടുരാജ്യത്തിൽ, ശാക്യവംശത്തിൽപ്പെട്ട രാജകുലത്തിൽ ബി.സി. 560 ൽ ശ്രീബുദ്ധൻ ജാതനായി എന്ന് വിശ്വസിക്കപ്പെടുന്നു. രാജാവായ ശുദ്ധോദനനും റാണി മായാവതിയുമാണ് മാതാപിതാക്കൾ. 'സിദ്ധാർത്ഥൻ' എന്നായിരുന്ന രാജകുമാരന് മാതാപിതാക്കൾ നൽകിയ പേര്. തന്റെ 16 ാമത്തെ വയസ്സിൽ യശോധരയെ വിവാഹം ചെയ്യുകയും അവർക്ക് രാഹുലൻ എന്ന് പേരായ ഒരു പുത്രൻ ജനിക്കുകയുമായിരുന്നു.

ലൗകിക ജീവിതത്തിൽ വിരക്തി തോന്നിയ സിദ്ധാർത്ഥൻ കുടുംബവും കൊട്ടാരവുമുപേക്ഷിച്ച് ഒരു ഭിക്ഷുവിന്റെ വേഷത്തിൽ സാധാരണക്കാരായ ജനങ്ങളിലേക്ക് ഇറങ്ങി ചെന്നു. പിന്നീട് ജീവിതരഹസ്യം തേടി നിരന്തരം യാത്രകളിലായിരുന്നു. ഹിന്ദുമത ദർശനങ്ങൾ പഠിച്ച അദ്ദേഹം ധ്യാനമാർഗ്ഗം സ്വീകരിച്ചാണ് തന്റെ ലക്ഷ്യം തേടി സഞ്ചാരം നടത്തിയിരുന്നത്. അവസാനം ബുദ്ധഗയ എന്ന സ്ഥലത്ത് വച്ച് അദ്ദേഹത്തിന് ബോധോദയം ലഭിച്ച് ബുദ്ധനായിത്തീർന്നു.

ബുദ്ധൻ തന്റെ ദർശനങ്ങൾ അഥവാ സിദ്ധാന്തങ്ങൾ ജനങ്ങളിൽ പ്രചരിപ്പിക്കുകയും പിൽക്കാലത്ത് അത് ബുദ്ധമതം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. വേദപ്രമാണങ്ങൾ അംഗീകരിക്കാത്ത നാസ്തിക ദർശനങ്ങൾ ആയിരുന്നു അവയെന്ന് കാണേണ്ടിയിരിക്കുന്നു. ജനങ്ങൾ ദുരിതങ്ങളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും മോചനം നേടാൻ അഹിംസാമാർഗ്ഗം സ്വീകരിക്കണം. തന്മൂലം ശാന്തിയും സമാധാനവും സമൂഹത്തിൽ ഉടലെടുക്കും. അക്കാലത്ത് നാട്ടുരാജ്യങ്ങൾ തമ്മിലും ജനസമൂഹങ്ങൾക്കിടയിലും യുദ്ധങ്ങളും കലഹങ്ങളും സാധാരണമായിരുന്നു.വിദേശാക്രമണങ്ങളും അസാധാരണമായിരുന്നില്ല. ലൗകീക സുഖഭോഗങ്ങൾ ഉപേക്ഷിച്ച്, ജീവിതത്തിൽ മത്സരങ്ങളും, കലഹങ്ങളും സ്വാർത്ഥ താൽപ്പര്യങ്ങളും ഒഴിവാക്കണം. സന്തോഷപ്രദമായ ഒരു ജീവിതം നയിക്കാൻ ഇതെല്ലാം ആവശ്യമാണ്.

ബുദ്ധമതത്തിന്റെ ആരംഭകാലത്ത് മതം സ്വീകരിച്ചവർ ബുദ്ധഭിക്ഷുക്കളായി, സന്യാസിമാരായി രാജ്യത്തുടനീളം സഞ്ചരിച്ച് ബുദ്ധമത ദർശനങ്ങൾ പ്രചരിപ്പിക്കേണ്ടിയിരുന്നു. തൻമൂലം ഗൃഹാസ്ഥാശ്രമം നിഷേധിക്കപ്പെട്ട അവസ്ഥയിലായിരുന്നു. സന്യാസിമാരുടെ താമസസ്ഥലങ്ങൾക്കായി ബുദ്ധവിഹാരങ്ങൾ നിർമ്മിക്കപ്പെട്ടു. അവയോട് ചേർന്ന് ധ്യാനസമ്പ്രദായത്തിലുള്ള ആരാധനാലയങ്ങളും സ്ഥാപിക്കപ്പെട്ടു.

അശോകചക്രവർത്തി ബുദ്ധമതം സ്വീകരിച്ചതോടെ ബുദ്ധമതത്തിന്റെ പ്രതാപകാലം ആരംഭിച്ചു. ബുദ്ധമതദർശനങ്ങൾക്ക് വളരെ വേഗം പ്രചാരം ലഭിക്കുകയും ഏറെ പ്രധാന്യം സമൂഹത്തിൽ കൽപ്പിക്കപ്പെടുകയും ചെയ്തു. മതപ്രചാരണത്തിനായി ചക്രവർത്തി ധാരാളം ബുദ്ധസന്യാസിമാരെ രാജ്യത്ത് നിയോഗിക്കപ്പെട്ടു. അതുകൂടാതെ മറ്റു പലരേയും വിദേശത്തിലേക്ക് അയയ്ക്കുകയും ചെയ്തു. സിലോണിലേക്ക് (ശ്രീലങ്ക) പോയത് ചക്രവർത്തിയുടെ സ്വന്തം മകളായിരുന്നു (സംഘമിത്ര) എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

വൈദീക ദർശനങ്ങളിലെ ആചാരങ്ങളേയും വിശ്വാസങ്ങളേയും ബുദ്ധമതത്തിന്റെ വളർച്ച സാരമായി ബാധിച്ചു. വൈദികധർമ്മം ഉപേക്ഷിച്ച് ബുദ്ധമതം സ്വീകരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഇതൊക്കെയാണെങ്കിലും സനാതനധർമ്മത്തിലൂന്നിയ വൈദീക ദർശനങ്ങളുടെ അടിത്തറ ഇളക്കാൻ ബുദ്ധമത ദർശനങ്ങൾ പര്യാപ്തമായില്ല.

അവതാര പുരുഷന്മാരും അതേസമയം ചരിത്രപുരുഷന്മാരും കൂടിയായ ശ്രീരാമന്റേയും (ത്രേതായുഗം) ശ്രീകൃഷ്ണന്റെയും (ദ്വാപരയുഗം) കാലഘട്ടങ്ങളിലൂടെ അനേകായിരം വർഷങ്ങളിലൂടെ അനേകം ഋഷിവര്യന്മാരിലൂടെ, വളർന്നു വികസിച്ച സനാതന ധർമ്മത്തെ ഉന്മൂലനം ചെയ്യാൻ ബുദ്ധമതത്തിന് ത്രാണിയില്ലായിരുന്നു എന്നു തന്നെ പറയാം. മഹാഭാരത കാലഘട്ടത്തിലും അതിനുശേഷവും ഹൈന്ദവധർമ്മത്തിന് കോട്ടം തട്ടിയെന്നത് ശരി തന്നെ. സമൂഹത്തിലുണ്ടായിരുന്ന വർണ്ണ വ്യവസ്ഥ, ജാതി വ്യവസ്ഥക്ക് വഴിമാറി. ജനസമൂഹത്തിൽ മേലാളനും കീഴാളനും എന്ന വ്യത്യാസം ജനങ്ങളെ വിഭിന്നരാക്കി വിഭജിച്ച് അകറ്റി നിർത്താൻ ഇതു കാരണമായി. ഭരണവർഗ്ഗക്കാരായ ക്ഷത്രിയർ പുരോഹിതന്മാരായ ബ്രാഹ്മണവർഗ്ഗത്തിന്റെ മേധാവിത്വത്തിന് വഴങ്ങുകയും അങ്ങിനെ അവർക്ക് നിയന്ത്രണവിധേയരാവുകയും ചെയ്തു. ഹിന്ദു ധർമ്മത്തിലെ ധ്യാനത്തിനും യജ്ഞങ്ങൾക്കും പകരമായി യാഗാദികർമ്മങ്ങൾക്കാണ് പ്രാധാന്യം കൽപ്പിക്കപ്പെട്ടത്. ഇതെല്ലാം ബ്രാഹ്മണമേധാവിത്വത്തിലാണ് എത്തി നിന്നത്. ശാന്തിയും സമാധാനവും അഹിംസയും നിലനിന്നിരുന്ന സമൂഹത്തിൽ ഭയം, ക്രൂരത, ക്രോധം, ഹിംസ എന്നിവ സ്ഥാനം പിടിച്ചു. യുദ്ധങ്ങളും ആക്രമണങ്ങളും ജനജീവിതം ദുസ്സഹമാക്കി. ജനങ്ങൾക്കിടയിലെ സാമ്പത്തിക അസമത്വം ഇതിന്റെയെല്ലാം തിക്തഫലമായി അനുഭവപ്പെട്ടു. സനാതനധർമ്മത്തിന്റെ കാതലായ വേദങ്ങൾക്കും ഉപനിഷത്തുകൾക്കും മറ്റു ദർശന തത്ത്വങ്ങൾക്കും അവയുടെ പ്രാധാന്യം മങ്ങിത്തുടങ്ങിയ അവസ്ഥയിലാണ് ബുദ്ധമതത്തിന്റെ കടന്നു വരവ്.

ശ്രീബുദ്ധൻ സംസ്കൃതത്തിനു പകരം പാലിഭാഷയിലാണ് തന്റെ ധർമ്മം പ്രചരിപ്പിച്ചിരുന്നത്. അദ്ദേഹം പുരോഹിത മേധാവിത്വത്തിനും, ജാതിവ്യവസ്ഥക്കും എതിരായി ബുദ്ധമതദർശനങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. അഹിംസക്ക് അമിതപ്രാധാന്യം നൽകുകയും സ്വരക്ഷക്കുപോലും ആയുധമെടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. ഇതിനാൽ പിൽക്കാലത്ത് ആക്രമണകാരികളിൽ നിന്ന് ബുദ്ധമതത്തിന് വളരെയധികം നാശനഷ്ടങ്ങൾ നേരിടേണ്ടി വന്നു. ബുദ്ധമതത്തിന്റെ തകർച്ചയ്ക്ക് അതും ഒരു പ്രധാന കാരണമെന്നു പറയാം.

സനാതന ധർമ്മം ഒരു ആൽമരംപോലെ പടർന്ന് പന്തലിച്ചു കൊണ്ടിരുന്നു. എന്നാൽ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളും മരത്തിൽ ഉണ്ടായ ഇത്തിക്കണ്ണികളുടെ വളർച്ചയും മരത്തിന്റെ വളർച്ചയെ ബാധിക്കുന്നതുപോലെ ഹൈന്ദവധർമ്മത്തെ ബാധിക്കുന്ന തരത്തിലുള്ള സംഭവ വികാസങ്ങൾ കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ അപ്പോഴെല്ലാം അവതാര പുരുഷന്മാരും, മഹാന്മാരായ ആചാര്യന്മാരും പണ്ഡിതശ്രേഷ്ഠന്മാരും ധർമ്മസംരക്ഷണം നടത്തിയിരുന്നു. എന്നാൽ, അവതാര പുരുഷനായി ചിലരാൽ സങ്കൽപ്പിക്കപ്പെടുന്ന ശ്രീബുദ്ധനാകട്ടെ നിലനിൽക്കുന്ന ആൽമരത്തിനെ ഉപേക്ഷിച്ച്, പുതിയ ഒരു മരത്തിന്റെ തൈ നട്ടു നനച്ച് വളർത്തുകയാണുണ്ടായത്. ആൽവൃക്ഷം പോലെ വളർന്ന് ഉയരുന്നതിനു പകരം തൈമരം പുല്ലുപോലെ വളർന്ന് വികസിക്കുകയെന്ന പ്രതിഭാസമാണ് സംഭവിച്ചത്. എന്നാൽ വിദേശങ്ങളിൽ ബുദ്ധമതത്തിന് നല്ല സ്വീകാര്യത ലഭിക്കുകയാൽ അവിടങ്ങളിൽ നിലനിന്നിരുന്ന മതവിശ്വാസങ്ങളെ അതിജീവിക്കാൻ സാധിച്ചു. അവിടങ്ങളിൽ ഉണ്ടായിരുന്ന മതങ്ങൾക്ക് അത്രക്കുമാത്രം ആഴവും പരപ്പുമേ ഉണ്ടായിരുന്നുള്ളൂ എന്നതാണ് സത്യം.

ബുദ്ധമതം ഭാരതത്തിൽ വേരുപിടിച്ചെങ്കിലും അതിന് ഹൈന്ദവധർമ്മത്തിൽ അടിത്തറ തകർക്കാൻ പര്യാപ്തമായില്ല. സെമിറ്റിക് മതങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. പതിനായിരത്തിലേറെ വർഷം പഴക്കമുള്ള, ഋഷിപ്രോക്തങ്ങളായ വേദങ്ങളും ഉപനിഷത്തുക്കളും മറ്റു ഭാരതീയ ദർശനങ്ങളും ജനങ്ങളെ അത്രമാത്രം സ്വാധിനിച്ചിരുന്നു. ഇപ്പോഴും അവയുടെ പ്രഭാവം അഭുംഗുരം തുടരുന്നു.

ഭാരതത്തിൽ പല പല പ്രദേശങ്ങളിലും ബുദ്ധമതത്തിന് എതിർപ്പുകൾ നേരിടേണ്ടി വന്നിരുന്നുവെങ്കിലും ഒരിക്കലും അത് ഒരടിച്ചമർത്തിലിലേക്ക് എത്തിയിരുന്നില്ല. ബുദ്ധമതത്തിൽ കടന്ന കൂടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഉൾപ്പിരിവുകളും (മഹായനം,ഹീനയാനം) ബുദ്ധമതത്തിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടി. ബുദ്ധമതം ഗൃഹസ്ഥാശ്രമ ധർമ്മം സ്വീകരിച്ചതോടെ ബുദ്ധസമൂഹത്തിൽ വളരെയധികം മാറ്റങ്ങൾ സംഭവിച്ചു. ഭാരതത്തിൽ വൈദീക ധർമ്മങ്ങൾ കേവലം ഉപരിപ്ലവങ്ങളായിരുന്നില്ല. അവയെല്ലാം ആത്മാവിന്റെ ഭാഗമായിരുന്നു. അടിയുറച്ച വിശ്വാസത്തിന്റെയും ആചാരങ്ങളുടേയും ആകെത്തുകയായിരുന്നു. അടിയുറച്ച ആത്മീയ ജീവിതത്തിന്റെ ഭാഗമായിരുന്നു.

ബുദ്ധമതത്തിനു ജനങ്ങളിൽ എളുപ്പത്തിൽ ലഭിച്ച സ്വീകാര്യത ആ കാലഘട്ടത്തിന്റെ ഒരു പ്രത്യേക അവസ്ഥയിലായിരുന്നു എന്നു വേണം കരുതാൻ. അതുകൊണ്ടാണ് കാലപ്രവാഹത്തിൽ ബുദ്ധമതത്തിന് മങ്ങലേറ്റത്. ബുദ്ധധർമ്മത്തിൽ, ഹൈന്ദവധർമ്മത്തിൽ നിന്നും വളരെ വ്യത്യസ്ഥമായ, കാതലായ മാറ്റങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. പ്രത്യേകിച്ചും ആത്മീയ തലത്തിൽ. ജൈനമതം പോലെ ബുദ്ധമതവും അപ്രധാനമതമായിത്തീർന്നു. ഈയൊരവസ്ഥയിലാണ് ശ്രീശങ്കരന്റെ രംഗപ്രവേശം.

(തുടരും)

മാംഗല്യം

നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്
*രജിസ്ട്രേഷൻ ചാർജ്ജ് – 1000 രൂപ
ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡി.എച്ച്.റോഡ്, കൊച്ചി 682 016
ഫോൺ: 0484 2361160 (Ext.32), 2369589
Web: www.karayogammangalyam.com/
www.karayogammangalyam.in
Email: ekmkgm@gmail.com

*(മിനിക്കഥ)*

# കള്ളൻ പറഞ്ഞ കഥ

**പറവൂർ രാജഗോപാൽ**

രാത്രിയിൽ കള്ളൻ പതുങ്ങി വന്നു. ഇരുട്ടിൽ പാത്തു നിന്നു. പിന്നെ മതിൽ ചാടിക്കടന്ന്, പൂച്ചയുടെ കാൽവയ്പുകളോടെ വീട്ടു മുറ്റത്തെത്തി. ചുറ്റിനും കൺപാർത്തു. തെല്ലകലെ മാവിന്റെ ചുവട്ടിൽ, പൂഴിമണ്ണിൽ വീട്ടിലെ വളർത്തു നായ കള്ളനെത്തന്നെ നോക്കി കിടന്നിരുന്നു. കള്ളനും അതു കണ്ടു. കൊഴുത്തു തടിച്ച് ഒരു ഭീകര രൂപി. അയാളുടെ നല്ല ജീവൻ പോയി. നായ കുരച്ചടുക്കുമെന്നു തന്നെ അയാൾ കരുതി.

ഒന്നുമുണ്ടായില്ല. തലയുയർത്തി കള്ളനെ നല്ലതുപോലെ ഒന്നു നോക്കിയിട്ട് നായ വീണ്ടും ചുരുണ്ടുകൂടി കിടപ്പായി. കള്ളന് സമാധാനമായി. പോയ ജീവൻ തിരിച്ചു കിട്ടിയപോലെ സാവകാശം അയാൾ അടികൾ വെച്ചു.

ചുറ്റിനും മഞ്ഞ് നീലിച്ച പുകപോലെ. നല്ല തണുപ്പ്.

അയാൾ വീടിനുള്ളിലേക്ക് കടക്കാൻ വഴികൾ നോക്കി നടന്നു. ഹൃദയം പിടച്ചു കൊണ്ടിരുന്നു. ഇടയ്ക്ക് അയാൾ നായയെപ്പറ്റി ചിന്തിച്ചു. പിടഞ്ഞുണർന്നു. അവൻ തനിക്കു നേരെ കുരച്ചുകൊണ്ട് പാഞ്ഞു വരുമോയെന്ന് ഓർത്തപ്പോൾ അയാൾക്ക് കാലിടറി. കൈകൾ വിറച്ചു കൊണ്ടിരുന്നു.

ഒടുവിൽ വീടിന്റെ പടിഞ്ഞാറ്റയിലെ വാതിൽപ്പൂട്ടു തുറന്ന് കള്ളൻ അകത്തു കടന്നു.

രാത്രിയിൽ , വീട്ടിലുള്ളവർ നല്ല ഉറക്കത്തിലായിരുന്നു. കട്ടിലിൽ കിടന്നിരുന്ന പെൺകുട്ടി ഇടയ്ക്ക് ഒന്നനങ്ങി, തന്റെ തലയ്ക്കൽ വെച്ചിരുന്ന തലയിണ എടുത്ത് അടുത്തുവെച്ച്, അതും കെട്ടിപ്പിടിച്ച് കിടന്നു.

കള്ളൻ യഥേഷ്ടം മുറികൾ ഒന്നൊന്നായി കയറി ഇറങ്ങി. പൊന്നും പണവും വിലപിടിച്ച പലതും എടുത്തുകൊണ്ട് പതിയെ പുറത്തു കടന്നു.

മാവിന്റെ ചുവട്ടിൽ കിടന്നിരുന്ന നായ കള്ളന്റെ കാൽപെരുമാറ്റം വ്യക്തമായും കേട്ടു. തലപൊന്തിച്ച് ഒന്നയാളെ നോക്കിയതല്ലാതെ അത് മറ്റൊന്നിനും മുതിർന്നില്ല. അയാൾ മതിൽ ചാടി കടന്ന് പുറത്തെത്തി. പൂട്ടിക്കിടന്ന ഇരുമ്പുഗേറ്റിന്റെ അഴികൾക്കിടയിലൂടെ നായയെ നോക്കി കുറച്ചു നിന്നു.

കഷ്ടം ! ഈ നായയ്ക്കൊട്ടും തന്റേടമില്ലാതായിപ്പോയല്ലോ. ഒന്നിനും കൊള്ളാത്ത നായ തിന്നു മുറ്റി, വെറുതെ വീട്ടുടമസ്ഥന്റെ മാനം കെടുത്താൻ കിടക്കുന്നു.

അടുത്ത നിമിഷം അയാൾ ഓർത്തു

അത് തനിക്കു ചെയ്തു തന്നത് ഉപകാരമല്ലേ?!

അയാൾ നായയ്ക്കു നന്ദി പറഞ്ഞു. നടക്കാൻ തുടങ്ങി. പെട്ടെന്ന് നായ എഴുന്നേറ്റ് കുരയായി.

വീടിനു ചുറ്റും കുരച്ചുകൊണ്ട് നായ ഓടി നടന്നു. പിന്നെ ഗേറ്റിനു സമീപം വന്നു നിന്ന് കള്ളൻ മറഞ്ഞ വഴി നോക്കി കുരയോടു കുരയായി, ഉച്ചത്തിൽ, വലിയ ആവേശത്തോടെ!

നായയുടെ കുരകേട്ട് വീട്ടിലുള്ളവർ ഉണർന്നു. പക്ഷേ, കള്ളൻ തുറന്നിട്ടുപോയ വാതിലിലൂടെ അകത്തേക്കു കടന്നു കയറിയ മഞ്ഞിന്റെ ഈർപ്പമുള്ള ഇളം കാറ്റ് അവരെ വീണ്ടും ഉറക്കത്തിലാഴ്ത്തി.


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ






ഇടവം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

# മാസഫലം

Tel : TDM -2361160,
Mob : 9447696190, 9447354306

**2018 മെയ് 15 മുതൽ ജൂൺ 14 വരെ**

**ജ്യോതിഷാചാര്യ വിജയ മേനോൻ**




**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** സൈന്യ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് മാറ്റങ്ങളും ഉയർന്ന സ്ഥാനങ്ങളും ശമ്പളവർദ്ധനവും പ്രതീക്ഷിക്കാം. ജോലിക്ക് ശ്രമിക്കുന്നവർക്ക് ജോലി ലഭിക്കും. ഭക്ഷ്യവിഷബാധയോ ത്വക്ക്, അലർജി രോഗങ്ങളോ ഉണ്ടാകാം. ബന്ധുക്കൾ മുഖേന വിവാഹാവസരങ്ങൾ വന്നു ചേരും. ഉറ്റവരുടെ വേർപാടിൽ വിഷമിക്കേണ്ടി വരും. ആദ്ധ്യാത്മിക ചിന്താഗതി വളരും.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** വിദ്യാഭ്യാസരംഗം പുഷ്ടിപ്പെടും. ഉയർന്ന വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിക്കും. വാഹനാപകടത്തിൽ നിന്ന് രക്ഷപ്പെടും. തൊഴിൽ രംഗത്ത് മാനഹാനിയും ധനനഷ്ടവും സംഭവിക്കാം. കഫസംബന്ധമായ അസുഖങ്ങൾക്ക് സാദ്ധ്യത. മാറിപ്പോയ വിവാഹാലോചന നടക്കുവാൻ വഴി കാണുന്നു. മൂത്രാശയ സംബന്ധമായുള്ള അസുഖം മൂലം വിഷമിക്കും. ആദിത്യ ഹൃദയമന്ത്രം ജപിക്കുക. രോഗശാന്തി ഉണ്ടാകും.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4 )ഃ** ആരോഗ്യനില മെച്ചപ്പെടും.സാമ്പത്തിക നേട്ടമുണ്ടാകും. തൊഴിൽ മേഖല വികസിപ്പിക്കും. കുടുംബസൗഖ്യവും ദാമ്പത്യ സുഖവും ലഭിക്കും. സന്താനങ്ങൾക്കും നല്ല സമയമാണ്. ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവർക്ക് ആഗ്രഹിച്ച വിഷയങ്ങൾ പഠിക്കുവാൻ അഡ്മിഷൻ ലഭിക്കും. പുതിയ വാഹനം വാങ്ങും. വിദേശയാത്രയ്ക്ക് അവസരം വന്നു ചേരും.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** ഇവർക്ക് സംഗീതനൃത്തവാദ്യങ്ങൾ അഭ്യസിക്കുവാനുള്ള അവസരം വന്നു ചേരും. വിശേഷവസ്ത്രങ്ങളും ആഭരണങ്ങളും സ്വന്തമാകും. വാഹനയോഗമുണ്ട്. ഗൃഹം വാങ്ങുകയോ പുതുക്കിപ്പണിയുകയോ ചെയ്യാം. രോഗികൾ മെല്ലെമെല്ലെ ജീവിതത്തിലേക്ക് തിരിച്ചു വരും. വ്യാപാരരംഗം പുഷ്ടിപ്പെടും.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)ഃ** സുഹൃത്തുക്കളുടെ സഹായത്തോടുകൂടി വിദേശയാത്രയ്ക്ക് അവസരം വന്നു ചേരും. ഉദരസംബന്ധമായ അസുഖങ്ങൾ വരാം. മനസ്വസ്ഥത കുറയും. ബന്ധുവിയോഗം മൂലം സങ്കടപ്പെടേണ്ടി വരും. പുതിയ വീട് വാങ്ങുകയോ നിർമ്മാണപ്രവൃത്തികൾ തുടങ്ങി വയ്ക്കുകയോ ചെയ്യും. തൊഴിലിൽ ഉയർച്ചയുണ്ടാകും.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** രോഗാവസ്ഥയിൽ കഴിയുന്നവർക്ക് രോഗശമനമുണ്ടാകും. തൊഴിലിൽ സ്ഥാനമാറ്റം വരാവുന്നതാണ്. കുടുംബസൗഖ്യം കുറയും. ധനപരമായി കാലം നന്ന്. വിവാഹാലോചനകൾ അനുകൂലമാകും. സഹോദരങ്ങൾ സൗഹാർദ്ധപരമായി പെരുമാറും. ഉദരസംബന്ധമായ രോഗങ്ങൾക്ക് സാദ്ധ്യതയുണ്ട്.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** വീഴ്ചമൂലം അപകടങ്ങൾ ഉണ്ടാകാമെന്നതിനാൽ വളരെ സൂക്ഷിക്കുക. വിദേശത്തുള്ള ബന്ധുക്കൾക്ക് ആപത്തും അതു നിമിത്തം മനോവിഷമവും അനുഭവിക്കും. വാഹനാദി വ്യാപാരം ചെയ്യുന്നവർക്ക് നേട്ടമുണ്ടാകും. വിവാഹാലോചനകൾ നിശ്ചയിക്കും. ഭൂമി വാങ്ങും.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** പുതിയ തൊഴിൽ കണ്ടെത്തുവാൻ അവസരം വന്നു ചേരും. വിവാഹബന്ധം വഴി സാമ്പത്തിക നില ഉയരും. നിലവിലുള്ള ഉദ്യോഗത്തിൽ മാറ്റമുണ്ടാകും. രോഗികൾ ശ്രദ്ധിക്കേണ്ട സമയമാണ്, ആരോഗ്യനില അതീവഗുരുതരമാകാം. പ്രമേഹ രോഗികൾക്കും സമയം മോശമാണ്. വ്യാഴപ്രീതി വരുത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** ആരോഗ്യപരമായ കഷ്ടതകൾ ഉണ്ടാകും. സാമൂഹ്യരാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സമയനഷ്ടവും ധനനഷ്ടവും വന്നു ചേരും. പിതൃതുല്യരായവരുടെ വേർപാട് ജീവിതഗതി തന്നെ മാറ്റിയേക്കാം. ഗർഭിണികൾക്ക് ശസ്ത്രക്രിയ വേണ്ടി വന്നേക്കാം. വിവാഹാലോചനകൾ നിശ്ചയത്തിലെത്തും.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** സംഗീതാദികലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് അംഗീകാരങ്ങൾ വന്നു ചേരും. ഭൂമി ഇടപാടിൽ ലാഭമുണ്ടാകും. ഉന്നതപഠനം ആഗ്രഹിക്കുന്നവർക്ക് അഡ്മിഷൻ ലഭിക്കും. ഈ മാസം രോഗാദിദുരിതങ്ങൾക്കും സാദ്ധ്യതയുണ്ട്. ആദിത്യഹൃദയമന്ത്രം ജപിക്കുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** ഉറ്റവരുടെ സാമീപ്യത്താൽ അത്യാപത്തുകളിൽ നിന്ന് രക്ഷപ്പെടും. സഹോദരങ്ങൾ സൗഹാർദ്ദപരമായി പെരുമാറും. അന്യരുടെ സ്വത്തുക്കൾ അനുഭവിക്കുവാൻ ഇടവരും. ലാഭകരമെന്ന് തോന്നുന്ന പല പ്രവർത്തനങ്ങളും നഷ്ടത്തിൽ കലാശിക്കും. വിഷ്ണുക്ഷേത്രദർശനത്തിനുള്ള അവസരം ലഭിക്കും.



**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** ഭരണ തലത്തിലും ഔദ്യോഗിക തലത്തിലും കൂടുതൽ പ്രതിസന്ധികളെ തരണം ചെയ്യേണ്ടി വരും. ചികിത്സയ്ക്കായി ധനം മാറ്റി വയ്ക്കും. ബന്ധുക്കൾക്ക് ആപത്തുണ്ടാകുന്നതു നിമിത്തം വിഷമിക്കേണ്ടി വരും.സർക്കാർ ജോലിക്ക് സാദ്ധ്യതയുണ്ട്. എൻട്രൻസ് പരീക്ഷകളിൽ വിജയം നേടും. ധനപരമായി ഈ മാസം പുഷ്ടി പ്രദമാണ്. വ്യാഴപ്രീതി വരുത്തുന്നത് ശ്രേയസ്കരമാണ്.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ 9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,29/152cm, Anizham, Fair, MDS (ENDODONTIST)Consultant Endontist,Pref: Doctors/Engineers, preferably settled in Kerala,Ph: 0477-2267316,Mob:9567585800, Reg.no.21440

Email:radhak_ms@yahoo.com
Date of Birth:18-9-1988(1.55am)
Sishta Dasa:Sani:1.2.4





Contact Address:
MR.M.S.RADHAKRISHNAN
ASHIRWAD (KLRA 45)
PAZHAVEEDU P O
ALAPPUZHA - 688009

---

Nair Girl, 22/ 169cm, Moolam, Fair, B.Com, IATA, Amadius, MBA (studying), Pref: M.Tech/MBBS, B.Tech, Ph: 0484-2463261, Mob: 9497186932, Reg.no.21441

Email:gauthamnair340@gmail.com
Date of Birth:7-8-1995(10.35am)
Sishta Dasa:





Contact Address:
MR.P.M.ANILKUMAR
PULLELIL(H)
KAUSTHUBHAM
MANICKUMANGALAM P.O
KALADY- 683574

---

Nair Girl, 27/158 (5'2") Thiruvonam, Fair, M.Com, NET, Asst. Professor (Private), Pref : Degree, Ph: 9747284555, Reg No: 21443

Email:hemalathar68@gmail.com
Date of Birth:24/11/1990 (10.10 AM)
Sishta Dasa:Chandra : 0.3.18





Contact Address:
SMT. HEMALATHA. R
PRASANTHI
CHUNAGANVELLY
ALUVA MUNNAR ROAD
ERNAKULAM-683112

---

Nair Girl, 24/5'4"(162cm), Thrikketta, Fair, MA(Applied Economics-CUSAT), Pref: Well educated employed Boys from Ernakulam & Thrissur, Mob: 9946243887, Reg.no.21445

Email:ambikachandran78@gmail.com
Date of Birth:15-11-1993(12.40pm)
Sishta Dasa:Budha:





Contact Address:
MR.K.M.CHANDRAN
SREELAKSHMI(H)
VADAKKENADA
CHOTTANIKKARA
ERNAKULAM- 682312

---

Nair Girl,24/5'3"(160cm), Avittom (Kumbam Rashi), M.Com, KSFE (Housing Finance), Pref: B.Tech/ M.Tech /MBA, Mob: 9447828145, Reg.no.21446

Email:p.gvenugopal@yahoo.com
Date of Birth:07-07-1993(2.20pm)
Sishta Dasa:Kuja:2.11.26





Contact Address:
MR.VENUGOPAL
REGAL COUNTY.C-4-B
NEAR N.GO QUARTERS
THRIKKAKARA P.O
ERNAKULAM

---

Menon Girl, 26/5'3", Pooradam, Fair, B.Tech, Software Engineer, Pref: Professionals, Districts- Ernakulam, Thrissur, Malappuram, Kozhikode, Kannur, Kasargod,Mob: 9495559173/ 9447126058, Reg.no.21447

Email:achuom@yahoo.com
Date of Birth:31-5-1991(6.54pm)
Sishta Dasa:Sukra:10.10.30




Contact Address:
MR.M.ACHUTHAN
ARAVINDHAM
ROSE LANE
THOTTAKATTUKARA
ALUVA - 683108






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 24/159cm, Makayiram, B.Tech (EC), working in Infopark, Pref: Graduation/ B.Tech, Any Qualified Profession, Mob: 9447745537/ 9656870465/9605858094, Reg.no.21449

Email:athira.p.nair311@gmail.com
Date of Birth:3-11-1993(6.25am)
Sishta Dasa:Kuja:5.6.26





Contact Address:
MR.K.P.PARAMESWARAN NAIR
KAPPLINGATTU (H)
EZHAKKARANAD (N)P O
PUTHENCRUZ (VIA)
ERNAKULAM 682308

---

Nair Girl, 27/165, Thiruvathira, Fair, B.Tech (ECE), M.S (Strategic Proj. MGMT), Consultant (Dubai UAE), Pref : Bachelors/Masters Degree, Doctor/ CA/Professionals/Architect/Lecturer/ Engg, Ph: 0481 2470660, Mob: 8281013660, 9961027804, Reg No: 21451

Email:rajmohan553@yahoo.com
Date of Birth:01/10/1991(1.02 pmUAE)
Sishta Dasa:Rahu : 1.1017





Contact Address:
MR. RAJMOHAN. E.K
FLAT NO. 4 C
SFS BRATON PARK
PAPALI ROAD
VAZHAKALA
KOCHI-682030

---

Nair Girl, 33/167, Pooram, B.Com, Accountant, Pref : Better Job, Ph: 9744407938, Reg No: 21452

Email:divyamangalath503@gmail.com
Date of Birth:18/11/1984 (8.15 AM)
Sishta Dasa:Sukra : 1.5.21





Contact Address:
SMT. VISALAKSHY AMMA
MANGALATH HOUSE
PALLILAMKARA
HMT. P.O
KALAMASSERY
ERNAKULAM-683503

---

Nair Girl,27/164cm, Atham, Wheatish, B.Tech, Officer (Bank), Pref: Professionally Qualified and Employed, Central/State or Public Sector, Ph: 0484-2448642, Mob.9446328642, Reg.no.21453

Email:girikarakkattn@gmail.com
Date of Birth:03-02-1991(5.40pm)
Sishta Dasa:Kethu:2.1.26





Contact Address:
MR.VENUGOPAL K. P
VI/308, KRISHNAKRIPA
KALAPPADY ROAD
N.PARAVUR
PIN 683513

---

Nair Girl, 25/5'1, Pooruruttathi, Medium, B.Tech, Sales Engineer in Dubai, Pref : B.Tech, Doctors, Charterd Accountant, Ph : 0484 2233437, Mob: 9633715925, Reg No: 21459

Email:jagdish.sindhu1@gmail.com
Date of Birth: 26/5/1992 (5.39 am)
Sishta Dasa:Guru : 8.7.8





Contact Address:
MR. JAGDISH.K. NAIR
SREEHARI
MEENAKSHI MANDIRAM
PALLURUTHY
COCHIN-682006

---

Nair Girl,23/170cm, Punartham, Medium, B.Tech,Pref: Professionals such as CA/ Doctors/CivilServants,Ph:0484-2425496,Mob:9846073936, Reg.no.21460

Email:periyadandineshkumar@yahoo.com
Date of Birth:26.10.1994(1.32pm)
Sishta Dasa:Guru: 12.0.28.




Contact Address:
DR.P.K.DINESH KUMAR
REVATHY 3/704A
UNITY NAGAR TEMPLE ROAD
CHEMUMUKKU
THRIKKAKARA P.O
ERNAKULAM 682021


## MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl,24/5'5", Chithira, White, B.Tech (ECE), Associate EY Infopark, Pref: Govt Jobs, Banking, Software, Non-IT, Ph: 0484-2605105, Mob: 9446478105, Reg.no.21461

Email:balakrishnanprasad639@gmail.com
Date of Birth:12-11-1993(12.25pm)
Sishta Dasa:Kujan: 1.6.25





Contact Address:
MR.B.PRASAD
LAKSHMI NIVAS
EAST KADUNGALLOOR
U.C.COLLEGE P O
ALUVA - 683102

---

Nair Girl,25/4'11"(149cm) ,Pooradam, Fair, Whitish Brown, B.Tech (ECE),Preparing for PSU Exams, Pref:Scientist/CA/Banking Professionals, Civil Service, Defence.Professionals from Abroad, Engineers,Doctors,Ph: 0484-2779113,Mob: 9847916882/ 9744111883 Reg.no.21462

Email:karthikapk2101@gmail.com
Date of Birth:21-01-1993(6.41pm)
Sishta Dasa:Sukra: 11.1.1





Contact Address:
MR.N.K.KRISHNAKUMAR
KOCHUPARAMBIL HOUSE
SREERAGAM, SREELANE
THEKKUMBHAGAM
YMA ROAD,CHOORAKAD
TRIPUNITHURA 682301

---

Nair Girl, 24/5',Ayiliam, Fair, Persuing BDS, BA (Distant Education), Student, Pref: Professional Degree, B.Tech/ MBA/MBBS/BDS/CA, MS(ENG),Mob: 7025759898, Reg.no.21464

Email:cmahendrakumar1957@gmail.com
Date of Birth:31-12-1993(10.33pm)
Sishta Dasa:Budha: 12.9.8





Contact Address:
MR.MAHENDRA KUMAR. C
MAHIMA, H.No.61/253
KARIMPATTA CROSS ROAD
PALLIMUKK- KOCHI
ERNAKULAM - 682016

---

Nair Girl, 26/156cm, Aswathy, Wheatish, BAMS, MD, Pref: Graduation,Govt, Bank,Doctors, IT, NRI is not preffered, Mob:9497320093/9747173417, Reg.no.21465

Email:geethadevikl@gmail.com
Date of Birth:03-08-1991(9.02am)
Sishta Dasa:





Contact Address:
MR.ANILKUMAR.V
ANIL NIVAS
PADINJAREKARA
VALLAKOM
VAIKOM - 686146

---

Nair Girl,25/150cm, Anizham, Whetish Fair, M.Tech (Civil), Junior Engineer -Southern Railway,Pref: Graduation in Professional or Post Graduation, Government or allied,or Bank Employee,Ph: 0484-2515330, Mob:9447050424, Reg.no.21466

Email:sadasivananiyadath@gmail.com
Date of Birth:7-8-1992(6.20pm)
Sishta Dasa:sani:0.8.17





Contact Address:
MR.SADASIVAN K N
ANIYEDATH
KOTTUVALLY
KAITHARAM P O
N. PARAVUR
ERNAKULAM - 683519

---

Nair Girl,26/155cm, Pooyam, Fair, BARCH & Master in Design from NIFT, Interior Designer in IKEA(INDIA), Hyderabad,Pref: Post Graduation, Professionals, Ph: 0484-2775885, Mob:9447175885, Reg.no.21467

Email:sasidharv52@gmail.com
Date of Birth:20-1-1992(2.10pm)
Sishta Dasa:Sani: 6.0.16




Contact Address:
MR.SASIDHARAN .V
PAZHANGANAT HOUSE
MAIN ROAD
TRIPUNITHURA - 682301






## MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl,24/170cm, Pooradam, Medium, B.Com,PGDPA,Doing CPA,(with B1 B2 VISA Holder USA) Risk Analysit UAE Exchange, Pref: CA/CPA or Any Professional Qualification within Ernakulam Premises, Ph:0484-2479123, Mob:9847106906, Reg.no.21468

Email:sureshbabu625@outlook.com
Date of Birth:03-04-1994(6.50pm)
Sishta Dasa:Sukra: 2.4.29





Contact Address:
MR.SURESH BABU S. S
SARASWATHY VILASAM
CHALAKKA
N.KUTHIYATHODU P. O
N. PARAVUR - 683594

---

Nair Girl, 26/167cm, Thiruvathira, Fair, BBA,DIP in French,Seeking MBA admission, working as Consultant in Times of India, Pref: Graduation & above,Govt/Bank/Engineer/Doctor/ Public Sector, Mob: 9818210250/ 9958521596, Reg.no.21469

Email:sasikalatk84@gmail.com
Date of Birth:07-08-1991(10.04am)
Sishta Dasa:Rahu:13.9.3





Contact Address:
MR.MURALI MANOHAR
C-3/14,SAHYADRI APTS,
SECTOR - 12, PLOT NO.5,
DWARAKA
NEW DELHI - 110078

---

Nair Girl, 23/5'6"(169cm),Pooyam, Medium, B.Tech, Software Engineer (US Technology) Pref: Degree,Employed Boys from Ernakulam,Ph: 0484-2711393, Mob:9961030239, Reg.no.21471

Email:jukrishnasree@gmail.com
Date of Birth:19-4-1994(8.50pm)
Sishta Dasa:Sani: 5.9.16





Contact Address:
MR.N.K.JAYASREE
SAUPARNIKA
PALACE SQUARE
ERUVELI - PALACE SQUARE
MULAMTHURUTHY
ERNAKULAM 682314

---

Nair Girl,25/154cm, Anizham, White, B.Tech(Electronics & Communications) Engineer, Pref:Post Graduation/Engineer, Banking/Govt/Foreign Service, Ph:0484-2493911,Mob: 8078828420, Reg.no.21472

Email:cprkrishnan@yahoo.com
Date of Birth:24-11-1992(12.20am)
Sishta Dasa:Sani: 13.4.30





Contact Address:
MR.C.P.RADHAKRISHNAN
KAIPPILLIL HOUSE
OCHANTHURUTH
ERNAKULAM 682508

---

Nair Girl,25/154cm, Anizham, White, B.Com Working with Chartered Accountant office, Pref: PG/ Graduation/ Permanent Job, Banking/ Govt/ Foreign Service, Ph:0484-2493911,Mob:8078828420, Reg.no.21473

Email:cprkrishnan@yahoo.com
Date of Birth:24-11-1992(12.22am)
Sishta Dasa:Sani: 13.4.23




Contact Address:
MR.C.P.RADHAKRISHNAN
KAIPPILLIL HOUSE
OCHANTHURUTH
ERNAKULAM 682508

---

**ERNAKULAM KARAYOGAM TDM HALLS**


1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair boy, 29/173cm, Pooram, Wheatish, B.Tech, M.S( UK), Safety Engineer, OIL RIGG SAUDI ARABIA, Pref: B.Tech, Ph: 0484-2515772,Mob:9446128191, Reg.no.21397

Email:jithumexx@gmail.com
Date of Birth:3-3-1988(1.10pm)
Sishta Dasa:




Contact Address:
MR. UDAYAKUMAR
KRISHNANJANAM,14/270-A
KOONAMMAVU P.O
VALLUVALLY
KOCHAL
ERNAKULAM- 683518

---

Nair boy, 28/175cm, Aswathy, Fair, Chartered Accountant, Senior in Audit Service line, Ernst & Young, Bangalore, Pref:Graduate,Preferably from Ernakulam & Northern Districts, Ph: 0484-2337474, Mob: 9447090108, Reg.no.21411

Email:ambikab1987@gmail.com
Date of Birth:1-6-1989(7.55am)
Sishta Dasa:Ketu: 1-11-12-27




Contact Address:
JUSTICE K. T. SANKARAN
SAVITHRI
SHENOY ROAD
KALOOR
KOCHI - 682017

---

Nair boy, 31/5'7", Moolam, Medium, B.E (EEE), M S, Doing own business (Prevoiusly employed ITin US), Pref : Educated, Employed , Efficient Family, Engineers, Architects, B E with MBA, Chartered Accountant etc. Ph: 9444274614, 9444073500, Reg No: 21442

Email:rema. gopala@gmail.com
Date of Birth:09/10/1986 (12.03 PM)
Sishta Dasa:Kethu : 4.4.27




Contact Address:
MRS. REMA GKURUP
3/30 (OLD MO. 4/92)
REMPAL HOUSE
SATYA NAGAR MAIN
MOUNT POONAMALLEE ROAD
NEAR MIOT HOSPITAL
CHENNAI-600089

---

Nair boy, 29/173cm, Punartham,Fair, B.Tech (ECE), MNC, (Chennai), Pref: Working/willing to work/Transferable jobs to Chennai, Ph:044-26872646, Mob:8148089165/ 9388428624 Reg. no.21448

Email:anithavrakkanchath@gmail.com
Date of Birth:17-02-1998(7.27pm)
Sishta Dasa:Guru:3.0.7.12




Contact Address:
MR.KALADHAR V. R
MADHU BHAVAN
CHERATHRIKKOVIL ROAD
AZAD ROAD
KALOOR - 682017

---

Nair boy, 26/181, Bharani, Wheatish, B.Tech, Engineer in MNC, Pref : Graduation, Girls from good Nair/ Menon families, Good Looking, Ph: Mob: 9176827240, Reg No 21450

Email:ksaps360@gmail.com
Date of Birth:27/06/1992 (6.55 am)
Sishta Dasa:Sukra : 0.10.22




Contact Address:
MR. K.P.SUDHEESH KUMAR
FLAT A-7, SARASWATHI APTS
3rd MAIN ROAD
GANDHI NAGAR
ADYAR
CHENNAI-600020

---

Nair boy, 44/5'8", Makairam, SSLC, ITI, Business, Pref: No such Demands, Ph: 0484-2622976,Mob: 9496177240/ 9846193472, Reg.no.21454

Email:unnizero@gmail.com
Date of Birth:16-1-1973(11.00pm)
Sishta Dasa:Kuja:1.9.5



Contact Address:
MRS. P.SUSEELA BAI
HARI NIVAS
HIGH ROAD
ALUVA - 683101






MANGALYAM MATRIMONIAL
വധുവിനെ ആവശ്യമുണ്ട്

Nair boy, 30/170cm, Thiruvathira (papasamyam), Fair, B.Tech (IT), Devops Engineer,Pref: Graduate or same, Ph: 0478-2876782, Mob: 7736279534, Reg.no.21455

Email:rajasekharan1957@gmail.com
Date of Birth:26-11-1988(5.50am)
Sishta Dasa:Rahu: 13.2.24




Contact Address:
MR.RAJASEKHARAN A. R
RAJ VIHAR
AROOR P O
ALAPPUZHA 688534

---

Nair boy, 28/164cm, Atham, Fair, B.Tech,Software Engineer-Tvm, Pref: Graduate, Employed in Tvm, Age 23-26, Ph: 0484-2701507, Mob:9400541507, Reg.no.21456

Email:vengararaju@gmail.com
Date of Birth:7-5-1990(1.55am)
Sishta Dasa:Chandra: 2.7.18




Contact Address:
MR.T.R.RAJAGOPALAN NAIR
BINDU VIHAR
JANATHA ROAD
NEAR KAMOTH TEMPLE,
PANANGAD - 682506

---

Nair boy, 27/175, Bharani, Fair, M.Tech- Mechanical Engineering, Airmech Oman LLC Muscat Oman, Pref : Minimum Graduate, Ph: 9446684216, 9496823059, Reg No: 21458

Email:akhilkrishnan008@gmail.com
Date of Birth:21/02/1991 (4.00 AM)
Sishta Dasa: Sukra : 2.10.7




Contact Address:
MR. UNNIKRISHNAN
VATHIASPARAMBATHU HOUSE
NORTH MAZHUVANNOOR. P.O
NORTH MAZHUVANNOOR
ERNAKULAM-686669

---

Nair boy, 34/170, Pooradam (Sudha Jathakam) , Fair, M.Tech, B.Tech, Senior Technological Lead in an MNC at Chennai, Pref : B.Tech or any Post Graduation MBA, MSc etc. Preferably girl from Ernakulam or near by place, Girl from 27 -31 yrs. Ph: 0484 2403067, Mob: 9810379699, Reg No: 21132

Email:menonkkm@rediffmail.com
Date of Birth:10/11/1983 (3.57 AM)
Sishta Dasa: Sukra : 4.10.27




Contact Address:
MR. MUKUNDAN MENON
KANNAMPILLIL HOUSE
PACHALAM. P.O
KOCHI-682012

---

Nair boy, 29/175, Chothi, Medium, MBA Marketing, Self Employed, Property Management & Financial Service, Pref: Graduation, Ph: 0469 2608598, Mob: 9497814901, 9497443977, Reg No: 21316

Email:evvijayan25@gmail.com
Date of Birth:15/9/1988 (4.55 PM)
Sishta Dasa:




Contact Address:
MR. J. PRASAD
PEEDIKAPARAMBIL HOUSE
VALLAMKULAM.P.O
THIRUVALLA-689541

---

Nair boy, 31/180, Uthram, Very Fair, PGDM, MNC -Marketing Professional, Pref : PG, Location prefered EKM, Calicut, Trichur, Chennai, Bangalore , Ph:0484 -2430992, Mob: 9447494103, Reg No: 21463

Email: cram1953@gmail.com
Date of Birth:20/01/1987 (1.59 AM)
Sishta Dasa: Ravi : 5.1.11.24



Contact Address:
MR. C. RAMAKRISHNAN
VIPANCHIKA
041, REVATHY ROAD
SOUTH CHITTOOR
ERNAKULAM-682027

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 41/180cm, Bharani, Fair, MBBS, M.S (ORTHO), Doctor, Associate Professor, Amritha Medical College, Divorcee - No Liabilities, Pref: PG/MBBS, Ph:0475-2222243, Mob:9447958152, Reg.no.21470

Email:jai17ks@yahoo.co.in
Date of Birth:17.08.1976(10.30am)
Sishta Dasa:Sukra: 7.11.23

| | | | |
|---|---|---|---|
| | ശി ച | ഗു | |
| | ഗ്രഹനില & അംശകം | | മ |
| | | | ര ബു ശു |
| | മാ | ല സ | കു |

Contact Address:
PROF.KUTTAN PILLAI .S
UTHRADAM
CHEMMANTHOOR
PUNALUR
KOLLAM- 691305

Nair boy, 26/178cm ,Uthram,Fair, M.Tech,Prob.Asst.Manager, Corporation Bank, Pref: Sudhajathakom only, Mob: 9895860675/9895206754, Reg.no.21474

Email:meenagopan46@gmail.com
Date of Birth:7-10-1991(4.26am)
Sishta Dasa:Ravi: 1.2.9.29

ച ശി ശു ര

| | | | |
|---|---|---|---|
| | | മാ | ശി |
| | ഗ്രഹനില & അംശകം | | |
| മ | | | ല ഗു ശു |
| സ | | | ര ച കുബു |

മ ബു ഗു മാ കു
ല സ

Contact Address:
MR.P.GOPAKUMAR
THULASEEDALAM
KISHAT LANE
FORT, TRIPUNITHURA
ERNAKULAM - 682301

Nair boy, 27/173cm, Pooradam, Medium, PG(M.Tech,)Senior Embedded Engineer ,Pref: Post Graduation, Employed, Ph: 0484-2783299, Mob:9447260138/ 9446221134, Reg.no.21476

Email:krishnannairck@gmail.com
Date of Birth:31-08-1990(5.19pm)
Sishta Dasa:Guru: 8.5.26

കു ശു സ ബു

| | | | |
|---|---|---|---|
| | | കു | |
| | ഗ്രഹനില & അംശകം | | ഗു ശി ശു |
| ല സ | | | ര ബു |
| ച മ | | | മാ |

മാ ര ല
മ ശി ച ഗു

Contact Address:
DR C.K.KRISHNAN NAIR
RAJEEVAM
VALUMMEL ROAD
THEKKUMBHAGAM
TRIPUNITHURA - 682301

**പച്ചക്കല്ലൊത്ത പൂമൈ നിറവുമണികുഴൽ**
**പ്പല്ലവും മെല്ലെ മെല്ലെ**
**വെച്ചീടുമ്പോൾ വിയച്ചീടിന മധുരിമയും**
**പിച്ചയും വിശ്വമൂർത്തേ**
**മച്ചിത്തേ പോന്നുദിച്ചീടണമതിനു വിശേ**
**ഷിച്ചു വിജ്ഞാപയേഹം**
**സച്ചിൽക്കല്ലോലമേ നീ കൃപ തരിക സദാ**
**കൃഷ്ണ ! കാരുണ്യസിന്ധോ !**

**പൂന്താനം ശ്രീകൃഷ്ണകർണ്ണാമൃതം**

**ഉണ്ണികൃഷ്ണാ, വിശ്വമൂർത്തിയായ ഭഗവാനേ, പച്ചരത്നത്തിനു തുല്യമായ അവിടുത്തെ പൂമേനിയുടെ നിറവും തളിരുപോലുള്ള കുഞ്ഞിപ്പാദങ്ങൾ പതുക്കെ പതുക്കെ എടുത്തു വയ്ക്കുമ്പോൾ പ്രകടിപ്പിക്കുന്ന പരിഭ്രമത്തിന്റെ മാധുര്യവും ആ പിച്ച നടപ്പും എന്റെ മനസ്സിൽ കാണപ്പെടണം. ഞാൻ അതിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. കാരുണ്യസമുദ്രവും സച്ചിൽക്കല്ലോലവുമായ അവിടുന്ന് എനിക്ക് അക്കാര്യത്തിൽ പ്രത്യേകം കൃപ തരിക.**




# AYUSHYAM POLY CLINIC

*Ernakulam Karayogam Navathi Memorial Polyclinic*

TDM Hall Complex, D H Road, Kochi-682 016, Ph: 0484 2366160
Email: eknmpolycliniclab@gmail.com, Web: www.ernakulamkarayogam.com

upto 35% discount

| TEST NAME | PACKAGE 1 | PACKAGE 2 | PACKAGE 3 |
|---|---|---|---|
| BLOOD SUGAR F | ✓ | ✓ | ✓ |
| LIPID PROFILE (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL) | ✓ | ✓ | ✓ |
| HBA1C | | | ✓ |
| LIVER FUNCTION TEST (Bilirubin Total, Bilirubin Direct, SGOT, SGPT, ALP, Total Protein, Albumin, Globulin, A/G Ratio) | | ✓ | ✓ |
| RENAL FUNCTION TEST (Urea, Creatinine, Uric Acid) | | ✓ | ✓ |
| BLOOD ROUTINE EXAMINATION | ✓ | ✓ | ✓ |
| URINE ROUTINE EXAMINATION | ✓ | ✓ | ✓ |
| THYROID FUNCTION TEST (T3, T4, TSH) | | (TSH only) | ✓ |
| SPECIAL RATES | Rs.500/- | Rs.750/- | Rs.1000/- |








എറണാകുളം കരയോഗം നവതി മെമ്മോറിയൽ ആയുഷ്യം പോളിക്ലിനിക്ക്
ടിഡിഎം ഹാൾ കോംപ്ലക്സിൽ പ്രവർത്തനോദ്ഘാടനം ഡോ. വി.പി. ഗംഗാധരൻ നിർവ്വഹിക്കുന്നു.



എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ചൈന-ഹോങ്കോങ്ങ്- മക്കാവു യാത്രയിൽ നിന്ന്......

**DATE OF PUBLICATION: 10-05-2018**

**RNI NO. KERMAL/2008/23515**

**REGISTERED NEWSPAPER**

**M6-57945/2007**

**REGISTERED KL/EKM/514/2018-20**
**LICENSE NO. KL/CR/EKM/WPP-15/2018-20**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 11 May 2018 Issue No. 05

പ്രവേശനം സൗജന്യം

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി



## ലവണാസുരവധം (മണ്ണാൻ-മണ്ണാത്തി)

രചന: അമൃതശാസ്ത്രികൾ, 22.5.2018, ചൊവ്വാഴ്ച, ടി.ഡി.എം. ഹാൾ ഗംഗ, 6.30 p.m.

| | | |
|---|---|---|
| മണ്ണാൻ | - | ശ്രീ.ആർ.എൽ.വി. പ്രമോദ് |
| മണ്ണാത്തി | - | കലാ.വിശാഖ് |
| പാട്ട് | - | ശ്രീ. സദനം സായ്കുമാർ, സദനം പ്രേമൻ |
| ചെണ്ട | - | ശ്രീ. കലാ.ശ്രിവിൻ |
| മദ്ദളം | - | ശ്രീ. മിഥുൻ മുരളി |
| അണിയറ | - | ശ്രീ രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ. |

**കഥാസാരം:** അലക്കുവസ്ത്രങ്ങൾ കൊടുക്കുന്നതിനും മാതൃഗൃഹത്തിൽ തലേന്നാൾ പോയതുമായ മണ്ണാത്തി മടങ്ങിവരാത്തതിനാൽ കോപം പൂണ്ടിരിക്കുകയാണ് മണ്ണാൻ. കോപിഷ്ഠനായ ഭർത്താവിനെ ഭയന്ന് കയറി വന്ന മണ്ണാത്തിയെ മണ്ണാൻ ഭത്സിക്കുന്നു. അനുവാദം കൂടാതെ മറ്റൊരു വീട്ടിൽ അന്തിയുറങ്ങിയതിന് ജാരസംസർഗ്ഗം കൂടി അയാൾ ആരോപിച്ചു. അവൾ തന്റെ സത്യാവസ്ഥ പറഞ്ഞെങ്കിലും മണ്ണാന്റെ താഡപീഠനങ്ങൾ ഏറ്റ് അവൾ അവശയായി. അവസാനം 'രാവണാന്തപ്പുരത്തിൽ അന്തിയുറങ്ങിയ സീതയെ സ്വീകരിച്ച ശ്രീരാമൻ അല്ല ഞാൻ' എന്നു കൂടി മണ്ണാൻ തീർത്തു പറഞ്ഞു. മണ്ണാന്റെ ഈ ഭാഷ്യം കേട്ട മണ്ണാത്തി അയാളുടെ വായ് പൊത്തുന്നു. അനുനയ വാക്കുകൾ ഒന്നും തന്നെ ശ്രദ്ധിക്കാത്ത മണ്ണാന് മണ്ണാത്തി വശീകരണ മന്ത്രം ഓതി തെറുത്തു മടക്കിയ വെറ്റില കൊടുക്കുന്നു. മണ്ണാൻ അവളുടെ കുതന്ത്രം കണ്ടുപിടിക്കുന്നു. മംഗല്യസൂത്രം പൊട്ടിക്കുന്നു. അവളുടെ പക്കൽ നിന്നും വാങ്ങിയ സ്ത്രീധനവും മറ്റും പൊതിഞ്ഞുകെട്ടി വലിച്ചെറിഞ്ഞു കൊടുക്കുന്നു. ആട്ടിപ്പുറത്താക്കുന്നു. മണ്ണാൻ താൻ ചെയ്തത് കുറെ കടന്ന കൈയ്യാണോയെന്ന് ചിന്തിക്കുന്നു.






NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160

# എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**2018 മെയ് 21, 22, 23 ടി.ഡി.എം. കാവേരി ഹാൾ, 9.00 a.m. – 5.00 p.m.**

**ടി.ഡി.എം.ഹാളിൽ മൂന്നു നാൾ നീണ്ട 'കുട്ടികളുടെ ചലച്ചിത്രോത്സവം'**

കൊച്ചി : എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളിൽ ക്ലാസിക് ചിത്രങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിന് 2018 മെയ് 21 മുതൽ 24 വരെ ടി.ഡി.എം.ഹാളിൽ കുട്ടികളുടെ ചലച്ചിത്രോത്സവം നടത്തുന്നു. ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷകളിലെ പുരസ്ക്കാരങ്ങൾ നേടിയ കുട്ടികളുടെ പ്രശസ്ത ചിത്രങ്ങൾ രാവിലെ 9 മണി മുതൽ വൈകുന്നരം 5 മണി വരെ പ്രദർശിപ്പിക്കും. പ്രവേശനം സൗജന്യം.താല്പര്യമുള്ള കുട്ടികൾ കരയോഗവുമായി ബന്ധപ്പെടുക.ഫോൺ: 0484 2361160.



**മെയ് 24 ന്, ഞായറാഴ്ച, 5.00 p.m. ടി.ഡി.എം. കാവേരി ഹാൾ**

**പലരും കാണാതെ പോയ 2015 ലെ രണ്ട് ദേശീയ അവാർഡും, ടൊറന്റൊ ഇന്റർനാഷനൽ ഫിലിം ഫെസ്റ്റിവലിൽ അഭിനന്ദനം ലഭിക്കുകയും ചെയ്ത തെരുവു കുട്ടികളുടെ കഥ പറയുന്ന തമിഴ് ചിത്രം.**

## കാക്കമുട്ടൈ

**സംവിധാനം : എം.മണികണ്ഠൻ, നിർമാണം : ധനുഷ്, വെട്രിമാരൻ**

**അഭിനേതാക്കൾ : ദേശീയ അവാർഡ് വാങ്ങിയ രമേശ്, വിഘ്നേഷ് എന്നീ രണ്ട് കുട്ടികൾ**

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph: 2400423, 2400230 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.